

# if you meet the buddha on the road kill him ...

"As we sow
So we reap"
He who
Sows with us
reaps the best

SCIENCE ACADEMY

Banerji Road
KOCHI - 682 018
Phone : 366351

Payyappilly Bazar
ALUVA - 683 101
Phone : 6410

★ Well - equipped labs
★ Efficient staff
★ Strict discipline

"പണ്ടു പണ്ടൊരു രാജാവുണ്ടായിരുന്നു........"
ഇന്തിത്തിരിയുടെ ചെറുവെട്ടത്തിലാണ്
മുത്തശ്ശി
കഥപറഞ്ഞു തുടങ്ങിയത്.
കരിന്തിരി കത്തിത്തുടങ്ങിയപ്പോഴേയ്ക്കും
ഉണ്ണി
വളർന്നു കഴിഞ്ഞിരുന്നു.
ഉണ്ണി കാറ്റിനോടു മന്ത്രിച്ചു....
"ഇനി ഞാൻ
നട്ടെല്ലിൽ നിവർന്നുനിന്ന്
പഴമ്പുരാണത്തിനുപകരം
പുതുപുരാണത്തിന്റെ ശീലുപാടിക്കോളാം...."
കാറ്റ്
മഹാഗണിയിലകളിൽ
ഇക്കിളിയിട്ടു കുളിർന്നു.
"ഉണ്ണീ........
ഇനി നീതന്നെ തുടങ്ങണം...."


പത്രാധിപ സമിതി

പ്രൊഫ: സി. ജെ. തോമസ്
പ്രൊഫ: സണ്ണി കുരിയാക്കോസ്
ഡോ : തോന്നയ്ക്കൽ നാരായണൻ
പ്രൊഫ: എം. എം. ഗീവർഗീസ്
പ്രൊഫ: അനിൽകുമാർ ഉത്തം
വേണു
ശ്യാം

സ്റ്റുഡന്റ് എഡിറ്റർ
നൗഷാദ്



കൂട്ടുകാരാ,
പറയേണ്ടതുപറയാതെ,
ഒരു പട്ടിപോലുമല്ലാതെ
വാലുപോലുമില്ലാതെ
നരകത്തിൽപോലും പോകാതെ
ഈ സൗധങ്ങളിൽ
നാം ചീഞ്ഞുനാറുന്നു..



ഇത്........
ഹരിതവർണ്ണം മാഞ്ഞുപോയ
വരണ്ട മനസ്സുകൾക്ക്........



**PRINCIPAL**
**Prof: C. J. THOMAS**



## മുഖചിത്രക്കുറിപ്പ്

"കൊട്ടാരം വിട്ട് ഇറങ്ങിത്തിരിക്കുന്ന
രാജകുമാരനെ
തിരിച്ചു വിളിക്കരുത് ......"

പക്ഷിത്തൂവലുകളിൽ പുരണ്ട രക്തത്തിൽ
കരുണയുടെ അമൃതം വീഴ്ത്തിക്കൊണ്ട്
വേദനിച്ച സിദ്ധാർത്ഥ കുമാരൻ
പ്രാചീനമായ ഒരു പുരാവൃത്തത്തിൽ നിന്നും
ഉയിർക്കൊണ്ട ഒരു രക്ഷകനാണ് നമുക്കൊക്കെ .....
ഷെൽഡൺബി കോപ്പ് എഴുതിയ
"IF YOU MEET THE BUDDHA ON THE ROAD KILL HIM"
എന്ന പുസ്തകം ഇതിനെ നിഷേധിക്കുന്നു.
പീഡനങ്ങളുടെ നിറംകെട്ട വഴിച്ചുഴിയിൽ
ഉണങ്ങിവരണ്ടുപോകുന്ന മനസ്സുകളുടെ മുറിവുകളിൽനിന്ന്
രക്തസ്നാതനായി ഉയർന്നുവരുന്ന ഒരു രക്ഷകൻ
നമ്മിലോരോരുത്തരിലുമുണ്ടാകേണ്ടിയിരിക്കുന്നു.

ബോധനിലാവിന്റെ സുതാര്യമായ ഉദയം.
ഈറൻ മനസ്സണിഞ്ഞ അതിന്റെ നിർവൃതി.
എല്ലാ സൃഷ്ടികളുടെയും ഈറ്റുനോവ്
നമ്മൾതന്നെ പേറേണ്ടിയിരിക്കുന്നു.

ക്രോധത്തിന്റെ ഉരുക്കുപേശികളുമായി
ഒരു കൊടുങ്കാറ്റിന്റെ
ഭ്രാന്തപ്രവേഗം നിറച്ച കരുന്തുടിയുമായി
ഹൃദയമിടിപ്പുകൾക്ക് താളം നൽകാനെത്തുന്ന
ശക്തിസ്വരൂപനായ
മറ്റൊരു
തഥാഗതനെ,
വഴിക്കണ്ണുകളുമായി കാത്തിരിക്കുകയാണ്
നമ്മളും.

സ്വാർത്ഥപ്രാപ്തംകൊണ്ടു മൂടിവെച്ചാലും ഉജ്ജ്വലിച്ച് വെളിപ്പെടുന്ന സത്യത്തിന്റെ
കലർപ്പററ പ്രതിഷ്ഠയാണ് ഈ കാലഘട്ടത്തിന്റെ
ഒന്നാം ദൗത്യം.
ദുരിതാനുഭവങ്ങളുടെ ഉഷ്ണക്കാററുപടരുന്ന ഭൂമിയിൽ
നിരാലംബരായ പ്രേതരൂപങ്ങളെപ്പോലെ
മുക്തിതേടുന്ന മനുഷ്യരാണ് ഞങ്ങളെ പ്രചോദിതരാക്കിയത്.

കൂട്ടുകാരാ,
നീ ആകാംക്ഷയോടെ തുറക്കാൻ പോകുന്ന
ഈ വാതിലുകൾക്കപ്പുറം
ക്രൂരമായ സ്നേഹരാഹിത്യത്തിന്റെ
നിസ്സഹായതയും പ്രതീക്ഷിക്കുക.

സ്നേഹത്തിന്റെ മറവിൽ പാപലോലുപതകൾക്കുമാത്രം വഴങ്ങുന്ന
മൃദുശരീരങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല.
എന്തെന്നാൽ,
ഓരോ വളവുകളിലും, തിരിവുകളിലും
മാത്സര്യം പ്രതീക്ഷിച്ചുകൊണ്ട് ഓടിത്തളരുന്ന
ഒരു തലമുറ ഇവിടെ വളരുന്നുണ്ട്.
അവർക്ക്
ഈ ഇതളുകൾ മധുപാത്രമാകില്ല.

ഉണ്മയുടെ നരകതീപ്തി,
ചെകുത്താന്റെ കരച്ചിൽ,
മാലാഖമാരുടെ ദുർബലമായ ചിറകൊച്ചകൾ,
വ്യർത്ഥദേശാടനത്തിലെ ശിഥില വിചിന്തനങ്ങൾ——
ഇങ്ങനെ പ്രത്യക്ഷത്തിൽ വൈരുദ്ധ്യാത്മകമെങ്കിലും
സമഗ്രമായ ഒരു സമാന്തര രാഷ്ട്രീയ ബോധം നിലനിർത്താൻ
ബോധപൂർവ്വം ശ്രമിച്ചിട്ടുണ്ടെന്ന്
ഞങ്ങൾ വിശ്വസിക്കുന്നു——
ഏതോ സ്വപ്നങ്ങൾക്കും കാതോർക്കുവാനും,
ഏതോ ദൃശ്യങ്ങൾക്കുവേണ്ടി ജനൽ തുറക്കുവാനും,
ഏതോ മൃദുലതകളോടും അനുരഞ്ജനപ്പെടുവാനും
കഴിയാതെ പോകുവാൻ കാരണം
വരണ്ടുപോയ ശതകോടി മനസ്സുകളിലെ
തീക്ഷ്ണമായ ലാവാപ്രവാഹത്തിന്റെ
പ്രകോപിതമായ ഈ ഉഷ്മാവും, ഊർജ്ജമരണങ്ങളുമാണ് എന്നറിയുക.

ഉന്മാദിയുടെ ധാർഷ്ട്യബോധമില്ലാതെ
നാദ്യതകളെ ശബ്ദിക്കുക!

"ഞങ്ങൾ
ആകാശത്തിന്റെ കണ്ണീർമഴയിൽ നനഞ്ഞുകേറുമ്പോഴും
ഭൂമിയുടെ തീക്ഷ്ണതയിൽ വെന്തുനീറുവാൻ ഇഷ്ടപ്പെടുന്നു.
എന്തെന്നാൽ,
ഇത് യാഥാർത്ഥ്യബോധത്തിന്റെ
സുഖകരമായ ഊഷ്മളലാവണ്യമാണ്."

എഡിററർ.

## STATEMENT OF OWNERSHIP


| | | |
|---|---|---|
| Place of Publication | : | Aluva |
| Periodicity of Publication | : | Annually |
| Publisher's Name | : | Prof: C. J. Thomas |
| Nationality | : | Indian |
| Address | : | Principal, U. C. College Aluva |
| Editor's Name | : | K. A. Naushad |
| Nationality | : | Indian |
| Address | : | Editor, U. C· College Aluva. |

I dont know, I am ignorant,
I hardly see
but it seems to me that
its song has the colour of wet violets
violets well used to the earth
Since the face of death is green
and the gaze of death green
with the etched moisture of a violets' leaf
and its grave colour of exasperated winter.
But death goes about the earth also,
riding a broom
lapping the ground in search of the dead
death is in the broom
it is the tongue of the death looking for the dead.
the needle of death looking for thread.

Neruda.

ഓരോ നിമിഷവും ഓരോ നഷ്ടമാണ്
ഓരോ നിമിഷത്തിലും ഓരോ നഷ്ടമുണ്ട്
കാററ് ഒരു നഷ്ടപ്പെട്ട ഇലയുടെ കഥയാണ്
മഴ, ഒരു നഷ്ടപ്പെട്ട കാർമേഘത്തിന്റെ കഥയാണ്
വേർപാടിന്റെ ശവപ്പെട്ടികൊട്ടാതെ
ഒരുനിമിഷവും പിറക്കുന്നില്ലെന്നറിയുക.
പോരറിയാത്ത വേർപാടിൽനിന്നാണ്
നാം തുടങ്ങുന്നത്.
പൂവിന്റെ പേരിലായാലും
മരിച്ചത് മനുഷ്യനാണെന്നും
ചിന്തിയത് മനുഷ്യരക്തമാണെന്നുമറിയുക
തീർച്ചയായും പുറപ്പിന്റെ വകഭേദങ്ങളിലൊന്നുമായിരിക്കും
അതിന്റെ നിറം.
സത്യം സത്യമായും ഞങ്ങളും പറയുന്നു.
"രക്തപുഷ്പങ്ങൾ ജീവനെ നിലനിർത്തുന്നു."
പശ്ചിമേഷ്യയിലെ കൂട്ടക്കുരുതിയിൽ-
അറിയാതെ മരിച്ച ഒരുപാടുപേർക്ക്
മരണം കൊണ്ടുമാത്രമായ
നിങ്ങളുടെ ലോകത്തിന്, സമർപ്പണമായ്
എല്ലാററിനും ഒരുതുണ്ടുഹൃദയം ഞങ്ങളും വെട്ടിമാററുന്നു.
പോരറിഞ്ഞ വേർപാടുകളെക്കുറിച്ചതിൽ
ആരവമാണ്
എല്ലാത്തുറയിലും മുറിവേൽപ്പിച്ച്
ഓരോരുത്തർ കടന്നുപോയി
ഇഹലോകവാസം വെടിഞ്ഞവർക്ക്
ഓരോ തുണ്ടുഹൃദയം……


അന്വേഷണം നീങ്ങുന്നത്
പാതകത്തിനു പിന്നിൽ ആരെന്നു വ്യക്തമല്ല
കൊല്ലപ്പെട്ട ഫോട്ടോഗ്രാഫറെ തിരിച്ചറിഞ്ഞു
10 ജൻപഥ് ശോകമൂകം
മരണം രാജീവ് മുൻകൂട്ടി കണ്ടിരുന്നോ?



നഗരത്തിന്റെ ക്രൂരമായ വഴിച്ചുഴികൾക്കും,
നൊസ്റ്റാൾജിയകളുടെ ഗ്രാമപാതകൾക്കും ഇടയിലൂടെ
ഒരു പെരുവഴിയമ്പലങ്ങളിലും തങ്ങിനിൽക്കാതെ
നടന്നുമറഞ്ഞ ഒരു പച്ചയായ മനുഷ്യൻ___
ചില്ലുഗോളങ്ങൾപോലെ ചിതറിത്തെറിക്കുന്ന
ഇഷ്ടങ്ങളെയും കഥാപാത്രങ്ങളെയും
സൃഷ്ടിച്ചെടുത്ത സാഹിത്യകാരൻ___
എല്ലാ ഫ്രെയിമുകളിലും, ജീവിതത്തിന്റെ
ഊഷ്മളസംഗീതം വർഷിച്ച ചലച്ചിത്രകാരൻ...___
എല്ലാ പാതകളിലും ഒറ്റയായിരുന്നവൻ___
പ്രണയിച്ചു മതിയാകാതെ വിടപറഞ്ഞ
ഗന്ധർവ്വന്റെ
പാടിമുഴുമിക്കാത്ത ഗാനംപോലെ,
ഓർക്കാതിരിക്കെ യാത്രപറഞ്ഞുപോയ
ഒരു ചങ്ങാതി___
ഹൊറേഷ്യോയെപ്പോലെ ഞങ്ങളും നിന്നോടുപറയുന്നു
"ഗുഡ്നൈറ്റ്, സ്വീറ്റ് പ്രിൻസ്___"



മൊറാവിയ,
നിലാവിന്റെ കടലിൽ മുങ്ങിച്ചത്ത
ആ രാത്രിയുടെ അവസാനയാമത്തിനോടൊപ്പം
വൈക്കോൽ മണക്കുന്ന കുളപ്പുരക്കുമപ്പുറം
വികൃതനായ അന്തോനിയോവിനോടൊപ്പം
നൃത്തം ചെയ്തുവീണുവിയർത്ത
'ഇഡ' എന്ന പെണ്ണ്___
ലോറി ഡ്രൈവർ,
കറുത്ത ഉടുപ്പണിഞ്ഞ സ്ത്രീ___
സർക്കസ്സ് കൂടാരത്തിലെ കോമാളി___
അരങ്ങുതകർത്താടുന്ന നിന്നിലെ പ്രൊട്ടഗോണിസ്റ്റിന്റെ
വെളിപ്പെടുത്തപ്പെടാത്ത നോവുകൾ___
മൊറാവിയ
നിനക്കുമരണമില്ല.
ചേക്കേറുന്ന പറവകളുടെ ആകാശരേഖകളും
ഹൃദയങ്ങൾക്കിടയിലെ നൂൽപ്പാലങ്ങളും
സംവേദനത്തിന്റെ തിരമാലകളും
മരിക്കാത്തതുപോലെ
മൊറാവിയ, നിനക്കും മരണമില്ല___



രാജാവിന്റെ വാഴ്‌വ് ചരിത്രത്തിലല്ല ——
ചരിത്രം ചമച്ച സാവർണ്ണ സിംഹാസനത്തിലുമല്ല ——
രാജാവ് പ്രജകളിൽ ജീവിക്കുന്നു ——
ഇതാ ഒരു രാജാവ്,
മുത്തശ്ശിക്കഥകളുടെ നായകനായിരുന്നിട്ടില്ലാത്ത,
മാറിവരുന്ന ഓരോവഴിയോരക്കാഴ്ചകളിലും.
വെറുമൊരു കാഴ്ചക്കാരനാകാതെ
എല്ലാ മുഹൂർത്തങ്ങളിലും.
യാഥാർത്ഥ്യത്തിന്റെ സ്പർശനമറിഞ്ഞ
ഒരു രാജാവ് ——
പാരമ്പര്യങ്ങളുടെ സ്മൃതിലഹരിയിൽ നിന്ന്
ഉൺമയുടെ ഹൃദയഭാഗിത്വത്തിലേക്കും,
ആധുനികതയുടെ സങ്കീർണ്ണതകളിലേക്കും.
സംക്രമിച്ച ഒരു രാജാവ് ——
മലയാളികളെ വെറുമൊരു ജനക്കൂട്ടമായി
കണക്കാക്കാതെ,
വെറുമൊരു തേരാളി മാത്രമാകാൻ കൊതിക്കാതെ
പിൻവാങ്ങിയ ഈ രാജാവിന്
സ്നേഹപൂർവ്വം ——



കുരുക്ഷേത്രം മുന്നിൽക്കണ്ടെ,
കവചകുണ്ഡലങ്ങളില്ലാതെ,
കർണ്ണന്റെ രണ്ടാംവരവും കഴിഞ്ഞിരിക്കുന്നു.
ആർക്കും ഒന്നിനും പിടികൊടുക്കാതെ
കർണ്ണനെപ്പോലും അതിശയിപ്പിച്ച്
പി. കെ. വി. നമുക്കുമുന്നിലൂടെ നടന്നുപോയി
തന്റെ സിദ്ധാന്തങ്ങളെ മുറുകെ പിടിച്ച്
അതിനുവേണ്ടി പ്രവർത്തിച്ച്
പലതിനോടും കലഹിച്ച്
"ഇനി ഞാൻ ഉറങ്ങട്ടെ"
എന്നുറക്കെപ്പറഞ്ഞ് പി. കെ. വി.
നിന്റെ ഉറങ്ങാത്ത സ്മരണകൾക്ക് ——



നൂതൻ
ആകാശഗംഗയുടെ പാൽക്കടലിൽനിന്ന്
ജ്വലിച്ച ആതിരാനക്ഷത്രം.
നൂതൻ
ഇന്ത്യൻ സിനിമയുടെ ചരിത്രത്തിൽ
വേർതിരിക്കാനാകാത്ത ഒരു ഘടകമാണ്.
ഹിന്ദി സിനിമയുടെ മസാലക്കൂട്ടുകൾക്കു മുകളിൽ
നൂതൻ വ്യതിരിക്തത നേടുന്നു.
ചേപ്പാടുകളുണ്ടാക്കാതെ സംഭവിച്ച
ഈ വേർപാട് അപരിഹൃതമായിത്തന്നെ തുടരും.
എഴുതിത്തീർക്കപ്പെടാത്ത
ഒരു കവിതയുടെ
നിശ്ശബ്ദമായ തേങ്ങൽപോലെ
നൂതൻ
ഫ്രെയിമുകളുടെ വർണ്ണങ്ങളിൽ നിന്ന്
പ്രേക്ഷകന്റെ മിഴികളിൽ നിന്ന്,
ഹൃദയത്തിലേക്ക് സംക്രമിക്കുന്നു......



നാലുകെട്ടിലെ മൃദുപാദസ്വനങ്ങളിൽ
വേപഥുപൂണ്ട ആർദ്രയായ
കൃഷ്ണതുളസിക്കതിർ,
ജീവിതത്തിന്റെ എല്ലാത്തരം
ഹ്ളാദവിഷാദങ്ങളും നെഞ്ചേററിയിരുന്ന
സ്നേഹമയിയായ സ്ത്രീ.
ശ്യാമ ദുഃഖങ്ങളുടെ കാഥിക.....
ഈവാക്കുകളുടെ നഖചിത്രക്കോലുകളിലും
ശ്യാമളയുടെ രൂപം പൂർണ്ണമാകുന്നില്ല
എന്ന സത്യം തന്നെയാണ്
അവരെ കൂടുതൽ ഉജ്ജ്വലയാക്കുന്നതും......
ശ്യാമളെ
തിരച്ചാർത്തിന്റെ മന്ദഗമനസാന്ദ്രമായി
ആസ്വാദനത്തിന്റെ കൊടുമുടിയിൽ
എത്തിനിൽക്കുന്നു......



ദൈവത്തിന്റെ നാട്ടിൽനിന്ന്
ചെകുത്താന്റെ നാട്ടിലേക്ക്
ഉൺമയുടെ തേരോടിയുള്ള
ദുരന്തയാത്രയാണ് ഗ്രീനിന്റെ ജീവിതദർശനം.
അധികാരം, മതം, സദാചാരം
ഇവതമ്മിലുള്ള നിരന്തര വൈരുദ്ധ്യം
ഗ്രഹാം ഗ്രീനിന്റെ വാക്കുകളിൽ ഇഴപാകുന്നു.
"THE POWER AND THE GLORY"
എന്നനോവലിലെ പുരോഹിതൻ
ക്രിസ്തുവിന്റെ സവിധത്തിൽനിന്ന്
പച്ചയായ മനുഷ്യനിലേക്ക് ഇറങ്ങിവരുന്നുണ്ട്.
ഇംഗ്ലീഷ്നോവലിന്റെ ഇരുപതാംനൂറ്റാണ്ടിലെ
നൂതനപ്രവണതകളോട്
താദാത്മ്യംപ്രാപിച്ച് ഗ്രീൻരചിച്ച കൃതികൾ
യുദ്ധാനന്തര യൂറോപ്പിന്റെ
സ്പന്ദനങ്ങളെ തൊട്ടറിയുന്നു......
ഗ്രീൻ ഭൂമിയിൽ നിന്ന്
'ടേക്ക്ഓഫ്' ചെയ്യുമ്പോൾ
സാഹിത്യത്തിലെ സ്ഥിതപ്രജ്ഞമായ
ഒരു പ്രവണതയും നമുക്കുനഷ്ടമാകുന്നു......



കമ്മ്യൂണിസ്റ്റുകാരന്റെ മനസ്സിനെക്കുറിച്ചുള്ള
പാരമ്പരാഗത ധാരണകൾക്ക്
പുതിയ അർത്ഥതലങ്ങൾ നൽകിയ
മേനോൻ.
ഇന്ത്യൻ രാഷ്ട്രീയത്തിലെ
ഏകാന്തപഥികനായിരുന്നു.
ഏറ്റെടുത്ത അധികാരത്തെ
പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞ
ക്രിയാത്മകവും ഋജുവുമായ
ഒരു പ്രവർത്തന പന്ഥാവാണ് അദ്ദേഹത്തിന്റേത്.
ഇതിലൊക്കെയുപരിയായി
തൃശൂരിലെ "സാകേത"ത്തിലെ വിശ്രമനാളുകളിലും
അദ്ദേഹത്തെ സംബന്ധിച്ച എന്തും
വിവാദവിഷയമായിട്ടുണ്ട്.
സത്യത്തെ സത്യമായിത്തന്നെ
വിളിച്ചുപറയുന്ന,
മനസ്സിലെ ഊർജ്ജസ്വലത
കെടാവിളക്കുപോലെ കാത്തുസൂക്ഷിച്ചിരുന്ന
ഒരു കാരണവർ
ഇനി മലയാളിയുടെ ബൗദ്ധികപുരോപ്രവർത്തനങ്ങൾക്കുവേണ്ടി
ശബ്ദിക്കുകയില്ല.



പതിനായിരം കിലോവാട്ട് മൗനത്തിന്റെ
ദാർശനികൻ.
മൗനം നിറക്കൂട്ടുചാർത്തുന്ന ഓരോ ഫ്രെയിമിലും
സമൂഹത്തിന്റെ നിമ്നോന്നത ചിത്രങ്ങൾ
വരച്ച ചലച്ചിത്രകാരൻ.
പാപമാം തലപ്പെരുപ്പിക്കുന്ന,
അസ്വാസ്ഥ്യതയുടെ ഓരോ നിമിഷത്തിലും.
ഓർത്തുവെയ്ക്കാൻ നീലനിറം ചാർത്തിയ,
മൗനരാഗങ്ങൾ.
സർക്കസ് കൂടാരത്തിലെ കോമാളിയുടെ
തലതിരിവ്.
ജീവിതത്തിന്റെ വൈരുദ്ധ്യങ്ങളുടെ ശരിപ്പകർപ്പ്
വീക്ഷണകോണിന്റെ, ദിശാബോധത്തിന്റെ മാറ്റം.
പശ്ചാത്തലത്തിലെ കാലബോധത്താൽ
സിനിമയിലെ ചരിത്രകാരന്റെ
സൂക്ഷ്മമുള്ള കണ്ണുകൾ.
മക്കളുടെ പിൻവിളിയിൽ നിന്നുള്ള
അമ്മയുടെ, പ്രകൃതിയുടെ ഉയിർത്തെഴുന്നേൽപ്പ്
പാദമുദ്രകൾക്കു മുകളിൽ
വീണ്ടും പാദമുദ്രകൾ.
പക്ഷെ,
ഞങ്ങൾ ഉറപ്പിക്കുന്നു.
നിന്റെ പാത നിനക്ക്
നിന്റെ കാലം നിനക്ക്
നിനക്കു മാത്രം—



ഏകാന്തതയുടെ
മൗനസംഗീതം വരിച്ച മെക്സിക്കൻ എഴുത്തുകാരൻ
ഒക്ടോവിയോപാസ്
സ്ത്രീയെക്കുറിച്ചുള്ള
ഫെമിനിസ്റ്റ് കാഴ്ചപ്പാടിലൂടെയും
പ്രണയത്തെ, തന്റെ സത്തയെ
കണ്ടെത്തലായി ദർശിച്ചതിലൂടെയും
ചരിത്രത്തെ ക്രൂരമായ കിനാവായി മാത്രം കണ്ട്
അതിനെ നിരസിച്ചതിലൂടെയും......
ഇനിയും ഒത്തിരി ഒത്തിരി കാര്യങ്ങളിലൂടെയും
പാസ് നമുക്കു പരിചിതനാണ്
പോയവർഷത്തെ സാഹിത്യത്തിനുള്ള
'നോബൽസമ്മാനം' ലഭിച്ചത്
പാസിനാണ്.
പാസിന്റെ രണ്ട് കൃതികൾ നമ്മുടെ
മാഗസിൻ താളുകൾക്ക് കൂട്ടാകുന്നു.

## "സൂര്യശില" (ഭാഗങ്ങൾ)

ഉലകിലൂടെന്നപോലെ നിന്നുടലിലൂടെ ഞാൻ പോകുന്നു,
സൂര്യനിൽ കുതിർന്ന നഗരകേന്ദ്രമാണു നിന്റെ വയറ്,
നിന്റെ മുലകൾ ഇരട്ടപ്പള്ളികൾ, അവിടെ നിന്റെ രക്തം
തന്റെ സമാന്തര നിഗൂഢതകളുടെ മേൽ
അദ്ധ്യക്ഷം വഹിക്കുന്നു
വള്ളിപ്പന്നമാതിരി എന്റെ ദൃഷ്ടി നിന്നെ പൊതിയുന്നു.
കടലാക്രമിക്കുന്ന ഒരു നഗരമാണു നീ,
പ്രകാശം രണ്ടായിപ്പകുത്ത പ്രാകാരം തന്നെ നീ,
പീച്ചുപഴത്തിന്റെ നിറം, ഉപ്പിന്റെ ഉറവിടം,
തീക്ഷ്ണമായ മദ്ധ്യാഹ്ന ദീപ്തിയിൽ അടിപ്പെട്ട
പാറകളും പറവകളുമാണു നീ.

എന്റെ വികാരങ്ങളുടെ നിറങ്ങളിലുടുത്തൊരുങ്ങി
എന്റെ ചിന്തയെപ്പോലെ നീ നഗ്നയായിപ്പോകുന്നു.
ജലത്തിലൂടെയെന്നപോലെ നിൻമിഴികളിലൂടെ
പോകയാണു ഞാൻ.
കടുവകൾ കിനാവുകുടിക്കാനെത്തുന്ന ആ മിഴികൾ,
ത്സംകാരക്കിളികൾ കത്തിയെരിയുന്ന ആ ജ്വാലകൾ
ചന്ദ്രനിലൂടെയെന്നപോലെ നിന്റെ
നെറ്റിയിലൂടെ പോകയാണുഞാൻ.
നിന്റെ ചിന്തയിലൂടൊരു കാർമുകിൽ മാതിരി,
നിന്റെ കിനാവിലൂടെയെന്നപോലെ നിന്റെ
വയറ്റിലൂടെപ്പോകുന്നു ഞാൻ.

ചോളവയലായ നിന്റെ മടിത്തട്ട് ആടുന്നു, പാടുന്നു,
പളുങ്കാണു നിന്നകതലം, ജലമാണുനിന്നുൽസംഗം,
നിന്റെ ചുണ്ടുകൾ, പുരികുഴൽ, നോട്ടവും
രാത്രിയാകെ നീ പെയ്യുന്നു, പകലാകെ വെള്ളമൊത്ത
വിരലുകൾകൊണ്ടു എന്റെ നെഞ്ചു തുറക്കുന്നു,
ജലമാകുന്ന വായകൊണ്ട് നീ എന്റെ കണ്ണുകളടയ്ക്കുന്നു,
നീ എന്റെ മജ്ജയിൽ പെയ്യുന്നു. ഒരു ദ്രാവകവൃക്ഷം
അതിന്റെ ജലവേരുകളെന്റെ നെഞ്ചിലേക്കിറങ്ങുന്നു,
ഒരു നദിപോലെ നിന്നരക്കെട്ടിലൂടെ ഞാൻ പോകുന്നു,
ഒരു കാട്ടിലൂടെന്നപോലെ നിന്നുടലിലൂടെ ഞാൻ പോകുന്നു,


പ്രേമിക്കൽ സമരമാണ്, രണ്ടുപേർ ചുംബിച്ചാൽ
ലോകം മാറുന്നു, ആഗ്രഹത്തിനു ദേഹംവെയ്ക്കുന്നു.
ചിന്തകൾക്കു ദേഹംവയ്ക്കുന്നു, അടിമയുടെ ചുമലുകളിൽ
ചിറകുകൾ മുളയ്ക്കുന്നു, ലോകം യഥാർത്ഥവും
സ്പർശനീയവുമാകുന്നു. വീഞ്ഞുവീഞ്ഞാകുന്നു,
ഭക്ഷണം അതിന്റെ രുചി വീണ്ടെടുക്കുന്നു,
വെള്ളം വെള്ളമാകുന്നു,
പ്രേമിക്കൽ സമരമാണ്, കതകുകൾ തുറക്കലാണ്,
മുഖമില്ലാത്ത യജമാനൻ അനന്തമായ ബന്ധനത്തിനു
വിധിച്ച് അക്കമിട്ട ഒരു സത്വമല്ല
നീ ഇനിമേൽ;

പരിഭാഷ : കടമ്മനിട്ട

# കവി വചനം

ഗാനവും അപ്പവും, ക്ഷീരവും പഴസത്തും, പ്രണയവും സ്മൃതികളും സർപ്പവും സൗജന്യം. അന്യോന്യം കാമിക്കുന്ന ശത്രുക്കളുടെ വന്യമായ അല്ലെങ്കിൽ ഭീമമായ മാറകാലിംഗനം ഹൃദയത്തിലേറ്റ മുറിവുകൾ ഔഷധവീര്യമുള്ള ഓരോ നീരുറവയാണ്. ആത്മമിത്രങ്ങൾ ആയുധങ്ങൾ മൂർച്ചകൂട്ടി. മൃതിവരെ പ്രയാണം തുടരുന്ന ആദിവന സംഭാഷണത്തിനോ, അന്തിമസംഭാഷണത്തിനോ തയ്യാറെടുക്കുന്നു. കാട്ടുവള്ളികൾ പോലെ പിണഞ്ഞ ആസക്തിയുടെ ഗാനങ്ങളും താരകങ്ങളും തമ്മിലുള്ള മേളനമായ രാത്രി തരണംചെയ്യുന്നു. മർത്ത്യന്റെ പോഷക ഘടകം മർത്ത്യൻ തന്നെയാണ്. ജ്ഞാനം സ്വപ്നം ദർശിക്കുന്നതുപോലെയാണ്. സ്വപ്നദർശനം ക്രീയപോലെയും. കാവ്യം എല്ലാകാര്യങ്ങളേയും ആളികത്തിച്ചിരിക്കുന്നു. അക്ഷരങ്ങൾ ശുഷ്കിച്ചുകഴിഞ്ഞു. ബിംബങ്ങളുടെ കലവറയാകട്ടെ ശൂന്യമായും തീർന്നു. നാമത്തിനും വസ്തുവിനുമിടയ്ക്കുള്ള പഥം മിഥ്യയായിരിയ്ക്കുന്നു. നാടകമെന്നാൽ സൃഷ്ടിയുടെ കർമ്മമാണ്. സങ്കല്പിക്കലെന്നാൽ ജനിയുടെ ഹരിതമെന്നും. പ്രഥമമായി മൺവെട്ടിയുടെ ആത്മാവിനെ തിരിച്ചറിയുക. സിദ്ധാന്ത വർജ്ജിക്കുക. സമയനിഷ്ഠയോടെ ഉറക്കമുണ്ടുകൊണ്ട് കാണുക. കൊടുക്കാനുള്ളത് കൊടുത്ത് കിട്ടാനുള്ളത് വാങ്ങുക. അവധിയുടെ കാലങ്ങളിൽ വീർത്ത് പൊട്ടും വരെ മേഞ്ഞു നടക്കുക. ന്യൂസ് പ്രിന്റിന്റെ കൂറൻ മൈതാനങ്ങൾ നിന്ന് നിവർന്ന് കിടപ്പുണ്ടല്ലോ. അല്ലെങ്കിൽ രാവുകൾതോറും രാഷ്ട്രീയം കൊണ്ട് വീങ്ങിയ ജിഹ്വയുമായി ചായക്കടയിലെ മേശപ്പുറത്ത് നിർജ്ജീവമായി കുഴഞ്ഞു വീഴുക. മൗനം ഉരുവിട്ടുകൊണ്ടിരുന്നാലും, ആംഗ്യഭാഷ കാട്ടിക്കൊണ്ടിരുന്നാലും വേണ്ടില്ല: രണ്ടും തുല്യംതന്നെ. താങ്കളുടെ നിയോഗം എവിടെയോ തിരുമാനിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. വലയം ഭേദിച്ച് സുരക്ഷിതനായി പുറത്ത്കടക്കാനുള്ള നിങ്ങളുടെ മാർഗ്ഗവും അസ്തമിച്ചിരിക്കുന്നു. നിന്ദയിലേക്കോ കഴുകത്തിലേക്കോ നിയോഗിക്കുന്നതല്ലാതെ നിങ്ങളുടെ വിധിസ്വപ്നങ്ങൾ അത്രമാത്രം വ്യക്തമാണ്, നിങ്ങൾക്കാവശ്യം സൂര്യനെപ്പോലൊരു തങ്കശാസ്ത്രമാണ്.

വിവ: ടി. ഉദയശങ്കർ



# അസംസ്കൃത വിചാരങ്ങൾ

''നാമിറങ്ങുന്നു
മദ്ധ്യവയസ്സുപോലെയൊഴുകാതെയൊഴുകും
ശരത്പ്രവാഹത്തിൽ
മുട്ടററമേയുള്ളു ഋതുകാലക്കുളിർ.''

കൂട്ടുകാരന്,

ഏതെങ്കിലുമൊരു സദസ്സിലെ നീണ്ടചർച്ചാവേളകളിൽ, നീണ്ടനിർവികാരതക്കുശേഷം യാഥാർത്ഥ്യത്തിന്റെ ഏതെങ്കിലുമൊരു ചെറുതുരുത്തിലേക്ക് ഞാൻ വലിച്ചെറിയപ്പെടാറുണ്ട്.

ഇണയുടെ സീൽക്കാര ശബ്ദങ്ങളിലേക്കും നീരുവി നിണമണിഞ്ഞ കഥകളിലേക്കും ഞാൻ എത്തിപ്പെടാറുണ്ട്.
രസഭാവങ്ങൾ എന്റെ വക്രിച്ചമുഖത്ത് മിന്നലാട്ടം നടത്താറുണ്ട്
യാഥാർത്ഥ്യം രസനയുടെ കുളിർമയോടെ മാത്രം ഞാൻ നുണച്ചിറക്കാറുണ്ട്.

കൂട്ടുകാരാ, ഇവിടം നിറയെ ദുരിതം വിതച്ച്
ദുരിതം കൊയ്യുകയാണ്.

രഥചക്രങ്ങൾ..............
നിലയ്ക്കാത്ത രഥചക്രങ്ങൾ
അററുപോയ തലകളെ നോക്കി പല്ലിളിക്കയാണ്.
ചോരയുടെ നിറമേങ്ങും ശരിക്കും മനസ്സിലായി തുടങ്ങിയിരിക്കുന്നു.
ദുരന്തം നിറഞ്ഞ ഏതെങ്കിലുമൊരു രാത്രിയിൽ, ഒരു കാരാപിടിയിൽ,
എന്റെകരം രണ്ടായ് പിളരുക തന്നെ ചെയ്യും.
ഭൂമിയുടെ ഉണക്ക മനസ്സിലേക്ക് ആ ചോര ഊർന്നിറങ്ങുക തന്നെ ചെയ്യും.
നിർവികാരതയ്ക്കപ്പുറമുള്ള ഓരോ നിമിഷവും കൂട്ടുകാരന്റെ ആത്മഹത്യയിലേക്കാണ് തുറക്കുന്നത്.
കൂട്ടുകാരിയുടെ പിളർന്ന വായിലേക്കാണ്,
വന്ധ്യീകരിക്കപ്പെട്ട അക്ഷരങ്ങളിലേക്കാണ്.
വരണ്ട മനസ്സിന്റെ ഓരോ ചുളിവുകളിലും
ദുരന്തങ്ങൾ വർണ്ണചിത്രങ്ങളെഴുതുന്നു.
സഹോദരന് സഹോദരിയിലേക്കുള്ള ദൂരം......
കിനാവിനും സത്യത്തിനുമിടയിലെ ഒടുങ്ങാത്ത ദൂരം......
ചിന്തകൾക്കും പരസ്യങ്ങൾക്കുമിടയിലെ
ഷോർട്ട്കട്ടുകൾ......
പുത്തൻ സീരിയലുകളിലെ പുത്തൻ മയക്കങ്ങൾ......
കറുത്തവനുമുകളിൽ വെളുത്തവന്റെ താണ്ഡവങ്ങൾ......
സ്കഡ്മിസൈലുകൾ ഉഴുതുമറിച്ച വിഷഭൂമിയിൽ
ഹോമിക്കപ്പെട്ട വിത്തുകൾ......
യുദ്ധങ്ങളുടെ ഉത്സവരൂപാന്തരങ്ങൾ......
മുളക്കാത്ത പ്രതിക്ഷകൾ......
രാമന്റെ ദിഗ്വിജയങ്ങൾ......
ദർശനങ്ങൾക്കുമുകളിൽ ദർശനങ്ങളുടെ വളർച്ചകൾ.
തളർച്ചകൾ......
ദുരന്തങ്ങൾക്കുമുകളിൽ ഉത്സവങ്ങൾ......
വിശപ്പിനുമേൽ സൈദ്ധാന്തിക ചർച്ചകൾ......
ഉത്തരങ്ങൾ നൽകാത്ത ചോദ്യങ്ങൾ......
മയക്കങ്ങൾ...... മയക്കങ്ങൾ......

കൂട്ടുകാരാ, ചോരപുരണ്ടരാത്രികളിൽ ഞാൻ
ഉറങ്ങാറില്ല, ഉണരാറില്ല.

തോക്കുകളോട് തോക്കുകൾക്കുള്ള ഉത്തരങ്ങൾ
ചിഹ്നങ്ങൾക്കുമുകളിൽ ചിഹ്നങ്ങളുടെ വിജയങ്ങൾ
സത്യങ്ങൾക്കുപകരം അസത്യങ്ങൾ
നിറങ്ങൾക്കുപകരം പിന്നെയും നിറങ്ങൾ
കൊടിമരങ്ങൾക്കുപകരം കൊലമരങ്ങൾ.
കൂട്ടുകാരാ എല്ലാം നമ്മെ എല്ലാം പഠിപ്പിക്കുന്നു.

എന്നിട്ടു അടച്ചിട്ട ജാലകങ്ങൾക്കു പിറകിലേക്ക് ഞങ്ങൾ
ഉൾവലിയുകയാണ്.

ഈ നൂററാണ്ടിന്റെ അതിജീവനത്തെക്കുറിച്ച്
പുത്തൻ ഊർജ്ജങ്ങളിലെ പുത്തൻ ദുരന്തങ്ങളെക്കുറിച്ച്
സത്യപുസ്തകങ്ങളെന്നു ഞങ്ങൾ പഠിച്ച ചരിത്രപുസ്തകത്തിന്റെ
തടിച്ച അനുഭവങ്ങളിലേക്ക് ഞങ്ങൾ ഉൾവലിയുകയാണ്.

ചരിത്രത്തിന്റെ പാഠങ്ങൾ പകർത്താനുള്ള ശ്രമങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ പൊരുളറിയാതെ പോകയാണ്.
എല്ലാ ബോധങ്ങളിൽ നിന്നും, പച്ചപ്പിന്റെ അകക്കാമ്പിൽ നിന്നും വേർപിരിഞ്ഞ് ജാലകങ്ങൾക്കു പിറകിൽ നിന്ന് ഞങ്ങളെല്ലാം നിർവികാരരായി നോക്കിക്കാണുന്നു.
സ്വമനസ്സാലെ,
പാതിമയക്കത്തിന്റെ സുഷുപ്തിയിൽ,
ഒന്നുമറിയാതെ......

കൂട്ടുകാരാ, ഞങ്ങൾക്കുമുന്നിൽ എല്ലാം വീരനായക-
ന്മാരുടെ ചരിതങ്ങളാണ്.
എല്ലാം അർജ്ജുനന്മാർ......
കവചകുണ്ഡലം ആപഹരിക്കപ്പെട്ട
കർണ്ണൻ ഓർമ്മകളിൽപോലും സ്വാസ്ഥ്യം
കെടുത്തുന്നില്ല.
എന്റെ സ്വപ്നങ്ങളിലെല്ലാം പൂത്തമരങ്ങളാണ്.
വർണ്ണപ്പൊലിമ ഊഞ്ഞാലാടുകയാണ്.
ഒരു പൊട്ടിത്തെറിയോ, ഒരു നീണ്ട കരച്ചിലോ
എന്നെ ഭയപ്പെടുത്തുന്നില്ല.
ലംഘിക്കപ്പെടുന്ന ഒരവകാശവും എന്റെ
ഉറക്കത്തിന് വിഘാതമാകുന്നില്ല.
നിർദോഷമായ ചിരിയുടെ നീണ്ടകയങ്ങളിൽ
ഒരിക്കൽപോലും ഞാനാണ്ടുപോകാറില്ല.
കണ്ണീരിന്റെ ആർദ്രത ഒരിക്കൽപോലും ഞാൻ
തൊട്ടറിഞ്ഞില്ല.
മനസ്സിന്റെ മരവിച്ച മൂലകളിൽ നിറയുന്ന നിർവികാരത.
ഒരു നീണ്ട ഉറക്കത്തിന്റെ സുഖം,
ഒരു പ്രവൃത്തിദിവസത്തിന്റെ യാന്ത്രികത,
ഒന്നും ഒരു മഞ്ഞുപാളിപോലെയെങ്കിലും
എന്റെ നിർവികാരതയ്ക്കുമുകളിൽ പൊതിയുന്നില്ല......

ഭൂതകാലം എനിക്കുനഷ്ടമാവുകയാണ്.
വർത്തമാനത്തിന്റെ യാഥാർത്ഥ്യങ്ങൾ
ഞാനറിയുന്നില്ല.
ഭാവി എനിക്കെത്തിപ്പിടിക്കാനാ
കാത്തവണ്ണം കയ്‌വിട്ടുപോകയാണ്.

ഒരു ദുരന്തത്തിന്റെ പൊട്ടിത്തെറിപോലു-
മറിയാതെ
രാത്രിയുടെ, ഇരുട്ടിന്റെ ആഴങ്ങളിലേക്കൂർന്നിറങ്ങാതെ,
ചിന്തകൾക്ക് പിടികൊടുക്കാതെ,
വാക്കിന്റെ പൊരുളറിയാതെ,
നിർവികാരതയുടെ ഈ തണുത്ത തുരുത്തിൽ......
വേലികൾക്കുള്ളിൽ......
മുള്ളുകളുടെ ചോരപൊടിയുന്ന സ്പർശം
പോലുമറിയാതെ......

**HEMANTH G.**
**I Bsc. ZOOLOGY**

# മാർക്കണ്ഡേയനും മുകുളികയും സുഹൃത്തുക്കളായതെങ്ങനെ?

ഒന്ന്

''നീയെന്തേ ഇന്ന് പ്രാക്ടിയ്ക്കൽഹാളിൽനിന്ന് നേരത്തേയിറങ്ങി?'' ഉത്സാഹത്തോടെ കാൽക്കുലേഷൻ പൂർത്തിയാക്കി പുറത്തിറങ്ങിയ മാർക്കണ്ഡയൻ മുകുളികയോടു ചോദിച്ചു. നീർക്കണങ്ങളുടെ നേർത്ത സ്പർശം മൂലം തിളങ്ങിയ മിഴികൾ കൺപോളകൾ കൊണ്ടു പാതിമൂടി അവൾ പറഞ്ഞു. ''ഞാൻ കണ്ട റീഡിങ്ങെല്ലാം ഇന്നെനിയ്ക്ക് ഇരട്ടിയായിത്തോന്നിപ്പോയി'' ''എങ്കിലാ ഒബ്സർവേഷൻബുക്ക് എനിയ്ക്കുതരൂ. ഞാനവ പകുതിയാക്കി തിരിച്ചുവരാം.'' മാർക്കണ്ഡയന്റെ സ്നേഹം വാക്കുകളിൽ നിറഞ്ഞു. ''പക്ഷേ, ഞാനവയൊന്നും കുറിച്ചെടുത്തില്ല.'' സന്ദേഹത്തോടെ മുകുളിക തുടർന്നു. ''അപ്പോഴെനിയ്ക്ക് നാലുകൈകളും ഓരോ കൈയിലും പത്തുവിരലുകളുമുണ്ടായിരുന്നു'' മുകുളികയുടെ കാഴ്ചശക്തിയുടെ സമൃദ്ധിയിൽ സന്തുഷ്ടനായ മാർക്കണ്ഡയൻ, നിലതെററാതെ ശ്രദ്ധാപൂർവ്വം തെരുക്കുകളിറങ്ങിനടന്നു:

രണ്ട്

ഏറെ നാളത്തെ ആഗ്രഹത്തിനൊടുവിലായിരുന്നു, മാർക്കണ്ഡേയന് മുകുളികയോടൊപ്പം കാൻറീനിലെ ഇരുണ്ട ഡെസ്കിന് ഇരുപുറവുമായി ഇരിപ്പുറപ്പിയ്ക്കാനായത്. മുകുളികയുടെ കണ്ണുകളിൽനിന്ന് അന്നോളം കണ്ടിട്ടില്ലാത്ത പ്രകാശം സ്ഫുരിയ്ക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ, ആകെക്കമ്പിലുയർന്ന നേരിയ വിറയലോടെ, മാർക്കണ്ഡേയൻ തന്റെ ദൃഷ്ടികളെ തന്ത്രപൂർവ്വം ജനലിന്നപ്പുറത്തേയ്ക്കാനയിച്ചു.

തെർമോകപ്പ്ളിന്റെ ഈ. എം. എഫ് മെഷറുചെയ്തോ?......

മുകുളികയുടെ ചോദ്യം ഏതോ ഒരു ഹൈഫ്രീക്വൻസി സൗണ്ടുപോലെ പൊടുന്നനെ മാർക്കണ്ഡേയന്റെ കാതുകളിലേയ്ക്കുതുളഞ്ഞിറങ്ങി. ആ ശബ്ദവീചികൾക്കുപിന്നിൽ നിന്നടർന്ന മഞ്ഞിൻപാളികൾ ഉള്ളിലുണർന്നുകിടന്നിരുന്ന ഊഷ്മളതയുമായിച്ചേർന്ന് മറെറാരു തെർമോകപ്പ്ൾ രൂപപ്പെടുത്തുന്നത് അവനറിഞ്ഞു. പക്ഷേ, തന്റെ ശരീരത്തിലൂടെ പ്രവഹിച്ച ഈ. എം. എഫ്. പോലും അളക്കാൻ അവനപ്പോൾ കഴിവില്ലായിരുന്നു.

മൂന്ന്

മുകുളികയുടെ ആവർത്തിച്ചുള്ള ആവശ്യങ്ങൾക്കൊടുവിൽ, മാർക്കണ്ഡേയൻ തന്റെ ജീവിതവീക്ഷണങ്ങൾ വിശദീകരിയ്ക്കുകയായിരുന്നു.-

'' സുഖം എന്നത് കേവലം ഒരു ബിന്ദുമാത്രമാണ്. ദുഃഖം എന്നത് തികച്ചും സമാനമായ മറെറാരു ബിന്ദു. ഇരുബിന്ദുക്കൾക്കുമിടയിൽ വിരാമമില്ലാതെ ആന്ദോളനം ചെയ്തുകൊണ്ടിരിയ്ക്കുന്ന ഒരു പെൻഡുലംമാത്രമാണ് ജീവിതം.''

അപ്രതീക്ഷിതമായാണ് മാർക്കണ്ഡേയന്റെ വാക്കുകൾക്കിടയിൽ മുകുളികയുടെ ചോദ്യം ചിതറിവീണത്...... '' ശരിതന്നെ, പക്ഷേ, ആ പെൻഡുലം ഒരു സിമ്പിൾ പെൻഡുലമോ അതോ ഒരു ടോർഷൻ പെൻഡുലമോ?'',

**SREEKUMAR M. P.**
III Bsc. Physics.

## നിലാവിന്റെ തീപ്പൊരി

നിലാവേ നിന്നിൽ നിന്നുമുതിർന്ന തീപ്പൊരി
എന്റെ ചിന്താസിദ്ധാന്തങ്ങളെ തിളപ്പിച്ചു ജ്വലിപ്പിച്ചു
നിന്റെ തണുത്ത തീ കറുത്ത പുകയൂതി കടന്നുപോയി
ഉയർന്നുപൊങ്ങിയ കറുത്തധൂപം എന്റെ നിറഞ്ഞ മനസ്സിലെ
വെളുത്ത ഭിത്തിയിലെ തിളങ്ങുന്ന ഫലകങ്ങളെ
ദുഃഖത്തിന്റെ, പാപത്തിന്റെ കറുത്തപുക പുതപ്പിച്ചു.
നീ എന്റെ ചിന്താചിതയുടെ പ്രഥമ ജ്വലനമായ്, ജീവാഗ്നിയായ്
ഒന്നിൽനിന്നും മറ്റൊന്നിലേയ്ക്കുള്ള എന്റെ ഭ്രാന്തപരിണാമം
നിന്റെ കർമ്മപഥത്തിന്റെ കടുത്ത കടമ്പയായ്, കർത്തവ്യമായ്
നിലാവേ, നീ എന്റെ കിനാവിന്റെ കനവായിരുന്ന കാലം,
അതിന്റെ സുപരിചിത ചിരസ്മരണകളേ നിങ്ങൾക്കായ്
എന്റെയാത്മാവിന്റെ ആഴക്കയങ്ങളിൽനിന്നും ഓർമ്മയുടെ
മൃതസഞ്ജീവനിയിതാ,
പരിണാമത്തിനായ് പരിശ്രമിച്ചിരുന്ന പുരാണകഥകൾ
ഇന്നലെകളവ എന്റെ മുന്നിലിന്നുകളെപ്പോലെ ചിതറിവീണപ്പോൾ
അതിലെന്റെ കണ്ണിലെ കറുത്ത കൃഷ്ണമണികളുടെ വേദാന്തദർശനം.
കുളിരിന്റെ കുതറിയോടുന്ന പ്രതീകമായിരുന്നു നീ.
നിന്റെ മഹാപരണയാമ ചക്രത്തിലെരിയുന്ന എന്റെ പരിണാമതൃഷ്ണ
കലിയുഗവിഡ്ഢിക്കോമരങ്ങളുടെ ആത്മീയ പരിണാമം
കർമ്മത്തിൽനിന്നും ധർമ്മത്തിലേയ്ക്കുള്ള
നിത്യനിരതമായ ആദ്ധ്യാത്മികാധപതനം.
യാചനാധർമ്മമേ നിനക്കായ് നമോവാകം.

**VINOD RAVI**
I PDC 1st Group



# YOU ARE CLEAN OUT SIR

ക്ലീൻ ബൗൾഡ് ആയി പവലിയനിലേക്കു നടക്കുന്ന
ക്രിക്കറ്റ് കളിക്കാരനോട് മര്യാദാപൂർവ്വം പറയുന്നതല്ല ഇത്.
അനുദിനം ശിഥിലീകൃതമായിത്തീരുന്ന
ഇൻഡ്യൻ വിദ്യാഭ്യാസവ്യവസ്ഥയുടെ ഉച്ചവെയിലിൽ
ഇല്ലാത്ത ഗാലറികളിൽനിന്ന് ഓരോ വിദ്യാർത്ഥിയും
ആർത്തിരമ്പുകയാണ്.
അദ്ധ്യാപകൻ കളിയിൽനിന്നും പുറത്തായി
പവലിയനിലേക്കു നടക്കുന്നു——
ഏതൊരു വിദ്യാഭ്യാസ പദ്ധതിയിലും അവിഭാജ്യഘടകമായ
അദ്ധ്യാപകന് സംഭവിച്ചുകൊണ്ടിരിക്കുന്ന
സ്ഥാന വ്യതിചലനത്തിന്റെ പശ്ചാത്തലത്തിൽ
സമഗ്രമായി, ഇൻഡ്യൻ വിദ്യാഭ്യാസ പ്രശ്നങ്ങളെ
നോക്കിക്കാണുകയാണ് ഇവിടെ......

# ഗുഡ്ബൈ ക്ളിന്റ് സാർ

ഏകലവ്യന്റെ പെരുവിരൽ ഗുരുസവിധത്തിൽ കിടന്നുപിടച്ചുവെങ്കിലും, ഗുരുവിലുള്ള ദൃഢവിശ്വാസത്തിന്റെ നിരവധി അന്തരാർത്ഥങ്ങൾ ആ പെരുവിരലിലെ രക്തമിററുന്ന നാക്കിലയിൽ തളംകെട്ടിനിൽക്കുന്നുണ്ട്. അത്തരമൊരു സാമൂഹ്യ സാഹചര്യത്തിലെ വിജ്ഞാനദാഹവും, അതിനെ അടിച്ചമർത്താൻ വെമ്പൽ കൊള്ളുന്ന സവർണ്ണമേധാവിത്വത്തിന്റെ നിരന്തരപ്രവണതയും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ പരിണതഫലമാണ് ഏകലവ്യന്റെ കാര്യത്തിൽ സംഭവിച്ചത്. പക്ഷേ, അററുവീണു പിടഞ്ഞ ആ വിരലിൽനിന്ന് കുറേ ദൂരം സഞ്ചരിച്ചുകഴിയുമ്പോഴേക്കും, ഭാരതത്തിലെ ഗുരുശിഷ്യ ബന്ധത്തിന്റെ സങ്കീർണ്ണതകൾ കൂടുതൽ വർദ്ധിക്കുന്നതായി കാണാം.


കാരൂരിന്റെ 'പൊതിച്ചോറ്' എന്ന ചെറുകഥയിലെ അദ്ധ്യാപകൻ, ശിഷ്യന്റെ ഉച്ചഭക്ഷണം മോഷ്ടിച്ചുതിന്നാൻ നിർബന്ധിതനായി. ഈ കഥയിലെഅദ്ധ്യാപകൻ, അന്നു നിലവിലിരുന്ന ചില യാഥാർത്ഥ്യങ്ങളുടെ പ്രതിനിധിയാണ്. തുഛമായ ശമ്പളം പററിക്കൊണ്ട് അഭിമാനത്തിനും യാഥാർത്ഥ്യത്തിനുമിടയ്ക്കുള്ള നൂൽപ്പാലത്തിൽ കിടന്ന് സർക്കസ് അഭ്യാസം നടത്തിയ പാവം അദ്ധ്യാപകന് ആത്മാർത്ഥത മാത്രമാണ് കൈമുതലായുണ്ടായിരുന്നത്. ജീവിതത്തിന്റെ സായം കാലങ്ങളിൽ, മുററത്തെ മാവിൻ തണലിൽ ചാരുകസാലയിൽ കിടന്ന് പഴയ സുവർണ്ണകാലങ്ങൾ അയവിറക്കുമ്പോൾ ഓർമ്മയിലേയ്ക്ക് കടന്നുവരാൻ ഇടയുള്ള ദൃശ്യങ്ങൾക്ക് പൊലിമയും ചാരുതയും കൈവരുന്നു. ഏതെങ്കിലും ഒരു ജന്മദിനത്തിൽ കൃതാർത്ഥതയുടെ, വിനയത്തിന്റെ സ്മേരവുമായി മുന്നിൽവന്നു നിൽക്കുന്ന ശിഷ്യന്മാരുണ്ടാകും. ഇന്ന് അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം അത്തരമൊരു കാലമില്ല. വിരലിലെണ്ണാവുന്ന അദ്ധ്യാപകർ മാത്രമാണ് വിദ്യാർത്ഥിയുടെ മനസ്സിൽ വളരെക്കാലത്തോളം നിറഞ്ഞുനിൽക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിന്റെ വിവിധ വശങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുവാനുള്ള പരിശ്രമമാണ് ഇവിടെ നടത്തുന്നത്.

**വിദ്യാർത്ഥിക്ക് സ്ററഡി സീക്രട്ട് ഉള്ളതുപോലെ അദ്ധ്യാപകനും ഉണ്ട് ഒരു "ടീച്ചിങ് സീക്രട്ട്."**

ഈ കാലഘട്ടത്തിൽ ഇത്തരമൊരു വിചിന്തനം നടക്കുമ്പോൾ, എല്ലാ അധഃപതനത്തിന്റെയും കാരണക്കാരനായി അദ്ധ്യാപകനെ ചിത്രീകരിക്കുന്നതിൽ അർത്ഥമില്ല. പക്ഷെ പൊതുവിൽ ഈ വ്യവസ്ഥയിലെ, ഒരു അവിഭാജ്യമായ ഘടകം എന്നനിലയിൽ അദ്ധ്യാപകനെ കണക്കിലെടുത്തുകൊണ്ടുള്ള വിശകലനമാണ് അഭികാമ്യമെന്ന് തോന്നുന്നു.

പൂർണ്ണമായും സ്ഥാപനവത്ക്കരിക്കപ്പെട്ടുപോയ ഒരു സിസ്ററത്തിന്റെ ദൗർഭാഗ്യകരമായ പ്രവണതകളാണ് വിദ്യാർത്ഥിക്കും, അദ്ധ്യാപകനും, വിദ്യാഭ്യാസത്തിനും ഇടയിൽ കടന്നുവന്ന് കുഴപ്പങ്ങളുണ്ടാക്കുന്നത്. കല്ലും, മണലും ഇഷ്ടികയും കൊപ്രയും കച്ചവടം നടത്തുന്നതുപോലെയുള്ള ഒരു ബിസിനസായി മാറുകയാണ് ഇൻഡ്യൻ വിദ്യാഭ്യാസം. മൊത്തക്കച്ചവടത്തിനാണ് പ്രാധാന്യം. ഈ പ്രവണത ഓരോ കാലഘട്ടത്തിലും ഓരോ രൂപത്തിലാണ് പ്രത്യക്ഷപ്പെടുക.

ഏതാണ്ട് ഏഴുവർഷങ്ങൾക്കുമുമ്പ് കേരളത്തിലെ ടീനേജ് വിദ്യാർത്ഥികളുടെ സ്വകാര്യ സംഭാഷണങ്ങളിൽ പോലും നിറഞ്ഞുനിന്നിരുന്ന ഒരു 'ത്രിൽ' ആയിരുന്നു 'എൻട്രൻസ്' വിദ്യാർത്ഥികളെക്കാളേറെ, അദ്ധ്യാപകനെക്കാളേറെ ഇത് ഒരു കാലഘട്ടത്തിന്റെ ഹിസ്ററീരിയ ആയിരുന്നു എന്നതാണ് യാഥാർത്ഥ്യം. ഡോക്ടർ-എൻജിനീയർ കമ്പോള മത്സരത്തിലെ ട്രെൻഡ് സെററിങ്വേവ് എന്നതിലുപരി പൂർണ്ണമായും വ്യവസായ വത്കൃതമായ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ ഉത്പന്നമാണ് ഈ വാക്ക്. സ്വന്തം താത്പര്യത്തിനു വിരുദ്ധമായിട്ടുകൂടിയും അച്ഛന്റെയും, അമ്മയുടെയും, ബന്ധുമിത്രാദികളുടെയും നിർബന്ധത്തിനു വഴങ്ങി രാപകലില്ലാതെ എൻട്രൻസിനുവേണ്ടി പഠിച്ച്; ഇഷ്ടമില്ലാത്ത വാക്കുകളുമായി, പരിചയമില്ലാത്ത സാഹചര്യങ്ങളുമായി, അങ്ങനെ ഉചിതമല്ലാത്ത ഒരു പാടുകാര്യങ്ങളുമായി പ്രണയത്തിലാകേണ്ടിവന്ന വിദ്യാർത്ഥികളുടെ തലമുറയാണ് അത്. കോളേജിന്റെ കാമ്പസ് കൊച്ചുവർത്തമാനങ്ങളിലും, കാൻറീൻ വരാന്തയിലും, ഉച്ചയൂണിന്റെ അവശിഷ്ടങ്ങളിലും,വെക്ടറും, വിസ്ക്കോസിററിയും വായിലൊതുങ്ങാത്ത ശാസ്ത്രീയ നാമങ്ങളും ചിതറിത്തെറിച്ച നാളുകൾ. ഓരോ എൻട്രൻസ് കുട്ടിക്കും കൂട്ടുകാരനെ ഭയമാണ്. എല്ലാവരെയും അത്ഭുതപ്പെടുത്താൻ വേണ്ടി ഇടയ്ക്കിടയ്ക്ക് ഇത്തരം അത്ഭുതങ്ങൾ വിളിച്ചു പറയുന്ന വിചിത്ര ജീവികളായിരുന്നു അവർ. ഇങ്ങനെ മുന്നോട്ടുനീങ്ങുന്ന ചരിത്ര ചക്രത്തിൽ വൈകാരികമായ അധഃപതനവും വിദ്യാർത്ഥിക്കും അദ്ധ്യാപകനും സംഭവിക്കാം. വിദ്യാർത്ഥിയുടെ 'സ്ററഡി സീക്രട്ട്' എന്നൊരു പ്രതി



## ഗുഡ്ബാം ക്ളീനൗട്ട് സാർ

ഭാസം ഉളവാകുന്നത് ആരോഗ്യകരമല്ല എന്നുമാത്രമല്ല തികച്ചും സ്വാർത്ഥപരവുമാണ്.

എന്നുവച്ചാൽ എല്ലായിടത്തും ഒരേപോലെ ഉപയോഗിക്കാനിഷ്ടപ്പെടാതെ ചില പ്രത്യേക അവസരങ്ങളിൽ മാത്രം ഉപയോഗിക്കപ്പെടുന്ന ട്രേഡ് സീക്രട്ട് തന്നെയാണത്. കൂടുതൽ പ്രതിഫലം കിട്ടുന്ന സ്ഥലങ്ങളിൽ, ഉള്ള ജോലിക്കുപുറമേ അദ്ധ്യാപനം നടത്തുന്നതിന്റെ പിന്നിൽ ഈ വൃത്തികെട്ട ബിസിനസ് സ്വഭാവമുണ്ട്. ഈ വിദ്യാഭ്യാസം ബ്ലേഡ് കമ്പനി നടത്തിപ്പിൽനിന്നും അത്രയ്ക്കു വ്യത്യസ്തമൊന്നുമല്ല. (ബ്ലേഡ് കമ്പനി നടത്തുന്ന അദ്ധ്യാപകരും ഉണ്ടെന്നുകേൾക്കുന്നു.) വാണിജ്യമത്സരത്തിന്റെ സ്വഭാവം പുലർത്തുന്ന വിദ്യാഭ്യാസപ്പേക്കൂത്തുകൾ തിമിർത്താടുമ്പോഴും കഴിവുള്ള അദ്ധ്യാപകരുടെ - അവരുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും - ക്ലാസ്സുകൾ, നിറഞ്ഞ ഗാലറികളാണ്.

തൊഴിൽ സംതൃപ്തി എന്നതിലുപരി, സാമ്പത്തിക സംതൃപ്തിയിലേക്ക് കണ്ണുനടുകയാണ് അദ്ധ്യാപകൻ. വിദ്യാർത്ഥിയാകട്ടെ ഇതേ അവസ്ഥയുടെ പിന്തുടർച്ചയെന്ന നിലയിൽ എളുപ്പത്തിൽ വിദ്യാഭ്യാസം-എളുപ്പത്തിൽ ജോലി എന്ന സൂത്രവാക്യം മുറുകെ പിടിച്ചിരിക്കുന്നു.

**സ്വാതന്ത്ര്യത്തിന്റെ സംഗീതവും, മനസ്സുകളുടെ വാചാല സാദ്ധ്യതകളും തൊട്ടറിഞ്ഞ ഒരു ഘട്ടം വിദ്യാർത്ഥിയിലും അദ്ധ്യാപകനിലും ഉണ്ട്.**

ക്ലാസ്മുറി എന്ന യൂണിറ്റിന്റെ ടോട്ടാലിറ്റി, ശിഥിലീകൃതമാകുന്ന കാഴ്ചയാണ് ഇവിടെകാണുന്നത്. ഈ സ്ഥിതി അപകടകരമാണ്. അദ്ധ്യാപക-വിദ്യാർത്ഥി ബന്ധത്തിന്റെ സ്വാർത്ഥ മാനങ്ങളെയും, വിദ്യാഭ്യാസ പ്രക്രിയയുടെ തികച്ചും നെഗറ്റീവ് ആയ ഫാസിസ്റ്റ് പ്രവണതയെയും ഇത്തരമൊരു പരിതസ്ഥിതിയിലാണ് വിശകലനം ചെയ്യേണ്ടത്.

ഓരോ പരിണാമഘട്ടത്തിലും കുറുക്കുവഴികൾ തേടാനുള്ള മനുഷ്യന്റെ അടിസ്ഥാന സ്വഭാവം ഇവിടെയുമുണ്ട്. പഠനത്തിന്റെയും അദ്ധ്യാപനത്തിന്റെയും എളുപ്പവഴികൾ ചന്തയിൽ സുലഭമാണ്. എല്ലാവരും ഇത്തരം ചതിയൻ ഊടുവഴികളിലൂടെ കൂട്ടുകാരനെ വെട്ടിച്ച് മുന്നിലെത്താൻ വേണ്ടി ഓടി വിയർക്കുകയാണ്. ഈ ദുരന്തത്തിന്റെ മൂലകാരണങ്ങൾതേടി ചെല്ലുമ്പോൾ ''അണ്ടിയോ മാങ്ങയോ മൂത്തത്'' എന്ന പുരാതന സമസ്യയിൽ തന്നെ ചെന്നെത്തി അന്വേഷണം വഴിമുട്ടും.

ഗുരു ഈശ്വരനും, ശിഷ്യർ ആട്ടിൻപറ്റവും ആയിരുന്ന ഒരു കാലമുണ്ടായിരുന്നു. അടിച്ചമർത്തപ്പെടലിന്റെ ഒരു ബോധന ശാസ്ത്രമായിരുന്നു അത്. ''യഥാരാജാ തഥാപ്രജാ'' എന്ന വാക്യത്തിന്റെ പൊരുളെടുത്താൽ കുറ്റം ഗുരുവിൽ തന്നെ ചുമത്തേണ്ടി വരും.

ഗുരുവിന്റെ കണ്ണുപിടുത്തം ശിഷ്യനിൽ നിന്നും അയഞ്ഞു തുടങ്ങിയ ആ സമയം മുതൽക്കാണ് സരളവും ലളിതവുമായിരുന്ന ബോധനപ്രക്രിയ കൂടുതൽ സങ്കീർണ്ണമായി മാറിയത്. ബോധനരീതിയുടെ സങ്കീർണ്ണത, അതിന്റെ സ്വീകരണപ്രക്രിയയെയും സങ്കീർണ്ണമാക്കുന്നു. ഇതോടൊപ്പം അദ്ധ്യാപക-വിദ്യാർത്ഥി ബന്ധങ്ങൾക്കും ഗണ്യമായ രീതിയിൽ തന്നെ ഉലച്ചിൽ തട്ടിയിട്ടുണ്ട്. നിലവിലുള്ള പരിഷ്കരണങ്ങളുടെ ഫലങ്ങൾ പുരോഗമന പരമല്ല എന്നതും ഒരു വസ്തുതയാണ്.

നേരത്തെയുണ്ടായിരുന്ന ഒരു പ്രവണതയനുസരിച്ച് ഏറ്റവും നല്ല കുട്ടികൾ ചേക്കേറുന്ന ഒരു വിഭാഗമായിരുന്നു മെഡിസിനും എൻജിനീയറിങ്ങും. എന്നും അതങ്ങനെ തന്നെയാണ് സംഭവിക്കുക. ഇതിനനുസരിച്ച് സാധാരണ ആർട്ട്സ് ക്ലാസ്സുകളിലും, സയൻസ് ക്ലാസ്സുകളിലും നിലവാരം കുറയുന്നു. ഇങ്ങനെയുള്ള ചേക്കേറലിന്റെ ലക്ഷ്യം കൂടുതൽ വിജ്ഞാനമല്ല. മറിച്ച് കൂടുതൽ പണം എന്നതുതന്നെയാണ്. ഈ വിഭാഗത്തിൽ ഉള്ള മാർക്കറ്റ് കുറഞ്ഞപ്പോൾ, പുതിയ സങ്കേതം തേടുകയാണ് എല്ലാവരും. അതാണ് സാക്ഷാൽ യു. ജി. സി. ഈ മൂന്നക്ഷരങ്ങളിൽ ഭീമമായ ശമ്പള വ്യവസ്ഥയുടെ വർണ്ണസ്വപ്നങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു. പോസ്റ്റ് ഗ്രാജ്വേഷൻ കഴിഞ്ഞ് ഗവേഷണം എന്ന രീതിയ്ക്ക് കൂടുതൽ പ്രാമുഖ്യം കൈവരുന്നു. ഗവേഷണ താല്പര്യമപ്പുറം ഇവിടെയും കാര്യങ്ങൾ സാമ്പത്തികാടിസ്ഥാനത്തിൽ തന്നെയാണ് നീങ്ങുന്നത്. വാസ്തവത്തിൽ ഈ പുതിയ ആകർഷണകേന്ദ്രത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച്, ഇതുമൂലം ഉണ്ടാകാനിടയുള്ള തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും കൃത്യമായ ധാരണകൾ ചേക്കേറാനുഴറുന്നവർക്കറിയില്ല. കുറേക്കഴിയുമ്പോൾ മറ്റൊരു ആകർഷണകേന്ദ്രം ഇതിന്റെ സ്ഥാനം പിടിച്ചേക്കും.

ചുരുക്കത്തിൽ അഭിരുചി, ക്രിയാത്മകത എന്നീ ഘടകങ്ങളുടെ പ്രാധാന്യം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. പാവക്കൂത്ത് നടക്കുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഘടകം ചില വിരലുകൾ മാത്രമാണ്. - എല്ലാം നിയന്ത്രിക്കുന്ന ചില വിരലുകൾ. അത് പ്രേക്ഷകന് കാണാൻ കഴിയില്ല. ഇ

# ഗുഡ്ബൈ ക്ലീന്റ് സാർ

പാവകളുടേത് തന്നെയാണ്. ഏതു സമൂഹങ്ങളുടെയും ഗതിവിഗതികൾ നിയന്ത്രിക്കുന്ന സാമ്പത്തിക ഘടകം വിദ്യാഭ്യാസത്തെ അടിമയായി നിയന്ത്രിക്കാനെത്തുന്നത് കുഴപ്പമാണ്.

സമൂഹത്തിന്റെ വെളിച്ചമാണ് വിദ്യാഭ്യാസം. അതു പ്രധാനം ചെയ്യുന്നവൻ എന്ന നിലയിൽ അദ്ധ്യാപകൻ വിളക്കാണ്. പക്ഷേ, എവിടെയോ എന്തോ തെറ്റിയിട്ടുണ്ട്. നമ്മളും തേടുന്നത് ആ പ്രശ്നത്തിന്റെ ഉത്തരമാണ്.

## ഗുരുവിന് എന്തേ പിണഞ്ഞു?

ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നുറിയെത്തുന്ന കറകളഞ്ഞ ആത്മാർത്ഥതയോടെ, അദ്ധ്യാപനം ജീവിതവൃത്തിയെന്നതിലുപരി സ്വന്തം ജീവിതത്തിന്റെ [illegible] ഘടകമെന്നനിലയിൽ കണക്കാക്കിയിരുന്ന, ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചശേഷവും, മനസ്സിലെ തിരിവെട്ടം അണയാതെ സൂക്ഷിക്കാൻ കൊതിച്ചിരുന്ന, ഒടുവിൽ പിരിയുമ്പോഴും വിദ്യാലയത്തിന്റെ പടിവാതിൽക്കൽ "ആരോടു യാത്ര പറയേണ്ടു" എന്ന ധർമ്മസങ്കടത്തിലായിപ്പോകുന്ന അദ്ധ്യാപകരുടെ എണ്ണം അംഗുലീപരിമിതമായിക്കൊണ്ടിരിക്കുന്നു. കാലം കടന്നുപോകുന്തോറും കൂടുതൽ തെളിവുറ്റതായിത്തീരുന്ന വെളിച്ചം പോലെ നിരവധി ശിഷ്യമനസ്സുകളിൽ തിളങ്ങുന്ന അദ്ധ്യാപകർ ഇന്ന് വിരളം.

**ഏതു ബാലികേറാമലകേറിയാലും ജയിക്കാനുള്ള ജീവിക്കാനുള്ള മാർക്ക് ശിഷ്യൻ നേടിക്കൊള്ളുമെന്ന് അദ്ധ്യാപകനറിയാം. പലർക്കും സ്വന്തം വഴികൾ നന്നായറിയാം എന്നതുതന്നെയാണ് കാരണം.**

സ്വകാര്യ കലാലയങ്ങളെ സംബന്ധിച്ചിടത്തോളം തികച്ചും സങ്കുചിതവും സ്ഥാപനവത്കൃതവും മൃതവുമായ ചില ബന്ധിതതകളുടെ അടിസ്ഥാനത്തിൽ വാണിജ്യപ്രക്രിയ തുടർന്നുപോകുക എന്ന ലക്ഷ്യമേയുള്ളൂ. ഇവിടെ മുഖ്യപ്രശ്നമായി വരുന്നത് മുമ്പേകൂട്ടി നിശ്ചയിച്ചുവച്ചിരിക്കുന്ന ഡോഗ്മകളിൽ മാത്രം അധിഷ്ഠിതമായ വിദ്യാഭ്യാസ വ്യവസായ ചിന്തയിലെ ചില മാനദണ്ഡങ്ങൾ മാത്രമാണ്. സാമുദായികമായോ, മറ്റു രീതികളിലോ സംഘം ചേരുന്ന ചില ഗ്രൂപ്പുകളുടെ നിക്ഷിപ്ത താൽപര്യങ്ങളാണ്, ചുരുങ്ങിച്ചുരുങ്ങി ഒടുവിൽ അണുമാത്രമായ അതിലേക്കൊതുങ്ങിപ്പോയ മനസ്സുകളിലേയ്ക്ക് യാഥാർത്ഥ്യം കടന്നുവരാൻ പ്രയാസമാണ്. നായരോ, ഈഴവനോ, മുസ്ലീമോ, ക്രിസ്ത്യാനിയോ എന്ന പ്രശ്നം വിദ്യാഭ്യാസ പ്രക്രിയയ്ക്കുമുപരിയായി കടന്നുവരുന്നതാണ് പല അദ്ധ്യാപകരുടെ ക്ലാസ്സുകളിൽ നിന്നും വിദ്യാർത്ഥികൾ ഒളിച്ചോടാനുള്ള ഒരു കാരണം. അർഹതയില്ലാതെ ലഭിച്ച ജോലി വേഗം മടുക്കുന്നതും, പിന്നീട് കൂടുതൽ സ്വകാര്യമായ മറ്റുമേച്ചിൽപ്പുറങ്ങളിലേയ്ക്ക് അദ്ധ്യാപകൻ സംക്രമിക്കുന്നതും സ്വാഭാവികം മാത്രം.

കമ്പിൽ ടെക്സ്റ്റ് പുസ്തകമോ, അതിൽ നിന്നെഴുതിയെടുത്ത വാചകങ്ങളുടെ ശകലങ്ങളോ ഇല്ലാതെ ക്ലാസ്സെടുക്കാൻ വരുന്ന അദ്ധ്യാപകർ പല സയൻസ് ഡിപ്പാർട്ടുമെന്റുകളിലും കുറവാണ്. ഒന്നും പുതിയതായി കണ്ടെത്താനില്ലാതെ, ഇടുങ്ങിയ ക്ലാസ് മുറികളിലെ കനത്ത വൈരസ്യത്തിന്റെ മരിച്ചതാളങ്ങളിൽ ഓരോ വിദ്യാർത്ഥിയും കണ്ണുംമിഴിച്ചിരുന്ന് കൂർക്കം വലിക്കുകയാണ്. അദ്ധ്യാപകൻ കയറി നിൽക്കുന്ന പ്ലാറ്റ്ഫോമും, വിദ്യാർത്ഥിയുടെ സാന്നിദ്ധ്യവും തമ്മിൽ പ്രകാശ ദൂരങ്ങളുടെ വ്യത്യാസമുണ്ട്. അവർ തമ്മിൽ നേരിട്ടുള്ള സംവേദനം നടക്കുന്നതേയില്ല.

ഓരോ വിദ്യാർത്ഥിയുടെയും കലാലയപ്രവേശനത്തിനു പിന്നിൽ വർണ്ണോജ്ജ്വലമായ ഒരുപിടി സ്വപ്നങ്ങളുണ്ട്. ഇരുട്ടിന്റെ തുരങ്കങ്ങൾക്കപ്പുറത്ത് [illegible] ജ്വലിച്ചുനിൽക്കുന്ന ഒരു കൈവിളക്കിന്റെയും അന്വേഷണപരമായ ഗവേഷണ ചാതുര്യത്തിന്റെയും പ്രതീക്ഷയുണ്ടെന്ന് സങ്കല്പിക്കുവാൻ ഇന്നത്തെ അദ്ധ്യാപകർ തയ്യാറല്ല. പല വിദ്യാർത്ഥികളും അഭിപ്രായപ്പെടുന്നത് ക്ലാസ്മുറിയിലെ അദ്ധ്യാപനത്തെക്കാളേറെ ഗുണപ്രദമായിരുന്നത് സ്വന്തം പഠനമാണെന്നാണ്. ഇതിനൊരു കാരണവുമുണ്ട്. സയൻസ് ക്ലാസ്സുകളിൽ നിന്നേ ഇതിനുള്ള ഉദാഹരണമെടുക്കാൻ കഴിയൂ. [illegible] വിശദീകരണം ആവശ്യമുള്ള നിരവധി പാഠങ്ങൾ ശാസ്ത്രത്തിന്റെ എല്ലാ ശാഖകളിലുമുണ്ട്. അഥവാ അത്തരം പാഠങ്ങളാണ് മുഴുവനും. ഇവിടെ അദ്ധ്യാപകൻ വിദ്യാർത്ഥിയുടെ സഹായി എന്ന നിലയിലാണ് വർത്തിക്കേണ്ടത്. കരകാണുന്ന സമുദ്രംപോലെ വിശാലമായ, ഒപ്പം സങ്കീർണ്ണതയുടെ നൂലാമാലകളുള്ള ഓരോ പാഠങ്ങളിലേക്കുമുള്ള ചുറ്റുവഴികളിലൂടെ കൈപിടിച്ചു നടത്തുകയാണ് അദ്ധ്യാപക ധർമ്മം. പക്ഷേ, ഇത്തരമൊരു പ്രവർത്തനം ഇന്നൊരിടത്തുമില്ല. ക്ലാസ്സ്മുറി ഒന്നുകിൽ അദ്ധ്യാപകന്റെയോ അല്ലെ

കിൽ വിദ്യാർത്ഥിയുടേയോ സാമ്രാജ്യമാണ്. അദ്ധ്യാപകൻ ഒരു തോരാത്ത മഴപോലെ ക്ലാസ്സിൽ പെയ്തുപോകുമ്പോൾ വിദ്യാർത്ഥിയിൽ ഒന്നും അവശേഷിക്കുന്നില്ല. തീർത്തും എക്സലന്റ് അല്ലാത്ത അദ്ധ്യാപകനെ വിദ്യാർത്ഥികൾ തേജോവധം ചെയ്യുമ്പോൾ അദ്ദേഹവും ക്രമേണ അപ്രസക്തനാകുന്നു. ഇരുവരുടെയും ബോധനഗ്രഹണ പരിമിതികൾ പൂർണ്ണമായും ഭേദിച്ചുകൊണ്ട് പരസ്പരമുള്ള ക്രിയാത്മകസംവേദനം നടക്കാത്തിടത്തോളംകാലം വിദ്യാഭ്യാസപ്രക്രിയ ഏകപക്ഷീയവും വിരസവുമായി തുടരും. മററുമേഖലകളിലുമെന്നപോലെ അദ്ധ്യാപക നിയമനത്തിലും കർശനമായ മൂല്യങ്ങളുടെ മാനദണ്ഡം ആവശ്യമാണ്. വിദ്യാർത്ഥിയുമായുള്ള സംവാദങ്ങളിൽ വൈമുഖ്യം പ്രകടിപ്പിക്കുകയും പ്രൊഫഷനൽ തികഞ്ഞ പരാങ്മുഖത്വം പ്രദർശിപ്പിക്കുകയും ചെയ്യുന്നവരാണ് അദ്ധ്യാപകനല്ല. ഓരോരുത്തരിലുമുള്ള ഏററവും നല്ല ഘടകങ്ങളെ പുറത്തുകൊണ്ടുവരിക എന്നതാണ് വിദ്യാഭ്യാസമെങ്കിൽ ഇന്ന് വിവിധ കലാലയങ്ങളിലും വിദ്യാലയങ്ങളിലും വിലസുന്ന പല അദ്ധ്യാപകരും ക്ലീൻ ഔട്ടാകേണ്ടിവരും എന്നതാണ് സത്യം. അനൗചിത്യത്തിന് വളംവച്ചുകൊടുത്തുകൊണ്ട് കാലാകാലങ്ങളായി മാറിമാറിവന്ന ഗവൺമെൻറുകളും, സ്വകാര്യ-പൊതുമേഖ സ്ഥാപന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക നിയമനങ്ങളിൽ തുടർന്നുവന്നിട്ടുള്ള നയവൈകല്യങ്ങൾ നമ്മെ ഏറെ[illegible] വശംകെടുത്തിയിട്ടുള്ളത്. ഇന്ത്യയിൽ ഇന്നു തുടർന്നുവരുന്ന രീതി പരമ്പരാഗതത്വത്തിന്റെ പുനരാവർത്തനം മാത്രമാണ്. നേരത്തേ സൂചിപ്പിച്ച കാര്യങ്ങളിൽ പലപ്പോഴും മൂല്യച്യുതിയെക്കുറിച്ചുള്ള രോദനങ്ങളുടെ ഛായയുണ്ടെങ്കിലും, ക്രിയാത്മകമായ സമീപനത്തിലേക്കെത്തുമ്പോൾ, പാരമ്പര്യ നിഷേധം അനിവാര്യമാകുന്നുണ്ട്. കോളോണിയൽ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ ഇപ്പോഴും വലിയൊരളവിൽ ഇവിടെ തുടർന്നുപോരുന്നുണ്ട്. ഓരോ കാലഘട്ടം കഴിയുമ്പോഴും ഈ ഘടകങ്ങൾ ഇല്ലായ്മ ചെയ്യുവാനുള്ള ശ്രമമാണ് ഉണ്ടാകേണ്ടതെന്ന വസ്തുത നാം ബോധപൂർവ്വം മറക്കുന്നുണ്ട്.

**പൂർവ്വ ചരിത്ര ഘട്ടങ്ങളിൽ ഓരോ ചക്രവർത്തിയുടെയും കിറുക്കുപിടിച്ച പരിഷ്ക്കാരങ്ങളുടെയും, തലസ്ഥാന മാററങ്ങളുടെയും എക്സൻട്രിസിററികളുടെ പിന്നിൽ മൗനജാഥപോലെ നടന്നുനീങ്ങി ചത്തൊടുങ്ങിപ്പോയ ഒരു ജനതയുടെ പിൻമുറക്കാരാണ് നമ്മൾ.**

മറെറാരു പ്രധാന കുഴപ്പം ഏററവും മെച്ചപ്പെട്ട ധിഷണാശക്തിയെ പൂർണ്ണമായും ചൂഷണം ചെയ്യുവാൻ കഴിവില്ലാത്ത നമ്മുടെ സാമ്പത്തികനിലവാരവും വിദ്യാർത്ഥിയുടെ താത്പര്യപൂരണത്തിന് അനുസൃതമല്ലാത്ത സിലബസുമാണ്. ഇന്ത്യയിലെ മിടുമിടുക്കന്മാരായ വിദ്യാർത്ഥികൾ പലരും ഇന്ന് വിദേശത്താണ്. വേറെ കനി തേടി, വേറെ മേച്ചിൽപ്പുറം തേടിപ്പോയ അവർ ക്രമേണ വിദേശ രാജ്യങ്ങളിലെ ഉയർച്ചയുള്ള വ്യവസായ പ്രവണത പരിപൂർണ്ണമായും ചൂഷണം ചെയ്യുന്നു. പല യൂണിവേഴ്സിററികളിലും എക്സലൻസ് ഉള്ള ബുദ്ധിമാന്മാരായ വിദ്യാർത്ഥികളുടെ സംഘങ്ങൾ ദേശാടന പക്ഷിക്കൂട്ടങ്ങളെപ്പോലെ കൂടുതൽ നല്ല കാലാവസ്ഥയിലേക്ക് ഓരോ വർഷവും പറന്നുപോകുന്നു. യഥാർത്ഥ ജീനിയസുകളെ കണ്ടെത്താൻ നമുക്കു കഴിയുന്നുമില്ല. ക്രിക്കററു കളിക്കാരന്നു നല്കുന്ന വിലപിടിച്ച സമ്മാനങ്ങൾ ഒഴിവാക്കാൻ നമ്മുടെ മിഥ്യാഭിമാനബോധം നമ്മെ അനുവദിക്കുന്നില്ല. ഈ ദുഷ്ണമേഖലാ പ്രദേശത്ത് കറുത്തതൊലിയുള്ള നമ്മൾ ഇന്ത്യാക്കാർ പൊരിവെയിലത്ത് പകലിന്റെ ഉച്ചസ്ഥായികളിൽ നിന്നും, ഇരുന്നും, ആർത്തുവിളിച്ചും, പോററിച്ചും മണിക്കൂറുകളും ദിവസങ്ങളും തന്നെ തള്ളി നീക്കുന്നതിന്റെ പിന്നിൽ മാനസികമായ ഇനിയും അവസാനിച്ചിട്ടില്ലാത്ത വിധേയത്വമനോഭാവം തന്നെയാണുള്ളത്. മനുഷ്യശേഷിയുടെ വൃഥാ ചിലവിനെക്കുറിച്ച് സെമിനാറുകൾ നടത്തി സമയം കളയുന്ന സംഘങ്ങൾ ഇന്ത്യയിലേയുള്ളൂ - മറെറങ്ങുമില്ല. അങ്ങനെയങ്ങനെ വികസിച്ചു വന്ന ഒരു സഹിഷ്ണുതാധിഷ്ഠിത സംസ്കാരമാണ് നമ്മുടേത്. പണവും സമയവും, അഭിമാനവും കൈമുതലായുള്ള ദേശാഭിമാനികളെന്ന ഖ്യാതി ''സാരേ ജഹാം സേ അച്ഛാ'' എന്ന് ഈണത്തിൽ പാടിയാർക്കുന്ന റിപ്പബ്ലിക്ദിന - സ്വാതന്ത്ര്യദിന പരേഡുകളിൽ മാത്രമേയുള്ളൂ. ഇന്ത്യ കഷണങ്ങളാക്കപ്പെടുമ്പോൾ എല്ലാ മാധ്യമങ്ങളും സമയം കണ്ടെത്തുന്നത് കൂടുതൽ ദേശിയോദ്ഗ്രഥന ഗാനങ്ങൾ പ്രക്ഷേപണം ചെയ്യുവാനാണെന്നതിൽതന്നെ നമ്മുടെ യുഗപുരാതനമായ മിഥ്യാബോധത്തിന്റെയും ദർശനാധിഷ്ഠിതം മാത്രമായ നയവൈകല്യങ്ങളുടെയും തിക്തമായ യാഥാർത്ഥ്യങ്ങളുണ്ട്.

പൂർവ്വ ചരിത്രഘട്ടങ്ങളിൽ ഓരോ ചക്രവർത്തിയുടെയും കിറുക്കുപിടിച്ച പരിഷ്ക്കാരങ്ങളുടെ

## ഏബ്രാം ക്ലീനാട്ട് സാർ

യും തലസ്ഥാന മാറ്റങ്ങളുടെയും എക്സൻട്രിസിറ്റികളുടെ പിന്നിൽ മൗന ജാഥപോലെ നടന്നു നീങ്ങി ചരിത്രമാകുങ്ങിപ്പോയ ഒരു ജനതയുടെ പിൻമുറക്കാരാണ് നമ്മൾ. ഈ ചരിത്രലിഖിതത്തിന്റെ തുടർച്ചയാണ് നമ്മൾ അനുഭവിക്കാൻ വിധിക്കപ്പെട്ട ഇൻഡ്യയിലെ ഫൂളിഷ് ഡെമോക്രസിയും.

ചരിത്രപശ്ചാത്തലങ്ങളും, അവ നമ്മെ പഠിപ്പിച്ച പാഠങ്ങളും അങ്ങിനെയിരിക്കെ ഏതു പരിഷ്കൃതസമൂഹത്തിന്റെയും ആണിക്കല്ലായിരിക്കേണ്ട വിദ്യാഭ്യാസ പദ്ധതിയിലും, അതുമായി ബന്ധപ്പെട്ടു കിടക്കുന്ന വിവിധ മേഖലകളിലും ഇതേ അശാസ്ത്രീയതകളും, പരിഹാസ്യമായ വിരോധാഭാസവും കടന്നുവരുന്നതിൽ അത്ഭുതമൊന്നുമില്ലായിരിക്കാം. എങ്കിലും, L. K. G. വിദ്യാർത്ഥി മുതൽ I A S കാരൻ വരെ എല്ലാ അദ്ധ്യായവും മനഃപാഠമാക്കി, വേണ്ടുംവിധം കവിതകൊണ്ട് ഉത്തരക്കടലാസിൽ ഛർദ്ദിച്ചുവയ്ക്കുന്നു. ഏറ്റവും ഉയർന്ന മാർക്കിനുവേണ്ടിയുള്ള മാർക്കറ്റ് മത്സരത്തിൽ ഒന്നാമതായി ഓടിയെത്തുവാനും വേണ്ടിമാത്രം സ്വന്തം ക്രിയാത്മകത വിസ്മരിക്കുന്നതും ദയനീയമാണെന്ന് പറയാതെ വയ്യ.

അദ്ധ്യാപകനും വിദ്യാർത്ഥിക്കുമിടയിൽ അനാവശ്യമായി കടന്നു വന്ന ഇണാത്മക രാഷ്ട്രീയതയും, അതിന്റെ അശാസ്ത്രീയമായ പോപ്പുലാരിറ്റിയും ഇന്ത്യൻ വിദ്യാഭ്യാസ മേഖലകളുടെ പുരോഗതിയെ മരവിപ്പിക്കുവാൻ പ്രേരകമായിട്ടുണ്ട്. ഇവിടെ രാഷ്ട്രീയത്തിന്റെ പ്രസക്തിയെക്കുറിച്ചും നമ്മൾ ബോധവാൻമാരാകേണ്ടതുണ്ട്. രാഷ്ട്രീയ സാന്നിദ്ധ്യം ആവശ്യമോ അല്ലയോ എന്ന ചർച്ച ചർവ്വിത ചർവ്വണമാണ്. എല്ലാ സമൂഹ വിഭാഗങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങളിൽ ക്ഷണിക്കപ്പെടാതെ തന്നെ രാഷ്ട്രീയ പ്രവണതകൾ കടന്നുവരാറുണ്ട്. അത് അപ്രതിരോധ്യമായ ഒരു സാന്നിദ്ധ്യമാണ്. രാഷ്ട്രീയം ആവശ്യമോ അല്ലയോ എന്ന ചോദ്യത്തിന് ഒറ്റയുത്തരമേയുള്ളൂ. അത് ഒരു പോസിറ്റീവ് ആൻസർ ആണ്.

ഒരു രാഷ്ട്രത്തിൽ സംഘാടിസ്ഥാനത്തിൽ, സമൂഹ നിയമങ്ങളുടെ പരിധിയിൽ ഒതുങ്ങി ജീവിക്കുന്ന ജനങ്ങൾക്കിടയിൽ രാഷ്ട്രീയം കൂടിയേ തീരൂ പക്ഷേ അതിന്റെ ആവിർഭാവത്തിനും പുരോപ്രയാണത്തിനും, വ്യാപനത്തിനും എല്ലാം തികഞ്ഞ പ്രോഡക്ടീവിറ്റി ഉണ്ടാകണമെന്നുള്ളത് നിർബ്ബന്ധമാണുതാനും. രാഷ്ട്രീയമെന്നാൽ കുഴികുത്തലും, കൊടിനാട്ടലും, പണപ്പിരിവും മാത്രമല്ല. അതിലുപരിയായി ജനങ്ങൾക്കിടയിൽ ഒരു ബന്ധനോപാധി എന്നനിലയിൽ ജീവിത വ്യാപാരങ്ങളെ ത്വരിതപ്പെടുത്തുകയും, എല്ലാവരുടെയും മനസ്സിൽ അവരവർ ബന്ധപ്പെടുന്ന മേഖലകളിൽ നിന്ന് സ്വന്തം മനസ്സിലേക്കും, അതോടൊപ്പം ലോക വ്യാപാരങ്ങളിൽ നിന്ന് ആർജ്ജിച്ചെടുത്ത സമഗ്രവിജ്ഞാനത്തിന്റെ ബഹിർസ്ഫുരണം എന്ന നിലയിൽ സമൂഹത്തിലേക്കും പകർത്തപ്പെടേണ്ട പ്രവർത്തനോർജ്ജമാണ് ക്രിയാത്മകമായ രാഷ്ട്രീയ ബോധം. ഇത് എല്ലാ സാമൂഹ്യ വിഭാഗങ്ങളിലും ഉണ്ട്. അരാഷ്ട്രീയത എന്നൊന്ന് ഇല്ല. ഉണ്ടെന്നു ഭാവിക്കുന്നവർ ഹിപ്പോക്രസിയാണ് പ്രദർശിപ്പിക്കുന്നത് എന്നു തന്നെ പറയേണ്ടിവരും. ഒട്ടോ റെനെ കാസ്റ്റിലെ പറയുമ്പോലെ.

'ഒരു ദിവസം
ഏറ്റവും ദരിദ്രനാരായണൻമാരായ
ജനങ്ങളാൽ
എന്റെ രാജ്യത്തിലെ
അരാഷ്ട്രീയ ബുദ്ധിജീവികൾ
ചോദ്യം ചെയ്യപ്പെടും.''

എന്ന വസ്തുത എല്ലാവരും മനസ്സിലാക്കേണ്ടതുണ്ട്. അരാഷ്ട്രീയത തികഞ്ഞ ശൂന്യതയിലേക്കാണ് സമൂഹത്തെ കൊണ്ടു ചെന്നെത്തിക്കുക. പ്രവർത്തനരാഹിത്യം ഒരു വ്യവസ്ഥിതിയെയും മുന്നോട്ടു നയിക്കാറില്ല. പക്ഷേ അതതൊരു സജീവരാഷ്ട്രീയ സാന്നിദ്ധ്യത്തിന്റെ ദിശാബോധവുമായി ബന്ധപ്പെട്ട ഘടകങ്ങളിലാണ് ഇന്ത്യൻ രാഷ്ട്രീയ ചിന്തകളും അതിന്റെ പ്രായോഗിക പ്രവർത്തനങ്ങളും പാളിച്ച പറ്റുന്നത്. ഒരു പ്രത്യേക സാച്ചുറേഷൻ പോയിന്റിൽ എത്തിനിൽക്കുന്ന അവസ്ഥ ഒരിക്കലും ഒരു ചിന്താവ്യവസ്ഥയിലും ഉണ്ടായിക്കൂടാ. അനുസ്യൂതം പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഊഷ്മളപ്രവാഹത്തിന്റെ ഊർജ്ജസ്വലതയാണ് എല്ലാ പുരോപ്രവർത്തനങ്ങളു

**എന്നും പ്രതീക്ഷിക്കപ്പെടുന്ന ചില "യൂണിവേഴ്സിറ്റി ഹിറ്റ് ചോദ്യങ്ങൾ" മാത്രം കാണാപ്പാഠം പഠിച്ച്, കഷ്ടിച്ച് ആവശ്യത്തിനുള്ള മാർക്കു മേടിക്കുന്ന സ്വഭാവം പലരിലുമുണ്ടെങ്കിൽ അക്കാര്യത്തെച്ചൊല്ലി വെറുതെ ഒച്ചവയ്ക്കുന്നതിനു പകരം അതിന്റെ യഥാർത്ഥ കാരണങ്ങൾ തേടി കുറച്ചു കൂടി താഴേക്കിറങ്ങി വരികയാണ് അദ്ധ്യാപകർ കൂടി ഉൾപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണരുടെ സംഘങ്ങൾ ചെയ്യേണ്ടത്.**

# ഏബ്രഹാം ക്ലീനോട്ട് സാർ

ത്തെയും നിദാനം. ഈ ചലനം അപ്രത്യക്ഷമായ പരിത്രലക്ഷ്യം ഏതാണെന്ന് കൃത്യമായി നിർവ്വചിക്കാൻ നമുക്ക് കഴിയുമെന്നു തോന്നുന്നില്ല. പക്ഷേ ഇതിന്റെ വേരുകൾ തേടിച്ചെല്ലുമ്പോഴാണ്, ഇൻഡ്യയുടെ സ്വാതന്ത്ര്യലബ്ധിക്കുമുൻപുണ്ടായിരുന്ന സമ്പൂർണ്ണമായ രാഷ്ട്രീയ സാഹചര്യവും അതിനുശേഷം പടിപടിയായി ഉരുത്തിരിഞ്ഞ രാഷ്ട്രീയ പ്രക്രിയകളുടെ കാലവും തമ്മിലുള്ള വ്യത്യാസം നമ്മളറിയേണ്ടത്. ബ്രിട്ടീഷ് കോളോണിയലിസം നിലനിന്നിരുന്ന കാലം എല്ലാ ജനവിഭാഗങ്ങൾക്കും സ്വാതന്ത്ര്യത്തിന്റെ ആവശ്യകതയെക്കുറിച്ച് ഉണർവ്വുണ്ടാക്കിയിരുന്നു. അന്ന് അദ്ധ്യാപകരും, വിദ്യാർത്ഥിയും മററനവധി ജനവിഭാഗങ്ങൾക്കും ഒപ്പം രാഷ്ട്രീയ സമരത്തിലേക്ക് ഇറങ്ങിയത് ന്യായീകരിക്കുക തന്നെ വേണം. സാമൂഹിക അസമത്വങ്ങൾക്കെതിരെ യാഥാർത്ഥ്യ സ്വഭാവം പുലർത്തുന്ന ഏതു സമരത്തെയും അംഗീകരിക്കാൻ തയ്യാറാകേണ്ടതുണ്ട്. ഇന്ന് ഇൻഡ്യയിൽ മുൻകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായ ഒരു പക്ഷേ അതിലും തീവ്രമായ ഒരു രാഷ്ട്രീയ സംഘർഷാവസ്ഥ നിലനിൽക്കുന്നുവെങ്കിലും പലപ്പോഴും അത് അനുഭവവേദ്യമാകാതെ പോകുവാനുള്ള കാരണം രാഷ്ട്രീയ പ്രയോക്താക്കളുടെ വഴിപിഴച്ചതും, പരിഹാസ്യവുമായ അഭിനയമാണ്. രാഷ്ട്രീയം ജീവനോപാധിയാക്കുക എന്ന പ്രവണതയും, രാഷ്ട്രീയം ജീവിതത്തിന്റെ ഭാഗമാക്കുക എന്നതും തമ്മിൽ വ്യത്യാസമുണ്ട്.

"ഒടുവിൽ ഞാനൊററയാകുന്നു. കലപില കലമ്പുന്ന ശിഷ്യർക്കിടയ്ക്കു ഞാൻ മണിയടിയ്ക്കൊപ്പമെത്തുന്നു. കവിത പകുക്കേണ്ടവരുമായ്. തീൻമേശ കുടിലം. കഠിനമീയപ്പം...."

വിദ്യാർത്ഥി രാഷ്ട്രീയം എന്നും പ്രസക്തമാണ്. അദ്ധ്യാപകന്റെ രാഷ്ട്രീയവും അത്രത്തോളം തന്നെ പ്രസക്തമാണ്. പക്ഷേ വിദ്യാർത്ഥിയുടെ മുഖ്യലക്ഷ്യം സേവാഭാവകല്പം, പഠനം സമ്പൂർണ്ണമായിരിക്കുകയും, അതേസമയം, അദ്ധ്യാപകന്റെ സെൽഫ്ലെസ്നസ് എന്നതിലുപരി രാഷ്ട്രീയ പ്രവർത്തനത്തോട് തട്ടിച്ചുനോക്കുമ്പോൾ ആദർശത്തിന്റെ അദ്ധ്യാപന മേഖല ഒന്നുമല്ലാതായിപ്പോകുകയും ചെയ്തിടത്തുനിന്നാണ് ഒരു പരിധിവരെ നമ്മുടെ വിദ്യാഭ്യാസ പ്രക്രിയയിൽ മുരടിപ്പിന്റെ നാളുകൾ തുടങ്ങിയത്.

ഓരോ വർഷവും നടത്തുന്ന അദ്ധ്യാപക സമരങ്ങളുടെ സ്വഭാവം സാമ്പത്തികാധിഷ്ഠിതമാണ്. പക്ഷേ, ഈ വേതനവർദ്ധനവിനനുസരിച്ച് സ്വന്തം ജോലിയിൽ വർദ്ധനവുണ്ടാക്കുകയല്ല, മറിച്ച് കൂടുതൽ അലസനായിത്തീരുകയാണ് ഇന്നത്തെ അദ്ധ്യാപകൻ. പൂർണ്ണമായ വിമുഖതയോടെ പരീക്ഷക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്ന അദ്ധ്യാപകരുടെ കഥകൾ ദിവസവും കേട്ടുകൊണ്ടിരിക്കുന്നു. നഷ്ടപ്പെട്ടുപോകുന്ന ഉത്തരക്കടലാസുകൾ ഒരിക്കലും കാണാൻ പാടില്ലാത്ത സ്ഥലങ്ങളിൽ നിന്ന് അപ്രതീക്ഷിതമായി കണ്ടെടുക്കുമ്പോഴും, വിദ്യാർത്ഥിയുടെ ഭാവി വെള്ളത്തിലായിക്കഴിഞ്ഞിരിക്കും.

വേതന വർദ്ധനവിനു വേണ്ടിയുള്ള അനേകം സമരങ്ങൾക്കിടയിൽ ഒരിക്കലെങ്കിലും കർശനമായ മൂല്യബോധം നിലനിർത്തുന്ന, ഗുരുവിനും ശിഷ്യർക്കും തുല്യമായ സംതൃപ്തി പകരുന്ന വിദ്യാഭ്യാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള സമരങ്ങൾക്ക് നേതൃത്വം നൽകുവാനും കൂടിയായിരിക്കണം അദ്ധ്യാപക സംഘടനകൾ തയ്യാറാകേണ്ടത്.

ഇത് തുടർന്നുപോകുമ്പോൾ തന്നെ ഒരു വിഭാഗം അരാഷ്ട്രീയതയും രാഷ്ട്രീയ പ്രവർത്തനത്തിന്റെ തിരസ്കരണവാദവും മാറുമായി രംഗത്തെത്തുന്നുണ്ട്. ഇവർ തികച്ചും അപ്രസക്തരാണ്. വൈരുദ്ധ്യങ്ങളിൽ നിന്നും ആരോഗ്യപരമായ അഭിപ്രായസംഘർഷങ്ങളിൽനിന്നും ഉരുത്തിരിയേണ്ടുന്ന സമ്പൂർണ്ണമായ രാഷ്ട്രീയാവസ്ഥ ഇനിയും ഒരു സ്വപ്നമാണ്.

രാഷ്ട്രീയം വേണമോ വേണ്ടയോ എന്ന ബാലിശമായ ചോദ്യം മാത്രമാണ് ഓരോ സെമിനാറുകളിലും തിരിച്ചും മറിച്ചും ചർച്ചചെയ്യപ്പെടുന്നത്. ഇത്തരം ചർച്ചകൾക്ക് തികച്ചും വിരസമായ ഒരു തരം സമാന്തര സ്വഭാവമാണുള്ളത്. ഏതുതരം രാഷ്ട്രീയ സംസ്കാരമാണ് ഉരുവാകേണ്ടത് എന്ന ചർച്ചയാണ് കൂടുതൽ അഭികാമ്യം. ഇത്തരത്തിലുള്ള നവീനരാഷ്ട്രീയ ബോധം വിദ്യാർത്ഥിയിലും അദ്ധ്യാപകനിലും ഉണ്ടാകുമ്പോഴാണ് രാഷ്ട്രീയത്തിന്റെ ക്രിയാത്മക പ്രവണതയുള്ള മറ്റൊരു വിദ്യാഭ്യാസ സംസ്കാരം കെട്ടിപ്പടുക്കാൻ കഴിയൂ.

ഇത്രയും പറഞ്ഞുവന്നതിൽനിന്ന് എല്ലാററിനും കാരണക്കാരൻ അദ്ധ്യാപകനാണെന്ന് അർത്ഥമില്ല. ഗുരു നേർവഴികാണിക്കേണ്ടവനാണ്. അദ്ദേഹത്തിനും വഴിതെററുമ്പോൾ കാര്യങ്ങൾ ഗുരു

# ഗുഡ്ബൈ ക്ലീൻബൗൾഡ് സാർ

ന്തരമാകുന്നു. ബിരുദാനന്തര ബിരുദധാരികൾക്കു വേണ്ടി നടത്തുന്ന വാചാപരീക്ഷകളിൽവച്ച് സ്വന്തം സ്ഥാപിത താത്പര്യങ്ങൾക്കുവേണ്ടിയോ, അല്ലെങ്കിൽ സ്വന്തം വിജ്ഞാനം പ്രദർശിപ്പിക്കുന്നതുപോലെയോ, അതുമല്ലെങ്കിൽ പൊതുവേ വിദ്യാർത്ഥിയോടുള്ള പുച്ഛവും ക്രോധവും കാണിക്കുന്നതിനുവേണ്ടിയോ അപമര്യാദയായി പെരുമാറുന്ന അദ്ധ്യാപകരുണ്ട്. ശിഷ്യന് പിടികിട്ടാത്ത ചോദ്യങ്ങളുമായി രാവണൻകോട്ടകളുടെ വളവുകളിലും തിരിവുകളിലും വലിയവലിയ മുട്ടൻവടികളുമായി പതുങ്ങിയിരിക്കുന്ന അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് ഒരു ബന്ധുവല്ല.

ഇവിടെ നിലവിലുള്ള പരീക്ഷാ സമ്പ്രദായവും വിമർശന വിധേയമാകേണ്ടതുണ്ട്. കഷ്ടപ്പെട്ട് വളരെയധികം ദിവസങ്ങൾകൊണ്ടു് ഓടിച്ചു തീർക്കുന്ന ഒരു സിലബസിലെ കാര്യങ്ങൾ മൂന്നു മണിക്കൂറുകൾവീതമുള്ള ക്ലിഷ്ടമായ, എന്നാൽ അപ്രയോജനകരമായ ഇന്റർവെല്ലുകളിൽ പരീക്ഷിക്കപ്പെടുകയും, അത്തരം ഒരു സമയപരിധിയിലെ മാനസികാവസ്ഥയിൽനിന്നുകൊണ്ടുമാത്രം സ്വന്തം ധിഷണാശക്തിയെ പ്രവർത്തിപ്പിക്കാൻ നിർബന്ധിതനാക്കപ്പെടുകയും ചെയ്യുന്ന വിദ്യാർത്ഥി, ലളിതമായ അർത്ഥത്തിൽ ഒരു ദുരന്തമാണ്. ഒപ്പം അത്തരമൊരു വ്യവസ്ഥാപിത സമ്പ്രദായത്തിൽ ഭാഗഭാക്കായിരുന്നുകൊണ്ട് കൂടുതൽ വിമുഖനും അലസനുമായിത്തീർന്ന് ഈ ബുദ്ധിപരീക്ഷണ കോപ്രായങ്ങളിൽ വിധിനിർണ്ണയം നടത്തി സ്വയം ബോറടിക്കുന്ന അദ്ധ്യാപകനും.

പഠനപ്രക്രിയ വിദ്യാർത്ഥിയിൽ ഒരു പ്രത്യേക അളവുവരെ ഫലപ്രദമായി നടന്നിട്ടുണ്ടോ എന്ന പരിശോധനയാണ് പരീക്ഷയെങ്കിൽ, ഇന്നു നിലവിലുള്ള മാർഗ്ഗമല്ല അവലംബിക്കേണ്ടത്. എന്നും പ്രതീക്ഷിക്കപ്പെടുന്ന ചില ''യൂണിവേഴ്സിറ്റി ഹിറ്റ് ചോദ്യങ്ങൾ'' മാത്രം കാണാപ്പാഠം പഠിച്ച്, കഷ്ടിച്ച് ആവശ്യത്തിനുള്ള മാർക്കുമേടിക്കുന്ന സ്വഭാവം പലരിലുമുണ്ടെങ്കിൽ അക്കാര്യത്തെച്ചൊല്ലി വെറുതെ ഒച്ചവയ്ക്കുന്നതിനുപകരം അതിന്റെ യഥാർത്ഥകാരണങ്ങൾ തേടി കുറച്ചുകൂടി താഴേക്കിറങ്ങിവരികയാണ് അദ്ധ്യാപകർ കൂടി ഉൾപ്പെടുന്ന വിദ്യാഭ്യാസ വിചക്ഷണരുടെ സംഘങ്ങൾ ചെയ്യേണ്ടത്.

പരീക്ഷ, വിദ്യാർത്ഥിക്കോ അദ്ധ്യാപകനോ ഒരു വലിയ ഭാരം ചുമക്കുന്നതുപോലെയാകരുത്. അങ്ങനെയെങ്കിൽ അത് പഠനത്തിന്റെ ഭാഗമാകുന്നില്ല. പഠനത്തിലെ ലാളിത്യവും സുഗമസ്വഭാവവും പരീക്ഷയിലും അതിന്റെ മൂല്യനിർണ്ണയ പ്രക്രിയയിലും നിലനിർത്താൻ കഴിയണം.

ഈ ഉടിച്ചിലും പിഴിച്ചിലുമൊക്കെ കഴിഞ്ഞാലും പുറത്തിറങ്ങുമ്പോൾ ഒരു തൊഴിൽ കിട്ടുന്നതിന്റെ സാദ്ധ്യത അനുദിനം ചുരുങ്ങിക്കൊണ്ടിരിക്കുക കൂടി ചെയ്യുമ്പോൾ ദൈനംദിനകലാലയ ജീവിതത്തിന്റെ ദിവസങ്ങളിലേക്ക് വിദ്യാർത്ഥിക്കൊപ്പം കടന്നുവരുന്ന വൈരസ്യം എന്നും അവന്റെ കൂടെയുണ്ടാകും.

ക്ഷിപ്രപവും, അശാസ്ത്രീയവുമായ പരിഷ്ക്കരണങ്ങൾകൊണ്ട് ഈ അനിശ്ചിതാവസ്ഥ മാറ്റിയെടുക്കാൻ കഴിയുമെന്നുതോന്നുന്നില്ല. പലതവണ പരീക്ഷിച്ച് പരാജയപ്പെട്ടവയാണ് അത്തരം പരിഷ്ക്കരണങ്ങൾ. യഥാർത്ഥത്തിൽ ആവശ്യമായിട്ടുള്ളത്, പ്രശ്നങ്ങളെ അതിന്റെ ഉൺമയിൽ തന്നെ മനസ്സിലാക്കിക്കൊണ്ട്, സങ്കുചിതമായ താത്പര്യങ്ങൾക്കതീതമായി ഓരോ പ്രശ്നത്തെയും സമീപിക്കുക എന്നതാണ്. വസ്തുതകളിൽ നിന്ന് ഒളിച്ചോടുന്ന ''സെമിനാർ പരിഷ്ക്കരണ''ങ്ങളുടെ മാർഗ്ഗം വെടിയുവാൻ തയ്യാറാകാത്തപക്ഷം കാര്യങ്ങൾ ഇങ്ങനെതന്നെ തുടർന്നുപോകുകയും, എല്ലാ ഘട്ടങ്ങളിലും ചരിത്രം ആവർത്തിക്കപ്പെടുകയും ചെയ്യും.

സച്ചിദാനന്ദന്റെ വാക്കുകൾ വീണ്ടും മുഴങ്ങുന്നു:-

''ഒടുവിൽ ഞാനൊറ്റയാകുന്നു.
കലപിലകലമ്പുന്ന ശിഷ്യർക്കിടയ്ക്കുഞാൻ
മണിയടിയ്ക്കൊപ്പമെത്തുന്നു.
കവിത പകുക്കേണമ വരുമായ്, തീൻമേശ
കുടിലം, കറിനാറിയപ്പം......

ക്ലീൻബൗൾഡ് ആയി പുറത്തുപോകേണ്ടിവരുന്ന അദ്ധ്യാപകന്റെ ചിത്രത്തിലേക്കുതന്നെ നമുക്കു തിരിച്ചുവരാം. തലകുമ്പിട്ടുള്ള ആ പോക്കിന്റെ എല്ലാ ഉത്തരവാദിത്വവും അദ്ദേഹത്തിലല്ല. അത് ഈ വ്യവസ്ഥയുടെ സ്വാഭാവികമായ പരിണാമം മാത്രമാണെന്നറിയുക. ക്ലീൻബൗൾഡായ അദ്ദേഹം തിരിച്ചുവരണം, എന്നിട്ട് നല്ലപ്രകടനം കാഴ്ച്ച വെയ്ക്കണം. അദ്ദേഹം മാത്രമല്ല, എല്ലാവരും.



മാലാഖക്കുട്ടിയും ചെകുത്താൻ കുട്ടിയും:
മുതലാളിത്തത്തിന്റെ പറുദീസയിലെ ജനാധിപത്യാദർശത്തിന്റെ
മറെറാരു ക്രൂരമായ യാഥാർത്ഥ്യം.
ലണ്ടൻ ആസ്ഥാനമായുള്ള 'ബെനററൺ' എന്ന ഫാഷൻ കമ്പനിയുടെ
ഒരു പരസ്യമാണിത്.
വെള്ളക്കാരന്റെ കുട്ടിക്ക് മാലാഖയുടെ മുഖവും.
കറുത്തവന്റെ കുട്ടിക്ക് ചെകുത്താന്റെ മുഖവും.
അവളുടെ മുടിച്ചുരുളുകൾ ചെകുത്താന്റെ
കൊമ്പുകളാക്കിമാററിയിരിക്കുന്നത് ശ്രദ്ധിക്കുക.
വെള്ളത്തൊലിയുള്ളവന്റെ ഒടുങ്ങാത്ത വർണ്ണവെറി
ഈ വൈരുദ്ധ്യത്തിലൂടെ ഫണം വിടർത്തിയാടുന്നു.

"മർത്ത്യരാകുക മാത്രം വയ്യ:
ജന്തുത ജയിക്കുന്നു ......"

# സോവിയററ് യൂണിയൻ

**നിങ്ങളോർക്കുക നിങ്ങളെങ്ങനെ**
**നിങ്ങളായെന്ന്।**



അയൽഗ്രാമങ്ങളിൽ പാൽ വിൽക്കുന്ന ആ വൃദ്ധയ്ക്ക് കിട്ടിയ അത്ഭുതവസ്തു അവർ മാളോർക്ക് കാണിക്കാൻ കൈയ്യിൽ ഒതുക്കിവച്ചു. എങ്ങനാ അതിണ്ടാക്കാന്ന് ആ മുത്തശ്ശിക്കും അറിയില്ലായിരുന്നു. രസം പെരുത്ത ആ അത്ഭുതവസ്തു ഉപ്പുമാങ്ങാണ് എന്നറിഞ്ഞപ്പോ പെരുത്തറിയാൻ മാളോര് മുത്തശ്ശീടെ ചുറ്റും പാറിക്കൂടി.

മുത്തശ്ശിക്കല്ലേ അതപ്പറ്റികൂടുതലറിയാവൂ! അതോണ്ട് മുത്തശ്ശി വിചാരിച്ചാലേ ഇനീം എന്തെങ്കിലും അറിയാൻപറ്റൂന്ന് മാളോർക്ക് നിശ്ശ്ണ്ടായിരുന്നു. മുത്തശ്ശി ഒരു മൺകലത്തിൽ മാങ്ങയിട്ട് ഉപ്പും പിന്നെ പാകത്തിന് വെള്ളോം ഒഴിച്ച് കെട്ടിവച്ചാണ്ടാണ് അന്വേഷണം അവസാനിപ്പിച്ചത്. മാങ്ങയില്ലാത്ത വറുതിക്കാലത്ത് തിന്നാന്ന് നിരീച്ചാ മുത്തശ്ശി അങ്ങനെ ചെയ്തേ.

# ഉപ്പുമാങ്ങ

എല്ലോർക്കും വേണ്ടേമാങ്ങ! മാളോര് കുന്തിച്ചിരുന്ന് ചിന്തിക്കാൻ തുടങ്ങി. ചെറിയ മൺകുടത്തിലിട്ട് വച്ചാ എല്ലോർക്കും തെകയോ? ശ്ശി ബുദ്ധിജാസ്ത്യായോര് പഞ്ചായത്ത് കിണററില് ഉപ്പുമാങ്ങിടാന്ന് പറഞ്ഞു. അപ്പോ കുടിക്കാൻ വെള്ളത്തിനെന്താ ചെയ്യാ! അങ്ങനേം ഒരു തടസ്സം. നാട്ടുകൊളത്തിലായാലോ? പിന്നേം ഒരു തടസ്സം. കുളിക്കാൻ പിന്നെവിടാ പോകാ? നിഴലിലിരുന്ന് കൂനൻ പറഞ്ഞു ''ഉപ്പിന് തീപിടിച്ച വെലയാ. അതൂടി ഓർത്തിട്ട് തീരുമാനിച്ചാമതി'' ഉപ്പെവിടുന്നാ വെല കുറച്ച് കിട്ടുകാന്നായി പിന്നത്തെ ചിന്ത. ആരോ എളുപ്പവഴികൂവി അറിയിച്ചു' ഉപ്പെണ്ടാക്കണത് കടലീന്നല്ലേ. അപ്പോ അവിടത്തന്നെ ഉപ്പുമാങ്ങയിടാം. എല്ലോർക്കും മുഴുത്തസമ്മതം. നാട്ടുപ്രമാണിക്ക് കലശലായിത്തന്നെ സന്തോഷം കൊണ്ട് വീർപ്പുമുട്ടി.

വഞ്ചിനിറയെ മാങ്ങയുമായിട്ട് മാളോര് കടലിലേക്ക് ഇരമ്പിക്കയറി. കൂവാനറിയണോര് കൂവി. കൂവിത്തുടങ്ങ്യോര് കൂവിത്തെളിഞ്ഞു. അങ്ങട്ട് കുറച്ചു ചെന്നപ്പോ സൂര്യൻ നേരെ മോളില് നിന്ന് വെളുക്കെ ചിരിക്കുന്നതു



കണ്ട് ബുദ്ധിപെരുത്ത ഒരുത്തൻ പറഞ്ഞു. ''ഇവിടത്തന്നായിക്കോട്ടെ. കതിരോന്റെ നേരെ അടിയിൽ.'' കേടംക്കാത്ത താമസം എല്ലാവരുംകൂടി മാങ്ങവാരി കടലിലിട്ടു. ബുദ്ധിക്ക് ലേഹ്യം സേവിക്കുവായിരുന്ന വെളുമ്പന് ഒരു സംശയം. ''മാങ്ങയെടുക്കാൻ നമ്മള് നട്ടുച്ചയ്ക്കുതന്നെ വന്നില്ലെങ്കിലോ?'' നാട്ടുപ്രമാണി ഉടൻ ഉത്തരം കണ്ടെത്തി. ''മാങ്ങ മുഴുവൻ വഞ്ചീടെ നേരെ അടീലല്ലേ. വഞ്ചീടെ തുഞ്ചത്ത് ഒരു ശീലത്തുണി അടയാളമായി കെട്ടാം.'' ആർപ്പുവിളിച്ചോണ്ട് തന്നെ മാളോര് മടങ്ങിപ്പോയി.

മീനച്ചൂടിൽ നാടുമുഴുവൻ വറുതി. സാധനങ്ങളുടെ വിലകേട്ട് ആളുകടംക്ക് പൊള്ളി. നിനച്ചിരിക്കാതെ ഒരുദിവസം മാളോര് ഉപ്പുമാങ്ങയെക്കുറിച്ചോർത്തു. വഞ്ചിനിറയെ മൺകലങ്ങളുമായി എല്ലോരും കടലിലേയ്ക്കുപോയി. ഉപ്പുമാങ്ങയ്ക്ക്. കാലത്തുമുതൽ ഉച്ചവരെ തുഴഞ്ഞു. അവരതോർത്തത് അപ്പോഴാണ്; അന്ന് സൂര്യന്റെ നേരെ അടീലാണല്ലോ മാങ്ങയിട്ടത്. പക്ഷേ ഇപ്പോ സൂര്യൻ അല്പം തെക്കോട്ട് നീങ്ങിയാണല്ലോ നിൽപ്പ്. സൂര്യന്റെ അടിയിലേക്ക് ചെല്ലുംതോറും നീങ്ങീ നീങ്ങിപ്പോകുന്നു. നാട്ടുപ്രമാണി ചോദിച്ചു. വഞ്ചീടെ തുഞ്ചത്തല്ലേ നമ്മളടയാളം കെട്ട്യേത്. അപ്പോ വഞ്ചിക്കടീല് തന്നെയാ മാങ്ങ.

മാങ്ങ വാരുന്നതിനെപ്പററിയായിരുന്നു പിന്നത്തെ ചിന്ത. ഒരുകൈ കൊണ്ട് കലം പിടിച്ച് ഒരുകൈകൊണ്ട് വാരിയാൽ സാവധാനേ തിരിച്ചുപോകാൻ കഴിയൊള്ളൂ. കലം കഴുത്തിൽ കെട്ടിയാൽ എളുപ്പമായി. കഴുത്തിൽ കലവും കെട്ടി ഓരോരുത്തരായി എല്ലാവരും ചാടി. പ്രമാണി എല്ലാവർക്കും നിർദ്ദേശം കൊടുത്തിരുന്നു. വെള്ളത്തിൽവച്ച് മാങ്ങ തിന്നരുതെന്ന്.

നാട്ടുമൂപ്പ് പ്രമാണിക്കായതിനാൽ 'മൂപ്പൻ' സ്ഥാനം പ്രമാണിക്ക് നേരത്തെതന്നെ കിട്ടിയിരുന്നു. പക്ഷെ ചാടിയോരാരും തിരിയെ വരാഞ്ഞ് മൂപ്പന് ആകെ സംശയമായി. വഞ്ചയില് കാവലമർന്ന മൂപ്പൻ തലപുകഞ്ഞാലോചിച്ചു. ''അവർ മാങ്ങ തിന്നുതീർക്കുകയാവും. ഇത്ര അനുസരണയില്ലാതായാലോ!'' പെട്ടന്നുതന്നെ എല്ലാരേം കയ്യോടെ പിടിക്കാൻ മൂപ്പനും എടുത്തുചാടി.

ഇനി കാര്യങ്ങളൊക്കെ മൂപ്പൻ കണ്ടുപിടിക്കട്ടെ.

**BYJU VARGEESE**
III B A Malayalam.



# HOPE

Turned is the face from me
To you I am nothing, but
the lowest of the low.
A life unwanted in this world
But, you are like a flower.
Yes, unwithering, full bloomed
Standing in my broken heart,
The sun shines in my life.

And what more have I to say
Uncomplaining I go along with time
Hoping against hope, that,
The face will turn towards me
Oh! how I love to see the face
How long should I only dream
Hidden from the presene I stand alone
To share my grief or joy,
I press among the croud in your heart
Swimming against the current,
Swimming without seeing land,
Swimming in this vast ocean
in the ocean of your love I stand
The voyage goes on and on
Till either I dream no more or
Sink and drawn and be no more.

**SATHOSH V. K.**
II P D C III Group.

# ആഹുതി

മണികിലുക്കങ്ങൾക്കു പിന്നിലായെത്തുന്നു.
രഥവുമായ് കിതച്ചൊരു കിഴവനശ്വം.
കനത്ത കരിനിഴൽ ഭാണ്ഡം കുരുങ്ങുന്നു.
തളർന്ന പാദങ്ങൾ വലിച്ചു നീങ്ങുന്നു.
പുളയുന്ന ചാട്ടവാറിൽ തിളയ്ക്കുന്ന യൗവനം
ഉണർന്നു പാട്ടുകൾ മറിച്ചു പാടുന്നു.
പകലിന്റെ ദാഹവും മോഹവും തൂങ്ങിടും
അധരങ്ങൾ തീക്കനൽ കട്ടയായ് മാറുന്നു.

ഉണരുന്നു ദൂരെ, ഏതോ ശ്മശാനത്തിൻ
വിനയനം വിട്ടൊരീണത്തിൽ അകാലജന്മം.
ഹൃദയ നീഢത്തിലെന്റെ പാതിമാത്രമുരുവായ
കപോതവും ത്വരിതമുണർന്നു പറന്നു പോയ്.
വീണ്ടും പിറക്കുന്നു. പുതുതായൊരീണം
തോക്കിൻ കുഴലിലൂടെ.....ഒരു താരാട്ടിനീണം.
ഹാ...! കൺ ചിമ്മിയുറക്കമായെന്റെ മണിവീണ.
വാളല്ല.... പണിയായുധം വിററുണ്ടാൻ വാങ്ങിയ
വീണ.

ദൂരെ, ഏതോ യുദ്ധഭൂമിയിൽ മറെറാരശ്വമായ്
എന്റെയച്ഛൻ സ്വജീവിതമാഹുതി ചെയ്യുന്നു.
ഏതോ മതിൽക്കെട്ടിനുള്ളിൽ ഒരു കറുത്ത
പെണ്ണിന്റെ തേങ്ങൽ.
എന്റെ മാതാവു ബലാൽസംഗം ചെയ്യപ്പെടുന്നു.
ഇതാ... ഈ ശ്മശാനത്തിൽ, വെണ്ണീറിടങ്ങൾക്കു
നടുവിൽ,
കരിന്തിരികത്തുന്ന ചിരാതുമായി ഞാനിരിക്കുന്നു.
കിഴവനശ്വം വേച്ചു വേച്ചു നീങ്ങുന്നു പിന്നെയും...
സാരഥി നിർദ്ദയം ചാട്ടവാർ വീശുന്നു.



**MINI K. ANTONY**
II P D C II Group.

# പ്രേമവൃത്താന്തം

രാധ വരാറുണ്ട്.

ഫ്രെയ്മിട്ട കണ്ണുകളിൽ
ഒരു ജന്മം നിറയെ കരയുന്നു.
സ്നേഹത്തിന്റെ പരാബോളകളിൽ കുരുങ്ങി
കൃത്യം പത്തുനിമിഷം.

രാധ തിരിച്ചു പോകുന്നു.

RADHIKA P.
I Bsc. Zoology

# വിദ്യാഭ്യാസ പഠനം



സൂര്യനു കീഴിലുള്ളതോ
സൂര്യനുമപ്പുറത്തുള്ളതോ ആയ
എന്തിനെക്കുറിച്ചും ആർക്കും സംസാരിയ്ക്കാം.
പക്ഷേ,
തീക്ഷ്ണവും സരളവുമായ യാഥാർത്ഥ്യബോധത്തോടെ
തികഞ്ഞ വ്യക്തിത്വത്തോടെ
എല്ലാം നോക്കിക്കാണാൻ ശ്രമിക്കുക എന്നത്
അപൂർവ്വസിദ്ധിയാണ്.
വ്യവസായവത്ക്കരണത്തിന്റെ മാലിന്യം കലർന്നുപോയ
ഇൻഡ്യൻ വിദ്യാഭ്യാസാവസ്ഥയെ
പൂർണ്ണമായ വ്യതിരിക്തതയോടെ,
ക്രിയാത്മകമായ വിമർശനസ്വഭാവത്തോടെ
നോക്കിക്കാണുകയാണ്,
ശ്രീ. എം. എൻ. വിജയൻ,
ഭൂമിയുടെ കണ്ണീരുപ്പുനുണയാനുള്ള
കാരുണ്യത്തോടെ
ഒരു ധിഷണാശാലിയുടെ
വാക്കുകൾ......

## ഉപയോഗ വിദ്യാഭ്യാസം

ഇന്നുവരെയുള്ള എല്ലാ വിദ്യാഭ്യാസരീതികളും കൊളോണിയൽ കാലഘട്ടത്തിൽ മാത്രമല്ല അതിനു മുമ്പുള്ള ഗോത്രകാലഘട്ടത്തിലും ഒരു പ്രത്യേക സമുദായത്തിന് ആവശ്യമായിട്ടുള്ള മനുഷ്യബന്ധങ്ങൾ, ഉല്പാദന രീതികൾ പഠിപ്പിക്കാനും നിയന്ത്രിക്കാനുമുള്ള ഒരു ഉപകരണമാണ്. ടെക്നോളജിയും മനുഷ്യനും തമ്മിലുള്ള ബന്ധം നിയന്ത്രിക്കാനും, മനുഷ്യനു കിട്ടിയിട്ടുള്ള സാങ്കേതികമായ അറിവ് എങ്ങനെ പരമ്പരാഗതമായി നിലനിറുത്തണം എന്നതിനെക്കുറിച്ചുമുള്ള വിദ്യാഭ്യാസം നല്കുന്നതിനുകൂടി വേണ്ടിയുള്ളതാണ്.

ജാതിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം നിലനിന്നിരുന്ന കാലത്ത് തൊഴിൽ പാരമ്പര്യാധിഷ്ഠിതമായിരുന്നു. തച്ചന്റെ മകൻ ആശാരിപ്പണി പഠിക്കുന്നതുപോലെ അത് പരമ്പരാഗത വിദ്യാഭ്യാസത്തിന്റെ സാങ്കേതിക വശമാണ്. അതുകൂടാതെ മറ്റുള്ളവരോട് എങ്ങനെ പെരുമാറണമെന്നുള്ള ഇന്റർ പേഴ്സണൽ റിലേഷൻഷിപ്പ് കൂടി പഠിപ്പിക്കുന്നതിനുള്ള ഉപാധിയായിരുന്നു.

പരമ്പരാഗതമായ ഒരു വിദ്യാഭ്യാസക്രമം നിലനിന്ന ഒരു ഫ്യൂഡൽ സമുദായത്തിൽ ഒരാൾക്ക് കിട്ടിയ അറിവു മറ്റൊരാൾക്ക് പകർന്നിരുന്നില്ലെന്നത് ഒരു പ്രത്യേകതയായിരുന്നു. അതുകൊണ്ട് സാമാന്യമായി, തച്ചന്റെ അറിവ് തച്ചനല്ലാത്ത വേറെ ജാതിയിൽപ്പെട്ട ഒരാൾക്ക് കൊടുക്കില്ല. അത് ഒരു രഹസ്യമാണ്. മിക്കവാറും ഇന്ത്യയിലെല്ലായിടത്തും നിലനിന്നിരുന്ന ജാതിവ്യവസ്ഥ ഈ തൊഴിൽരഹസ്യം പരക്കെ കൈമാറിപ്പോകാതിരിക്കാൻ വേണ്ടിയാണെന്ന് പുതിയ ഗവേഷണങ്ങൾ പറയുന്നു.

ആറന്മുള കണ്ണാടിയുണ്ടാക്കുന്ന രഹസ്യം രണ്ടു പേർക്കെ അറിയുള്ളു. ആ രഹസ്യം പുറത്തുപോയിക്കഴിഞ്ഞാൽ പിന്നെ ആറന്മുളക്കണ്ണാടി ഒരപൂർവ്വ വസ്തുവല്ല. അങ്ങനെ വളരെ സൂക്ഷ്മമായ സാങ്കേതിക വിദ്യക്ക് ആവശ്യമായ തൊഴിൽ രഹസ്യങ്ങൾ നിലനിറുത്തിപ്പോരാൻ,ഈ വർഗ്ഗശുദ്ധി നിലനിറുത്തിപ്പോരാൻ, പരമ്പരാഗതമായി കൈമാറ്റം ചെയ്യുകയെന്നതായിരുന്നു പഴയ സമുദായങ്ങളിലെ വിദ്യാഭ്യാസരീതി.

ഫ്യൂഡൽ വ്യവസ്ഥിതി നിലനിന്ന കാലത്ത് ഒരു പരമ്പരക്ക് ഒരു തൊഴിൽ എന്ന രീതിയായിരുന്നതുകൊണ്ട് ഒരാൾക്ക് വേണ്ട വിദ്യാഭ്യാസം മൗലികമായി തന്റെ പ്രപിതാമഹന്മാർ ശീലിക്കുകയും പിന്തുടരുകയും ചെയ്തിരുന്നു. ഇതുകൊണ്ടൊരു ഗുണമുണ്ട്. ഇപ്പോൾ ഒരാൾക്ക് ബി. എ. കഴിഞ്ഞാൽ എന്താണ് ചെയ്യേണ്ടതെന്നത് ചിന്താവിഷയമാണ്. പണ്ട് തച്ചന്റെ മകന് ഇത് ചിന്താ വിഷയമല്ലായിരുന്നു. പെരുന്തേരിയുടെ മകൻ പെരുന്തേരിയും തെങ്ങുകയറ്റക്കാരന്റെ മകൻ തെങ്ങുകയറ്റക്കാരനുമായിരിക്കും. അങ്ങനെ വരുമ്പോൾ ഒരുവന്റെ ജനനം മുതൽ മരണംവരെയുള്ള ജീവിതം എന്താണെന്ന് നേരത്തെ തീരുമാനിച്ചിരിക്കും. അപ്പോൾ ഉൽകണ്ഠയില്ല. അതുകൊണ്ട് മാനസികരോഗവുമില്ല. അനിശ്ചിതത്വം എന്ന അവസ്ഥ ഇല്ലാതിരിക്കുമ്പോൾ മനുഷ്യന് ഉൽക്കണ്ഠ ഉണ്ടാവില്ല. അതുകൊണ്ട് മാനസിക രോഗമെന്നത് നാമുദ്ദേശിക്കുന്നതുപോലെ സാമുദായിക ജീർണ്ണതയുടെ മാത്രം ഫലമല്ല. സാമുദായിക വികാസത്തിന്റേതു കൂടിയാണ്.

ഇന്ന് ജീവിതം അനിശ്ചിതത്വത്തിലാണ്. വ്യാവസായിക വിപ്ലവത്തോട് കൂടിയാണ് ജീവിതം അനിശ്ചിതമായിത്തീരുന്നത്. യന്ത്രങ്ങൾ കണ്ടുപിടിച്ചതിന്റെ ഫലമായി പരമ്പരാഗതമായ തൊഴിലുകൾ നശിക്കുകയും ചെയ്തു. അതാണ് ഇന്ത്യയിലെ നെയ്ത്ത് വ്യവസായം നശിക്കുകയും ലങ്കാഷെയറിലെ നെയ്ത്ത് വ്യവസായം പുഷ്ടിപ്പെടുകയും ചെയ്തത്. 'തിരുവള്ളുവർ' ഒരു നെയ്ത്തുകാരനായിരുന്നു. വള്ളുവരുടെ സമുദായക്കാർ കുറേക്കാലം തമിഴ്നാട്ടിൽ തൊഴിൽ നഷ്ടപ്പെട്ട് പിച്ചയെടുത്ത് നടന്നുവെന്ന് പറയുന്നു. അതുകൊണ്ട് വ്യാവസായിക വിപ്ലവം ഫ്യൂഡൽ വിദ്യാഭ്യാസ സമ്പ്രദായത്തെ തന്നെ താറുമാറാക്കി എന്നു പറയണം. അങ്ങനെ ഫ്യൂഡൽ സമ്പ്രദായം മാത്രമല്ല അതിന്റെ പരമ്പരാഗതമായ വിദ്യാഭ്യാസം കൊണ്ടുണ്ടാകുന്ന എല്ലാ ഗുണങ്ങളെയും ദോഷങ്ങളെയും അത് തകർത്തു. വ്യാവസായികസമുദായം വരുത്തിയ ഒരു പ്രധാനമാറ്റം ഒരു മനുഷ്യൻ പരമ്പരാഗതമായ തൊഴിൽ ചെയ്യേണ്ട എന്ന ആശയമാണ്. ഈ മാറ്റം പാരമ്പര്യം എന്ന ആശയത്തെ തകർത്ത് സ്വാതന്ത്ര്യം എന്ന പുതിയ ആശയംകൊണ്ടുവന്നു. സ്വാതന്ത്ര്യം സ്വന്തം തന്ത്രം .ഒരാൾക്ക് അയാളുടെ ഇഷ്ടപ്രകാരമുള്ള ആകാശം ഉണ്ടാവുക. അങ്ങനെ പാരമ്പര്യത്തെ അനുസരിക്കുന്നവൻ മൂഢനും അല്ലാത്തവൻ നല്ലയാളും.

ഇന്ത്യൻ സമുദായത്തിലെ കുഴപ്പങ്ങൾക്ക് രണ്ട് വലിയ കാരണങ്ങളുണ്ട്. ഒന്ന്, ഇന്ത്യയെ ഒരു വ്യവസായിക സാമ്രാജ്യത്വം കീഴ്പ്പെടുത്തിയതോടുകൂടി ഫ്യൂഡൽ ഘടന ഭാഗികമായി മാത്രം തകർന്നു. രണ്ട്, വ്യാവസായികരാഷ്ട്രങ്ങളെപ്പോലെ ഉല്പാദനരാഷ്ട്രമായി ഇന്ത്യ വളർന്നില്ല. ബ്രിട്ടീഷുകാർ ഇവിടെ ഇറക്കുമതി ചെയ്തത്

ബ്രിട്ടീഷുകാരുടെ വിദ്യാഭ്യാസമാണ്. ഇവിടെ പഴയ വിദ്യാഭ്യാസരീതി നഷ്ടപ്പെടുകയും പുതിയ വിദ്യാഭ്യാസരീതിക്കനുസരിച്ചുള്ള സമുദായം ഉണ്ടാകാതിരിക്കുകയും ചെയ്തു.

ഒരു ഫ്യൂഡൽസമുദായത്തിന്റെ അവശിഷ്ടത്തിൽ സാമ്രാജ്യത്വശക്തികൾ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കമ്പോളമായാണ് മറ്റ് മൂന്നാം ലോകരാജ്യങ്ങളെപ്പോലെ ഇന്ത്യയേയും കണക്കാക്കിപ്പോന്നത്. അതുകൊണ്ട് നമ്മുടെ പാരമ്പരാഗത വ്യവസായം മുഴുവൻ തകരുകയും അതിന്റെ സ്ഥാനത്ത് നമ്മുടെ പുതിയ വ്യവസായം വളരാതിരിക്കുകയും ചെയ്തു. അങ്ങനെ വരുമ്പോൾ ഫ്യൂഡലിസത്തെത്തുടർന്ന് യൂറോപ്പിൽവന്ന മാറ്റം ഇവിടെ വരുന്നില്ല. ഇവിടെ പകർത്താൻ ശ്രമിച്ചത് യൂറോപ്യൻ രീതിയിലുള്ളവിദ്യാഭ്യാസമാണ്. നമ്മൾ സ്വാതന്ത്ര്യം എന്ന ആവശ്യം ഇവിടെ പ്രചരിപ്പിക്കുന്നുണ്ട്. സ്വാതന്ത്ര്യമെന്നത് ഫ്യൂഡലിസത്തിലെ ആശയമേ ആയിരുന്നില്ല. നീ സ്വതന്ത്രനാകരുത് എന്നതാണ് വളരെ കാലമായിട്ടുള്ള ഭാരതീയ ആദർശം. അപ്പോൾ ഇതിൽനിന്നും പിരിഞ്ഞുപോകാനായിട്ട് പാശ്ചാത്യ വിദ്യാഭ്യാസവും സാഹിത്യവും പ്രേരിപ്പിച്ചു. പാശ്ചാത്യലിബറലിസത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ഇവിടെ പഠിപ്പിക്കുന്ന പുസ്തകങ്ങളെല്ലാം. ഈ ലിബറൽ എഡ്യുക്കേഷൻ വരുമ്പോൾ പുതിയ മൂല്യബോധം ഉണ്ടാകുന്നുണ്ട്. പുതിയ സാങ്കേതിക വിദ്യ ഉണ്ടാകുന്നില്ല. ഇത് വളരെ ഏറെ ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്.

സാമുദായിക വ്യവസ്ഥയ്ക്ക് അനുസരിച്ച് മനുഷ്യതന്ത്രങ്ങൾ, നമ്മുടെ ഉല്പാദന വ്യവസ്ഥക്കനുസരിച്ചുള്ള സാങ്കേതിക വിദ്യയും പരിശീലിക്കുന്ന വിദ്യാഭ്യാസരീതിയും നമുക്ക് സ്വാഭാവികമായി ഉണ്ടായിട്ടില്ലെന്നതാണ് നമ്മുടെ വിദ്യാഭ്യാസത്തിലെ പ്രതിസന്ധി. ഇന്ന് ഉയർന്നുവരുന്ന മറ്റൊരു പ്രശ്നം സ്കൂളുകൾക്കും കോളേജുകൾക്കും വേണ്ടത്ര എടുപ്പുകൾ ഇല്ലെന്നതാണ്. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ആർക്കിടെക്ച്ചറുകൾ-മലയാളവും ഇംഗ്ലീഷും-പഠിപ്പിക്കാനാവശ്യമില്ല. അതുകൊണ്ട് നമ്മുടെ വിദ്യാഭ്യാസത്തിനുള്ള വലിയ ചെലവ് മുടക്കുന്നത് വിദ്യാഭ്യാസ പ്രവർത്തനങ്ങളല്ല; കെട്ടിടങ്ങളാണ്. ഇത് വലിയൊരപാകതയാണ്. നമ്മുടെ നാട്ടിൽ വിദ്യാഭ്യാസത്തിനുള്ള പണം കൊണ്ട് കൂറ്റൻ എടുപ്പുകൾ ഉണ്ടാക്കിയിടുകയും അതിനുശേഷം വിദ്യാഭ്യാസത്തിന് പണം ഇല്ലാതിരിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ഇതിനേക്കാൾ എത്രയോ കുറഞ്ഞ ഭൗതിക സാഹചര്യങ്ങളേ ആവശ്യമുള്ളൂ. പഠിക്കുന്ന സാങ്കേതിക വിദ്യയിൽ മാറ്റം ഉണ്ടാകുന്നില്ല. മറിച്ച് പഠിപ്പിക്കുന്ന ചുമരുകൾക്കാണ് മാറ്റം ഉണ്ടാകുന്നത്. കെമിസ്ട്രിയും ഫിസിക്സും പഠിക്കുന്നവർ അവിടെ ഉപയോഗിക്കേണ്ട കെമിക്കൽസിനും അപ്പാരറ്റസിനുമല്ല പ്രാധാന്യം കൊടുക്കുന്നത്. യഥാർത്ഥത്തിൽ നമ്മുടെ വിദ്യാഭ്യാസത്തിന് ആവശ്യമുള്ള പണവും ചെലവാക്കുന്ന പണവും തമ്മിൽ ഒരു ബന്ധവും ഇല്ല. ഇത് മറ്റൊരുതരത്തിലും പ്രസക്തമാണ്. ഇന്നേവരെയുള്ള പ്ലാനിംഗിലുള്ള അപാകതയിലും അസമത്വത്തിലുമാണത്.

ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ പ്രാഥമികമായിട്ടുണ്ടാകേണ്ടത് സാർവ്വത്രിക വിദ്യാഭ്യാസമാണ്. ഇവിടെ ആരെയും വിദ്യാഭ്യാസത്തിൽ നിന്ന് ഒഴിച്ചു നിറുത്താനാവില്ല. ഒരു വികസിത രാജ്യത്ത് വിദ്യാഭ്യാസമെന്നത് സാമുദായിക ആവശ്യമായിട്ടു കൂടിവരുന്നു. ഈ ആവശ്യത്തിനു വേണ്ടി വിദ്യാർത്ഥികളെ ഒരുക്കിയെടുക്കുമ്പോൾ അതിന് രണ്ടാമതൊരു പ്രശ്നംകൂടിവരും. പ്രാഥമികമായിട്ടുള്ള ഒരു വിദ്യാഭ്യാസം വേണമെന്നത് ജനാധിപത്യത്തിലെ മൗലികധാരണയാണ്. അത് തുടർന്നുപോകാൻ കഴിയുന്നില്ലെന്നതാണ് വിദ്യാഭ്യാസത്തിൽ വരുന്ന തടസ്സം. സ്കൂൾ കഴിഞ്ഞാൽ കോളേജ് വേണം. കോളേജ് എന്നുപറയുന്നത് പലതരത്തിലുള്ള സ്പെഷ്യലൈസേഷന്റെ കേന്ദ്രമാണ്. സ്പെഷ്യലൈസേഷൻ കഴിഞ്ഞ് പുറത്തുവരുമ്പോൾ അവർക്ക് തൊഴിലവസരം വേണം. ഇവിടെയാണ് വിദ്യാഭ്യാസപരമായ ഒരു പ്ലാനിംഗ് ഉണ്ടാകേണ്ടത്. തൊഴിൽപരമായ ഒരാവശ്യത്തെ മുമ്പിൽ കാണാൻ കഴിയാത്തത് നമ്മുടെ തെറ്റായ വിദ്യാഭ്യാസ പ്ലാനിംഗ് കൊണ്ടാണ്. ഇതുകൊണ്ട്, കൂടുതൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടും ഒരു തൊഴിലുണ്ടാകാത്തത് മാനസികമായി കൂടുതൽ വിടവ് ഉണ്ടാക്കുന്നു. ഈ വിടവുകൊണ്ട് മാനസികരോഗം ഉണ്ടാകാം. ഈ വിടവ് കൊണ്ട് വിപ്ലവം ഉണ്ടാകാം. വിപ്ലവം ഉണ്ടാകുന്നത് വിദ്യാഭ്യാസം കിട്ടിയ ആൾക്ക് അവരെക്കുറിച്ച് ബോധം ഉണ്ടാകുമ്പോഴാണെന്നതാണ് മാർക്സിന്റെ പ്രധാനപ്പെട്ട ഒരു ആശയം. യന്ത്രം നടത്താൻ വിദ്യാഭ്യാസം വേണം. വിദ്യാഭ്യാസത്തിന്റെകൂടെ ആത്മബോധം ഉണ്ടാകും. അതുണ്ടാവുമ്പോൾ തങ്ങൾ മറ്റുള്ളവരേക്കാൾ കുറഞ്ഞയാളല്ല എന്ന തോന്നലുണ്ടാകും. അതുകൊണ്ടാണ് അറിവ് വിപ്ലവത്തിന്റെ തുടക്കമാണെന്ന് പറയുന്നത്.

വിദ്യാഭ്യാസത്തിൽ വരുന്ന ഇത്തരം പ്രതിസന്ധികളുടെ ഫലമായി മിക്കവാറും ഒന്നുരണ്ട് പ്രശ്നങ്ങൾ ഉണ്ടാകും. ഒന്ന് തൊഴിലില്ലായ്മ. രണ്ട്, യുവലോകത്തിന് നിരന്തരമുണ്ടാകുന്ന ഉൽക്കണ്ഠ. ഈ ഉൽക്കണ്ഠ പുരോഗമനപരമാക്കിത്തീർക്കുമ്പോഴാണ് വിപ്ലവ മനഃസ്ഥിതി ഉണ്ടാവു

ന്നത്. ഉൽക്കണ്ഠ രണ്ടുതരത്തിലാകാം. ചിലപ്പോൾ വിപ്ലവകാരികൾ മാനസികരോഗികളായിത്തീരും. മാനസികരോഗികൾ വിപ്ലവകാരികളെക്കാൾ വിപ്ലവം പറയും. നമുക്ക് സമുദായത്തിലുള്ള സ്ഥാനത്തെക്കുറിച്ച്, ജീവിതത്തിന്റെ പ്രയോജനത്തെക്കുറിച്ചുള്ള മൊത്തം അർത്ഥത്തെക്കുറിച്ച് ഒരു നിർദ്ദേശം നല്കാൻ സമുദായത്തിന് കഴിയുന്നില്ലെന്നതാണ് പ്രശ്നം. മാനസികരോഗമെന്നത് ഒരു വ്യക്തിക്കുണ്ടാകുന്ന മാററമല്ല മറിച്ച് സമുദായത്തിലുണ്ടാകുന്ന ഒരു വലിയ പ്രതിസന്ധിയുടെ ഒരു പ്രതിഫലനം മാത്രമാണ്. വിപ്ലവത്തിന്റെ സ്ഥിതിയും ഇതുതന്നെ. ഇപ്പോൾ വിപ്ലവത്തിൽ വിശ്വസിച്ച് മുന്നോട്ടുപോകുന്നവർ അവരെ കൊണ്ടുപോകുന്നത് വിപ്ലവത്തിലേക്കല്ല എന്ന് തോന്നുമ്പോൾ അവിടെയുമുണ്ടാകും ഒരു പ്രതിസന്ധി. അപ്പോൾ അവർ സന്യാസിമാരായിത്തീരും. അല്ലെങ്കിൽ ഭ്രാന്തന്മാരായിത്തീരും. അതുമല്ലെങ്കിൽ ഗൾഫിലേക്കോ മറേറാ പോകും. ഇതിന്റെയൊക്കെ അടിസ്ഥാനകാരണം ജീവിതത്തിന് അർത്ഥം കൊടുക്കാൻ നമ്മുടെ സമുദായത്തിന് കഴിയുന്നില്ല എന്നതാണ്.

പണ്ട് വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം പരീക്ഷയിൽ പാസാകുക എന്നത് ഉൽക്കണ്ഠയായിരുന്നു. ഇന്ന് പരീക്ഷ ജയിച്ചാലാണ് പ്രശ്നം. തോററാൽ പഠിക്കാം. ജയിച്ചാൽ ഒന്നും ചെയ്യാനില്ല! അതുകൊണ്ട് നമ്മുടെ ആളുകൾ വിദ്യാഭ്യാസം നീട്ടിക്കൊണ്ടുപോകുന്നു. പത്താംക്ലാസ് പാസ്സായാൽ കോളേജിൽ ചേരും. ബി. എ. കഴിഞ്ഞാൽ എം. എക്കുചേരും. പിന്നെ പാരലൽ കോളേജിൽ പഠിപ്പിക്കും. ഇതിന്റെ കുഴപ്പമെന്തെന്നാൽ ഇത് പുതിയതായിഒന്നും ഉണ്ടാക്കുന്നില്ലെന്നതാണ്. ഞാൻ എം എക്കു പഠിച്ചിട്ട് എന്റെ വൈദഗ്ദ്ധ്യം കൊണ്ട് കുറേ എം. എക്കാരെ ഉണ്ടാക്കുന്നു. ഞാനാകുന്നഎം.എക്കാരനെക്കൊണ്ടോ,ഞാനുണ്ടാക്കുന്ന എം എക്കാരെക്കൊണ്ടോ ഒരു പ്രയോജനവുമില്ല. വിദ്യാഭ്യാസം പ്രൊഡക്ടീവല്ല. ഇവിടെ വിദ്യാഭ്യാസം വ്യവസായമായിത്തീരുകയാണ്. അങ്ങനെ ആയിക്കൂടെ എന്നുചോദിക്കാം. പക്ഷേ വിദ്യാഭ്യാസമെന്നത് യഥാർത്ഥ വ്യവസായം അല്ല. വിദ്യഎന്നത് ഒരാവശ്യത്തിനുവേണ്ടിയുള്ളതാണ്. നമ്മൾ പഠിപ്പിക്കുന്നത് വേറൊരാളെ പഠിപ്പിക്കാനാണെന്നു പറയുന്നത് ഒരു വിദ്യയല്ല. പഠിക്കുക എന്നതും പഠിപ്പിക്കുക എന്നതും പ്രൊഡക്ടീവല്ല. എന്നിട്ട് നമ്മൾ ചെന്ന് കണ്ടംകൊത്തുന്നയാളെക്കാൾ മാന്യനായി നടക്കും. കാരണം, കണ്ടംകൊത്തുന്നയാൾ എന്തെങ്കിലും ചെയ്യുന്നുണ്ട്. നമ്മളൊന്നും ചെയ്യുന്നില്ല. ഒന്നും ചെയ്യാത്തയാളെയാണ് മാന്യനെന്ന് വിളിക്കുന്നത്.

നമ്മുടെ ഭാഷാപരമായ, സാഹിത്യപരമായ, വിദ്യാഭ്യാസത്തിനുള്ള വലിയൊരു കോട്ടം അതൊരു പ്രൊഡക്ടീവ് ആക്ടിവിററി അല്ലെന്നതാണ്. എല്ലാ ഭാഷാവിദ്യാഭ്യാസ രീതികളിലും നമ്മൾ പഠിക്കുന്നത് മൃതകാലത്തെ സാഹിത്യ കൃതികൾ ആസ്വദിക്കുവാനും നിരൂപണം ചെയ്യുവാനുമാണ്. പഴയ വിദ്യ അഭ്യസിക്കുന്നതുപോലെ തന്നെ പുതിയ വിദ്യ അഭ്യസിക്കുന്ന ഒരു ഉപകരണംകൂടിയായിമാറിയാലേ വിദ്യാഭ്യാസം സമകാലികവും സർഗ്ഗാത്മകവും ആവുകയുള്ളു. ലോകത്തു നടക്കുന്ന എല്ലാ ചലനങ്ങളെയും ഉൾക്കൊള്ളാൻ വിദ്യാർത്ഥിക്ക് കഴിയുകയുള്ളൂ. സാഹിത്യം പഠിപ്പിക്കാനാണ് നിർമിക്കാനല്ല ഇന്നു പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ക്ലാസ്സിൽ പഠിപ്പിക്കുന്നതിന് നേരെമുഖം തിരിഞ്ഞിരിക്കുന്ന അല്ലെങ്കിൽ അതിനെ എതിർക്കുന്ന ഗുരുത്വദോഷിയായ ഒരുവനാണ് പുറത്തുപോയി കഥയെഴുതുന്നത്. അങ്ങനെയുള്ള ഒരാളെ നമ്മൾ ഒരു എക്സ്ട്രാ കരിക്കുലക്കാരനായി കാണുന്നു. ഇത് അടിസ്ഥാനപരമായിത്തന്നെ അനീതിയാണ്. എത്ര മലയാളം പഠിച്ചാലും, എത്ര ഇംഗ്ലീഷ് പഠിച്ചാലും ഈ പഠിച്ചത് വച്ച് ആരും ഇംഗ്ലീഷ് കവിതയോ മലയാളം കഥയോ എഴുതുന്നില്ല. ഇവിടെ എഴുതാൻ കഥയില്ലാഞ്ഞിട്ടോ, ആളില്ലാഞ്ഞിട്ടോ അല്ല. ഇന്നുവരെയുള്ളതിന്റെ ഇരട്ടിയാൾക്ക് കഥയെഴുതാനുള്ള കഴിവുണ്ട്. സാഹിത്യത്തിനുള്ള പ്രത്യേകത സാഹിത്യം എത്രയും ആസ്വദിക്കാമെന്നതാണ്. അരിയോ ഗോതമ്പോ ഓവർപ്രൊഡക്ഷൻ ആയാൽ കടലിൽ എറിയുന്നതുപോലെയല്ല. പക്ഷേ, കല സൃഷ്ടിക്കാനാളില്ല. കാരണം എങ്ങനെയാണ് ഒരു നല്ല ചിത്രം വരക്കേണ്ടതെന്നോ, എങ്ങനെയാണൊരു നല്ല കവിത എഴുതേണ്ടതെന്നോ പഠിപ്പിക്കേണ്ട വിദ്യാഭ്യാസം നമ്മുടെ നാട്ടിലില്ല. നമ്മുടെ ഭാഷാപരവും കലാപരവുമായ വിദ്യാഭ്യാസരീതി, ഉപയോഗിക്കാൻ പഠിപ്പിക്കുന്നതാണ്; ഉല്പാദിപ്പിക്കാനല്ല. എഴുത്തുകാരെ ഉണ്ടാക്കുന്നില്ല, വായനക്കാരെയേ ഉണ്ടാക്കുന്നുള്ളൂ. അതുകൊണ്ടാണ് സാഹിത്യ വിദ്യാഭ്യാസ രീതികൾ മൗലികമായി തെററാണെന്ന് പറയുന്നത്.

മിക്കവാറും നമ്മുടെ ശാസ്ത്രവിദ്യാഭ്യാസരീതികളും അങ്ങനെ തന്നെയാണ്. നമ്മുടെ ശാസ്ത്രക്ലാസ്സുകളൊന്നും ഉല്പാദകനായിട്ടുള്ളശാസ്ത്രജ്ഞനെ ഉണ്ടാക്കുന്നില്ല. എല്ലാം തിയററ്റിക്കൽ ആവുകയാണ് പ്രാക്ടിക്കൽ ആവുകയല്ല. ഇതുകൊണ്ട് സമൂഹത്തിൽ ധാരാളം ആളുകൾ ഉണ്ടാകേണ്ടിയിരിക്കെത്തന്നെ ധാരാളം ആളുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നു. അതാണ് ഇവിടത്തെ പ്രതിസന്ധി. ഇത്തരത്തിലുള്ള പ്രതിസന്ധി നമ്മുടെ സമൂഹത്തിലുണ്ടാകുന്നത്, പ്ലാനിംഗിലുള്ള അപാകതകൾകൊണ്ടും, ശാരീരികാദ്ധ്വാനത്തോട് നമ്മുടെ ജനങ്ങൾക്കുള്ള വെറുപ്പുകൊണ്ടും, വിദ്യാഭ്യാസ രീതിയിൽ പൊതുവെയുള്ള കൺസ്യൂമർ ഓറിയന്റഡു സ്വഭാവംകൊണ്ടുമാണ്.

## സംവാദ വിദ്യാഭ്യാസം

പെൻഷൻ പററിയ എല്ലാ ആളുകളും കാലഹരണപ്പെട്ടവരാണ്. പെൻഷൻ പററുന്ന കാലം വരെ ഞാനും, ഇപ്പോഴും നിങ്ങളും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് കാലഹരണപ്പെട്ട വസ്തുതകളാണ്. അദ്ധ്യാപകലോകം ഒരു വ്യവസ്ഥയുടെ ഭരണകൂടത്തിന്റെ, ഒരു താല്പര്യത്തിന്റെ പഴയ ആശയങ്ങൾ വില്ക്കുവാൻ നിയോഗിക്കപ്പെട്ടിട്ടുള്ള ഒരു വർഗ്ഗമാണ്. ഇത് നാം മറക്കുന്നത്, മറക്കുകയാണ് സൗകര്യം എന്നുള്ളതുകൊണ്ടാണ്. ലോകത്തിലെ എല്ലാ വ്യവസ്ഥകളുടേയും നിലനില്പിനുള്ള ഉപകരണം ആണ്, ഒരു പക്ഷേ മൗലികമായ ഉപകരണമാണ് വിദ്യാഭ്യാസം. ഇത്തരം ഒരു ഉപകരണം കൈകാര്യം ചെയ്യുമ്പോൾ നാം അറിയാതെ നിലവിലിരിക്കുന്ന വ്യവസ്ഥയുടേയും നിലവിൽ ന്യായം എന്നപേരിൽ നടക്കുന്ന അന്യായങ്ങളുടേയും നിലവിൽ സത്യമെന്ന പേരിൽ പ്രചരിപ്പിക്കപ്പെടുന്ന അസത്യങ്ങളുടേയും വക്താക്കളായിത്തീരുകകൂടി ചെയ്യുന്നുണ്ട്. ഒരു അമ്പലത്തിൽ എഴുന്നള്ളിച്ച ആനയെപ്പോലെ ഒരു കുഴികുത്തി, ഒരു കെണിവെച്ച് ആനക്കുട്ടികളെ പിടിച്ച് അതിനെ നഴ്സറികളിലിട്ട് ഒരുക്കി വളർത്തിയെടുത്ത് ഏതാനും ആനകളെ തടിപിടിക്കാനും, പണിയെടുക്കാനും, ഏതാനുംപേരെ രാജാവിന് സവാരി ചെയ്യാനും, ഏതാനും ആനകളെ ദേവന്മാർക്ക് സവാരി ചെയ്യുവാനുമുള്ള തലയെടുപ്പുള്ള ഉപകരണങ്ങളാക്കി മാററിത്തീർക്കുക എന്നുള്ളതാണ് ആനയുടെ വിദ്യാഭ്യാസ പദ്ധതി. നമ്മുടെ വിദ്യാഭ്യാസപദ്ധതി അതല്ല. അങ്ങനെ ഒരു കാട്ടിൽ അലഞ്ഞുനടക്കുന്ന ആനയെ ഒരു കുഴിയിൽ നിർബന്ധമായി വീഴ്ത്തുക. അങ്ങനെ വീഴ്ത്തിയാൽ ഒരു കുട്ടിയെ നാം നമുക്ക് സാധിക്കുന്ന എല്ലാ മർദ്ദനമുറകളും ഉപയോഗിച്ച് പാകപ്പെടുത്തുന്നു. അത് പലതരത്തിലുമാകാം. തോട്ടികൊണ്ട് കുത്തിയിട്ടാകാം, പഴം കൊടുത്തിട്ടാകാം. മററു പലതരത്തിൽ രൂപപ്പെടുത്തി എടുക്കുകയും രൂപപ്പെടുത്തിയെടുത്ത ഒരു കുട്ടിയെ നാം മൂല്യവത്താണ് എന്നു കരുതുന്ന ഒരു വ്യവസ്ഥയുടെ ഉപകരണങ്ങളാക്കി മാററിത്തീർക്കുകയും ചെയ്യുന്നു. അതിലൊന്ന് ഉപയുക്തതയാണ്. നമുക്ക് ഇന്ന് നിലവിലിരിക്കുന്ന വ്യവസ്ഥയുടെ തടിപിടിക്കാൻ വിദ്യാർത്ഥികളെ ഒരുക്കിയെടുക്കാം. ഇന്ന് ജീവിച്ചിരിക്കുന്ന, മാന്യന്മാരാണെന്നു കരുതുന്ന, ആളുകളെ പേറിക്കൊണ്ടു നടക്കുവാനുള്ള ഉപകരണങ്ങളാക്കി തീർക്കാം. അങ്ങനെ തീർക്കുമ്പോൾ ''കിരാങ്ങാട്ട്'' കേശവനെപ്പററി അങ്ങനെ പറയാറുണ്ട്. അല്പം പൊക്കം കുറവാണെങ്കിലും കേശവന്റെ തലയിൽ കോലം കയറുമ്പോൾ കയററിക്കഴിഞ്ഞാൽ ഇറക്കുന്നതുവരെ കേശവൻ തല ഉയർത്തിയേ പിടിക്കൂ. നാം നമ്മുടെ തലയിലുള്ളത് ദൈവമാണെന്നും നാം ദൈവത്തെ ചുമക്കുന്ന വലിയ ആളാണെന്നും സാമാന്യമായി ധരിച്ചുപോകുന്നു. പക്ഷേ ഇത്തരം കാര്യങ്ങളുടെ ഒരു സാമാന്യസ്വഭാവം നാം ഈ തീരുമാനങ്ങളെടുക്കുന്നതൊന്നും ആനയോട് ചോദിച്ചിട്ടല്ലായെന്നുള്ളതാണ്. ആന തടിപിടിക്കുന്നതും ദേവനെ ചുമക്കുന്നതും, ആന ഒരുപക്ഷെ ജയ്പൂരിലെ രാജാവിനെ ചുമന്നുകൊണ്ട് പോകുന്നതും, ആന നമ്മുടെ മാന്യന്മാരെ കൈയുയർത്തി സലാംവയ്ക്കുന്നതും ആനയുടെ ആവശ്യപ്രകാരമല്ല. ആനയ്ക്ക് നാം നല്കുന്ന പല Intimidations ഫലമായാണ്. നാം പുറത്തുവന്നുപറയുന്നത് ആനയുടെ ജീവിതം ചരിതാർത്ഥമാണ് എന്നാണ്. നമ്മുടെ കഴുത്തിൽ ഒരു മാലയിടുവാൻ ദേവനെ മുതുകിൽ ചുമന്നുകൊണ്ട് നടക്കുവാൻ വ്യാവസായിക ബൂർഷ്വ പ്രഭുത്വത്തിന്റെ വിടുവേലചെയ്യുവാൻ ഒരു വർഗ്ഗത്തെ താപ്പാനകളെപ്പോലെ ഒരുക്കിയെടുത്തതിനുശേഷം നാം ചെയ്യുന്നത് വിശിഷ്ടമായ ജോലിയാണ് എന്ന് തീരുമാനിക്കുവാൻ നമുക്ക് വളരെ കുറച്ചേ അവകാശമുള്ളൂ. ഇത് അസുഖകരമായ ഒരു വാസ്തവമാകാം. എങ്കിലും നമ്മെ സംബന്ധിച്ച മൗലികമായ വാസ്തവം. റിട്ടയർ ചെയ്ത ഒരു അദ്ധ്യാപകൻ സ്വതന്ത്രനായ അദ്ധ്യാപകനാണ്. അയാൾക്ക് എന്തും പറയാം. പക്ഷെ നാം ഇപ്പോൾ ഓർക്കുന്നതും ഈ കാലം മുഴുവൻ നാം എന്തുചെയ്യുകയായിരുന്നു എന്നുകൂടിയാണ്. ഒരു വ്യാവസായിക ഉപയോഗം തടിപിടിക്കൽ അത് ആനയുടെ ഒരു സെക്കുലർ ഉപയോഗമാണെന്നുപറയാം. കാരണം തടിക്ക് മതമില്ലാത്തതുകൊണ്ട് തടികൾ വ്യവസായികളുടേതായതുകൊണ്ട് കാട്ടിലെ മരം വലിക്കുന്ന തേവരുടെ ആന താപ്പാന ഒരു വ്യാവസായികയുഗത്തിലെ തൊഴിലാളിയാവും. നാം ബഹുമാനിക്കുന്ന പ്ലേറെറായുടെ സമുദായത്തിൽ പടപ്പാട്ടുപാടുകയും യുദ്ധം ചെയ്യുകയുമാണ് ഒരു മനുഷ്യന്റെ പ്രാഥമികവും മൗലികവുമായ ലക്ഷ്യം. ഒരു യോദ്ധൃസമുദായത്തിൽ യുദ്ധം ചെയ്യുന്നവനാണ് മാന്യൻ. ഒരു കച്ചവടസമുദായത്തിൽ Aggressive ആയിട്ടുള്ള ആളാണ് മാന്യൻ. Aggressive അല്ലാത്ത ഒരു കുട്ടിക്കും ഇന്നു നമ്മുടെ സമുദായത്തിൽ ജോലി കിട്ടില്ല. Aggressiveness is a Bourgeois virtue എന്നുപറയും. ഇന്ത്യാക്കാർ പണ്ടു ജീവിച്ചിരുന്ന ഫ്യൂഡൽ സമുദായത്തിൽ Aggressiveness ഒരു മൂല്യമല്ല മറിച്ച് വിനയമാണ് മൂല്യം. വിനയം മൂല്യമായിത്തീരുന്നത് അതായത് ഒരുവന് എന്തറിയാമോ അതറിയില്ലെന്നു പറയുക എന്ത് ചെയ്യാൻ കഴിയുമോ ചെയ്യാൻ കഴിയില്ലെന്ന് പറയുക. എന്തു അർഹതയുണ്ടോ അതിനർഹതയില്ലെന്ന് സ്വയം പറയുക. ഇത് ഒരു ഫ്യൂഡൽ സമുദായത്തിന്റെ ജീവിതതന്ത്രമാണ്. വിനയം എന്നുള്ളത് ഇന്ത്യൻ സമുദായത്തിന്റെ ഒരു ജീവിതതന്ത്രമാണ്. വിനയം ഒരു ഗുണമാണെന്ന് പഠിപ്പിച്ചിട്ടുണ്ട്. എനിക്കത് ഇപ്പോഴും ബോദ്ധ്യമല്ല. കാരണം വിനയം എന്നത്

ന്നുണ്ട പറയാനുള്ള ഒരു പരിശീലനമാണ്. അതുകൊണ്ട് വിനയാന്വിതനായ ഒരു Sales Representativeനെ നിങ്ങൾക്ക് കാണാൻ കഴിയില്ല. കാരണം He must sell. വിൽക്കുകയെന്നുള്ളത് നിങ്ങളുടെ പഴ്സിന്റെ മേലുള്ള ഒരു കയ്യേറ്റമാണ്. നിങ്ങളുടെ തലച്ചോറിന്റെ മേലുള്ള ഒരു കയ്യേറ്റമാണ്. പരസ്യം എന്നുള്ളത് നിങ്ങളുടെ ഹൃദയത്തിന്റെ മേലുള്ള കയ്യേറ്റമാണ്. നിങ്ങളുടെ വികാരങ്ങളെ കൈയേറി അടിമപ്പെടുത്താൻ സാധിച്ചില്ലായെങ്കിൽ നിങ്ങളുടെ ''പഴ്സ്'' കുത്തിച്ചോർത്തുവാൻ കഴിഞ്ഞില്ലായെങ്കിൽ നാക്കുകൊണ്ട് അടിപ്പെടുത്താൻ കഴിഞ്ഞില്ലായെങ്കിൽ ബൂർഷ്വാ സമുദായത്തിൽ ഒരു യുവാവിന് അവന്റെ തൊഴിൽ കിട്ടുകയില്ല. അതുകൊണ്ട് നാം ഇവിടെ വിനയത്തെപ്പററി പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾപോലും ബൂർഷ്വാ സമുദായത്തിലെ പ്രധാനപ്പെട്ട മനുഷ്യഗുണം വിനയമല്ല മറിച്ച് Aggressiveness ആയിത്തീരുന്നു. അപ്പോഴും നാം വിചാരിക്കുന്നത് നാം നമ്മുടെ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നത് പഴയ വിനീത ശിഷ്യൻമാരുടെയും പഴയ സർവ്വജ്ഞൻമാരായ അദ്ധ്യാപകരുടെയും കഥയാണ്. ഈ കഥ പറഞ്ഞുകൊണ്ടിരിക്കെത്തന്നെ നാം അറിയുന്നത് ഈ വിജ്ഞാനമെല്ലാം പൂർണ്ണമായും കാലഹരണപ്പെട്ടതാണ് എന്ന്. ഈ തന്ത്രമെല്ലാം ഇന്നത്തെ സമുദായത്തിന് അനുയോജ്യമല്ലായെന്നും. ഇതിനെക്കാൾ കഠിനമായ ജീവിതചര്യകൾ പരിപാലിച്ചുപോന്ന ജപ്പാനിലെ സമുദായം, സെൻ ബുദ്ധമതം അനുസരിച്ച് പോന്ന, 'ഷിൻറ്റോമതം' അനുസരിച്ച് പോന്ന, ജപ്പാനിലെ വളരെ വിനീതമായ സമുദായം, അവരുടെ അടവുകൾ മാററിച്ചവിട്ടുകയും ഒരു പുതിയ യുഗത്തിനു വേണ്ടിയുള്ള ഉല്പാദനരീതിക്കുവേണ്ടിയുള്ള പരിശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നും നാം മറന്നുപോകുന്നു. നാം നമ്മുടെ നാട്ടിൽ പ്രചരിപ്പിക്കുന്ന എല്ലാ കാര്യങ്ങളും നേരത്തെ പറഞ്ഞതാണ്. അതായത് നാമിപ്പോൾ നൂറു കുട്ടികളിൽ 25 കുട്ടികൾ പാസാകുന്നതിനെക്കുറിച്ച് ദുഃഖിക്കുന്നു. നൂറുകുട്ടികളിൽ 25 കുട്ടികളെ പാസാകാൻ പാടുള്ളു എന്നുള്ളത് നമ്മുടെ ആവശ്യമാണ്. കാരണം ജയിക്കുന്ന ഓരോ കുട്ടിയും ഓരോ വിദ്യാർത്ഥി പ്രശ്നമാണ്. വിദ്യാർത്ഥി പ്രശ്നമെന്നത് വിദ്യാർത്ഥിയായിരിക്കുമ്പോഴുള്ള പ്രശ്നമല്ല. ഒരു കുട്ടി ജനിക്കുമ്പോൾ അവൻ ഒരു ഡിമാൻറാണ്. അവൻ നമ്മുടെ ആവശ്യമാണ്. അവൻ ഒരു ഭീഷണിയാണ്. സമുദായത്തെ കുലുക്കുന്ന നമ്മുടെ സമുദായത്തെ വിറപ്പിക്കുന്ന ഒരുപകരണമാണ്. അതുകൊണ്ട് നമ്മുടെ കുട്ടികൾ തോൽക്കുകയും, ബഞ്ചിലിരുന്ന് ബഞ്ച് തേഞ്ഞുപോകുന്നതുവരെ അവിടെത്തന്നെ ഇരിക്കുകയും, അവർ പഠിച്ച് മിടുക്കൻമാരായി തീരാതിരിക്കുകയും ചെയ്യണം എന്നത് നമ്മുടെ അല്ലെങ്കിൽ അദ്ധ്യാപകവൃന്ദസമൂഹത്തിന്റെ പ്രധാനപ്പെട്ട ആവശ്യങ്ങളിൽ ഒന്നാണ്. അതുകൊണ്ടുകൂടിയാണ് നാം തന്നെ തിരഞ്ഞെടുത്തു നാം തന്നെ അദ്ധ്യാപനം നടത്തി, നാം തന്നെ പറഞ്ഞുകൊടുത്ത പാഠങ്ങൾ പഠിക്കുന്ന കുട്ടി തോൽക്കുന്നത്. എന്തുകൊണ്ട് നൂറുകുട്ടികളിൽ 75 കുട്ടികൾ അപ്രത്യക്ഷരായിത്തീരുന്നു എന്ന് നാം സ്വയം ആലോചിക്കാത്തത് എന്താണ്? നാം ഇങ്ങനെ കുട്ടികളെ വിലയിരുത്തുന്നതിന്റെ മാനദണ്ഡം? എങ്കിൽ തീർച്ചയായും ഞാൻ പഠിച്ചിടത്തോളം, അറിഞ്ഞിടത്തോളം എനിക്കുമറിയില്ല നിങ്ങൾക്കുമറിയില്ല. നാം ഒരു അദ്ധ്യാപകനും കണക്ക് പഠിപ്പിച്ചിട്ട് ഒരു രാമാനുജനെ ഉണ്ടാക്കിയിട്ടില്ല. ഒരു രാമാനുജൻ ഉണ്ടായത് അദ്ധ്യാപനത്തിന്റെ ഫലമല്ല. അദ്ധ്യാപകരുണ്ടായിട്ടും ഒരു രാമാനുജൻ ഉണ്ടായി എന്നും മലയാളം അദ്ധ്യാപകൻമാർ ഉണ്ടായിട്ടും പിന്നെയും നോവലെഴുത്തുകാർ ഉണ്ട് എന്നും കവികൾ ഉണ്ട് എന്നും ശാസ്ത്രം നാം വളരെ പഠിപ്പിച്ചിട്ടും പിന്നെയും ശാസ്ത്രജ്ഞൻമാർ നമ്മുടെ നാട്ടിൽ ഉണ്ടാകുന്നുണ്ടല്ലോ എന്നുമുള്ളതാണ് നമ്മുടെ വിദ്യാഭ്യാസ പദ്ധതിയുടെ ഏററവും വലിയ അത്ഭുതങ്ങളിലൊന്ന്.

നാം വിദ്യാർത്ഥികൾക്ക് വിളമ്പുന്ന സാധനങ്ങളെല്ലാം വാസ്തവത്തിൽ നമ്മുടെ ഏററവും പരിഷ്കൃതമായ, ഏററവും ബുദ്ധിപൂർവ്വമായ വിദ്യാഭ്യാസ പദ്ധതി എന്ന് നാം കരുതുന്ന വിദ്യാഭ്യാസം കഴിച്ചുവരുന്ന കുട്ടികൾക്കെല്ലാം- ഞാൻ വളരെ വളരെ സാധാരണമായ കാര്യങ്ങളാണ്, വളരെ വലിയ കാര്യങ്ങളെ കുറിച്ചല്ല പറയുന്നത്. നാമെപ്പോഴും ആലോചിക്കുന്നത് പഠിച്ചു വരുന്ന കുട്ടികൾക്ക് ജോലി കിട്ടുമോ എന്നാണ്. അതുകൊണ്ട് പഠിച്ചുവരുന്ന കുട്ടികൾക്കെല്ലാം ജോലി കിട്ടുമെങ്കിൽ, പഠിച്ചുവരുന്ന കുട്ടികൾക്കെല്ലാം തൊഴിലില്ലായ്മവേതനം കിട്ടുമെങ്കിൽ അങ്ങിനെയൊരു വ്യവസ്ഥ ഉണ്ടാക്കാൻ കഴിയുമെങ്കിൽ നാം വിചാരിക്കുന്നത് നാമുണ്ടാക്കുന്ന വ്യവസ്ഥ മനോഹരമായൊരു വ്യവസ്ഥ എന്നാണ്. ഈ ലോകത്തിൽ അത്തരമൊരു വ്യവസ്ഥ എന്തുല്പാദിപ്പിക്കുന്നു ഒരു വ്യക്തിക്കെന്തു നൽകുന്നു എന്ന് നാം അന്വേഷിക്കുന്നതേയില്ല. അതായത് തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുക എന്നുള്ളത് ഒരുത്തമ സമുദായത്തിന്റെ സൃഷ്ടിയുടെ ഒരു ചെറിയ അംശം മാത്രമേ ആയിത്തീരുന്നുള്ളു. നാമിപ്പോഴും, ആ അംശത്തിൽനിന്നും വളരെ ദൂരെയാണ് നിൽക്കുന്നത്. ഒരു മനുഷ്യന്റെ പൂർണ്ണത, ഒരു മനുഷ്യന്റെ വികാസം അവന് ലോകത്തിനു നൽകാൻ എന്തുണ്ടോ, അതുമുഴുവൻ നൽകുവാൻ കഴിയുകയാണ്. From each according to his ability. നാം കുട്ടി

കളെ M A വരെ പഠിപ്പിക്കുകയും Phd വരെ പഠിപ്പിക്കുകയും, BTech ന് പഠിപ്പിക്കുകയും, ഈ BTechഉം, MScയും Phdയും പഠിച്ച കുട്ടികൾ Salesman മാരായിപ്പോവുകയും ചെയ്യുന്നു. നാം പഠിപ്പിച്ചത് എത്ര നിഷ്പ്രയോജനകരമാണ് എന്ന് അവർ ഒരു നിമിഷം കൊണ്ട് മനസ്സിലാക്കുന്നു. നാം എന്നിട്ടും നമ്മുടെ വ്യവസ്ഥ വളരെ വിശിഷ്ടമാണ് എന്നും നമ്മുടെ വിദ്യാഭ്യാസം വളരെ മഹനീയമാണ് എന്നും ഇൻഡ്യയിലെ ഗുരുശിഷ്യബന്ധമാണ് ലോകത്തിലെ ഏറ്റവും നല്ല ഗുരുശിഷ്യബന്ധമെന്നും വിശ്വസിച്ചുപോരുന്നു. വാസ്തവത്തിൽ താൽക്കാലികങ്ങളായ വ്യവസ്ഥകളുടെ നിലനില്പിനുവേണ്ടി, അതായത് യുദ്ധപ്രധാനമായ കാലഘട്ടങ്ങളിൽ നമ്മുടെ കവികൾ വിചാരിക്കുന്നത് യുദ്ധം ചെയ്യുകയാണ്, യുദ്ധം ചെയ്യിക്കുകയാണ് അവരുടെ കർത്തവ്യം എന്നാണ്. അതുകൊണ്ട് ഇന്ത്യയിലെ സ്വാതന്ത്ര്യസമരകാലത്ത്, ഇന്ത്യയിലെ പഴയ ആളുകൾ പറഞ്ഞിരുന്നത് നിയമം അനുസരിക്കാനുള്ളതല്ല, നിയമം ലംഘിക്കാനുള്ളതാണ് എന്നാണ്. വളരെ ചെറിയ കാര്യമാണ്. നിയമത്തിന് രണ്ടു ഉപയോഗമുണ്ട്. ഞങ്ങളെയൊക്കെ പഠിപ്പിച്ചിടത്തോളം നിയമത്തിന് രണ്ട് ഉപയോഗമുണ്ട്. ഒന്ന് നിയമം അനുസരിക്കാനുള്ളതാണ് എന്നതും, മറ്റൊന്ന് നിയമം ലംഘിക്കാനുള്ളതാണ് എന്നുള്ളതാണ്. നമ്മുടെ നാട്ടിൽ വളരെക്കാലം പഠിപ്പിച്ചുപോന്നത് നിയമം ലംഘിക്കാനുള്ളതാണ് എന്നാണ്. നിയമം ലംഘിക്കാനുള്ളതാണ് എന്നത് രാഷ്ട്രീയമായ ഒരു കണ്ടുപിടുത്തം മാത്രമല്ല ജീവിതത്തിലെ പല നിയമങ്ങളും ലംഘിക്കാനുള്ളതാണ് എന്ന് അറിയുകയും വിദ്യാഭ്യാസം എന്നുള്ളത്, വിദ്യാഭ്യാസത്തിന്റെ ഇന്നത്തെ മൗലികതത്വങ്ങളെ അട്ടിമറിക്കാനുള്ള ഒരു മാർഗ്ഗം കൂടിയാണ് എന്നു മനസ്സിലാക്കുകയും ചെയ്യുക. തീർച്ചയായും അദ്ധ്യാപകരുടെ പ്രധാനപ്പെട്ട ഒരു കടമയാണ് എന്ന് എനിക്കുതോന്നുന്നു. അതായത് നമ്മുടെ പ്രധാനപ്പെട്ട ചുമതല ഒരു പക്ഷെ ഈ കാലത്തിലെ ചുമതല എന്നുവേണമെങ്കിൽ പറയാം. ഇന്നത്തെ വിദ്യാഭ്യാസ പദ്ധതി അല്ലെങ്കിൽ ഇന്നുവരെ നാം പ്രോത്സാഹിപ്പിച്ചുപോന്ന വിദ്യാഭ്യാസ പദ്ധതി പൂർണ്ണമായും അയഥാർത്ഥമായ വിദ്യാഭ്യാസ പദ്ധതിയാണ്. അദ്ധ്യാപകന് ചോദ്യം ചോദിക്കാമെന്നും കുട്ടികൾക്ക് ചോദ്യം ചോദിച്ചുകൂടാ എന്നും പറയുന്ന പദ്ധതി തന്റെ ക്ലാസ്സിൽ നിരന്തരമായി പഠിച്ചുപോരുന്നൊരു കുട്ടിക്ക് താൻ സ്വന്തമായി മാർക്കിട്ട് അസസ്മെന്റ് നടത്തുമെന്നുപറയുന്ന പദ്ധതി അങ്ങിനെയാണ്. ഇതൊക്കെ വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഒരു കുട്ടിയെ മുഴുവൻ സമയവും ക്ലാസ്സിലിരുത്തി പഠിപ്പിച്ചിട്ട് 2കൊല്ലം, 4കൊല്ലം പഠിപ്പിച്ചതിനുശേഷം അവരെ ഒരു MAക്കാരനെ, ഒരു Mscക്കാരനെ 1250 മാർക്കിനുള്ള ചോദ്യം കൊടുത്ത് അവനെക്കൊണ്ട് ആ വിഷയത്തിൽ എല്ലാ ഉത്തരവും എഴുതിച്ചതിനുശേഷം അയാളെ നാം വീണ്ടുമൊരു ദിക്കിൽ വിളിച്ചുവരുത്തി അയാൾക്കൊരു വൈവാവോസി പരീക്ഷ നടത്തുകയും ചെയ്യുന്നു. ഒരു വാചാപരീക്ഷ നടത്തുന്നു. നമ്മുടെ നാട്ടിൽ ഒരു വിദ്യാർത്ഥിയും നമ്മുടെ നാട്ടിൽ ഒരദ്ധ്യാപകനും എന്തിനാണിത് നടത്തുന്നതെന്ന് ചോദിച്ചിട്ടില്ല. നമ്മുടെ നാട്ടിൽ നിലവിലിരിക്കുന്ന ഏറ്റവും വലിയ അസംബന്ധങ്ങളിലൊന്ന്. വളരെ ഭദ്രമായ വളരെ പക്ഷപാതരഹിതമായ ഒരു ക്ലാസ്സ് മുറിയിലിരുന്നുകൊണ്ട്, ഒരു പരീക്ഷാഹാളിലിരുന്നുകൊണ്ട് ഒരു കുട്ടി മൂന്നുമണിക്കൂർ വീതം, ആറോ എട്ടോ പത്തോ പേപ്പർ എഴുതിക്കഴിഞ്ഞതിനുശേഷം ഒരു വാചാപരീക്ഷകൻ അയാളെ റൂമിൽ വിളിച്ചുവരുത്തിയിട്ട് നിന്റെ വീട്ടുപേരെന്താണ് നിന്റെ നാട്ടുപേര് എന്താണ് എന്ന് ചോദിക്കുന്നു. ഈ രീതി നമ്മുടെ കുട്ടികളുടെ തലയ്ക്കിട്ട് ചൊട്ടാനുള്ള ഉപകരണമായി ഉപയോഗിക്കുന്നു എന്നുള്ളതാണ്. എല്ലാ അധികാരവും നാം കുട്ടികൾക്ക് കൊടുക്കുവാനുള്ള ഉപകരണമായിട്ടല്ല. കുട്ടികളുടെ തലച്ചോറിനുള്ള ഉപകരണമായിട്ടല്ല, കുട്ടികളുടെ തലയോടിൽ ചൊട്ടുവാനും, അവരെ ഇരുത്തുവാനും ഉള്ള ഉപകരണങ്ങളായാണ് നാം ഉപയോഗിക്കുന്നത്. അതുകൊണ്ട് സമ്പ്രദായത്തിനെ മാറ്റിച്ചു എന്നുള്ളതല്ല പ്രശ്നം. മാറ്റിച്ച് ഇങ്ങിനെയൊരു വ്യവസ്ഥ ആവശ്യമാണോ എന്നുള്ളതാണ്. നാം ഒരു കുട്ടിയുടെ പരീക്ഷാപേപ്പർ Value ചെയ്യുന്ന അദ്ധ്യാപകൻ തീർച്ചയായും പക്ഷപാതമുള്ള അദ്ധ്യാപകനാണെന്ന് നമുക്ക് സംശയമുള്ളതുകൊണ്ടാണ് ഒരുപക്ഷെ, നമുക്ക് തീർച്ചയുള്ളതുകൊണ്ടാണ് നാം നമ്മുടെ സർവ്വകലാശാലകളിൽ False Numbering System ഏർപ്പെടുത്തിയിട്ടുള്ളത്. നാമതു അംഗീകരിച്ചിരിക്കണം. ഇതാണെ നമ്മുടെ അദ്ധ്യാപകരെല്ലാം അംഗീകരിച്ച False Numbering System നിലവിലിരിക്കെ തന്നെ എന്തുകൊണ്ടാണ് നാം നമ്മുടെ ക്ലാസ്സുമുറികളിൽ അദ്ധ്യാപകൻ തന്നെ അനുസരിക്കുന്ന, തന്നെസ്നേഹിക്കുന്ന, തനിക്ക് കവറും ഇൻലന്റും വാങ്ങിത്തരുന്ന കുട്ടികൾക്ക് കൂടുതൽ മാർക്ക് കൊടുക്കുവാൻ സഹായകമാകുന്ന ഒരു ക്ലാസ്സ് റൂം അസസ്മെന്റും, പേഴ്സണൽ അസസ്മെന്റും കൊണ്ടുവരുന്നത്. ഒരദ്ധ്യാപകനും ഇതിനെ എതിർക്കുകയില്ല. കാരണം നമ്മുടെ കയ്യിലുള്ള വടി നമ്മുടെ കയ്യിലുള്ള അധികാരം ഒരു ബി. എഡ് വിദ്യാർത്ഥിയുടെ, അല്ലെങ്കിൽ ഒരു ടെക്നിക്കൽ വിദ്യാർത്ഥിയുടെ, ഒരു മെഡിക്കൽ കോളേജ് വിദ്യാർത്ഥിയുടെ തലയിൽ ചൊട്ടുവാനുള്ള അധികാരം വാസ്തവത്തിൽ അദ്ധ്യാപകന് കിട്ടുന്നത് അയാൾ ആ കുട്ടിയെ സ്വകാര്യമായി Asses ചെയ്യണം എന്നുള്ളതു

കൊണ്ടാണ്. ഇതെടുത്തുകളയുമ്പോൾ അദ്ധ്യാപകൻ പാവമായിതീരുന്നു. അതുകൊണ്ട് ഒരദ്ധ്യാപകനും ഈ അധികാരം എടുത്തുകളയാൻ ആഗ്രഹിക്കുകയില്ല. ബി. എ. ക്ലാസ്സിൽ എല്ലാ കുട്ടികളേയും വൈവാവോസി ഇല്ലാതെ പരീക്ഷിക്കാതെ ഇരിക്കൽ, പത്താം ക്ലാസ്സിൽ നമുക്കതു ചെയ്യാതെ ഇരിക്കൽ, എന്തുകൊണ്ട് M A ക്ലാസ്സിൽ ചെയ്തുകൂടാ എന്നുള്ളത് പ്രധാനപ്പെട്ടൊരു കാര്യമാണ്. അതായത് നിങ്ങൾ വളർന്ന് ഈ സമുദായത്തിലെ ഒരു ജോലി കിട്ടാൻ ബാദ്ധ്യതയുള്ള ഉത്തരവാദപ്പെട്ടൊരാളായി വളർന്നുകഴിയുന്ന സമയത്ത് നിങ്ങൾ എങ്ങിനെ പെരുമാറണമെന്ന് തീരുമാനിക്കുവാനുള്ള ഒരു അധികാരം, ഒരു ആയുധം, ഒരു ചൊട്ട് എന്റെ കയ്യിൽ വേണം എന്നുള്ളത് യാഥാസ്ഥിക സമുദായത്തിന്റെ ഒരുപകരണമാണ്. വാസ്തവത്തിൽ നാമിന്ന് വലിയ വിപ്ലവകരമായ ഒരുപകരണമായിട്ടാ ഇതു കൊണ്ടുനടക്കുന്നത്. എങ്കിലും നാമിന്നതറിയുന്നില്ല.

നാം ചെയ്യുന്ന മററു പല കാര്യങ്ങളും ഇതാണ്. വളരെ സാധാരണമായ കാര്യങ്ങളെക്കുറിച്ചാണ് പറയുന്നത്. അതായത് ഒരു 'ഇഡിയററി'നു വിദ്യാഭ്യാസത്തെക്കുറിച്ചു തോന്നുന്ന അഭിപ്രായങ്ങൾ മാത്രമെ ഞാനിവിടെ അവതരിപ്പിക്കുന്നുള്ളു. ഒരു അദ്ധ്യാപകൻ സാധാരണയായി പഠിപ്പിക്കുന്നത് അയാളുടെ കുട്ടികളെയാണ്. ഇന്ന് ഇൻഡ്യയിലാകെ ചർച്ചാവിഷയമായി തീർന്നുകൊണ്ടിരിക്കുന്ന ഒരു വിഷയം ഒരു അദ്ധ്യാപകനെ ആരു വിലയിരുത്തണം എന്നുള്ളതാണ്. നമുക്കതിന് സംശയമില്ല അദ്ധ്യാപകനെ വിലയിരുത്തുന്നത് ഹെഡ് അദ്ധ്യാപകനാണ്. ഹെഡ് അദ്ധ്യാപകനെയും മററദ്ധ്യാപകന്മാരേയും കൂടി വിലയിരുത്തുന്നത് AEOയും DEOയുമാണ്. ഇവരെയെല്ലാവരേയും കൂടി വിലയിരുത്തുന്നത് ഡയറക്ടറാണ്. അല്ലെങ്കിൽ ഡെപ്യൂട്ടി ഡയറക്ടറാണ്. അതിൽ ഒരു ഇഡിയററിനുതോന്നുന്ന സംശയം ഈ ഡെപ്യൂട്ടി ഡയറക്ടറെ ഈ അദ്ധ്യാപകൻ പഠിപ്പിച്ചിട്ടില്ലല്ലോ എന്നുള്ളതാണ്. The proof ofthe pudding is in the eating. താൻ തിന്നാത്ത ഒരു ഭക്ഷണത്തിന്റെ രുചി എന്താണെന്ന് പറയുവാൻ ആ പാചക വിദഗ്ദ്ധന്റെ വൈദഗ്ദ്ധ്യം എന്താണെന്ന് പറയുവാൻ എങ്ങിനെ ഒരു മേലധികാരിക്ക് അർഹതയുണ്ടാകും. മേലധികാരി എന്നുള്ള തെററായ ഒരു വാക്കിൽ ഒരു Lingustic Trap എന്നുപറയാം ഭാഷാപരമായ കെണിയിൽ നാം ചെന്നുവീഴുകയും, മേലധികാരി പറയുന്നതെല്ലാം ശരിയാണ് എന്നൊരു തോന്നൽ നമ്മുടെ മനസ്സിൽ രൂഢമൂലമായി തീരുകയും അങ്ങിനെ നിങ്ങളും ചെയ്യണമെന്നു നാം നിരന്തരമായി കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു ഭയം കൊണ്ട് കുട്ടികൾ അദ്ധ്യാപകന്മാരിൽ നിന്നും വിമോചിതരായി തീരുകയും ഒരു കുട്ടി മുലകുടി മാററിയിട്ട്, എനിക്കെന്റെ അമ്മയെ വേണ്ട എനിക്ക് ചോറുവേറെ കിട്ടും എന്നുപറഞ്ഞുപോകുന്നതുപോലെ. അതുകൊണ്ട് അമ്മയ്ക്കുള്ള ഭയം മുലകുടി മാറിയാൽ കുട്ടി സ്വതന്ത്രനായി പോകുമോ എന്നുള്ളതാണ്. അതുകൊണ്ട് അമ്മ എപ്പോഴും, മോനെ, മോനെ എന്നുപറഞ്ഞ് ഇങ്ങോട്ടുവിളിക്കുന്നു. That what is the warning. ഒരു കുട്ടി മുലകുടി മാറുന്നതുപോലെ ഒരു വിദ്യാർത്ഥി അയാളുടെ അദ്ധ്യാപകനിൽ നിന്ന മുലകുടി എന്നുള്ള വിദ്യാഭ്യാസം പതുക്കെ പതുക്കെ മാററിക്കൊണ്ടുവരികയും അവൻ വിദ്യാഭ്യാസം മററുപല ദിക്കിൽനിന്നും ശേഖരിക്കാൻ തുടങ്ങുകയും തിരിച്ചുവന്ന് വിദ്യാഭ്യാസത്തേയും അദ്ധ്യാപകരേയും ചോദ്യം ചെയ്യാൻ തുടങ്ങുകയും ചെയ്യുന്നു. വളരെ ചെറിയൊരു കാര്യം ഈ മാസങ്ങളിൽ ഇൻഡ്യയിൽ മുഴുവൻ ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നൊരു കാര്യമാണെന്നു നിങ്ങൾക്കറിയാം. ആരാണ് ഒരദ്ധ്യാപകനെ വിലയിരുത്തുവാൻ അർഹതയുള്ള മനുഷ്യൻ? ഒരു മനുഷ്യനേയുള്ളു ഞാനറിഞ്ഞിടത്തോളം ഒരു ആളേയുള്ളു. അതയാൾ പഠിപ്പിക്കുന്ന വിദ്യാർത്ഥിയാണ്. എനിക്കെന്താണ് വിളമ്പിയത് എന്നുപറയാനുള്ള അവകാശം വാസ്തവത്തിൽ ഉണ്ടവനുമാത്രമേയുള്ളു. അതുകൊണ്ട് ലോകത്തെമ്പാടും Student Assesment എന്നുള്ള പുതിയ ആശയം ഒരുപക്ഷേ നമ്മുടെ ഭാവനയ്ക്കു അതീതമായി വളർന്നുകൊണ്ടിരിക്കുന്നു. 1970 കളിൽ പെറു യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികൾ ഈ അധികാരം പിടിച്ചു പററുകയും, അദ്ധ്യാപകന് മാർക്കിടുകയും, അദ്ധ്യാപകനെ പിരിച്ചയക്കാനുമുള്ള അധികാരം സ്ഥാപിച്ചെടുക്കുകയുമുണ്ടായി. അതു പെറുവിലാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നൊരു രാജ്യമാണ്. നാം വിദ്യാഭ്യാസപരമായി മുന്നോക്കം നിൽക്കുന്ന ഒരു രാജ്യത്തിലെ അംഗമാണ്. അതുകൊണ്ട് നാമിപ്പോഴും വിചാരിക്കുന്നത് ഉണ്ണാമനാണ് ഊണിന്റെ അഭിപ്രായം പറയേണ്ടത് എന്ന സാമാന്യ ബുദ്ധിയുള്ള തത്വത്തിനുപകരം നാമിപ്പോഴും വിശ്വസിച്ചുവരുന്നത് വിദ്യാഭ്യാസത്തിന്റെ മൂല്യം നിർണ്ണയിക്കേണ്ടത് മേലധികാരികളാണ് എന്നാണ്. ഈ മേലധികാരി എന്ന പദം മേലധികാരി വേണ്ട എന്നർത്ഥത്തിലല്ല. മേലധികാരികൾ വേണമോ എന്നെനിക്കറിയില്ല. പക്ഷെ ഈ ഒരു പദം ശരിയെക്കുറിച്ചുള്ള തെററിനെക്കുറിച്ചുള്ള ഒരു തെററായ ധാരണ നമ്മുടെ മനസ്സിലുണ്ടാക്കുന്നു. അതുകൊണ്ട് നാം നിരന്തരമായി ഇന്ന് സ്വീകരിച്ചുപോരുന്ന മൂല്യനിർണ്ണയ സമ്പ്രദായം വിദ്യാഭ്യാസത്തെ വിലയിരുത്താൻ ഒരു വിദ്യാർത്ഥിക്ക് അർഹതയില്ല

എന്നതാണ്. ഇതിൽ മൗലികമായ ഒരു തെറ്റുണ്ട്. ഈ തെറ്റ് നിലനിന്നുവരുവാൻ കാരണം നമ്മുടെ അല്ലെങ്കിൽ നമ്മുടെ വർഗ്ഗത്തിന്റെ വളരെ പരിമിതമായ സ്വകാര്യ താല്പര്യമാണ്; അല്ലെങ്കിൽ സ്ഥാപിത താല്പര്യമാണ്. Vested Interest ആണ്. സാധാരണ പറയാറുള്ള ഉദാഹരണം രവീന്ദ്രനാഥ ടാഗോർ അദ്ദേഹത്തിന്റെ പ്രസിദ്ധമായ ശാന്തിനികേതനം സ്ഥാപിച്ചപ്പോൾ മുന്നോട്ടുവെച്ചിരുന്ന ഒരുകാര്യം അവിടെ വിദ്യാർത്ഥികൾ ചോദ്യം ചോദിക്കുകയും അദ്ധ്യാപകർ ഉത്തരം പറയുകയും ചെയ്യണം എന്നാണ്. തീർച്ചയായും ആ ജോലിക്ക് അപേക്ഷകർ വളരെ കുറവായിരുന്നു. കാരണം അത് ഒരു 'ഇഡിയററി'ന്റെ വിദ്യാഭ്യാസം ആണ് എന്നതുകൊണ്ടാണ്. അറിവില്ലാത്ത വിദ്യാർത്ഥി അറിവുള്ള അദ്ധ്യാപകനോട് ചോദ്യം ചോദിക്കുക എന്ന സാമാന്യ ബുദ്ധിയനുസരിച്ചുള്ള സിദ്ധാന്തമല്ല. മറിച്ച് അറിവുള്ള അദ്ധ്യാപകൻ അത് ഒരു Vested Interest ആയി കയ്യിൽ കൊണ്ടു നടക്കുന്ന അദ്ധ്യാപകൻ ഒരു വിദ്യാർത്ഥിയെ അയാളുടെ കൂലിപ്പണിക്കാരനാക്കി തീർക്കുകയും അയാളോട് ചോദ്യങ്ങൾ ചോദിക്കുകയും അയാളെ ശിക്ഷിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. ദശാംശ സമ്പ്രദായം പ്രചരിച്ചിട്ടും 13-ന്റെയും 16-ന്റെയും ഗുണനപട്ടിക ഇന്ത്യയിൽ നിലനിന്നതും ദശാംശസമ്പ്രദായം സ്വീകരിക്കാതെയിരുന്നതും അദ്ധ്യാപകന്റെ ഈ ആധിപത്യം നിലനിർത്താനാണ്.

മലയാളം പഠിപ്പിക്കുമ്പോൾ ഭാഷ പഠിപ്പിക്കുമ്പോൾ വ്യാകരണമാണ് ഭാഷ എന്ന് കുട്ടികളെ തെറ്റിദ്ധരിപ്പിക്കുകയും വ്യാകരണ ശുദ്ധമായി എഴുതണം. എന്ന് വീണ്ടും വീണ്ടും പറയുകയും വ്യാകരണശുദ്ധമായി എഴുതുവാനുള്ള കഴിവൊന്നുമാത്രമാണ് തനിയ്ക്കുള്ളത് എന്ന് കുട്ടിയെ അറിയിക്കാതിരിക്കുകയും ചെയ്യുന്നു. ഞാൻ വളരെ ഗ്രാമററിക്കലായി എഴുതുകയും ഞാനെഴുതിയത് ആരും വായിക്കാതിരിക്കുകയും ചെയ്യുന്നു. പക്ഷെ ഈ വ്യാകരണത്തെ ഭേദിക്കുന്നവൻ-ഞാൻ പറയുന്നതാണ് എന്റെ വ്യാകരണം എന്നു പറയുന്നവൻ-അവനാണ് ഭാഷയ്ക്ക് മുതൽക്കൂട്ടുണ്ടാക്കിയിട്ടുള്ളത്. ഏ.ആർ. രാജരാജവർമ്മയോ ഗോദവർമ്മയോ യൂണിവേഴ്സിറ്റികളിലിരുന്ന് പറയുന്നതല്ല മലയാള വ്യാകരണം. മലയാളം സംസാരിക്കുന്നവൻ ഉണ്ടാക്കുന്നതാണ്. താലവ്യാദേശം വേണമോ എന്ന് തീരുമാനിക്കേണ്ടകാര്യം വടക്കുള്ളവരും തെക്കുള്ളവരും ജനങ്ങൾക്ക് വിട്ടുകൊടുക്കുകയാണ് വേണ്ടത്; തിരുവനന്തപുരത്തുള്ള കേരള പാണിനിക്ക് വിട്ടുകൊടുക്കുകയല്ല. കാരണം പാണിനിയല്ല ഭാഷയുണ്ടാക്കിയത്. ജനങ്ങൾ എന്തു പറയുന്നു എന്നത് Codify ചെയ്യാൻ നിയുക്തനായ അഥവാ ആ അധികാരം സ്വയം ഏറ്റെടുത്ത മനുഷ്യനെയാണ് ഗ്രമേറിയൻ എന്നു പറയുന്നത്. ഒരു വ്യാകരണ പണ്ഡിതനേക്കാൾ എത്രയോ വലുതാണ് ഭാഷ. ഒരദ്ധ്യാപകനേക്കാൾ എത്രയോ വലുതാണ് ജീവിതം. ഇത് നാം മറന്നുപോകുന്നു. എന്നിട്ട് വ്യാകരണ തെറ്റ് അടയാളപ്പെടുത്തി മാർക്ക് കുറയ്ക്കുകയും ചെയ്യുന്നു. ഈ വ്യാകരണക്കുടുക്കിൽനിന്ന് പുറത്തുപോയി ഒരു കുട്ടി എഴുത്തുകാരനായി തീരുകയും എഴുത്തുകാരനായി മടങ്ങിവരികയും എന്റെ പേര് സി. കൃഷ്ണപിള്ള അല്ലെങ്കിൽ ചങ്ങമ്പുഴ കൃഷ്ണപിള്ള എന്നാണെന്ന് പറയുകയും എന്നെക്കുറിച്ച് നിങ്ങൾക്കു വേണമെങ്കിൽ റിസർച്ച് ചെയ്യാമെന്ന് അദ്ധ്യാപകനോട് ആവശ്യപ്പെടുകയും അദ്ദേഹത്തിന്റെ പേരിൽ മൂന്ന് പി. എച്ച്. ഡി. ബിരുദങ്ങൾ നൽകപ്പെടുകയും ചെയ്യുന്നു. അപ്പോഴും ഡോക്ടർ ഗോദവർമ്മ ക്ലാസ്സിൽ വ്യാകരണം പഠിപ്പിച്ചുകൊണ്ടേയിരിക്കും. (ഗോദവർമ്മയുടെ ക്ലാസ്സിൽ നിരന്തരമായ അസാന്നിദ്ധ്യംകൊണ്ട് വിരാജിച്ചിരുന്ന ഒരാളാണ് ചങ്ങമ്പുഴ കൃഷ്ണപിള്ള) അദ്ധ്യാപകർക്ക് ചങ്ങമ്പുഴയുടെ ഒരു താക്കീതാണിത്. കാരണം ഗോദവർമ്മയുടെ വ്യാകരണമല്ല ചങ്ങമ്പുഴയുടെ കവിതയാണ് മലയാളഭാഷ എന്ന് തെളിയിക്കുകയാണ് മണ്ടനായ ആ വിദ്യാർത്ഥി ചെയ്തത്.

''രണ്ടു കണ്ണുകളും നഷ്ടപ്പെട്ട അന്ധനായ എനിക്ക് എന്തെങ്കിലും തരൂ'' എന്നുയാചിച്ച കുരുടനോട് അതിലെ പുനരുക്തി തിരുത്തിക്കൊടുക്കുന്ന വ്യാകരണപണ്ഡിതനല്ല മലയാളഭാഷ ഉണ്ടാക്കുന്നത്. മറിച്ച് ഈ കുരുടനാണ് ഭാഷയുണ്ടാക്കുന്നത്, ജീവിതമുണ്ടാക്കുന്നത്. അത് കൊല്ലന്റെ ആലയിൽനിന്നും ആശാരിയുടെ പണിപ്പുരയിൽ നിന്നും തോണിക്കാരന്റെ തോണിയിൽ നിന്നുമാണ് ജനിക്കുന്നത്. വാക്കുണ്ടാക്കുന്നവൻ ജീവിതമുണ്ടാക്കുന്നവനാണ്. അത് നാം സ്ഥിരമായി മറക്കുന്നു. അദ്ധ്യാപകന്റെ ലോകം വാക്കിനെയും ജീവിതത്തെയും രണ്ടാക്കി തീർക്കുവാൻ പഠിച്ച ഒരു ലോകമാണ്. എന്നാൽ നമ്മെ കവച്ചുകടന്നുപോയിക്കൊണ്ടിരിക്കുന്ന ലോകത്തെ കണ്ട് അന്തംവിട്ടിരിക്കുന്ന സമൂഹമാണിത്. അതായത് അവൻ പറഞ്ഞുകൊണ്ടിരിക്കെത്തന്നെ അച്ചടിച്ച പുസ്തകം ഉപയോഗിച്ചുകൊണ്ടിരിക്കെത്തന്നെ ബാഹ്യലോകത്തിലെ നിയമങ്ങൾ മാറിപ്പോകുന്നു. ഇപ്പോഴും നമ്മുടെ വിചാരം ഓലയിലെഴുതിയതാണ് ഏറ്റവും വിശ്വാസ്യം എന്നാണ്. അതുകൊണ്ട് ബാക്കിയെല്ലാം പോയാലും നാം നമ്മുടെ ജാതകം ഓലയിൽതന്നെ എഴുതിക്കുന്നു. ഇതിനെയെല്ലാം നിഷേധിച്ചുകൊണ്ട് ഒരു കുട്ടി സ്ലേറ്റുപെൻസിലുകൊണ്ട് സ്ലേറ്റിൽഎഴുതുമ്പോൾ. അപ്പോൾ തേയുന്നത് സ്ലേറ്റും പെൻസിലുമാണ്.

ഒരു സ്റ്റോറും പെൻസിലും പരസ്പരം സംഘർഷണം ചെയ്യുമ്പോൾ സ്റ്റോറ് തേഞ്ഞുപോകുകയും പെൻസിൽ തേഞ്ഞുപോകുകയും അതിന്റെ ഫലമായി ഒരു വെളിച്ചം, അക്ഷരം, ജ്ഞാനത്തിന്റെ ലോകം ഉണ്ടായിത്തീരുകയും ചെയ്യുന്നു. അതുപോലെ ഒരദ്ധ്യാപകനും കുട്ടിയും തമ്മിൽ ഏറ്റുമുട്ടുമ്പോഴുണ്ടാകുന്ന വെളിച്ചത്തിനെയാണ് ഞങ്ങൾ അറിവ് എന്ന് പറയുന്നത്. അപ്പോൾ ഒരദ്ധ്യാപകൻ തേഞ്ഞുപോകുന്നു. ഒരു കുട്ടിയും തേഞ്ഞുപോകുന്നു. എല്ലാ അദ്ധ്യാപകർക്കും അറിയാവുന്ന ഒരു കാര്യം അവരിൽനിന്ന് കുട്ടികൾ പഠിച്ചതിനേക്കാൾ കൂടുതൽ കുട്ടികളിൽ നിന്ന് അവർ പഠിച്ചിട്ടുണ്ട് എന്നാണ്.

പുസ്തകം ഒളിച്ചുവെച്ചുകൊണ്ട് അതിലുള്ള കാര്യങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരുണ്ട്. ഈ കാര്യത്തിൽ ക്യാപ്പിറ്റലിസത്തിന്റെ ഒരു തന്ത്രമുണ്ട്. ബാങ്കിൽ പണമിട്ട് പലിശ കൂട്ടി വരുംകാലത്തേയ്ക്ക് ജീവിതസുഖം ഉറപ്പിക്കുംപോലെ നാം നമ്മുടെ അറിവ്, നമ്മുടെ വ്യാകരണം, നമ്മുടെ നിയമങ്ങൾ എല്ലാം നമ്മുടെ സ്വകാര്യസ്വത്താക്കി തീർക്കുകയും അതു പുറത്തുപോകാതെ രക്ഷിക്കുകയും അതിന്റെ തിണ്ണബലത്തിൽ നിൽക്കാൻ ശ്രമിക്കുകയും ചെയ്തുപോരുന്നു. ഇത് തീർച്ചയായും ഒരു വർഗ്ഗമെന്ന നിലയിൽ നമ്മുടെ പരമമായ യാഥാസ്ഥികതയെ കാട്ടുന്നു. അദ്ധ്യാപകർ ഇന്ന് നിൽക്കുന്നത് നമ്മുടെ പുരോഗതിയുടെ പ്രധാനപ്പെട്ട തടസ്സങ്ങളിലൊന്നായിട്ടാണ്.

നാം നമ്മുടെ മാന്യതയെ രക്ഷിക്കുന്നത് നമ്മുടെ ഗൗരവം കൊണ്ടാണ്. ഇതു യഥാർത്ഥത്തിൽ ഒരു മൃഗതന്ത്രമാണ് എന്ന് ഇവിടെ കൂടിയിരിക്കുന്നഎല്ലാ സുവോളജി അദ്ധ്യാപകർക്കും അറിയാം. (An Animal Camouflage) മുഖം ചുവപ്പിക്കാനും കണ്ണുരുട്ടുവാനും നല്ല ഒടിയാത്ത വള്ളിച്ചൂരൽ കയ്യിൽ വയ്ക്കുവാനും കഴിയുകയില്ലെങ്കിൽ ഒരു തോക്കില്ലാത്ത പട്ടാളക്കാരനെപ്പോലെ അദ്ധ്യാപകൻ വളരെ പാവമാകുന്നു. എന്നിട്ടും നാം പറയുന്നു 'അറിവാണ് ശക്തി'. 'അറിവാണ് ധനം' എന്നൊക്കെ. ചൂരലാണ് ശക്തി എന്നല്ല ചൂരലിന് നമ്മുടെ നിർവ്വചനം ഇൻസ്പെക്ടർ വരുമ്പോൾ ഒളിപ്പിച്ചുവയ്ക്കേണ്ട ഒരു സാധനം എന്നാണ്. ഒരു ഫ്യൂഡൽ പ്രഭുവിന്റെ മുദ്ര വെള്ളികെട്ടിയ ചൂരലാണ്. ''മെല്ലെ ഞാനെണീറ്റാഭിജാത്യത്തിൻ വെള്ളികെട്ടിയ ചൂരലുമായി'' എന്ന് വൈലോപ്പിള്ളി പറയുന്നത് നോക്കൂ. ഇതുകൊണ്ട് എന്താ കുഴപ്പം എന്നു ചോദിച്ചാൽ ഇതുകൊണ്ട് കുഴപ്പം പോലുമില്ല എന്നതാണിതിലെ കുഴപ്പം. നമ്മുടെ അദ്ധ്യാപകൻ വിദ്യാർത്ഥികളെ ജീവച്ഛവങ്ങളാക്കി തീർക്കുകയും അവരെ ഒന്നിനും കൊള്ളരുതാത്തവരാക്കി തീർക്കുകയും അവർക്ക് നാം പറയുന്ന ജ്ഞാനതൃഷ്ണ ഇല്ലാതായി തീരുകയും ചെയ്യുന്നു. പഴയകാലത്ത് ഇത് ഇങ്ങിനെയായിരുന്നു എന്ന് എനിക്ക് തോന്നുന്നില്ല. ഇന്ത്യയിലും ഗ്രീക്കിലും പഴയകാലത്ത് ചോദ്യം ചെയ്യുന്ന രീതിയായിരുന്നു. ഗ്രീക്ക് ജീനേഷ്യങ്ങളിൽ അദ്ധ്യാപകനെ ചോദ്യം ചെയ്യുകയും അരിസ്റ്റോട്ടിലിനെ ചോദ്യം ചെയ്യുകയും അരിസ്റ്റോട്ടിൽ പ്ലേറ്റോവിനെ ചോദ്യം ചെയ്യുകയും സൈനോഫിനും പ്ലേറ്റോവും തമ്മിൽ വഴക്കിടുകയും ചെയ്തിരുന്നു. അതായത് ആശയസംഘട്ടനത്തിന്റെ ഒരു ലോകം പണ്ട് ഉണ്ടായിരുന്നു. ഇന്ത്യയിലുമുണ്ടായിരുന്നു. അതുകൊണ്ട് പഴയ ഇന്ത്യക്കാരന്റെ മുദ്രാവാക്യം ഞാനറിഞ്ഞിടത്തോളം ''ഗുരുർ ബ്രഹ്മാ: ഗുരുർ വിഷ്ണു: ഗുരുർ ദേവോ മഹേശ്വര'' എന്നതല്ല. അതൊരു കള്ളപ്രമാണമാണ്. ''ആചാര്യാൽ പാദമാദത്തെ, പാദം ശിഷ്യ സ്വമേധയാ, പാദം സബ്രഹ്മചാരിഭ്യാം, പാദം കാലക്രമേണ ച'' എന്ന പഴയ ശ്ലോകം നാം കുട്ടികളിൽ നിന്ന് മാറ്റിവെയ്ക്കുന്നു. ഇരുപത്തിയഞ്ചു ശതമാനത്തിൽ കൂടുതൽ ഒരദ്ധ്യാപനും തലകീഴായി നിന്നാലും വിദ്യാർത്ഥിയെ പഠിപ്പിക്കാൻ കഴിയില്ല എന്നാണ് ആ ശ്ലോകത്തിന്റെ അർത്ഥം. പക്ഷെ നാമിപ്പോഴും വിശ്വസിക്കുന്നത് നൂറുശതമാനവും നാം പഠിപ്പിക്കുന്നു എന്നതാണ്. അതുകൊണ്ട് തീർച്ചയായും യാഥാസ്ഥിതികത്വത്തിൽ നമ്മൾ പഴയ ആചാര്യന്മാരിൽ നിന്നും ഒരു പടികൂടി മുന്നോട്ടുപോകുകയും നമ്മുടെ യാഥാസ്ഥിതികത്വം 25-ൽ നിന്ന് നൂറുശതമാനമായി ഉയരുകയും ചെയ്തു എന്നുകാണാം. ഇത് കുട്ടിക്ക് അറിയാം. അതുകൊണ്ട് കുട്ടി അദ്ധ്യാപകനെ നോക്കി ചിരിക്കുകയും അവൻ അവന്റെ പാട്ടിനുപോയി തെരുവിൽ നിന്ന് വിജ്ഞാനം സമ്പാദിക്കുകയും തെരുവിലുള്ള വിജ്ഞാനം യഥാർത്ഥത്തിലുള്ളതാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ മൗലികമായ 'സേഫ്റ്റി വാൽവ്' വാണ്. ഇങ്ങിനെ ഒരു കുട്ടി ചെയ്തിരുന്നില്ലെങ്കിൽ ഈ ലോകം പുരോഗമിക്കുമായിരുന്നില്ല. എല്ലാ ക്ലാസ്സിലും ശരിക്ക് മലയാളം പഠിച്ചിരുന്നുവെങ്കിൽ വൈക്കം മുഹമ്മദ്ബഷീർ എന്ന എഴുത്തുകാരനുണ്ടാകുമായിരുന്നില്ല. മറിച്ച് അദ്ദേഹത്തിന്റെ സഹോദരനായ ഒരു മലയാളം അദ്ധ്യാപകനേ ഉണ്ടാകുമായിരുന്നുള്ളൂ. അതാണ് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മൗലികമായ പാരതന്ത്ര്യം എന്ന് ഞാൻ കരുതുന്നു. ഒരു അദ്ധ്യാപകൻ അനേകം അദ്ധ്യാപകരെ സൃഷ്ടിക്കുകയും അവർ വീണ്ടും അദ്ധ്യാപകരെ സൃഷ്ടിക്കുകയും നമ്മുടെ നാട്ടിലെ ഏററവും പ്രധാനപ്പെട്ട വ്യവസായം, ഏററവും പ്രധാനപ്പെട്ട വില്പനച്ചരക്ക് വിദ്യ എന്ന അ

വിദ്യ ആയിത്തീരുകയും ഏറ്റവും വലിയ രക്ഷാകേന്ദ്രം ഒരു Paraljel College ആയിത്തീരുകയും ചെയ്യുന്നു. നമ്മുടെ നാട്ടിലുണ്ടാകുന്ന മൗലീകമായ വിപ്ലവത്തെയെല്ലാം തടഞ്ഞുനിർത്തുന്നത് വാസ്തവത്തിൽ ഈ പാരലൽ പോസിബിലിററിയാണ്.

ഈ അവസ്ഥയിൽ നമ്മുടെ അദ്ധ്യാപനത്തിന്റെ യഥാർത്ഥമായ ഊർജ്ജം എങ്ങിനെ തിരിച്ചെടുക്കാം എന്നും നാമിപ്പോഴും ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തിയെ, ഈ പ്രവൃത്തിയെ അട്ടിമറിക്കാനുള്ള ഒരു ഉപകരണമാക്കിത്തീർക്കാമെന്നും ഉള്ളതാണ് അദ്ധ്യാപകരെ നേരിടുന്ന പ്രശ്നം. നേരത്തെ പറഞ്ഞപോലെ നിയമം എങ്ങിനെ അനുസരിക്കാമെന്നല്ല നിയമം എങ്ങിനെ ലംഘിക്കാമെന്നതാണ് നിയമത്തെ സംബന്ധിച്ച വിപ്ലവപ്രശ്നം. ശ്രീനാരായണന്റെ സമാന്തര പ്രസ്ഥാനാശയത്തിന്റെ പ്രബലമായ തത്വം ഇതാണ്. ദൈവത്തെക്കൊണ്ട് ദൈവത്തെ തോല്പിക്കാമെന്ന് അദ്ദേഹം തെളിയിച്ചു.

അതുകൊണ്ട് വിദ്യാഭ്യോസത്തിന്റെ മൗലികമായ കർത്തവ്യങ്ങളിൽ ഒന്നായിത്തീരേണ്ടത് നമ്മുടെ മണ്ണിൽ നിന്നു കൊണ്ടുതന്നെ നമ്മുടെ കസേരയിൽ ഇരുന്നുകൊണ്ടുതന്നെ ഈ വിദ്യാഭ്യാസത്തെ അതിന്റെ വിപരീതമായ ലക്ഷ്യങ്ങളിലേയ്ക്ക് എങ്ങനെ നീക്കാമെന്ന ചർച്ചയും പ്രവൃത്തിയുമാണ്. തീർച്ചയായും അദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം അയാളുടെ മുമ്പിലുള്ള പ്രധാനപ്രശ്നം താൻ ഇന്നുവരെ ചെയ്തുപോന്നിട്ടുള്ളത് ഒരുപക്ഷെ, ഇപ്പോഴും ചെയ്തുപോരുന്നത് ഇവിടത്തെ പഴയ വിശ്വാസങ്ങളേയും, പഴയ മൗല്യങ്ങളെയും, നിലനിറുത്തുവാനുള്ള ആർക്കും വേണ്ടാത്ത ഒരു പ്രക്രിയ ആണ് എന്നും. അതിനെ തോല്പിക്കുകയും അതിന്റെ സ്ഥാനത്ത് ഒരു പുതിയ നീതിബോധം ഉണ്ടാക്കിത്തീർക്കുകയുമാണ് എന്നുമുള്ള. ഒരുപക്ഷെ തെററായ രീതിയിൽ വിപ്ലവകരമെന്ന് വിളിക്കാവുന്ന ഒരു സമീപനമാണ് അദ്ധ്യാപകർക്ക് ഉണ്ടായിത്തീരേണ്ടത് എന്നുതോന്നുന്നു. ഇങ്ങനെ തോന്നാനുണ്ടായ കാരണം ഞാനിപ്പോഴും അദ്ധ്യാപകനല്ലാതായി തീർന്നു എന്നതുമാണ്.

ഇംഗ്ലീഷ് മരുന്നു വ്യാപാരത്തിൽ
അങ്കമാലിയിലെ ഒരു വിശ്വസ്ത സ്ഥാപനം

**വർഗ്ഗീസ് മെഡിക്കൽസ്**

**അങ്കമാലി – 683 572**

**Phone : 5219 Resi : 2619**

# ചങ്ങാതികൾ

വഴി

ഇരുട്ടിൽ,
നിലാവുകീറും ഇടവഴിയിലൂടെ
ആതിരരാവിൻ പുഞ്ചിരിയിൽ
ചങ്ങാതിമാരുടെ ഹൃദയം പേറി
കുശവൻ കുഴഞ്ഞുനടന്നു-
പ്രേതാലയത്തിലെ കാവൽമാലാഖപോൽ
ഭീതിയിൽ കൂട്ടരോടൊത്തലഞ്ഞു
ചങ്ങാത്തമുറക്കെയലറെ
കുശവൻ ചിന്തക്കുഴിയിൽ ചുഴലിലായ്.

ഒന്നാം ചങ്ങാതി

സ്വന്തം വിധി പറഞ്ഞു ചിരിക്കവേ
ഇരുളിൻ കഥയറിഞ്ഞു വീണു,
ചെകുത്താന്റെ വേഗം കുറിച്ചവൻ,
വാമഭാഗത്തിലടി വിറച്ചവൻ,
ഇരുളിൽ ചുടുകാററായടിച്ചവൻ,
പാട്ടിൻ മധുരിമയിൽ ബീഡിതൻ
കയ്പുകൂടിയകററിയോൻ,
വഴിയിൽ ഗർത്തങ്ങളിൽ
ഇടഞ്ഞ് വീഴാത്തവൻ,
ചുടലയിൽ പഴം പാട്ട് മൂളി
പ്രേതങ്ങളെ തീററിയൊടുക്കിയോൻ
''കുശവനിവനേറെ പ്രിയൻ-
ഇവന് കുശവനുമേറെ പ്രിയൻ''

രണ്ടാം ചങ്ങാതി

വരികൾ ചുരുക്കാൻ വരകളിടാൻ
എളുപ്പമെങ്കിലുമവൻ ശുദ്ധൻ
എങ്കിലും ദുഷ്ടൻ
'വെള്ളാരംകണ്ണുള്ള ബുദ്ധു'
നീററൊഴുക്കിൽ നുരവിതച്ചു
മതമകററി ചിരിച്ചു നീങ്ങിയോൻ
''ഇവനും കുശവന്റെ മൂശയിൽ
നീറിയോൻ''

മൂന്നാം ചങ്ങാതി

പടിവാതത കൈപ്പട പോലെ ദുര,
അക്ഷരം പോലെ ശക്തൻ, അകമേ
ദുർബ്ബലൻ, ഭാവം നിരാശ.
പെണ്ണിൻ പടം കോറി നാറിയോൻ,
കപടം വാററി നില്പവൻ,
മനസ്സിലൊരു 'കുപ്പ'
കാലുറക്കുവാൻ ചതികൾ ചെയ്തവൻ
''കുശവനിവനും ചങ്ങാതി''.

# ചങ്ങാതികൾ

നാലാം ചങ്ങാതി

ശുദ്ധനാട്ടുവാസി,
ചപലനെങ്കിലും ഋജു
കരയുമിവൻ, ചിരിക്കുമിവൻ,
കുശവനെയും അവന്റെ
പൊരുളിന്നിരുളുമറിഞ്ഞവൻ,
പ്രിയപ്പെട്ട പയർമണി,
നല്ലോൻ
''കുശവന്റെ പ്രാണൻ''

കുശവൻ

ഇരവിലും പകലിലും തീ തുപ്പിയലറും
അഗ്നി ക്കുടുക്കയെറിഞ്ഞുടച്ചോൻ,
കരിഞ്ഞ സ്വപ്നത്തിൻ കാവലാളം,
കനിവിനും കദനത്തിനും പ്രവാചകൻ,
നീലകരിമ്പിന്നടിയിലൊളിച്ചു
കണ്ണീരിനുപ്പുനുണഞ്ഞവൻ,
കുശവനൊരു 'പുത്രനായ്'' തീരാൻ
കിതച്ചവൻ,
എരിഞ്ഞൊടുങ്ങാൻ വിധിച്ചവൻ,
കുത്തൊഴുക്കിലെതിരു നീന്തി
കാതരമായിപ്പിടഞ്ഞവൻ,
സ്വപ്നങ്ങൾ കണ്ടു ചതഞ്ഞവൻ,
വരണ്ട നിശബ്ദതയിൽ
ഛേദിക്കപ്പെട്ട ശിരസ്സ്,
കരളിൽ കവിഞ്ഞ കദനം
ചാരത്തൊരിക്കലുമുണർത്തുവാനാവാതെ
അകന്നേയിരുന്ന നിലാവിൻ കുറിഞ്ഞികൾ,
എല്ലാമുള്ളിലൊതുക്കുന്നുയിവൻ
കരളിൽ പൂത്തിരി കത്തുന്നു
സ്നേഹക്കണ്ണീരൊപ്പും ഭൂതം,
കണ്ണീർ ചേർത്ത് മണ്ണുകുഴച്ച്
ജഡരൂപങ്ങൾ മെനഞ്ഞവൻ,
ജ്ഞാനവനത്തിൽ ഭ്രാന്തൻ ചൊല്ലുകൾ
ഇമയിൽ മുട്ടി പുരികം വെന്തവൻ,
മഴവില്ലെട്ടായ് കീറിമുറിച്ചെട്ടു-
ടവാളുകൾ തീർത്തു തളർന്നവൻ.
മൺകുടമൊന്നിലൊളിക്കുന്നു
ഇവൻ മൺകുടമൊന്നിൽ തകരുന്നു
ജീവിതപഥരഥചക്രം തട്ടിയുടഞ്ഞ
കുടത്തിൽ പൊങ്ങും പുകയിൽ
ഇരുളിൻ പൊരുളായലയുന്നു.

**A. P. ANILKUMAR**
III B. A. MALAYALAM

മലയാളിക്ക് ഉടുമുണ്ട് നഷ്ടപ്പെട്ടത് മാററത്തിന്റെ മറെറാരു കഥയാണ്.
മലയാളി തന്റെ ഉടുമുണ്ട് ഉയിർത്ത് കാൽച്ചട്ടയിട്ടു.
ഇതെന്തിന് എന്ന് ആരും ചോദിച്ചിട്ടില്ല.
കോരിച്ചൊരിയുന്ന മഴയും ശരീരം ഒന്നാകെ പുഴുങ്ങുന്ന വിയർപ്പും
വഴിനീളെ പുഴകളും കൈത്തോടുകളും വരമ്പുകളും ഉള്ള
ഒരു നാട്ടിൽ കാലുകളിൽ കാററടിക്കാനനുവദിക്കുന്ന,
ഉയർത്തി മടക്കിക്കുത്താവുന്ന, കനംകുറഞ്ഞ, എളുപ്പത്തിൽ വൃത്തിയാക്കാവുന്ന
ഒരു വസ്ത്രമാണ് ആവശ്യം. പക്ഷേ, പടിഞ്ഞാറൻ നാടുകളിലെ
കഠിനശീതത്തിനെതിരെ നിർമ്മിച്ച കാലുറകളിൽ മലയാളി
അനുരാഗ വിവശനായി. ഇത് മലയാളിയുടെ മാന്യതാബോധത്തിന്റെ
ഒരു ബലഹീനതയായിരുന്നു. കൊളോണിയലിസത്തിന്റെ
ഒരു ഹാങ്ങ് ഓവർ.

സക്കറിയ



WITH BEST COMPLIMENTS
FROM

FACT

THE FERTILISERS AND CHEMICALS
TRAVANCORE LIMITED
UDYOGAMANDAL - 683501

ജനത ബുക്ക് സ്റ്റാൾ
ലൂർദ് സെൻറർ
ആലുവ. ഫോൺ : 2264

- ആലുവ പട്ടണത്തിലെ ഒരു മികച്ച പുസ്തകശാല.
- കാൽ നൂററാണ്ടിലേറെ സേവന പാരമ്പര്യം.
- എന്നും വിദ്യാർത്ഥികളുടെ ഒരു ഉത്തമ സുഹൃത്ത്.
- നിങ്ങൾ അന്വേഷിക്കുന്ന ഏതു പുസ്തകവും ജനതയിൽ ലഭിക്കുന്നു.
- 10 ബ്രാഞ്ചുകളുടെ സേവനങ്ങൾ വേറെയും.

---

കേന്ദ്രആഫീസ്: തേവര, കൊച്ചി – 13 ഫോൺ : 361341
മററുബ്രാഞ്ചുകൾ: എറണാകുളം (2 ശാഖകൾ) വൈക്കം, ചേർത്തല, പറവൂർ, തേവര, അങ്കമാലി, കാലടി, കോതമംഗലം, മൂവാററുപുഴ.



# സ്മൃതി

**Bindu Krishnan**
II DC Physics

ഇല്ല സുഹൃത്തേ ,മറക്കില്ലൊരിയ്ക്കലും
വർണ്ണങ്ങളൊക്കെയും മാഞ്ഞു വിളർത്തൊരെൻ
വാനത്തിൽ നീലിമയായി നീ വന്നതും,
ഊഷരമായിക്കിടന്നൊരീഹൃത്തിലേ-
യ്ക്കാദ്യത്തെ മാരിയായ് പ്പെയ്തുനിറഞ്ഞതും

ഇല്ല സുഹൃത്തേ, മറക്കില്ലൊരിയ്ക്കലും.
മൗനമാം മാറാലയാകെപ്പടർന്നൊരീ
യങ്കണത്തിൽ ശുദ്ധികലശം നടത്തിയി-
ട്ടൊന്നാ മറന്നൊരാ ഭൂപാളരാഗങ്ങ-
ളൊക്കെയും വീണ്ടുമുണർത്തി നീ നിന്നതും

ഇല്ല സുഹൃത്തേ, മറക്കില്ലൊരിയ്ക്കലും.
ചുണ്ടിലെ പുഞ്ചിരിപ്പൂക്കൾക്കു മപ്പുറം
ഉള്ളിന്റെയുള്ളിലായ് തേങ്ങിത്തുളുമ്പുന്ന
കണ്ണുനീർത്തുള്ളിയെ നീ തൊട്ടറിഞ്ഞതും
നിന്റെ സ്നേഹാഗ്നിയാലതുമെല്ലെ മാച്ചതും

ഇല്ല സുഹൃത്തേ, മറക്കില്ലൊരിയ്ക്കലും.
ഭൂവിലിലഞ്ഞികൾ പൂക്കുവോളം കാല-
മിവിടെ യോടക്കുഴൽ പാടുവോളംകാല-
മോളങ്ങൾ പുഴകളിൽ വിരിയുവോളം കാല-
മോരോ നവംബറും കുളിരുവോളം കാല-
മീ മനസ്സിൽ നീയൊരാർദ്രമാം ഗീതമായ്
തേങ്ങിനിറയും, എന്റെ ചിറകററ മോഹങ്ങ-
ളാ ഗീതധാരയ്ക്കുതാളം പിടിച്ചിടും,
മുഗ്ധയായെന്നെ മറന്നു ഞാൻ നിന്നിടും......

ഇല്ല സുഹൃത്തേ, മറക്കില്ലൊരിയ്ക്കലും.

# അവസാനത്തെ പൂവ്

അയാൾ അവളെ ആദ്യമായി കണ്ടതും അവിടെ വച്ചായിരുന്നു. ഏതോ ഒരുവൾ എന്നതിനപ്പുറം അയാൾ അവളെക്കുറിച്ച് മറ്റൊന്നും ചിന്തിച്ചിട്ടുമില്ല. അല്ലെങ്കിൽ തന്നെ പൊയ്മുഖക്കൂത്തുകളിൽ നിന്നും മോചിതനാകുവാനാണല്ലോ അയാൾ അവിടെ വന്നത്. പക്ഷെ ഏറെനാൾ അയാൾക്ക് അവളെ ഒഴിവാക്കാൻ സാധിച്ചില്ല. അനിർവ്വചനീയമായ ഒരു ആകർഷണത്തിലെന്നപോലെ അയാൾ തന്നെയാണ് അവളോട് ആദ്യമായി സംസാരിച്ചതും. പാറിപ്പോയ കൈയ്യബദ്ധത്തിന് ഡോളറുകൾ അയച്ചുതരുന്ന അമ്മ - അയാൾക്ക് കേട്ടറിവേയുള്ളൂ. അച്ഛൻ - തീരെ അപരിചിതമായ ഒരു സത്യം മാത്രം ''Bastard'' വിളികളുടെ തൈപ്പൂയത്തിൽ കാവടിയാടിയ ബാല്യം... എവിടെയും ചെന്നെത്തിയിട്ടില്ലാത്ത യൗവനം... എല്ലാം...എല്ലാം അയാൾ അവളോട് പറഞ്ഞിട്ടുണ്ടായിരുന്നു അയാൾ അവളെ തന്നേക്കാൾ അധികം വിശ്വസിച്ചു സ്വന്തം അസ്തിത്വത്തിന്റെ ഭസ്മകളത്തിൽ നിന്നും ഒരു ഫീനിക്സ് പക്ഷിയായ് ഉയരാൻ അയാളെ പ്രേരിപ്പിച്ചതും അവളാണ്.

അവരുടെ സൗഹൃദം ഞങ്ങളെപ്പോലും അസൂയാലുക്കളാക്കി സോക്രട്ടീസിന് ''ഹെംലോക്'' കൊടുത്ത കൈകളുള്ള ഞങ്ങൾ... യേശു എന്ന വിപ്ലവകാരിയെ ഒറ്റിക്കൊടുക്കാൻ ചങ്കൂറ്റമുണ്ടായിരുന്ന ഞങ്ങൾ.. പെറ്റമ്മയെ (മന:പൂർവ്വമല്ലെങ്കിലും) മൃഗതുല്യരായി ഭോഗിച്ച ഞങ്ങൾ... ഞങ്ങളായിരുന്നു അയാളുടെ ഏറ്റവും വലിയ ശത്രു. കാണാത്തതും, കേൾക്കാത്തതും, പറയാത്തതും ചെയ്യാത്തതുമായ കാര്യങ്ങൾ അയാളെപ്പറ്റിപ്പറഞ്ഞുണ്ടാക്കിയതും ഞങ്ങളാണ്. താൻകാരണം അയാൾ സഹിക്കുന്ന വേദനയെക്കുറിച്ച് പറഞ്ഞ് അയാളുടെ മാറിൽവീണ് അവൾ തലതല്ലിക്കരഞ്ഞപ്പോൾ ഒഴിഞ്ഞ കോപ്പയിൽ വീണ്ടും വീഞ്ഞ് നിറയ്ക്കുകയായിരുന്നു ഞങ്ങൾ. തന്നെക്കാണാൻ വരരുതെന്ന് അവൾ വിലക്കിയ ദിവസം... അന്നാണ് അതെ... അന്നാണ് ഞങ്ങൾ ഏറ്റവും അധികം ആഘോഷിച്ചത്. ഉച്ചനീചത്വങ്ങളില്ലാത്ത, മനസ്സും ശരീരവും മരിക്കാത്ത അനന്തമായ വിഹായസ്സിലേക്ക് അയാളെ അവൾ ക്ഷണിച്ചതും... തള്ളയുടെ ചിറകിൻ കീഴിൽ ഒതുങ്ങുന്ന സുരക്ഷാബോധത്തോടെ അയാൾ യാത്രതിരിച്ചതും ഞങ്ങൾ പിറ്റേന്ന് പുലർച്ചക്കാണ് അറിഞ്ഞത്.

അന്തിമ വിജയം ഞങ്ങൾക്കാണെന്ന് അന്നും ഞങ്ങൾ തെളിയിച്ചു. സിമിത്തേരിയിൽ അയാളുടെ ശരീരം കുഴിമാടത്തിലേക്ക് വയ്ക്കുന്നതിനമുമ്പ് നല്ലവരായ ഞങ്ങളുടെ ദൃഷ്ടി എന്തോ ഒന്നിൽ ഉടക്കി സർവ്വനാഡികളിലേയും രക്തം വാർന്ന് പോകുന്നതുപോലെ ഞങ്ങൾക്കനുഭവപ്പെട്ടു. അയാൾ അവളെ തന്റെ മാറോട് ചേർത്തുപിടിച്ചിരിക്കുന്നു. അവളുടെ ഭംഗിക്ക് ഒരു കോട്ടവും തട്ടിയിട്ടില്ല. അവളുടെ മുള്ളുകൾ അയാളുടെ മാറിൽ സ്നേഹത്തിന്റെ ചിത്രങ്ങൾ എഴുതിപ്പിടിപ്പിച്ചിരുന്നു. അവളുടെ ഇതളുകൾ അയാളുടെ മരിച്ച തിരിച്ചറിവുകളിൽ പനിനീർ ചൊരിഞ്ഞിരുന്നു. ഇളം കാറ്റിലുലയുന്ന അവളുടെ നനുത്ത ഇലകൾ അയാളെ സ്നേഹപൂർവ്വം തഴുകിയിരുന്നു. അവർ ഞങ്ങളെ കൊഞ്ഞനം കാട്ടുന്നതുപോലെ.....

ഉടഞ്ഞ പിച്ചച്ചട്ടിയിലെ അവസാനത്തെ അരിമണിയും കൊത്തിക്കൊറിക്കാൻ ഞങ്ങൾ ആർത്തിയോടെ കാത്തുനിന്നു.

DILEEP
BSC Botany

## അവസാന രാത്രി

സ്മൃതിയുടെ നീല മിഴികളിൽ നിന്നും
കഴുകുകൾ ചിറകൊടിഞ്ഞുവീഴുന്നു.
ഇലകൊഴിഞ്ഞ മുള്ളിലവിൽ നിന്നിതാ
കിളികളൊക്കെയും പറന്നുപോകുന്നു.
അടഞ്ഞ വാതിലിൻ മിടിപ്പിലൂടേതോ
തളർന്ന കാലൊച്ച പടി കയറുന്നു.
മരിച്ചോരമ്മ തൻ നിലവിളി വന്നു
ജനൽ തിരശ്ശീല കടിച്ചു ചിന്തുന്നു.
ഉരുകുമാത്മാവിന്നുലയിൽ നിന്നൊരു
ചുടുനെടുവീർപ്പിൻ പുക പരക്കുന്നു.
നനഞ്ഞ കുമ്മായച്ചുവരിൽ മേഘത്തിൻ
കരി നിഴലുകൾ വിറച്ചു തുള്ളുന്നു.
ഇരുണ്ട മൗനത്തിൻ മുറിക്കകത്താരോ
കുഴഞ്ഞ നാവുമായ് ശിരസ്സു തല്ലുന്നു.
ഇടിഞ്ഞ കല്ലറയ്ക്കടിയിലായെങ്ങോ-
രനാഥ ജന്മത്തിൻ അലർച്ച കേൾക്കുന്നു.
വിധിയുടെ ചൂണ്ടു വിരലിലിന്നെന്റെ
വ്രണിത ജീവിതം പിടഞ്ഞു കേഴുന്നു.
നിലച്ച കാലത്തിൽ ജലഘടികാര-
ഹൃദയ സ്പന്ദനത്തിൻ മൃതി മുഴങ്ങുന്നു.

**JOSEPH MADASSERY**

## തീർത്ഥം

ഭിക്ഷാടനത്തിനും ദേശാടനത്തിനും
മദ്ധ്യേയീ തീർത്ഥാടനത്തിന്റെ ഗദ്ഗദം

ശാപഗ്രസ്തങ്ങളാമാത്മാക്കളും പൂർവ്വ
പാപങ്ങളാൽ വിധി ജന്മക്കുറിപ്പുകൾ
കുത്തിക്കുറിച്ചിട്ട ജാതകദോഷവും
കുത്തിത്തറയ്ക്കുന്ന നീറുന്ന ചിന്തയായ്
നെഞ്ചിലെച്ചൂടേറ്റു ചത്ത പഥങ്ങളിൽ
പഞ്ചാംഗവും വന്ധ്യവാക്കിന്റെ മൂർച്ചയും
പേറി, മഹാവാക്യ ഭാഗ്യചക്രങ്ങളിൽ
വീണ്ടും പ്രവചനം തേടുന്നു ജ്യോതിഷി

കത്തുമശോകമരങ്ങൾ നിരന്തരം
കുത്തുന്ന രോദനം കേൾക്കുന്നു സീത തൻ
പൊട്ടി വീഴുന്ന വിലാപത്തുടിപ്പുകൾ,
പട്ടയം കിട്ടാത്ത വീടിന്റെ മർമ്മരം

ദുഷ്യന്തകാമം പിഴപ്പിച്ച വേളികൾ
ചേരികളിൽ വന്നു തൂങ്ങുന്നു ദുസ്സഹം

തീവ്രതപസ്സിന്റെ മൂർദ്ധന്യവേളകൾ
തെറ്റുന്ന ചിന്താസിരാപടലങ്ങളിൽ
വെച്ചു വീഴുന്നു, ശരം കൊണ്ട പക്ഷിതൻ
വേദന പൊന്തുന്നു, കാടിന്റെ നോവുകൾ !

കർണ്ണന്റെ ദുഃഖം കുരുക്ഷേത്ര ഭൂമിയിൽ
ശാപങ്ങളായ് വന്നു ബോധം മുറിയ്ക്കവേ
ധർമ്മപ്പൊരുളുകളിൽ വന്നിറ്റിറ്റു വീഴുന്നു
പൊറ്റമ വീഴ്ത്തുന്ന തോരാത്ത കണ്ണുനീർ.

ദുസ്സഹ പീഡന മന്ത്രവാദങ്ങളിൽ
ദുർഗ്രഹ ചിന്താപഥത്തിൽ വിധവയ്ക്കു
ഭ്രാന്താലയത്തിലേയ്ക്കെത്തുന്ന വാഹനം
വന്നു നിലയ്ക്കുന്ന നടുങ്ങും വിനാഴിക.

കാളിന്ദി വീണ്ടും കറുത്തു, വിഷം വീണു
കണ്ണനും പൊങ്ങി ശവങ്ങളിൽ നിശ്ചലം

നാരായമൂർച്ചയിൽ വീണ പിഴപ്പുകൾ
ശീർഷങ്ങളിൽ നിന്നു താണ്ഡവമാടവെ
മക്കൾ കുടിലുകൾ തീ വച്ചു താതനെ
മജ്ജയിൽ നിന്നു പടി കടത്തുന്നതും
കാരാഗൃഹത്തിൽ നിന്നമ്മയ്ക്കു, കണ്ണുനീർ
ചോരുന്ന വാക്കുകൾ നേദിച്ചു വച്ചതും
ആവലാതിയ്ക്കുള്ള നേരം കിടയ്ക്കാതെ
ദേവാലയങ്ങൾ തകർന്നറ്റു വീണതും
ഉത്തരം കത്തും ഗൃഹങ്ങളും മൂർച്ഛിച്ച
ചിത്തരോഗങ്ങളുമാത്മാഹുതികളും
കണ്ടു, ഗയയിലെ ബോധവൃക്ഷങ്ങളിൽ
കണ്ണുനീർ പെയ്യുന്നു; ദുഃഖപ്രരോദനം.

ഛിന്നബോധത്തിന്റെയുന്മാദ മൂർച്ഛയിൽ
പുണ്യവിപത്തിന്റെ ഹൈമവതങ്ങളിൽ
തീർത്ഥം പുളിയ്ക്കുന്ന തീർത്ഥാടനത്തിന്റെ.
മാറാപ്പിൽ നിന്നൂർന്നു വീഴുന്നു രോദനം

ഭിക്ഷു, ചിരന്തന ശാപവൃത്താന്തങ്ങളും
രക്തം പൊലിയ്ക്കുന്ന തീർത്ഥക്കരങ്ങളും
നേദിച്ചു വച്ച വിഷാദപ്പടവുകൾ
വേദനയോടെയിറങ്ങുന്നനാഥമായ്.

ഗംഗാതടത്തിലെ സ്നാനാന്തരം, വ്യാധി
ഗംഗോത്രി തീർത്ഥ മഹാദുരിതങ്ങളിൽ
തീർത്ഥയാനം കഴിഞ്ഞർദ്ധബോധത്തിന്റെ
തീരങ്ങളിൽ വന്നു സന്യാസി വീഴവേ
ചന്ദനധൂമം ശവഗന്ധ വേദിയി-
ലന്ധകാരം പോലെ വീഴുന്നനാരതം.

VALSAN VATHUSSERY

## പുരാവൃത്തം

മററാരേയും പോലെ
ദൈവവും സ്വാർത്ഥിയായിരുന്നു.
അതുകൊണ്ടു തന്നെ
അദ്ദേഹം ആദ്യം സൃഷ്ടിച്ചതു്
സ്വർഗ്ഗമായിരുന്നു:
സ്വന്തം സൗന്ദര്യബോധം
മൂർത്തീഭവിച്ച സ്വർഗ്ഗം
അവിടെ മനസ്സുപോലും
സ്വർണ്ണം കൊണ്ടുള്ളതായിരുന്നു.

പിന്നെ ദൈവം
മനുഷ്യനെ സൃഷ്ടിച്ചു.
അവനു പാർക്കാൻ ഭൂമിയേയും.
അവനു ദുഃഖിക്കാൻ ചിന്തകളേയും
എന്നിട്ടും മനുഷ്യൻ സന്തോഷിച്ചു.

മററാരേയും പോലെ
ദൈവവും അസൂയാലുവായിരുന്നു
അദ്ദേഹം ഭൂമിയിലേയ്ക്കു വന്നു.
(ചാരന്മാരെ സൃഷ്ടിച്ചതും
ദൈവമായിരുന്നല്ലോ.)

എന്നാൽ
അദ്ദേഹത്തിനു നൈരാശ്യമാണുണ്ടായതു്.
ദൈവമാണ് താനെന്ന്
തുടരെത്തുടരെ വിളിച്ചു പറഞ്ഞ്
ദുഃഖങ്ങളിൽ നിന്ന് ഒളിച്ചോടാൻ
അദ്ദേഹം ശ്രമിച്ചു.

ഒടുവിൽ ദൈവം തിരിച്ചു പോയി
സ്വർഗ്ഗത്തിലിരുന്നു ചിന്തിച്ചു.
(ചിന്തകളെ സൃഷ്ടിച്ചതും
ദൈവമായിരുന്നല്ലോ?)

ഭൂമി,
മനുഷ്യൻ,
ദുഃഖം എന്നിവയെല്ലാം
കടംകഥ മാത്രമായി
മനസ്സിലവശേഷിക്കെ,

സ്വർണ്ണം പതിച്ച
സ്വന്തം ചിന്തയിൽ മാത്രം ജീവിക്കുന്ന
മററാരേയും പോലെ
നിസ്സഹായനായ ദൈവം.

CHANDANA RAMACHANDRAN.

# മല്ലികാർജ്ജുൻ പിന്നെയും പാടുന്നു.

[ഹിന്ദുസ്ഥാനി സംഗീത പദ്ധതിയിലെ ഒരു താവഴിയായ ജയ്പ്പൂർ ഖരാനയിൽ ഇന്ന് ജീവിച്ചിരിക്കുന്ന സർവ്വ പ്രമുഖപ്രതിഭയാണ് മല്ലികാർജ്ജുൻ മൻസൂർ. ഇദ്ദേഹത്തിന്റെ ഗാനാലാപം തുടർച്ചയായി കേൾക്കവേ ഉദ്ഗമിച്ചതാണീ കവിത.]

ഹേ ! മല്ലികാർജ്ജുൻ
ജരവീണ നിന്റെ തുരുമ്പിച്ച ശബ്ദത്തി-
ലുയിരാർന്നു വീഴും വസന്ത വിഭാതങ്ങൾ ..
ഇരുളാണ്ട നോവുകൾ...
കനലാളുമോർമ്മകൾ...
പ്രാക്തന മേതോ തമോക്ഷേത്രശൂന്യത.
ഈറനും ക്രാവും ചുവയ്ക്കും നിറങ്ങളി-
ലൂയലാടുന്നൂ, ഋതുക്കൾ തൻവേദന.
ഉൾത്തടം നീറുന്നൊരേതോ വ്രണത്തിൽ നീ
കത്തിപ്പടരുകയാകുന്നു ഗായകാ.
ഹേ ! ശോകാത്മൻ
അന്തമില്ലാത്ത വ്യസനങ്ങളൊരുനി-
ന്നന്തരാളത്തിൽ നിറക്കുന്നതിപ്പൊഴും?
നിന്റെ നിലവിളിയിലെത്രയുഗങ്ങൾ തൻ
സംഘർഷ ഭീകരവർഷങ്ങൾ!
ദുരിതപ്രളയങ്ങൾ !!
കനിവിറ്റുവീഴുന്ന സ്വപ്നങ്ങൾ.
നിന്റെ ശബ്ദത്തിലെപ്പൊള്ളലുകൾ തൻസുഖ-
മെന്നിലെ ഗാനം പകർത്തുവതെങ്ങനെ ?
നിന്റെ നിലാവിറ്റു വീഴുന്ന പൂക്കളി-
ലെന്റെ രക്തം കിനിഞ്ഞൂറുന്നതെങ്ങനെ?
എന്റെയനാഥാലയത്തിൻ നനവുകൾ,
നിന്റെ കരുണകലങ്ങിയ തേങ്ങലിൽ.
എത്ര ഹതാശമാം രാത്രികളാണു നിൻ
പച്ചകയ്ക്കുന്ന സമൃദ്ധ സ്വരങ്ങളിൽ.
ഹേ ! കാലസ്വരൂപാ
നിൻ
സ്വരപേടക മക്ഷയപാത്രം.
ഭ്രാന്തർ
കുടിയേറിയ വഴിയമ്പലം.
പനീർപ്പൊയ്കതൻ സ്വച്ഛസ്മേരം.
നീ
കപ്പൽച്ചേതം.
എന്നിലെച്ചിത്രങ്ങളിൽ
നീ വന്നു പുഷ്പിക്കുന്നു.
എന്നിലെ ജ്വാലാമുഖം
നീ വന്നു കൊളുത്തുന്നു.
ചാട്ടവാറടിപോലെ പാതിരയിരമ്പുന്നു.
എന്റെയഗാധങ്ങളിൽ മുറിവേറ്റുന്നി-
തെന്റെ കിതപ്പുകളിൽ കുളിർചാർത്തുന്നി-
തെന്റെ പുരാതനതന്തികളിൽത്തട്ടി
യെന്നിലേക്കെന്നെ ക്ഷണിക്കുന്നു പിന്നെയും.
നിന്റെ മൗനം.

മഹാശില്പങ്ങൾ തൻ കൊത്തുവേലകൾ,
അന്തരാത്മാവിൽ തണുക്കുന്ന വെൺമകൾ.
വറ്റിവരണ്ട നിഴലുകൾ തൻകണ്ണീർ:
ഉപ്പുപുരണ്ട ശമീതരികൾ തോറു
മെത്തിപ്പെടുന്ന ശ്മശാനപുഷ്പങ്ങൾതൻ
പ്രാണനിൽ നിന്റെയൊടുക്കത്തെ നോവുകൾ.
നിന്റെ ഘടികാരത്തിന്റെ
ജാഡ്യം പിടിച്ച ദുർമ്മന്ത്രങ്ങൾ,
ശോകസംശ്ലിഷ്ട മന്ദഹാസങ്ങൾ.
വേടുകളിച്ചിട്ടിട്ടു നീയാർക്കുന്നു.
മൃതകാമനകൾ നിന്നെത്തലോടുന്നു.
ചോടുതെറ്റിക്കുഴയുന്നൊരെൻ നെഞ്ചിൽ
പോടുകൾ തോറും നിന്റെ കുളിർവാതം.
ഹേ! മഹാഗായകാ......
നിന്റെ വേരുക,ളേതോ ഗന്ധർവ്വനഗരത്തിൽ
ചന്ദനം സ്ഖലിക്കുന്ന ചന്ദ്രിക തേടിപ്പോയി.
നിന്റെ സീൽക്കാരം തോറു-
മെത്രയോ, വിയോഗങ്ങൾ.
ഇരുളുന്ന പുരുഷാരം;
കരി നിറയുമോർമ്മകൾ.
ശവകുടീരങ്ങൾ തൻശിഷ്ടഖണ്ഡങ്ങൾ.
ബാഷ്പാവില രാത്രികൾ!
കരയുന്നതെല്ലാം, മൊരുമിച്ചു നിൻസ്വര-
ശിശിര പ്രവാഹത്തിലലിയുന്നു, മായുന്നു.
നിന്റെ കിരാതവ്യസനങ്ങൾ നീറുന്നു.
പേമഴ കോരിച്ചൊരിയുന്നു പാതിര.
നൊന്തുവേവുന്ന നന്നിരാത്മാവിന്നാഴത്തി-
ലെന്തെന്ത ലൗകികാസക്തികൾ തിളക്കുന്നു?
നിന്റെ രസനയിൽപ്പൂക്കുന്നു സർപ്പങ്ങൾ
സർവ്വ ഋതുക്കളും നിൻ സ്വരഭേദങ്ങൾ
അലമുറയിട്ടസ്തമിക്കുന്ന സന്ധ്യകൾ.
വീണ്ടും വിളിക്കുന്നു നീയെന്നെ.
സ്വർണ്ണമുഖങ്ങൾ തൻസ്മൃതികളിൽ
കാട്ടുതീപാടുന്നു.
നിൻസ്വരനാളിയിലാളിയിരമ്പും
ഹരിതസമുദ്രത്തിലൂളിയിടുന്നു
ശിരസ്സറ്റ ബുദ്ധപ്രതിമകൾ
പ്രാവുകൾ.
മേഘഹരിതങ്ങൾ ചിതറിമറയുന്നു.
വനസീമകൾ ഞെരിയുന്നു
പ്രാണന്റെ ഗോപുരദ്വാരം പുകയുന്നു
കാലപ്രളയം കലിക്കുന്നു.

**VENU V. DESOM**



വററിപ്പോയ മുലപ്പാലിനു മുലക്കണ്ണു കടിച്ചു
വലിച്ചുതൊഴിച്ചതു സഹിയാതററമരിഞ്ഞു
കൊടുത്തിട്ടവിടോ കുട്ടിയെയിട്ടിട്ടോടി–
പോയൊരമ്മ മറഞ്ഞ കൊടുംകാടുകൾ.
തന്നുടെ വിരലുകൾ മാത്രമശിച്ചു വളർന്നോരുണ്ണികൾ........

# നിതിൻ
# നിറങ്ങളുടെ കുസൃതി



എല്ലാവരും കണ്ണും പൂട്ടിയുറങ്ങുന്ന എല്ലാക്കാഴ്ചകൾക്കും മീതെ,
നിതിന്റെ കണ്ണുകൾ തുറന്നിരിക്കുന്നു.
ചായം ഇളകിയ ഭിത്തിയിലെ പാടുകളിൽ
രൂപങ്ങൾ ഉറങ്ങുന്നതായി നിതിൻ കണ്ടെത്തുന്നു...
വെറും കുസൃതികൾക്കപ്പുറം
ഒരു ചിത്രകാരന്റെ അമൂർത്ത ദർശനങ്ങളിലേക്ക്
നിതിൻ വഴുതിവീഴുന്നു.....
നിതിന് അന്യമായൊന്നുമില്ല.
എല്ലാം,
അവനു മുന്നിൽ
വരയ്ക്കപ്പെട്ടവ, വരയ്ക്കപ്പെടാവുന്നവ
ആ ഏഴുവയസ്സുകാരനുവേണ്ടി
ശുദ്ധവായു ഒരുക്കാം...
കാത്തിരിക്കാം...

അമ്മയും കുഞ്ഞും




# മുഖങ്ങൾ



# അപരിചിതർ



# തോണി



# എന്റെ ആലങ്ങാട്

ആലങ്ങാട് എന്നു കേട്ടാൽ മധുരിക്കും. ഇന്നല്ല വളരെ മുമ്പാണത്. ഇന്നത്തെ തലമുറയോട് ചോദിച്ചാൽ ആ മധുരത്തിന്റെ കാര്യം അവർക്കറിയില്ലതന്നെ. പറവൂരിനും ആലുവായ്ക്കുമിടയ്ക്ക് സ്ഥിതിചെയ്യുന്ന ഒരു വലിയ ഗ്രാമമാണ് ആലങ്ങാട്. ഓരോ സ്ഥലത്തിനും അതിന്റേതായ കഥകളും സവിശേഷതകളുമുണ്ടാകുമല്ലോ പറയാൻ. എന്റെ ഗ്രാമത്തിന്റെ കഥയും പറയട്ടെ.

കുറച്ച് ചരിത്രപ്രാധാന്യമുള്ള നാടാണ് ആലങ്ങാട്. ചരിത്രപ്രാധാന്യത്തെക്കുറിച്ച് പറയുന്നതിനു മുമ്പ് ആലങ്ങാട് എന്നപേരിന്റെ ഉത്ഭവത്തെക്കുറിച്ച് അല്പം സൂചിപ്പിക്കേണ്ടിയിരിക്കുന്നു.

പണ്ട് കൊച്ചിരാജാവിന്റെ മേൽക്കോയ്മയിലുള്ള ഒരു സാമന്ത രാജ്യമായിരുന്നു ആലങ്ങാട്. 'മങ്ങാട്ട് കൈമൾ' എന്നൊരു നായർ പ്രഭു അവിടം ഭരിച്ചിരുന്നത് കൊണ്ട് 'മങ്ങാട്' എന്നാണ് ആദ്യം അറിയപ്പെട്ടിരുന്നത്. ഈ വംശത്തിന്റെ തിരോധാനത്തിനു ശേഷംവന്ന നാട്ടുരാജാക്കന്മാരാണ് മങ്ങാട് എന്ന പേരുമാററി ആലങ്ങാട് എന്നാക്കിയത് എന്നാണ് ചരിത്രവസ്തുത. ആലം + കാട് എന്നതാണ് ആലങ്ങാട് ആയതെന്നും പറയുന്നുണ്ട്. ആലം എന്നാൽ കരിമ്പ് എന്നർത്ഥം. കരിമ്പ് ഇവിടെ ധാരാളം ഉള്ളത്കൊണ്ട് ആലങ്ങാട് എന്നുവന്നതായിരിക്കണമെന്നും ഐതിഹ്യമുണ്ട്. ആലങ്ങാട് എന്നുകേട്ടാൽ മധുരിക്കുമെന്നു പറഞ്ഞത് ആലങ്ങാടൻ ഉണ്ടശർക്കരയെക്കുറിച്ചാണ്. പ്രസിദ്ധമായ ആലങ്ങാടൻ ശർക്കര എ. ആർ. രാജരാജവർമ്മയുടെ കേരള പാണിനീയത്തിലും കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളിലുമൊക്കെ സ്ഥാനം പിടിച്ചിട്ടുണ്ട്. ആലങ്ങാടൻ ചന്തയും പ്രസിദ്ധമാണ്. ചന്തയെ അങ്ങാടി എന്ന് വിളിച്ചിരുന്നത് ഇന്നും തുടരുന്നു.

ഇനി ഈ പ്രദേശത്തിന്റെ ചരിത്രപരമായ പ്രത്യേകതകൾ എന്തെന്നു നോക്കാം. കൊച്ചിരാജാവിന്റെ മേൽക്കോയ്മയിലുള്ള ഒരു സാമന്ത രാജ്യമായിരുന്നു ആലങ്ങാട് എന്നു മുമ്പു പറഞ്ഞുവല്ലോ. ആലുവാപ്പുഴയ്ക്കുസമീപമുള്ള ഈ രാജ്യത്തിന്റെ കിഴക്കൻ അതിർത്തി മലയാററൂർ ആയിരുന്നു. അയിരൂർ ചെങ്ങമനാട്, കോതകുളങ്ങര, മണപ്പാറ, പാറക്കടവ് എന്നീ ഗ്രാമങ്ങൾ ഈ രാജ്യത്തിൽ ഉൾപ്പെട്ടിരുന്നു. അക്കാലത്ത് ഇവിടെ വാണിജ്യത്തിനായി വന്ന ഡച്ചു കമ്പനിയ്ക്ക് പ്രതിവർഷം 5കണ്ടി കുരുമുളക് കിട്ടിയിരുന്നതായി ഗൊള്ളനസ്സി എന്ന ഡച്ചു ചരിത്രകാരൻ പ്രസ്താവിക്കുന്നുണ്ട്.

1790-ൽ ടിപ്പുസുൽത്താൻ പറവൂർ, ആലങ്ങാട് എന്നീരാജ്യങ്ങൾ ആക്രമിച്ചുപിടിച്ചതും, ആ പ്രദേശങ്ങൾ മുഴുവൻ കൊള്ളചെയ്തതും, ആലുവാപ്പുഴയിലുണ്ടായ അഭൂതപൂർവ്വമായ വെള്ളപ്പൊക്കം മൂലം വലിയ നാശനഷ്ടങ്ങളോടെ സുൽത്താൻ തിരിച്ചുപോയതും ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള വസ്തുതകളാണല്ലോ. അവർ ഇവിടം ആക്രമിക്കാൻ വേണ്ടി ഒളിച്ചിരുന്ന സ്ഥലങ്ങളൊക്കെ ഇപ്പോഴും ആ ചരിത്രസത്യത്തിന്റെ സാക്ഷികളായി നിലനില്ക്കുന്നുണ്ട്.

ക്രിസ്തുവിനുശേഷം 1-ാംനൂററാണ്ടിൽ കേരളത്തിലെ ഏററവും പ്രധാന തുറമുഖ പട്ടണം ആലങ്ങാടായിരുന്നുവെന്ന് പറയപ്പെടുന്നു. പായക്കപ്പലുകളിലും പത്തേമാരികളിലുമായിരുന്നു ചരക്കുകൾ കൊണ്ടുപോയിരുന്നത്. വെളുത്ത കുരുമുളകും കറുത്ത കുരുമുളകും ഇവിടെനിന്ന് കയററിക്കൊണ്ടുപോയിരുന്നതായി ക്രിസ്ത്യൻ മിഷനറിമാരുടെ 'പ്രാചീന കേരള ചരിത്ര സംഗ്രഹം' എന്ന ഗ്രന്ഥത്തിൽ കാണാം.

പ്രസിദ്ധ മന്ത്രികനും യുദ്ധവിദഗ്ധനും ചാരാഗ്രേസരനും ധീരനും ശൂരനും അനന്യസാധാരണമായ കായബലത്തോടുകൂടിയവനുമായ കുഞ്ചുക്കുട്ടിപ്പിള്ള സർവ്വാധികാര്യക്കാർക്ക് ജന്മം നല്കിയത് ആലങ്ങാടാണ്. അക്കാലത്ത് ആലങ്ങാട്, പറവൂർ, കൊച്ചി എന്നീ രാജ്യങ്ങളിലെ രാജാക്കൻമാരുടെ സേവകനായും അദ്ദേഹം പ്രവർത്തിച്ചിരുന്നു. ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു തിരുവിതാംകൂർ ആക്രമിക്കാൻ വേണ്ടി മൈസൂർ സിംഹമായ ടിപ്പുസുൽത്താന്റെ വരവ്. ടിപ്പു സൈന്യസമേതം ആലുവായിലെത്തി പാളയമടിച്ചു താമസിച്ചസമയം മലവെള്ളം പൊങ്ങി യുദ്ധക്കോപ്പുകളും സൈന്യവും നശിച്ചുപോയെന്നും ഇച്ഛാഭംഗത്തോടെ മടങ്ങിപ്പോയെന്നും പറയുന്നുണ്ടല്ലോ. എന്നാൽ മലവെള്ളം താനേ ഉണ്ടായതല്ല. ഉണ്ടാക്കിയതാണ്. കുഞ്ചുക്കുട്ടിപ്പിള്ളയുടെ ബുദ്ധിയാണ് ഇതിനുപിന്നിൽ പ്രവർത്തിച്ചത്. പണ്ടെ, തിരുവിതാം-

# ഒരു ആലങ്ങാടൻ ചിത്ര

കൂർ രാജാവിനെ വധിക്കാൻ ചില ചാരൻമാർ ഗൂഢാലോചന നടത്തിയത് കണ്ടുപിടിച്ച് തക്കസമയത്ത് രാജാവിനെ മരണത്തിൽ നിന്നുപോലും രക്ഷിക്കുകയുണ്ടായി. അങ്ങനെ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലും ആലങ്ങാട് ചെന്നുകയറി.

ഇനി പ്രാധാന്യമർഹിക്കുന്നത് ഇവിടെയുള്ള അമ്പലങ്ങളും പള്ളികളുമാണ്. ആലങ്ങാട് കത്തോലിക്കാ പള്ളിയെക്കുറിച്ച് ക്രിസ്ത്യാനികൾക്ക് അനുസ്മരിക്കുവാനും അഭിമാനിക്കുവാനും ഏറെ ചരിത്രവസ്തുതകൾ ഉണ്ട്. ഏകദേശം 600 വർഷത്തെ പഴക്കം ഈ ദേവാലയത്തിനുണ്ടെന്ന് പറയപ്പെടുന്നു. 1699-ലെ കൂനൻ കുരിശു സത്യത്തിനുശേഷം ക്രിസ്ത്യാനികൾ പുത്തൻ കൂററുകാർ എന്നും പഴയ കൂററുകാർ എന്നു രണ്ടായി പിരിഞ്ഞപ്പോൾ, പുത്തൻ കൂററുകാർ പരിശുദ്ധ സിംഹാസനത്തിൽ നിന്നുപിരിഞ്ഞ് ഈ പള്ളിയിൽ വച്ച് 12 പുരോഹിതൻമാർ കൂടി ഒരു അച്ചനെ തലയിൽ കൈവച്ച് ഒന്നാം റമ്പാൻ ആയി വാഴിച്ചു. 1742 ൽ ജനിച്ച മാർജോസഫ് കരിയാററി മെത്രാപ്പോലീത്ത ഇന്ത്യയിലെ ആദ്യത്തെ മെത്രാപ്പോലീത്ത എന്ന പദവിക്ക് അർഹനായി. റോമിൽപോയി പഠിച്ച് ഇന്ത്യയിലാദ്യമായി ഫിലോസഫിയിലും തിയോളജിയിലും ഡോക്ടറേററ് ബിരുദമെടുത്ത് തിരിച്ചുവന്ന് ആലങ്ങാട് സെമിനാരിയിൽ വൈദികനായി സേവനമനുഷ്ഠിച്ചു. 1762-ൽ ലിസ്ബണിലെ രാജ്ഞി അദ്ദേഹത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്തയായി പോർച്ചുഗലിൽ വച്ച് വാഴിച്ചു. പക്ഷേ തിരിച്ചുവരുന്നവഴി ദുരൂഹസാഹചര്യത്തിൽ അദ്ദേഹം ഗോവയിൽ വച്ച് മരിച്ചു. സഭയുടെ ഐക്യത്തിനും സേവനത്തിനുമായി ധീരമായി പ്രവർത്തിച്ച ഈ മഹാപുരുഷൻ ആലങ്ങാടിന്റെ വീരപുത്രനാണ്. പാറേമ്മാക്കൽ തോമ്മാകത്തനാരുടെ 'വർത്തമാനപുസ്തകം' ജോസഫ് കരിയാററിയും തോമ്മാകത്തനാരും കൂടി നടത്തിയ റോമായാത്രയെക്കുറിച്ചുള്ള വിവരണമാണ്.

ഇന്ത്യയിലെ ഏററവും വലിയ സെമിനാരി എന്ന ബഹുമതിക്കർഹമായ മംഗലപ്പുഴ സെമിനാരി ആലങ്ങാടാണ്. ഇവിടെയുള്ള തിരുവാലൂർ മഹാദേവക്ഷേത്രം പുരാതന വാസ്തുശില്പ വൈദഗ്ധ്യത്തിന്റെ മികവുററ ഉദാഹരണമാണ്. അനേകം തീർത്ഥാടകരെ ആകർഷിക്കുന്ന 'തമുക്ക്' നേർച്ച നടത്തുന്ന കുന്നേൽപ്പള്ളിയും ആലങ്ങാടാണ്. കോട്ടപ്പുറം ഭാഗത്ത് ഒരു വലിയ മുസ്ലീംപള്ളിയുമുണ്ട്.

ഒരു ഹൈന്ദവരാഷ്ട്രമായ ഇന്ത്യയിൽ മങ്ങാട്ടുരാജ്യത്തിൽ മുമ്പ് ഹൈന്ദവർ ഉണ്ടായിരുന്നില്ല. 'ക്രിസ്ത്യൻ ബെൽററ്' ആയിരുന്നു ഇവിടെ നിലനിന്നിരുന്നത്. പെരിയാർ മങ്ങാട്ടുരാജ്യത്തിലൂടെ ഒഴുകിയിരുന്നത്കൊണ്ട് അതിനെ മങ്ങാട്ടുപുഴ എന്നും വിളിച്ചിരുന്നു. മലവെള്ളപ്പൊക്കമുണ്ടായപ്പോൾ ഈ പുഴ രണ്ടായി പിരിയുകയും ചെയ്തു. ഒന്ന് കുററിപ്പുഴയായും മറെറാന്ന് ഏലൂർപുഴയായും ഒഴുകുന്നു. ആ വെള്ളപ്പൊക്കത്തിൽ ഉണ്ടായതാണ് പുത്തൻപള്ളി, മണ്ണംതുരത്ത് തുടങ്ങിയ പ്രദേശങ്ങൾ. ഇതൊക്കെയാണ് ആലങ്ങാടിനെക്കുറിച്ച് പറയാനുള്ളത്. മൺമറഞ്ഞ ഏടുകൾ മറിക്കുകയാണെങ്കിൽ ഒരുപക്ഷേ ഇനിയും പലതും കാണാൻ സാധിക്കുമായിരിക്കും.

ഇപ്പോൾ ഭരണസൗകര്യം പ്രമാണിച്ച് ആലങ്ങാടിനെ കുന്നത്തുനാട്, ആലുവാ, പറവൂർ എന്നീ താലൂക്കുകളായി വിഭജിച്ചിട്ടുണ്ട്. പണ്ടത്തെ ആലങ്ങാടുരാജ്യവും ഇപ്പോഴത്തെ ആലങ്ങാട് ഗ്രാമവും തമ്മിൽ വളരെ വ്യത്യാസങ്ങൾ ഉണ്ട്. ഇതിന്റെ വിസ്തൃതി വളരെ ചുരുങ്ങിയിട്ടുണ്ട് എങ്കിലും എവിടെ നോക്കിയാലും വിളഞ്ഞുകിടക്കുന്ന സ്വർണ്ണനിറത്തോടുകൂടിയ വയലേലകളും തലയുയർത്തിനില്ക്കുന്ന കേരവൃക്ഷങ്ങളും കാണാം. പ്രകൃതി ഭംഗിയും ഒട്ടും കുറവല്ല. മാമ്പറപ്പുഴയുടെ കിന്നാരവും തെങ്ങോലകളുടെ കുളിർകാററും ആസ്വദിച്ച് ഇവിടത്തെ ജനങ്ങൾ മുഖ്യമായും കാർഷികവൃത്തികളിൽ ഏർപ്പെട്ടു തൃപ്തരായി ജീവിക്കുന്നു. ചരിത്രത്തിന് തന്റെ വക സമ്മാനങ്ങളും നല്കി ഹിന്ദുക്കളേയും ക്രിസ്തുമക്കളേയും മുസ്ലീംമക്കളേയും ഒരേപോലെ കാത്ത് ആ ആലങ്ങാടെന്ന അമ്മയും ശാന്തയായിരിക്കുന്നു.

SINY K. P.
Class II Malayalam.



# മലമുകളിലെ ഗോപുരം

അകലെ മലനിരകളുടെ നെറുകയിൽക്കാണുന്നു
അംബരം ചുംബിക്കുമൊരു ഗോപുരം
പല ദിശകളിൽ നിന്നുയർന്നു വളഞ്ഞുപോം
വഴികളാ ബിന്ദുവിൽ ചെന്നു നില്പൂ.
വഴികൾ ചവിട്ടിക്കുഴയ്ക്കുന്ന കഴലുകൾ ; ക്കെല്ലാ-
മീഗോപുരമേക ലക്ഷ്യം.

ഏതോ പുലർച്ചയിൽ ഭൂപാളവും കേട്ടു
യാത്രയാരംഭിച്ചു തീർത്ഥാടകർ
വിഘ്നങ്ങളോരോന്നു മുന്നിൽ വന്നപ്പൊഴും
'ഗോപുര' മുള്ളിൽ നിറഞ്ഞുനിന്നു.
ഏറെ ദൂരം നടക്കുന്നതിൻ മുൻപവ-
രൊരു ചുരത്തിൻ ചാരെയെത്തി.
അപ്പുറം താണ്ടിത്തിരിഞ്ഞു നോക്കെക്കണ്ടേ-
തൊരു തീർത്ഥയാത്രികൻ തൻറെയന്ത്യം.

വഴിപാതിപിന്നിട്ടു, യാത്രയാരംഭിച്ച
പാതിപേർ വഴിയിൽത്തളർന്നുവീണു.
ശേഷിച്ച യാത്രികർ ഗോപുരം പൂകുവാൻ
ശോഷിച്ച കാൽകളെത്തള്ളി നീക്കി

രാത്രിയും പകലും ഋതുക്കളും പൂക്കളും
വാടിക്കൊഴിഞ്ഞതറിഞ്ഞിടാതെ

അരുവിയുടെ കുളിരും തരുക്കളുടെതണലും
നുകർന്നിരിക്കാതവർ നീങ്ങിടുന്നു
ദുഃഖങ്ങൾ, തങ്ങളിൽ പങ്കിട്ടു ഭാരം-
കുറയ്ക്കാതെ തന്നെയവർ യാത്രയായി

പാതമുക്കാലും കഴിഞ്ഞു, തീർത്ഥാടകരി-
ലൊരു യാത്രികൻ മാത്രമായി
സഹചരർ നിലംപതിച്ചപ്പൊഴും പതറാതെ-
യവനേകനായ് നടന്നേറെ ദൂരം

കേവലം ചുവടുകൾ മാത്ര,മാ കൺകളിൽ
ഗോപുര വാതിൽ തെളിഞ്ഞു
ക്ഷീണമാണ്ഡത്തിൻറെ വർദ്ധിച്ച ഭാരമാ-
കാൽകളിൽ ചങ്ങലക്കെട്ടു മാത്രം.

'പൂർണ്ണതയെന്നൊരു മോഹ'മാം ചാട്ടവാർ
ഉള്ളിൽപ്പുളഞ്ഞു തളർന്നു വീഴ്കെ
വേദന കടിച്ചിറക്കിപ്പിടഞ്ഞെണീറ്റയാൾ
മെല്ലെയിഴഞ്ഞു മുന്നോട്ട്

ഒടുവിലാപഥികൻറെ മോഹവും സാഫല്യ
ഗോപുരം പൂകാതെ കണ്ണടച്ചു.
അകലെ മല നിരകളുടെ നെറുകയിലെ ഗോപുരം
അപ്പൊഴും പൊന്നൊളി ചൊരിഞ്ഞു നിന്നു!

D. SANTHOSH
II B A Malayalam

# എറണാകുളം ജില്ലാ സഹകരണബാങ്ക് ക്ലിപ്തം

## എറണാകുളം, കൊച്ചി–16

ജില്ലയിലെ സഹകരണ കേന്ദ്ര ബാങ്ക്.
എല്ലാവിധ ബാങ്കിങ് ഇടപാടുകളും നിർവ്വഹിച്ചു വരുന്നു.
ആകർഷണീയങ്ങളായ വിവിധയിനം നിക്ഷേപസൗകര്യങ്ങൾ,
നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം.

ജില്ലയിലെ പ്രധാന കേന്ദ്രങ്ങളിലായി 30 ശാഖകൾ,
ശാഖകളിൽ സേഫ് ഡെപ്പോസിററ് ലോക്കർ സൗകര്യം.

ജില്ലയുടെ സമഗ്രമായ വികസനത്തിന്
വിവിധ വായ്പാ പദ്ധതികൾ

സ്വർണ്ണപണയ വായ്പയും ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക വായ്പാ സൗകര്യങ്ങളും
കൂടുതൽ വിവരങ്ങൾക്ക്

ഹെഡ്ഓഫീസിലോ ശാഖകളിലോ അന്വേഷിക്കുക

എം. എം. മോനായി,
പ്രസിഡൻറ്.

പി. കെ. വാസു,
ജനറൽ മാനേജർ.

# THE ASOK TEXTILES LIMITED


Asokpuram, Post Box No. 17,
ALUVA 683101

*Manufacturers and Exporters of Superior Quality Cotton Yarn, Staple Fibre Yarn and Blended Yarn. Counts ranging From Ne 30s to 120s in Single & Double yarns, Carded and Combed yarns, Weaving and Hosiery yarns, Autoconed, Spliced yarn*

Telex No. 882 - 207 ASOK IN

Telegrams : 'UMAYAL'

Telephone No- 5306
3921
4103



# മിഴാവിന്റെ താളം

മാഗസിൻ കമ്മററി

പ്രപഞ്ചതാളത്തിൽ മൽമറയൽ അനിവാര്യമാണ്.
അത് എന്നും അങ്ങിനെയായിരുന്നു.
എന്നും അങ്ങിനെയായിരിക്കും.
കണ്ണിൽ ജനിച്ച്. മുദ്രയിലൂടെ പ്രതിഫലിക്കുന്ന കലയാണ് കൂടിയാട്ടം.
ആധുനികതയുടെ വേഗങ്ങളിൽ. മറവിയുടെ കയങ്ങളിലാണിന്ന് കൂടിയാട്ടം.
കേരളത്തിലിന്ന് കൂടിയാട്ടത്തെക്കുറിച്ച്. നമ്മോട് പറയാൻ അവശേഷിക്കുന്നവരിൽ മുഖ്യൻ
അമ്മന്നൂർ മാധവചാക്യാരാണ്.
മാധവചാക്യാരുമായി മാഗസിൻ കമ്മററി നടത്തിയ അഭിമുഖത്തിന്റെ പൊരുൾ.

### പ്രാചീനത:—

കൂടിയാട്ടത്തിന്റെ പ്രാചീനത, കലാകാരന്മാർ പറഞ്ഞു പരിശീലിച്ചിട്ടുള്ളത് രണ്ടായിരത്തി ചില്വാനം വർഷങ്ങളെന്നാണ്. എത്രയെന്ന് കൃത്യപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

### കൂടിയാട്ടവും സംസ്കൃത നാടകങ്ങളും:—


സംസ്കൃത നാടകങ്ങളുടെ അവതരണം ഇന്ന് ശരിയായ രീതിയിൽ നിർവഹിക്കുന്നത് കൂടിയാട്ടത്തിൽ മാത്രമാണ്. സംസ്കൃത നാടകങ്ങളിൽത്തന്നെ എല്ലാ നാടകങ്ങളും കൂടിയാടാറില്ല. അതിൽ വാചിക പ്രധാനമായിട്ടുള്ളതും, അഭിനയ പ്രധാനമായിട്ടുള്ളതും ഉണ്ട്. അഭിനയത്തിന് സാദ്ധ്യത കൂടുതൽ കല്പിക്കപ്പെട്ടിട്ടുള്ള നാടകങ്ങളെ പ്രത്യേകം അഭിനയ നാടകങ്ങൾ എന്നു പറയും. അഭിനയിക്കാൻ മതിയായ വിഷയങ്ങൾ അടങ്ങിയിട്ടുള്ളവയാണ് ഇവ. പ്രധാനമായും ഭാസന്റെ കൃതികളാണ് എടുക്കാറ്. പിന്നെ ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി. കുലശേഖരന്റെ സുഭദ്രാധനഞ്ജയം. ഇത് വളരെ പ്രസിദ്ധമാണ്.

നാടകങ്ങൾ പലതരത്തിലുണ്ട്. പണ്ഡിതന്മാരുടെ മനഃശുദ്ധിയനുസരിച്ച് രസിക്കാവുന്ന രീതിയിലുള്ളവയും, ഭാവനാവൈദഗ്ദ്ധ്യം വളരെയേറെ ഉള്ളവയും ഉണ്ട്. രണ്ടാം ഗണത്തിൽപ്പെട്ടവ അഭിനയിച്ച് ഫലിപ്പിക്കാൻ പററില്ല. കാളിദാസന്റെ ശാകുന്തളം വളരെ പ്രസിദ്ധമാണ്. പക്ഷെ അത് അഭിനയിക്കാൻ ഇതുവരെ എടുത്തിട്ടില്ല. ഈയിടെ കലാമണ്ഡലം ചിട്ടപ്പെടുത്തിയതായി കേട്ടു. പക്ഷെ നമുക്ക് അനുഭവം കിട്ടണ്ടേ? എന്നാലല്ലേ അതുനിലനിൽക്കൂ. അത് ജനങ്ങൾക്ക് രസിക്കാൻ പററുംവിധം ആയിത്തീർന്നേതീരൂ. ശാകുന്തളത്തിന്റെ രസികത്വത്തിന് ഏറെ വ്യാപ്തിയുണ്ട്. എന്നുവച്ചാൽ, അത് ശരിയായി അഭിനയിക്കാൻ സാധിക്കില്ല. അങ്ങിനെയുള്ള വിഷമംകൊണ്ട് അത് കൂടുതൽ ആരും അഭിനയിച്ചിട്ടില്ല. പലതും പരീക്ഷിച്ചു നോക്കിയകൂട്ടത്തിൽ ഇതും ഒന്ന് പരീക്ഷിച്ചു നോക്കിയെന്നേയുള്ളൂ. അത് ഒരു പ്രാവശ്യം മാത്രമേ ഉണ്ടായിട്ടുള്ളുതാനും.


### വേഷങ്ങൾ:—

ഓരോ നാടകങ്ങളുടെ സമ്പ്രദായ ഭേദങ്ങളനുസരിച്ച് അനവധി വേഷങ്ങളുണ്ട്. മുപ്പത്തിയാറുതരത്തിൽ വേഷങ്ങളുണ്ട്. ഇപ്പോൾ ബാലിവധം ആണെന്നുവച്ചാൽ ബാലി, സുഗ്രീവൻ എന്നീവേഷങ്ങൾ. സാധാരണ കഥകളിയിലൊക്കെ ഒരേ രൂപമാണ്. വേഷം ചൊല്ലി വരുത്തിയെന്നുമാത്രം. കൂടിയാട്ടത്തിൽ അങ്ങനെയല്ല. വേഷത്തിൽത്തന്നെ മാററമുണ്ട്. ബാലിയുടെയും, സുഗ്രീവന്റെയും വേഷം രണ്ടും രണ്ടുതന്നെയാണ്. ഇത് ശാസ്ത്രീയമായിട്ടുള്ള കലയാണ്. അപ്പോൾ രാജത്വം ഉണ്ടെങ്കിലേ കിരീടം വയ്ക്കൂ. ബാക്കിയുള്ള വേഷത്തിനൊന്നും കിരീടമില്ല.

കരിവേഷങ്ങളിൽ ശൂർപ്പണഖ മാത്രമേ ഇന്നു നിലവിലുള്ളൂ. വേറെ വേഷങ്ങളുണ്ട്. പക്ഷെ അത് ഇന്ന് നടക്കുന്നില്ല.



മിഴാവിന്റെ താളം



മിഴാവിന്റെ താളം

## വാദ്യങ്ങൾ:-

കൂടിയാട്ടത്തിൽ മിഴാവിനാണ് പ്രാധാന്യം. മിഴാവല്ലാതെവേറെ വാദ്യങ്ങളാം ഇടയ്ക്ക, കുറുംകുഴൽ, ശംഖ്, താളക്കൂട്ടം. അതാണ് ഇതിലെ പഞ്ചവാദ്യം. പിന്നിൽ മിഴാവ്, വലതുവശത്ത് നങ്ങ്യാർ, ഇടതുവശത്ത് മററുവാദ്യങ്ങളാം. അങ്ങനെയാണ് കൂത്തമ്പലത്തിൽ ഇവയുടെ സ്ഥാനം.

## വിദൂഷകൻ:-

കൂടിയാട്ടത്തിൽ വിദൂഷകൻ പ്രധാനമായിട്ടുള്ളതും അല്ലാത്തതുമായ നാടകങ്ങളുണ്ട്. പ്രധാനമായിട്ടുള്ള നാടകങ്ങളിൽ തന്നെ വിദൂഷകൻ രണ്ടുതരത്തിലുണ്ട്. രാജാവിനെ ഉപദേശിച്ച് നേരെയാക്കാൻ കഴിവുള്ള വിദൂഷകനും, നേരമ്പോക്കിന് മാത്രമായിട്ടുള്ള വിദൂഷകനും. നാഗാനന്ദം നാടകം ഇതിൽ രാജാവിനെ നേരെകൊണ്ടുപോകുന്നത് വിദൂഷകനാണ്. എന്നാൽ സുഭദ്രാധനഞ്ജയത്തിൽ വിദൂഷകൻ നേരമ്പോക്കുകാരനാണ്.

കൂടിയാട്ടത്തിൽ ഉപയോഗിക്കുന്നത് സംസ്കൃതമാണല്ലോ. കഥാപാത്രത്തിന്റെ താത്പര്യം എന്താണെന്നുള്ളത് സാധാരണ ജനങ്ങളാം മനസ്സിലാക്കണമെങ്കിൽ മലയാളത്തിൽതന്നെ പറയണം. അതിനാൽ സാധാരണ നായകൻ പറയുന്ന ഒരുവരി വിദൂഷകൻ ആവർത്തിച്ച്, വിസ്തരിച്ച് മനസ്സിലാക്കി കൊടുക്കുന്നു.

വിദൂഷകന് സാത്വികാഭിനയം അധികം പറഞ്ഞിട്ടില്ല. വാചികാഭിനയം മാത്രമേയുള്ളൂ. അതിപ്പോൾ കരിവേഷങ്ങൾക്കും ഇല്ല. വിദൂഷകൻ കൂടിയാട്ടത്തിൽ രാജാവിന്റെ വിമർശകനായും വരാറുണ്ട്. ഇഷ്ടംപോലെ അവിടെ പെരുമാറാനുള്ള സ്വാതന്ത്ര്യം വിദൂഷകനുണ്ട്. നേരമ്പോക്ക് പറയാൻ, ദേഷ്യം പറയാൻ, രാജാവിനോട് ദേഷ്യപ്പെടുകയൊക്കെചെയ്യും. വിമർശനത്തിന് സ്വതവെഅനുവാദമുള്ള കഥാപാത്രമാണ് വിദൂഷകൻ.

## നങ്ങ്യാർ:-

പാർവ്വതിയുടെ സ്ഥാനമാണ് നങ്ങ്യാർക്ക്. പരമശിവന്റെ നൃത്തമായി കൂടിയാട്ടത്തെ സങ്കല്പിച്ചാൽ പാടാനുള്ള സ്ഥാനം പാർവ്വതിക്കാണ്. കൂടിയാട്ടത്തിൽ സ്ത്രീവേഷം കെട്ടുന്നതും നങ്ങ്യാരാണ്. പുരുഷൻ സ്ത്രീ വേഷം കെട്ടിയാൽ അഭിനയത്തിനിടയിൽ നടന്റെ പുരുഷത്വം ഇടയ്ക്ക് വെളിപ്പെടും. അതിനാൽ കഥകളിയിൽ നിന്നും വിരുദ്ധമായി നങ്ങ്യാരാണ് സ്ത്രീവേഷം കെട്ടാറ്.

## വിളക്ക്:-

കൂടിയാട്ടക്കാരന് പരമ പ്രധാനമാണ് വിളക്ക്. മൂന്നുതിരിയിട്ട നിലവിളക്കിന് മുമ്പിൽ ശ്ലോകം ചൊല്ലി ഓരോ പദത്തിന്റെയും വിഭക്തിസഹിതം മുദ്രകാണിച്ചഭിനയിക്കുമ്പോൾ വിളക്കുള്ളതിനാൽ പ്രേക്ഷകന് കാണാൻ ബുദ്ധിമുട്ടില്ല. നടൻ അഭിനയിക്കുന്ന സമയത്ത് വിളക്കല്ലാതെ മറ്റൊന്നു കാണാറില്ല. ശ്രദ്ധമുഴുവൻ ദീപനാളത്തിലാണ്. കൂടിയാട്ടക്കാരൻ സദസ്സിനെ നോക്കരുതെന്നാണ് പ്രമാണം. മറിച്ചായാൽ കഥാപാത്രത്തിന്റെ സ്ഥായിമാറി ചാക്യാരുടെ സ്ഥാ

വരും. അഭിനയത്തിനും ഭംഗം സംഭവിക്കും. വിളക്കിൽ രണ്ടുതിരി ചാക്യാർക്ക് അഭിമുഖമായും, ഒരുതിരി പ്രേക്ഷകന് അഭിമുഖമായുമാണ് വയ്ക്കുക. ചാക്യാരുടെ ദൃഷ്ടിവ്യാപാരം ഈ രണ്ടുതിരികൾക്കും നേരെയായിരിക്കും. അല്ലെങ്കിൽ മുദ്രകളിലും. ഇവയിലേയ്ക്ക് നോക്കിഅഭിനയിക്കുമ്പോൾ ദൃഷ്ടിചലനം തീർത്തും നിയന്ത്രിക്കപ്പെടുന്നു. അഭിനയം മിഴിവുററതുമാകുന്നു.

വിളക്കിലെ മൂന്നുതിരികൾ ത്രിമൂർത്തികളായും, യജ്ഞശാലയിലെ മൂന്നഗ്നികളേയും പ്രധിനിധീകരിക്കുന്നതായും പറയുന്നു. കൂടിയാട്ടത്തെ ചാക്ഷുഷയജ്ഞമായി എടുത്താൽ പഞ്ച പ്രസാദങ്ങളിൽപ്പെട്ട് കൂത്തമ്പലത്തെ യജ്ഞശാലയായും. മൂന്നു ദീപനാളങ്ങളെ ദക്ഷിണാഗ്നി, ഗാർഹ്യപത്യം, ആഹവനീയം, എന്നിങ്ങനെ മൂന്നഗ്നിയായും കണക്കാക്കാം.


ഒന്നുകൂടിയുണ്ട്. നാട്യം ചാക്യാർ സമർപ്പിക്കുന്നത് ദേവനാണ്. കൂത്തമ്പലത്തിൽ ചാക്യാർക്ക് മുന്നിൽ പ്രേക്ഷകൻ ദേവനാണ്. വിളക്കിനെ ദേവനായി സങ്കല്പിച്ചാണ് കൂത്ത് നടത്താറുള്ളത്.

### കൂത്തമ്പലം:—

ക്ഷേത്രങ്ങളെ സംബന്ധിച്ച് പഞ്ചപ്രസാദങ്ങളിലൊന്നാണ് കൂത്തമ്പലം. ഇതില്ലാത്ത അമ്പലം പൂർണ്ണമല്ല എന്നർത്ഥം. ക്ഷേത്രത്തിനകത്ത് രംഗസംവിധാനം, നേവത്ഥ്യ വിധാനം, ജർജ്ജരപൂജ, രംഗപൂജ, കുതപസ്ഥാനം, മത്തവാരിണി, ദീപസ്ഥാനം, ആസനസ്ഥാനം എന്നിങ്ങനെ രംഗവിഭാഗത്തിൽപ്പെട്ട നിയമങ്ങൾക്കനുസരിച്ച് നിർമ്മിതമാണ് കൂത്തമ്പലം. പ്രേക്ഷകനുമായി എളുപ്പത്തിൽ സംസാരിക്കുവാൻ ഉതകുന്ന രീതിയിലാണ് കൂത്തമ്പലങ്ങളുടെ നിർമ്മിതി. അമ്പലത്തിന് പുറത്ത്, പ്രത്യേകം വിധിപ്രകാരം തയ്യാറാക്കിയ ചില സ്ഥലങ്ങളിൽ **കൂത്ത്** നടത്താറുണ്ട്. കൂത്ത് പറമ്പുകൾ എന്നാണ് ഇതിനുപേർ. വിധിപ്രകാരം എല്ലാ ക്രിയകളാലും അമ്പലത്തിനകത്തെ കൂത്തമ്പലങ്ങൾക്ക് സമാനമാക്കിയശേഷമാണ് ഇവിടെ കൂത്ത് നടത്താറുള്ളത്.


### പറക്കുംകൂത്ത്:—

ശ്രീഹർഷവിരചിതമായ നാഗാനന്ദം നാടകത്തിലെ നാലാമങ്കമാണ് പറക്കുംകൂത്ത്. ജീമൂതവാഹനനെ ഗരുഡൻ കൊത്തിയെടുത്ത് പറന്നുപോകുന്ന രംഗം. അറുപത്തിനാലടി ഉയരത്തിലുള്ള ഒരു തട്ടിൻമേൽ നിന്ന് ചാക്യാർപറന്നിറങ്ങി താഴെ കിടക്കുന്ന ജീമൂതവാഹനന്റെ ദേഹത്തുനിന്ന് ഒരു ചെത്തിമാല കൊത്തിയെടുത്ത് പറന്നുയരുന്നു. അനേകം ചരടുകളുപയോഗിച്ച് ചാക്യാരെ ഒരു മരത്തട്ടുമായി ബന്ധിക്കുന്നു. ഈചരടുകൾ ഒരുപ്രത്യേക രീതിയിൽ ചലിപ്പിക്കുമ്പോൾപറക്കാൻ സാധിക്കുന്നു. രംഗത്ത് കറങ്ങികറങ്ങി പറന്നാണ് ഗരുഡൻ താഴേയ്ക്ക് വരിക. നമ്പ്യാരാണ് ചരട് പ്രവർത്തിപ്പിക്കാറ്. ഏറെ അപകട സാദ്ധ്യതകളുള്ള ഈ രംഗം സാധാരണ കൂത്തമ്പലങ്ങളിൽ അവതരിപ്പിക്കാറില്ല. ഇതവതരിപ്പിക്കാൻ പ്രത്യേകം സ്ഥലങ്ങൾ തയ്യാറാക്കുകയാണ് പതിവ്. ഈ സ്ഥലങ്ങളെ കൂത്തുപറമ്പുകൾ എന്നാണ് പറയാറ്. കേരളത്തിലെ പല ഭാഗങ്ങളിലും ഈ കൂത്തുപറമ്പുകൾ കാണാം. ഇന്ന് ആധു



മിഴാവിന്റെ താളം

നിക സംവിധാനങ്ങളുപയോഗിക്കാമെങ്കിലും, അഭിനയിക്കാറില്ല. ഞാനും കേട്ടിട്ടേയുള്ളൂ. അവസാനമായി പറക്കുംകൂത്ത് നടന്നത് കുറിക്കാട്ടിൽ വച്ചാണ്. അമ്മന്നൂർ ഇട്ടിയമ്മ ചാക്യാർ ഗരുഡനായി, കുഞ്ചൻ നമ്പ്യാർ ചരടുപിടിച്ചു.



മിഴാവിന്റെ താളം

### ചാക്യാരും, കൂത്തും:—

ചാക്യാർസമുദായത്തിന്റെ ഉത്പത്തിയെപ്പറ്റി ഭിന്നാഭിപ്രായങ്ങൾ നിലനിൽക്കുന്നു. ഭരതമുനിയുടെ പിൻമുറക്കാരിലൊരാൾ ഭൂമിയിൽവന്ന് നാട്യം പഠിച്ചു. എന്ന് ഐതിഹ്യം. പരശുരാമൻ കേരളം സൃഷ്ടിച്ചപ്പോൾ പലതും വ്യവസ്ഥചെയ്ത കൂട്ടത്തിൽ നാട്യത്തിന് ചാക്യാന്മാരെ നിയോഗിച്ചു എന്നു മറ്റൊരു കഥ. ഏതായാലും കഥകളെല്ലാം ചാക്യാർ സമുദായത്തിന്റെയും, നാട്യത്തിന്റെയും ബന്ധം സ്ഥാപിക്കുന്നവതന്നെ. കൂത്ത്, ചാക്യാരെയും ചാക്യാർ, കൂത്തിനെയും രക്ഷിച്ചുപോന്നിരുന്നു. ചാക്യാരുടെ അനുഷ്ഠാനമാണ് കൂത്ത്. ദൈവീകത്വമുള്ള കലകളെല്ലാം അനുഷ്ഠാനമായേ നിലനിൽക്കൂ. അതിന് പാരമ്പര്യഘടകം ആവശ്യമാണ്. കൂത്തിന് ആ പാരമ്പര്യം നൽകുന്നത് ചാക്യാർസമുദായം ആണെന്ന് പറയാം.

### പഠനരീതി:—

പാരമ്പര്യമായി തുടർന്നുവരുന്ന രീതിയാണ് പൊതുവെ ഉള്ളത്. പഴയ ഗുരുകുലത്തെ അനുസ്മരിപ്പിക്കുമാറാണ് വിദ്യാഭ്യാസം. ഇതിന്റെ പ്രത്യേകത എന്താണെന്ന് വച്ചാൽ, ഗുരുവിന് ശിഷ്യനെയും, ശിഷ്യന് ഗുരുവിനെയും നേരിട്ടറിയാൻ സാധിക്കുന്നു. ഗുരുവിനെ ശിഷ്യന് ശരിയായ രീതിയിൽ പകർത്താനും എല്ലുറയ്ക്കുന്നതിന് മുമ്പ് പാഠം ആരംഭിക്കുന്നു. അന്തരീക്ഷത്തെപ്പോലും ശ്രദ്ധിച്ച്, വെളുപ്പിനേ പാഠമാരംഭിക്കുന്നു. കഠിനമാണ് അഭ്യസനരീതി. വാവ് ദിവസങ്ങളിൽ പാഠമില്ല. ഈ രീതിയിൽ പത്തുകൊല്ലം അഭ്യാസം, പത്തുകൊല്ലം പരിചയം. ചാക്യാരുടെ ജീവിതത്തിന്റെ തപസ്യയാണ് വിദ്യസ്വായത്തമാക്കലും, അത് പ്രയോഗിക്കലും.

### ഭാഷ:—

കൂടിയാട്ടത്തിൽ സംസ്കൃതത്തിലെ പ്രാകൃതം ആണ് ഉപയോഗിക്കാറ്. അതുകൂടാതെ തമിഴുമായി ബന്ധപ്പെട്ട ചില പ്രയോഗങ്ങളുമുണ്ട്. പഴയകാലത്ത് മലയാളം തമിഴ് കലർന്നതാണല്ലോ. ആ പഴയ പ്രാകൃതം നിറഞ്ഞ ഭാഷയാണ് നമ്മൾ സംസാരിച്ചുകൊണ്ടിരുന്നത്. സംസ്കൃതനാടകങ്ങളിലെ പ്രാകൃതത്തിന് നിബന്ധനകളുണ്ട്. ശൂർപ്പണഖ സംസാരിക്കുന്ന പ്രാകൃതം നാടൻ പ്രാകൃതമാണ്, തമിഴ് കൂടിയിട്ടുണ്ടെന്നേയുള്ളൂ. അങ്ങിനെയാവുമ്പോൾ ഒടുക്കത്തിൽ ഒരു ''നാൻ'' എന്നോ എന്തെങ്കിലുമൊക്കെ കാണും. ഇങ്ങനെ വരുമ്പോൾ ഒരു ദ്രാവിഡ കലകൂടിയാണ് കൂടിയാട്ടം.

വിദൂഷകന്റെ വേഷങ്ങളിൽ മലയാളവും ഉപയോഗിക്കാറുണ്ട്. ചമ്പുക്കളിലാണ് ഇത് പ്രധാനമായും കണ്ടുവരാറുള്ളത്. സംസ്കൃതം ചമ്പുക്കളിൽ വന്നപ്പോൾ പഴയതൊക്കെ പോയി അതിപ്പോ ഉണ്ടായിരുന്നെന്നറിയാൻ ''ബകവധം''

പ്രബന്ധമുണ്ട്. അതിലൊരു മലയാളം പദ്യം കാണും. അത് ഇന്നും ഉപയോഗിക്കുന്നുണ്ട്. നായകൻ ശ്ലോകം ചൊല്ലിക്കഴിഞ്ഞാൽ അതിനെ കളിയാക്കിക്കൊണ്ട്, ആ ശ്ലോകത്തിനുതന്നെ അനുസരണമായിട്ടുള്ള മറ്റൊന്ന്. ഈ ശ്ലോകങ്ങൾ കൂടുതലും തോലന്റെ സംഭാവനയാണ്. വിദൂഷക ശ്ലോകങ്ങൾ രചിച്ചിട്ടുള്ളത് കൂടുതലും തോലനാണ്.

**രാഗങ്ങളും, താളങ്ങളും:—**

കൂടിയാട്ടത്തിൽ, സാധാരണ ഉപയോഗിക്കുന്ന രാഗങ്ങളും താളങ്ങളും ഉണ്ട്. ഈ രാഗങ്ങൾ, ഭരതന്റേയോ മറ്റുള്ളവരുടെയോ പദ്ധതിയിൽപ്പെട്ടതല്ല: കേരളത്തിന്റെ തനതാണ് എന്ന് പറയുന്നതാവും ശരി. ഭരതമുനി രാഗങ്ങളെക്കുറിച്ചൊക്കെ പറഞ്ഞിട്ടുണ്ട്. അതൊക്കെ സംഗീതങ്ങൾക്ക് ഉപയോഗിക്കുന്ന രീതിയാണ്. കൂടിയാട്ടത്തിലുപയോഗിക്കുന്ന രാഗങ്ങൾ വേദത്തിലെ സ്വരങ്ങളാണ്. ഇതിലേയ്ക്ക് സ്വീകരിച്ചിരിക്കുവ് എന്നേ പറയാൻ കഴിയൂ. സാമവേദത്തിൽ ഗീതത്തിന്റെ സമ്പ്രദായമാണല്ലോ ഉപയോഗിച്ചിരിക്കുന്നത്. ആ ഛായയാണ് കൂടിയാട്ടത്തിൽ അധികവും കാണുന്നത്. രസബുദ്ധിക്ക് പാകത്തിലുള്ള ഉച്ചാരണത്തിന് പ്രാധാന്യം കല്പിച്ചത് അഭിനയത്തിന്റെ മൂർത്തികിട്ടാൻ വേണ്ടിയാണ്. അതിന് ഭേദ്യം വന്നാൽ ആ ഛായയിൽത്തന്നെയാണ് ശബ്ദം പുറപ്പെടുവിക്കുക. അത്രേയുള്ളൂ, കൂടിയാട്ടത്തിൽ ഈ രാഗങ്ങൾ ഉപദേശരൂപത്തിൽ സ്വരപ്പെടുത്തി, ചിട്ടപ്പെടുത്തിയിട്ടുണ്ട്. അതിന് ഇരുപത്തിനാലോ മറ്റോ സ്വരങ്ങളുണ്ട്. അതൊക്കെ ഏതാണ്ട് മുക്കാൽ ഭാഗവും ഇന്നും നിലവിലുണ്ട്. പക്ഷെ ഒരു കഥ കൊണ്ടൊന്നും ഒന്നുമറിയാൻ കഴിയില്ല. പലരും പല സ്വരങ്ങളാണല്ലോ ഉപയോഗിക്കുന്നത്.


**അഭിനയം:—**

ആംഗികം, സാത്വികം, ആഹാര്യം എന്നീ അഭിനയഭേദങ്ങൾ, ഇതുപോരാഞ്ഞിട്ട് – വാചികാഭിനയം എന്നൊന്നുകൂടി കൂടിയാട്ടത്തിൽ കൊടുത്തിരിക്കുന്നു. വാചികത്തിന് അഭിനയ സാദ്ധ്യതയുണ്ട്. ആംഗികത്തിന് അഭിനയ ശക്തിയുമുണ്ട്. ആംഗികവും, വാചികവും കൂടി ഒത്തുചേർന്നാൽ രംഗത്തിന് വശ്യത കൂടും, വ്യക്തത കൂടും. ഒപ്പം എളുപ്പം മനസ്സിലാക്കുകയും ചെയ്യാം. ഭാവങ്ങളെ പൂർത്തീകരിക്കാനുള്ള ഘടകങ്ങളാണ് ആംഗികവും, വാചികവും. ആഹാര്യത്തിനും പ്രാധാന്യമുണ്ട്. ഈ പ്രാധാന്യം രംഗത്തേയ്ക്ക് വരുമ്പോഴാണ്. അത് ക്ഷണനേരമേയുള്ളൂതാനും.

നടന്റെ വ്യക്തിത്വമാണ് കൂടിയാട്ടത്തിൽ പ്രധാനം. മാറി അഭിനയിക്കുമ്പോൾ നടന്റെ സമ്പ്രദായമൊക്കെമാറി ആ ആളുടെ ആവണം പകർന്നാട്ടമെന്നാണ് കഥകളിയിൽ ഇതിന് പറയുക. അതവസാനിച്ചാൽ വീണ്ടും നടന്റെ ശൈലിയാകുന്നു. സ്വതവേ അഭിനയം എന്നുവച്ചാൽ എന്താ?. ഇപ്പോ നിങ്ങള് കാണിക്കുന്നത്, ഞാൻ കാണിച്ചാൽ അത് അഭിനയമായി.

**മുദ്രകൾ:—**

കൂടിയാട്ടത്തിൽ ഓരോ വിഭക്തിക്കും മുദ്രയുണ്ട്. പക്ഷെ ചിലതൊക്കെ ഒന്നുതന്നെയായിരിക്കും. ഇപ്പോൾ ഷഷ്ഠി, തൃതീയ, സപ്തമി തുടങ്ങിയവയൊക്കെ ഒന്നാണ്



മിഴാവിന്റെ താളം

മുദ്ര. ഓരോ പദത്തിനും ഏതു മുദ്രയാണെന്ന് അറിയണം. അതിനായി കാവ്യം നല്ലവണ്ണം പാഠിച്ചിരിക്കുകയും വേണം. ഇരുപത്തിനാല് മുദ്രകളല്ലേ ഉള്ളൂ. ഇതുവച്ചാണ് മുഴുവനും അഭിനയിക്കുന്നത്. വേണ്ടുംവിധം ഇത് ഹൃദിസ്ഥമാക്കിയാൽ മനോധർമ്മപ്രയോഗം മനസ്സിലാക്കാൻ വിഷമം വരില്ല.


ഓരോ മുദ്രകൾക്കും സ്ഥായിയായ രസങ്ങൾ കല്പിച്ചിട്ടില്ല. സ്ഥായീരസം മുദ്ര അവസാനിക്കുമ്പോഴേ ആവുള്ളൂ. അടയാള സൂചനകളും രസപുഷ്ടിക്കായി ഉപയോഗിക്കാറുണ്ട്. കൈയിൽ വില്ലിന്റെയും, ശരത്തിന്റെയും അടയാളം ഉണ്ടെങ്കിൽ രാമന്റെ മുദ്രയെന്ന് മനസ്സിലാക്കാൻ എളുപ്പമാവും.

## കഥകളിയും. കൂടിയാട്ടവും:—

കൂടിയാട്ടത്തിൽ നിന്ന് കലയുടെ അംശങ്ങൾ കഥകളിയിലേയ്ക്ക് സ്വാംശീകരിക്കപ്പെട്ടിട്ടുണ്ട്. വേഷങ്ങൾതന്നെ ഉദാഹരണമാണ്. അവർ ഇതിൽനിന്ന് അല്പമല്ലേ എടുക്കുന്നുള്ളൂ. ഈ കലയുടെ ശരീരം എടുക്കുന്നില്ലല്ലോ. ബാഹ്യമായ അംശങ്ങൾ മാത്രംഎടുത്തുകൊണ്ട് ഏതെങ്കിലുമൊരുഭാഗം അനുകരിക്കുന്നുവെന്നേയുള്ളൂ. മറിച്ച് മുഴുവനൊന്നും സാദ്ധ്യമല്ല. പുരാതനമായ കലകളിൽനിന്ന് എടുക്കാത്തതായ-പകർത്തിയെടുക്കാത്തതായ-മററ് കലാരൂപങ്ങൾവളരെകുറവായിരിക്കും. ഏതെങ്കിലും ചിലഭാഗങ്ങളിൽ ആ കലയുടെ അംശങ്ങൾ നമുക്ക് കാണാൻ സാധിക്കും. കൂടിയാട്ടത്തിൽ വാക്കും, പ്രവൃത്തിയും ഒന്നാവുകയാണ് ചെയ്യുന്നത്. കഥകളിയിൽ വാചികാഭിനയം നടനിൽനിന്നെടുത്ത് പാട്ടുകാർക്ക് കൊടുത്തതുകൊണ്ട്, അതിന്റെ അഭിനയ സാദ്ധ്യത കൂടുകയല്ല. മറിച്ച് അതിന്റെ രസപുഷ്ടി കുറയുകയാണ് ചെയ്യുന്നത്. കാണുന്നതും, കേൾക്കുന്നതും തമ്മിൽ ഇണങ്ങാതിരുന്നാൽ രണ്ടുംകൂടി മനസ്സിൽ കിടന്ന് പരസ്പരം സ്പന്ദിക്കുകയില്ലേ?

വാക്കും, പ്രവൃത്തിയും ഒന്നാവുമ്പോൾ വാക്കുകൾക്കനുസരിച്ച് വികാര പ്രകടനം സാദ്ധ്യമാവുന്നു. ഭക്തിയോടെയോ, ദേഷ്യപ്പെട്ടുകൊണ്ടോ, നടൻ അഭിനയിക്കുമ്പോൾ, പാട്ടുകാരൻ സാധാരണരീതിയിൽ പാടുന്നുവെന്നുവച്ചാൽ അതിലെന്താണൊരു ഓജസ്സ്? ശക്തി?

കഥകളിയുടേയും, കൂടിയാട്ടത്തിന്റെയും അഭ്യസനശൈലിയിൽത്തന്നെ വ്യത്യാസമുണ്ട്. കൂടിയാട്ടത്തിന്റേത് ശാസ്ത്രീയമായ രീതിയാണ്. കഥകളിയിൽ പല ചിട്ടകൾ നിലനിൽക്കുന്നു. തെക്കൻ, വടക്കൻ, കപ്ലിങ്ങാടൻ എന്നൊക്കെ. ഒരിടത്ത് വികാരങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നുവെങ്കിൽ മററൊരിടത്ത് മെയ്സ്വാധീനത്തിനാണ് പ്രാധാന്യം. തെക്കൻചിട്ടയിൽ രസത്തിനാണ് ശക്തി. അതായത് മുഖഭാവങ്ങൾക്കാണ് പുഷ്ടി, എന്നാൽ കൂടിയാട്ടത്തിൽ പൈങ്കുളം ശൈലി, അമ്മന്നൂർ ശൈലി എന്നിങ്ങനെ ഇല്ല. എല്ലാം ഒന്നുതന്നെയാണ്. സംസ്കൃത നാടകാഭിനയം നാട്യശാസ്ത്ര പ്രകാരം ഇന്ന്കൂടിയാട്ടത്തിൽ മാത്രമാണ് നിലനില്ക്കുന്നത്. മററു പലയിടത്തും ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ടെങ്കിലും ഇന്ന് ഇല്ല. വടക്കുണ്ടായിരുന്ന സാധനങ്ങളെല്ലാം കേരളത്തിലാണ് സൂക്ഷിക്കുന്നത് എന്ന് വ്യംഗ്യം.



മിഴാവിന്റെ താളം


### കൂടിയാട്ടത്തിന്റെ വർത്തമാനം:—

തെരഞ്ഞെടുക്കപ്പെട്ട കുറച്ചുപേർ മാത്രമേ കൂത്തമ്പലങ്ങളിൽ ഇന്ന് കൂടിയാട്ടം കാണാൻ വരുന്നുള്ളൂ. അവരിൽനിന്നുമാത്രം ഈ കലയെ രക്ഷിക്കാൻ സാദ്ധ്യമല്ല. കാരണം ഇത് ഒരു അനുഷ്ഠാനകലയാണ്. അതിനൊരു പാരമ്പര്യം ആവശ്യമാണ്. അതിനായി പ്രത്യേകം ചുമതലപ്പെട്ട ഒരാൾ ആവശ്യമാണ്. ആ പാരമ്പര്യ ഘടകം നിലനിർത്താൻ നമുക്ക് കഴിയുന്നില്ല. അത് കൂടാതെ രക്ഷിക്കാൻ താല്പര്യമുള്ളവർ കൂടുതൽ നമ്മളല്ല. വിദേശിയരാണ്. രാജ്യത്തിനു പുറത്തുള്ളവർക്കാണ് നമ്മളുടെ കലകളോട് താല്പര്യം. വിദേശിയർ ഇതിൽ വളരെ ജിജ്ഞാസ അർപ്പിച്ച് പഠിക്കാൻ ശ്രമിക്കുന്നവരാണ്. അവരുടെ ആസ്വാദനശേഷി കേമമാണ്. അവിടെയും സംസ്കൃതം അറിയുന്നവരുണ്ട്. അവിടെ കൂടിയാട്ടം ആസ്വദിക്കുവാൻ വരുന്നവർ ഈ കലയെപ്പറ്റി അറിയുവാൻ താത്പര്യമുള്ളവരാണ്. അവരുടെ ചോദ്യവും അത്യന്തം പ്രാധാന്യം കൊടുക്കേണ്ടവയാണ്.

നിലവിലുള്ള ചാക്യാർ കുടുംബങ്ങളിൽപ്പോലും ഈ കൂത്ത് നിലനിർത്തുവാനുള്ള ശ്രമങ്ങളില്ല. ഉള്ളവരിൽ തന്നെ തുടർച്ചയായി നിലനിൽക്കുന്ന സങ്കേതങ്ങളുമില്ല. ആകെ അഞ്ചു കുടുംബങ്ങളാണ് കേരളം ഒട്ടാകെ നോക്കിയാൽ കാണുക. ഏററവും കൂടുതൽ ഈ കലകളോട്, കരുണയില്ലാത്തത് കേരളത്തിലെ ഗവൺമെൻറിനാണ്. കേരളത്തിന് സംഗീതാക്കാദമി പോലും ഒട്ടും സഹായം ചെയ്യുന്നില്ല. കരുണയുള്ള പ്രമാണിമാർ തന്നിട്ടുപോയതാണ് ഇവിടെയുള്ളതൊക്കെ.

പഴയ പ്രേക്ഷകനും, പുതിയ പ്രേക്ഷകനും തമ്മിലുള്ള വ്യത്യാസവും ഈ കലയുടെ പതനത്തിന് ഒരു കാരണമാണ്. ഇന്നത്തെ പ്രേക്ഷകൻ ''മെക്കെ നന്നായിട്ടോ'' എന്നുപറയും. എന്താ നന്നായെ? _ എന്നൊരു മറു ചോദ്യം ചോദിച്ചാൽ നിശ്ചയമില്ല. എന്നാൽ പഴയ പ്രേക്ഷകൻ പറയും. ഇന്നത്, ഇന്നത് വളരെ നന്നായി എന്ന്. ഇതാണ് അവർ തമ്മിലുള്ള വ്യത്യാസം. അഭിനേതാക്കളെപോലെതന്നെ പഠിച്ചവരായിരിക്കണം കാണികൾ. ആസ്വാദനം കിട്ടുന്നതിന് ശാസ്ത്രത്തിൽ പറയുന്ന നാമം ''സാധാരണീകരണം'' എന്നാണ്. ഇത് സംസ്കൃത പഠനത്തെ ആശ്രയിച്ചാണിരിക്കുന്നത്. കഥകളിയിലെന്നപോലെ ആസ്വാദന കളരികൾ നടത്തുന്നത് പ്രേക്ഷകനെ കൂടുതൽ ഇതിനെക്കുറിച്ച് ബോധവാന്മാരാക്കാൻ സാധിക്കുമെന്ന് തോന്നുന്നു. തിരുവനന്തപുരത്ത് കൂടിയാട്ടത്തിന്റെ ആസ്വാദകന്മാർ കുറവായിരുന്നു. ഇപ്പോൾ ''മാർഗ്ഗി'' എന്ന കലാനിലയത്തിന്റെ ശ്രമത്തിൽ ഇങ്ങനെ ചില ആസ്വാദന കളരികൾ നടന്നതായി അറിയുന്നു. ഇന്നവിടെ ധാരാളം ആൾക്കാർ കൂടിയാട്ടത്തിന്റെ ആസ്വാദകരാണ്.

പുത്തൻ ജീവിത പരിഷ്കാരങ്ങളുടെ തിരക്കിൽ ഏത് കലയ്ക്കും ആസ്വാദനത്തിന്റെ വിഷമസന്ധിയാണ് അതിന്റെ ദൈർഘ്യം. അനുഷ്ഠാനകലകളിലാവുമ്പോൾ ഈ കാലദൈർഘ്യത്തിന് സവിശേഷമായ സാംഗത്യം കൈവരുന്നു. ഇവിടെയാണ് വെട്ടിച്ചുരുക്കലിന്റെ ശരിയും, തെററും പ്രകടമാവുന്നത്;



മിഴാവിന്റെ താളം

ചുരുക്കുമ്പോഴും ആ നാടകം മുഴുവൻ മനസ്സിലാക്കിയിട്ടുള്ള ഒരാളാണ് കാണാനിരിക്കുന്നതെങ്കിൽ അതൊരിക്കലും സംവേദനക്ഷമമാകില്ല. അവൻ അതിന്റെ സ്വരൂപം മുഴുവൻ മനസ്സിലാക്കിയാണ് ആട്ടം കാണാൻ വന്നിരിക്കുന്നത്. ആട്ടത്തിലെ ചെറിയ കുറവുകൾപോലും അവനിൽ അസ്വസ്ഥത ഉളവാക്കും. നമുക്ക് ചുരുക്കാം. അത് പുതിയ രംഗങ്ങളിൽ ചെല്ലുമ്പോൾ മാത്രം. 'ചുരുക്കൽ' കൂടിയാട്ടത്തിന്റെ അന്തഃസത്തയ്ക്ക് വളരെദോഷം ചെയ്യും. സാധാരണജനങ്ങൾക്ക് തോന്നിയില്ലെന്നുവരും നാടകം പഠിച്ചിട്ടുണ്ടോ അത് അപകടകരമായിത്തീരും.

### തിരുവഞ്ചിക്കുളം:—

ചേരമാൻ പെരുമാൾ ഭരണമവസാനിപ്പിച്ചഘട്ടത്തിൽ ഓരോ കുലത്തൊഴിലുകാർക്കും കലികാലത്തെ ധർമ്മച്യുതി മൂലം തങ്ങളുടെ തൊഴിൽ നിർവ്വഹിക്കാൻ കഴിയാതെ വന്നാൽ എന്തു ചെയ്യണമെന്ന് കല്പിച്ചിട്ടുണ്ട്. ചാക്യാരോട് പറഞ്ഞത് ശരിയായി കൂത്ത് നടത്താൻ കഴിയാതെവന്നിൽ തിരുവഞ്ചിക്കുളത്തെ ക്ഷേത്രത്തിൽ ഒടുവിലത്തെ കൂത്ത് നടത്തി മുടി മണ്ഡപത്തിന്റെ ഉത്തരത്തിൽ തൂക്കി കാശിക്ക് പോകാനാണത്രെ. അതിനായി ആണി അവിടെ അടിച്ചിട്ടുണ്ടുപോലും. അനുഷ്ടാനപരത നിലനിർത്തിക്കൊണ്ടുള്ള കൂത്തിന്റെ നടത്തിപ്പും, സംരക്ഷണവും ഏറെ മുമ്പേ നിലച്ചുപോയി. കാര്യങ്ങൾ ഇങ്ങനെയായിരിക്കെ കാശിക്ക് പോകേണ്ടനാളും കഴിഞ്ഞുപോയി.

**മിഴാവിന്റെ താളം**


# ക്ലാസിക് ലൈബ്രറി

ഇരുപതാം നൂറ്റാണ്ടിന്റെ സത്തയും സംസ്കാരവും രൂപീകരിച്ച ചിന്തകരുടെ തിരഞ്ഞെടുത്ത രചനകൾ പഠന വിമർശനങ്ങളോടൊപ്പം മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നു.

ആദ്യഘട്ടത്തിൽ നീത്ഷെ, സാർത്ര്, ഫ്രോയ്ഡ്, ടോയൻബി, റസ്സൽ, ലവീസ്ട്രൗസ്, കൃഷ്ണമൂർത്തി ഷൂമാക്കർ, ഇവാൻഇല്ലിച്ച്, ഫൂക്കോ, ഡെറിഡാ, അൽത്യുസ്സെർ, ബാർഥ്, തർക്കോവ്സ്കി, വാൾട്ടർബെൻയമിൻ എന്നിവരുടെ കൃതികൾ.

എം. എൻ. വിജയൻ, സച്ചിദാനന്ദൻ, കെ. ജി. ശങ്കരപ്പിള്ള, സി. പി. ഗംഗാധരൻ, കളർകോട് വാസുദേവൻ, പി. എൻ ദാസ്, കെ. അരവിന്ദാക്ഷൻ, ജയനാരായണൻ തുടങ്ങിയവരുടെ പഠന വിവർത്തനങ്ങൾ.

ഈ കാലഘട്ടത്തിലെ ഏററവും പ്രസക്തവും അനിവാര്യവുമായ ഗ്രന്ഥങ്ങളുടെ പരമ്പര.

1992 ജനുവരിയിൽ ആരംഭിക്കുന്നു.

ഓരോ പുസ്തകത്തിനും മുഖവില 40 രൂപയും.

അംഗങ്ങൾക്ക് 28 രൂപയും.

വിശദവിവരങ്ങൾക്ക്

**ബാംസുരി ബുക്സ്**

**ആലുവ. 683101**

ജോൺ
നിനക്കു ശേഷം
ഇരുട്ടാണ്

ഇവിടെ,
ഇങ്ങനെയൊരാൾ,
നമ്മുടെ നെഞ്ചിൽ ചവിട്ടി
അലഞ്ഞുതിരിഞ്ഞു നടന്നിരുന്നു.

---

ഒരു ബൊഹീമിയൻ ഗാനം
പകുതിയിൽ പതറി നിർത്തി
അവനിറങ്ങിപ്പോയി.
അവന് കാവലാളാര്, ഈ ഞാനോ?

അമ്മയോടുപറയാൻ ഒരു മനസ്സു നിറയെ ഈ മരുഭൂമിയിലെ മനുഷ്യക്കുരുതികളുടെ കഥകളുണ്ട് മകന്റെ കുരുതി വാർത്തകോർക്കാൻ നിർവ്വികാരരായി ഒരുപാട് അമ്മമാരുണ്ട്. എന്നിട്ടും ഞങ്ങൾ ബധിരരാണ്. എന്നിട്ടും ഞങ്ങൾ ഊമകളാണ്.

വാക്കുകളിൽ കലഹം നിറച്ച നാവ്
നിന്റേതു മാത്രമായിരുന്നല്ലോ.
കയ്പു മാത്രമറിയുന്ന കാതുകൾ
നിന്റേതു മാത്രമായിരുന്നല്ലോ.

ചിന്നൻ കഴുതയുടെ തലയോട്ടിയിൽ നിന്നുയർന്ന അഗ്നി ഞങ്ങളുടെ ഗ്രാമത്തെ ഇന്നും വിഴുങ്ങിക്കൊണ്ടിരിക്കുകയാണ്. ഞങ്ങൾക്കിടയിലെ, ഞങ്ങളിലെത്തന്നെ ചെറിയാച്ചനെ ഞങ്ങൾ തിരിച്ചറിയുന്നു. നിന്റെ 'ഹരി' ഞങ്ങളുടെ കൊതിപൂണ്ട ഹൃദയത്തിന്റെ എതെങ്കിലുമൊരു കോണിൽ തീർച്ചയായും ഒളിച്ചിരുപ്പുണ്ടാകും.

എന്നിട്ടും ഞങ്ങൾ ഊമകളാണ്
ബധിരരാണ്

ക്യാമറയുടെ നേരുള്ള കണ്ണുകൾ നിന്റെ മാത്രം സ്വന്തമായിരുന്നല്ലോ
നീ വെളിച്ചം പരത്തിയ പാതകൾ,
നിന്റെ ഗർഗ്ഗൃഹത്തിലൊടുങ്ങിയ മോഹങ്ങൾ
നിന്റെ കലഹങ്ങൾ
എല്ലാം ഞങ്ങളിൽ ശവതാളം കൊട്ടുകയാണ്.

അനുഭവങ്ങളെ ഗുരുവായി സ്വീകരിച്ച നിന്റെ സത്യപ്രമാണങ്ങൾ ഉറക്കെ പറയാൻ ഇന്നു് നാവില്ല. നീ വെട്ടം പരത്തിയ പാതകളിൽ ഇരുട്ടു നിറയുകയാണ്.

''നിങ്ങൾ സത്യത്തെ കണ്ടെത്തുക. സത്യം നിങ്ങളെ രക്ഷിക്കും''. ആ പ്രവാസിയുടെ ഉറക്കെയുള്ള നിലവിളികളിൽ എല്ലാം അലിഞ്ഞുചേർന്നിരിക്കുന്നു.
തെരുവിന്റെ സത്യങ്ങൾ,
രോഗാതുരമാക്കപ്പെട്ട മനസ്സിന്റെ നൊമ്പരങ്ങൾ,
മകൻ നഷ്ടപ്പെട്ട അമ്മയുടെ നിലവിളി......

അങ്ങിനെയങ്ങിനെ സത്യത്തെ ഉത്തരങ്ങളാക്കി തന്റെ മൂന്നാംകണ്ണായ ക്യാമറയിലൂടെ അവൻ നമുക്ക് പകർന്നുതന്നു. നല്ല സിനിമ കുറെ സംസ്കൃതമനസ്സുകൾ മാത്രം ആസ്വദിച്ചാൽ പോരെന്നും അല്പവിദ്യരായ സാധാരണക്കാർ കൂടി പഠിക്കണമെന്നും അവൻ ശഠിച്ചു. തെരുവിന്റെ സംഗീതം കൊണ്ട്, അവന്റെ ചിത്രങ്ങളാർജ്ജിച്ച ശക്തി ഇതിനുവേണ്ടിയായിരുന്നു.


അവന്റെ സിനിമകളെല്ലാം,
ജനങ്ങളുടെതായിരുന്നു.
അവർക്കായിരുന്നു.
അവരിൽനിന്നായിരുന്നു.

ജോണിന്റെ ജീവിതം പോലെതന്നെ സങ്കീർണ്ണമായിരുന്നു അവന്റെ സിനിമാദർശനം. ചോദ്യങ്ങൾ മാത്രം ചോദിക്കുന്ന ബുദ്ധിജീവി നിഷ്ക്രിയത്വത്തിൽ നിന്ന് ഏറെ മുന്നിലായിരുന്നു ജോൺ. നമുക്കുത്തരങ്ങളിൽ നിന്നു തുടങ്ങാം. ഉത്തരങ്ങളിലേക്കുള്ള എത്തിപ്പെടലുകൾ എന്നതിലുപരി ഉത്തരങ്ങളുടെ, സത്യങ്ങളുടെ ദൃശ്യരൂപങ്ങളായിരുന്ന ജോണിന്റെ സിനിമകൾ.

സാമ്രാജ്യത്വ രാഷ്ട്രീയ വല്ക്കരിക്കലാണ് ജോണിന്റെ സിനിമാദർശനം. ഇന്നത്തെ പരസ്യപ്രധാനമായ ഈ സ്ഥിതിയിൽ ജനങ്ങൾ എന്തു കൊടുത്താലും വാങ്ങും. വ്യവസ്ഥാപിത കച്ചവട സിനിമയെ ഒരു വിഷം തീറ്റിക്കൽ പ്രസ്ഥാനമായാണ്, ജോൺ കണ്ടിരുന്നത്. ഓരോ സിനിമയും മയക്കത്തിന്റെ ഓരോ ഉയർന്ന തിരകളുമായാണ് പ്രേക്ഷകനുമുന്നിൽ അവതരിക്കുന്നത്. ഈ സിനിമകളിലെ പാഠങ്ങളിലൂടെ മാത്രം പ്രേക്ഷകൻ തന്റെ സിനിമാബോധത്തെ വ്യവസ്ഥ വൽക്കരിക്കുന്നു. തിരിച്ചറിവ് നഷ്ടപ്പെടുത്തുന്ന ഒരു ഇങ്ങുക്ടിങ്ങ് പ്രോസസ്സ് ആയി ഇതിനെ കരുതിയിരുന്നു. ജോൺ വ്യവസ്ഥവൽക്കരിക്കപ്പെട്ട സിനിമാബോധത്തിന്റെ ഫലമെന്നനിലയിൽ പ്രേക്ഷകന് നല്ല സിനിമകൾ തിരിച്ചറിയാൻ കഴിയാതെവരുന്നു.

കലയെന്ന നിലയിൽ ജോണിന്റെ സിനിമകൾ ഭരണകൂടത്തിനെതിരായിരുന്നു. ഭരണകൂടത്തിന്റെയും അതിനെ താങ്ങി നിർത്തുന്ന എല്ലാ വർഗ്ഗങ്ങളുടെയും ഫാസിസ്റ്റ് വശങ്ങൾ വെളിപ്പെടുത്തിത്തരുന്നുണ്ട് അവന്റെ സിനിമകൾ. വെറും പീഡന സിനിമകളുടെ താഴ്ന്ന വശങ്ങളെ സ്പർശിക്കാതെതന്നെ അത് അവൻ നമുക്ക് വെളിവാക്കിത്ത





ന്നു. ജോൺ ഒരിക്കൽപോലും ഭരണവർഗ്ഗത്തോട് ലോപിക്കാൻ തയ്യാറായിരുന്നില്ല. മാറി മാറി വരുന്ന ഭരണകൂടങ്ങളും ജനങ്ങളിലുളവാക്കുന്ന പ്രതികരണങ്ങളും അവയുടെ ഫാസിസ്റ്റ് സ്വഭാവങ്ങളും എന്നിവയുടെ സമഗ്രദർശനമായിരുന്നു. ജോണിൻെറ പരീക്ഷണ നാടകമായിരുന്ന 'നായ്ക്കളി'.

കച്ചവട സിനിമയ്ക്കും രാഷ്ട്രീയത്തെ സൗന്ദര്യവൽക്കരിച്ച് ഉപരിപ്ലവ വികാരം സൃഷ്ടിക്കുന്ന ബുദ്ധിജീവി സിനിമകൾക്കും വിരുദ്ധമായിരുന്നു അവൻെറ സിനിമാബോധം. നായകൻെറയോ, നായികയുടേയോ, പെർഫോമൻസിലപ്പുറം വർത്തമാനകാലത്തെക്കുറിച്ചുള്ള വർത്തമാനമായിരുന്നു. ജോണിന് സിനിമാ പ്രേക്ഷകനുമായുള്ള ബന്ധമായിരുന്നു.

ഒരു സിനിമ നിർമ്മിക്കുമ്പോഴും സിനിമ ആർക്കുവേണ്ടി എന്ന 'ചോദ്യത്തിന് പ്രസക്തിയുണ്ട്. കല വില്പനചരക്കാവുമ്പോഴും ചൂഷണത്തിൻെറ പാതയിലേ അതിന് സഞ്ചരിക്കാനാകൂ. കല ജീവിതത്തെ മനസ്സിലാക്കലാണ്. താൻ അവസ്ഥയെക്കുറിച്ചുള്ള ബോധത്തിലേയ്ക്ക് ഉണർത്തിവിടലാണ്. സിനിമയിൽ അത് സത്യങ്ങളുടെ, ഉത്തരങ്ങളുടെ ദൃശ്യരൂപങ്ങളും സൃഷ്ടിക്കലാണ്. ഇതി

**ലോകത്തിൻെറ മുഴുവൻ
പാപഭാരവും പേറിയ
ഇഡിയററുകളും കഴുതകളുമായിരുന്നു
അവൻെറ കഥാപാത്രങ്ങൾ.**

ന് സിനിമയ്ക്ക് ഒരു ജനകീയ സ്വഭാവം ആർജ്ജിക്കേണ്ടതുണ്ട്. മറ്റേത് കലകളിലേയും ജനകീയവൽക്കരണത്തേക്കാൾ സിനിമയുടെ ജനകീയ വൽക്കരണത്തിന് പ്രസക്തിയുണ്ട്, കാരണം സിനിമ ജനങ്ങളോടടുത്തുനിൽക്കുന്ന കലയാണ്.

ജോൺ തന്റെ മാധ്യമത്തെ ജനകീയവൽക്കരിക്കുന്നതിന്റെ ഭാഗമായി നല്ല സിനിമയെ സ്നേഹിക്കുന്ന ഒരുപാടുപേരുടെ ആത്മബന്ധത്തിന്റെ പ്രകാശമെന്ന നിലയിൽ ഒഡേസ ആരംഭിച്ചു. നല്ല സിനിമക്കു വേണ്ടി ഒരു കൂട്ടായ്മ സൃഷ്ടിക്കലായിരുന്നു ഒഡേസ കൊണ്ട് ലക്ഷ്യമാക്കിയിരുന്നത്. കച്ചവട സിനിമയുടെ ഒഴുക്കിനെതിരെ ഉയർന്നുവന്ന ഒരുപിടി ഫിലിം സൊസൈറ്റികൾ വരേണ്യതക്ക് അടിമപ്പെട്ട സാഹചര്യത്തിലാണ് ഒഡേസ പുത്തനുണർവ്വ് ഉണ്ടാക്കിയത്. ജനങ്ങളിൽ നിന്നുള്ള സിനിമയുടെ അകൽച്ചയെ ഒഡേസ അനുവദിച്ചിരുന്നില്ല. നല്ല സിനിമ ഉണ്ടാക്കുക, അത് ജനങ്ങളിൽ നേരിട്ടെത്തിക്കുക അതിന്റെ ശരിയായ പഠനം സാധ്യമാക്കുക, അതായത് ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം, .പഠനം എന്നീകൃത്യങ്ങൾ ഒഡേസ ഏറ്റെടുക്കുകയായിരുന്നു. ശവപ്പെട്ടിയിലായിരുന്ന ഒരുപിടി സിനിമകൾ ഒഡേസ ജനങ്ങൾക്ക് നേരിട്ട് കാട്ടിക്കൊടുത്തു. ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു തുടക്കം. സിനിമയുടെ ജനകീയ വൽക്കരണം യാഥാർത്ഥ്യമാകുകയായിരുന്നു. ചിരിയിലൂടെ ദുരന്തങ്ങളുടെ ഫാസിസ്റ്റ് മുഖങ്ങൾ അനാവരണം ചെയ്ത ചാപ്ലിന്റെ സിനിമകൾ, നഗരസൗന്ദര്യത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട ചേരിനിവാസികളുടെ വേദന നിറഞ്ഞ അവസ്ഥ.. ആനന്ദ് പട്‌വർദ്ധന്റെ ബോംബെ ഔവർസിറ്റി എന്ന ഡോക്യുമെന്ററി സിനിമയിലൂടെ ഒഡേസ നമ്മുക്ക് മുന്നിൽ കാട്ടിതന്നു സ്വന്തം ജീവന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്തപ്പോൾ മാത്രം തിരിച്ചടിച്ചു ബലിയപാൽ ഗ്രാമത്തിന്റെ സമരകഥ, വോയിസ് ഫ്രം ബലിയപാൽ എന്ന സിനിമയിലൂടെ നാമറിഞ്ഞു. മഞ്ചീരിത്തയുടെ 'സാക്രിഫൈസ് ഓഫ് ബാബുലാൽബുയ' കൽക്കരി വാരൽ ഉപജീവനമാക്കിയർക്കെതിരെ ഭരണകൂടം നടത്തിയ ക്രൂരമായ കടന്നാക്രമണത്തിന്റെ ഭീകരമുഖങ്ങൾ വെളിവാക്കുന്ന സിനിമ...... ഇങ്ങനെ ഒരു പിടിസിനിമകൾ എല്ലാം നമുക്കിടയിൽ നിന്നുള്ളവ നമ്മുടേത്. ഭാഷയുടെ പ്രശ്നം പരിഹരിക്കാൻ വിവരണങ്ങളും, സംവിധായകരുമായിട്ടുള്ള ചർച്ചകളും വരെ ഒഡേസ്സ സാധ്യമാക്കിയിരുന്നു.

ഗ്രാമങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക്
ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്ക്


രണ്ടുവർഷത്തെ സിനിമാ പ്രദർശനത്തിനു ശേഷം 'അമ്മ അറിയാൻ' നിർമ്മിച്ചു. തികഞ്ഞ ജനപങ്കാളിത്തത്തോടെ തന്റെ സിനിമകളുടെ ഉറവ ജനങ്ങളിൽ നിന്നാണെന്ന് അവൻ മനസ്സിലാക്കിയിരുന്നു. അവരുടെ കർമ്മപഥങ്ങളിൽ മാത്രം അസ്തിത്വം തേടുന്നതായിരുന്നു അവന്റെ സിനിമകൾ. അമ്മ അറിയാന്റെ നിർമ്മാണ സമയത്ത് ജോൺ പറഞ്ഞു. സിനിമയുടെ നിർണ്ണായക പ്രാധാന്യമുള്ള രംഗങ്ങളിൽ സെൻസർ കൈവച്ചാൽ ആ സിനിമ അപ്പാടെ വലിച്ചെറിയും. പക്ഷെ ചില്ലറ തുട്ടുകളുമായി ചിത്ര നിർമ്മാണത്തിൽ പങ്കുകൊണ്ട ജനങ്ങളെ കൈയ്യൊഴിയാൻ വയ്യ.


തന്റെ വർത്തമാനകാലത്തെക്കുറിച്ച് അമ്മയോടുള്ള റിപ്പോർട്ടാണ് 'അമ്മ അറിയാൻ'

അമ്മേ,
ഈ വരണ്ട മരുഭൂമി നിറയെ
മനുഷ്യക്കുരുതികളാണമ്മേ
മനുഷ്യക്കുരുതികൾ.

എഴുപതുകളുടെ രാഷ്ട്രീയ പശ്ചാത്തലത്തിൽ ഹരി എന്ന ചെറുപ്പക്കാരന്റെ ദുരന്തം അനാവരണം ചെയ്യുകയാണ് അമ്മ അറിയാൻ, അമ്മയെന്ന സങ്കല്പം ജോണിന്റെ എല്ലാ സിനിമകളിലും നിഴലിക്കുന്നുണ്ട്. മകൻ ആത്മഹത്യചെയ്തേക്കുമോ എന്ന ദുരന്ത ശങ്കയുള്ള അമ്മ. പുരുഷൻ എന്ന കഥാപാത്രത്തിന്റെ സ്നേഹിത അന്വേഷിക്കുന്ന അമ്മ ദൈവം (അമ്മ അറിയാൻ) കഴുതയിൽ ഊമയായ ഉമ അഗ്രഹാരത്തെ മുഴുവൻ വിറപ്പിച്ചുകൊണ്ട് ഉഗ്രരൂപിണിയായ അമ്മ ദൈവമായി മാറുന്നു.

അഗ്നിയുടെ നീണ്ട ശുദ്ധീകരണ വേളയിൽ നിറഞ്ഞു നിൽക്കുന്ന അമ്മദൈവം. മരിച്ചുപോയ അമ്മ തന്റെശുദ്ധനായ മകൻ ചെറിയാച്ചന്റെ ജീവിതകഥ ആഖ്യാനം ചെയ്യുന്നതാണ് ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾഎല്ലാഅമ്മമാരും അറിയാനായിക്കൊണ്ട് തന്റെ മകന്റെ ദുരന്തം വിവരിക്കുന്നു ആ അമ്മ. ഈമൂന്ന്സിനിമകളിലും, കൂടിഅമ്മഅനുഗ്രഹിക്കാത്ത ഒരുവീർപ്പം പോലും വിജയിക്കില്ലെന്ന് ജോൺ





പറയുന്നു. അമ്മ മാറ്റത്തിന്റെ പ്രതിരൂപമായി ജോണിന്റെ സിനിമകളിൽ സ്ഥിര പ്രതിഷ്ഠ നേടുന്നു. ആദി രൂപമായ അമ്മ ദൈവമാണ് അവന്റെ അമ്മ. ഇതിവൃത്തംകൊണ്ട് ജോണിന്റെ കഥാപാത്രങ്ങളെല്ലാം ദുരന്ത കഥാപാത്രങ്ങളാണ്. കഴുതയിൽ ചിന്നൻ കഴുത കൊല്ലപ്പെടുന്നു. ചെറിയാച്ചനിൽ മധ്യവയസ്കനും, ശുദ്ധഹൃദയനുമായ ചെറിയാച്ചൻ തെങ്ങിന്റെ മുകളിൽ നിന്ന് വീണുമരിക്കുന്നു. അമ്മ അറിയാനിൽ വിപ്ലവകാരിയായിമാറിയ അരാജകവാദി ഹരി ആത്മഹത്യചെയ്യുന്നു. ദുരന്തപൂർണ്ണമായ കഥാപാത്രങ്ങളുടെസിനിമ രാഷ്ട്രീയ സമസ്യയാക്കാൻ ജോണിന് കഴിഞ്ഞു. ക്യാമറായുടെ നുണ പറയാത്ത കണ്ണുകളുടെ സത്യം അവൻ കണ്ടറിഞ്ഞു. അങ്ങനെ ഒരുപാട് സൗന്ദര്യത്തിന്റെ രാഷ്ട്രീയ ദൃശ്യങ്ങൾ അവൻ നമുക്ക്മുന്നിലേക്ക് വലിച്ചെറിഞ്ഞു.

ജോണിന്റെ സിനിമകളെല്ലാം ഒരേ ഗ്രൂപ്പിൽ പെടുത്താവുന്നവയാണ്. ഇവയെല്ലാം ആദ്യദൃശ്യം കൊണ്ട് അന്ത്യം വെളിപ്പെടുത്തുന്നവയാണ്. മുന്നിലും, ആവർത്തിച്ചുപയോഗിക്കുന്ന പന്തങ്ങൾ- (കഴുതയും, പന്തങ്ങളുമായി നൃത്തം ചെയ്യുന്ന പണിയാളൻമാർ. ചെറിയാച്ചനിൽ കർഷകത്തൊഴിലാളികളെ പോലീസ് മർദ്ദിക്കുമ്പോൾ ജലത്തിലെ പന്തങ്ങളു

**ദ്രാവിഡ പുരാവൃത്തങ്ങളിലും
സ്വഭാവ വിശേഷങ്ങളിലും
വേരൂന്നിയതായിരുന്നു
അവന്റെ ചിന്തകൾ**

ടെ ഇളകിയാടുന്ന പ്രതിഫലനങ്ങളും, ഇരുളിൽ പന്തങ്ങളുമായി നടന്നുപോകുന്ന മനുഷ്യരുടെ നിര (അമ്മ അറിയാനിൽ) പന്തങ്ങളും ആവർത്തിക്കപ്പെടുന്ന രാഷ്ട്രീയ ഇമേജുകളാണ് ജോൺ സിനിമകളിൽ. ജോണിനെപ്പോലെ ജോണിന്റെ കഥാപാത്രങ്ങളും മാനുഷിക മുഖം നൽകപ്പെട്ട ക്രിസ്തുവിന്റെ ക്രൂശിത രൂപങ്ങളാണ്. 'കഴുതൈയിൽ' ദുരന്തത്തിനിരയാവുന്നത് കഴുതയാണെങ്കിലും അതിന്റെ ഫലമനുഭവിക്കുന്നത് പ്രൊഫസറാണ്. ചെറിയാച്ചനിൽ തൊഴിലാളികൾ ഭൂപ്രഭുക്കന്മാരാൽ കൊല്ലപ്പെടുന്നു. ഈ പാവങ്ങൾ പേറുന്നത് മധ്യവർഗ്ഗസ്വഭാവമുള്ള ചെറിയാച്ചനും, അമ്മ അറിയാനിൽ സാമൂഹ്യവ്യവസ്ഥയ്ക്ക് ഇരയാവുന്നത് ഹരിയാണെങ്കിലും ഇതിന്റെ അസ്വാസ്ഥ്യമനുഭവിക്കുന്നത് പുരുഷനാണ്. മധ്യവർഗ്ഗ സ്വഭാവമുള്ള ഈ മൂന്നുകഥാപാത്രങ്ങളും ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇരകളാണ്. മധ്യവർഗ്ഗത്തിന്റെ എല്ലാ ദുർവിധികളോടും പ്രതികരിച്ച് അവയോട് കലഹിച്ച് ഒരു പ്രവാചകനെപ്പോലെ ജോൺ.

—ജോൺ ആർക്കും ഒരിക്കൽപോലും മാന്യനായിരുന്നില്ല. ഒരിക്കൽ പകൽ വെളിച്ചത്തിൽ ഒരു വേശ്യയെ പുണർന്നിട്ട് പറഞ്ഞു അസ്തമനത്തിനുശേഷം ഇവളെ പ്രാപിക്കുന്ന സകലരുടെയും പ്രായശ്ചിത്തത്തിനാണ് ഞാനിതു ചെയ്യുന്നത്. തന്റെ ചിന്തകളെ പ്രതിക്കൂട്ടിൽ നിർത്തി ചിന്തിക്കും ശരിക്കുവേണ്ടി യത്നിക്കും. കമേഴ്സ്യൽ സിനിമയോട് സന്ധിചെയ്യാനുള്ള ജോണിന്റെ ആദ്യത്തെയും, അവസാനത്തെയും ശ്രമമായിരുന്ന ''വിദ്യാർത്ഥികളേ ഇതിലെ ഇതിലെ''യിൽ പോലും മാറ്റത്തിന്റെ മുറവിളികൾ നമുക്ക് കേൾക്കാനാകും. തന്റെ സിനിമാ സങ്കല്പങ്ങളിൽ നിന്ന് ഒട്ടും പിറകോട്ടു പോകാതെ അവൻ യാഥാർത്ഥ്യങ്ങളുമായി പൊരുതി. ഈ സമരത്തിൽ അവനോടൊപ്പം നല്ല സിനിമയെ സ്നേഹിച്ച അവന്റെ ജീവരക്തം കൊടുത്ത് അവൻ വളർത്തിയ ഒഡേസ്സയുണ്ടായിരുന്നു

അവനുശേഷം?

നിയതമായിരുന്നു പ്രവർത്തനങ്ങൾ എല്ലാം ഉൾവലിവിന്റെ ശാസനകൾ ഉൾക്കൊണ്ട രീതികൾ. സഫലീകരിക്കാത്ത ഒരായിരം സ്ക്രിപ്റ്റുകൾ നമുക്ക് മുന്നിൽ ചോദ്യങ്ങളാവുകയായിരുന്നു.

ഒഡേസ പിറവിയുടെ കാലത്ത് ഒരു മാധ്യമപഠനകേന്ദ്രത്തിന്റെ ആവശ്യകതയെക്കുറിച്ച് പേർത്തും പേർത്തും ചിന്തിച്ചിരുന്നു. അമ്മ അറിയാന്റെ നിർമ്മാണത്തിനു ശേഷം അവൻ അതിനായി തന്റെ കൂട്ടരെ ഒരുക്കി. തന്റെ സത്യത്തിന്റെ ഉള്ളറിഞ്ഞ ശൈലിയിൽ, മാധ്യമ പഠനകേന്ദ്രത്തിന്റെ ആദ്യപടിയെന്ന നിലയിൽ ''ഒഡേസ ജേർണൽ'' പുറത്തിറങ്ങി. നല്ല സിനിമയുടെ രാഷ്ട്രീയവും സാങ്കേതികവുമായ പഠനം ഇതിലൂടെ സാധ്യമാക്കിയിരുന്നു. പ്രവർത്തകളിലുണ്ടായിരുന്ന അരാജകത്വസ്വഭാവത്താലും, സാമ്പത്തിക പ്രശ്നങ്ങളാലുമാകാം, ജേർണൽ നിലച്ചുപോകുകയാണുണ്ടായത്. ജോണിന്റെ മരണശേഷം സിനിമാപ്രദർശനം തുടർന്നെങ്കിലും പിന്നീട് ഇല്ലാതായി. ഒരു പകുതി ശതകത്തിന്റെ മദ്യാസക്തമായ ജീവിതത്തിനിടയിൽപ്പോലും മൂന്ന് ക്ലാസിക്കുകൾ ജോൺ നമുക്ക് നൽകി. സിനിമയുടെ ജനകീയ വൽക്കരണത്തിനായി യത്നിച്ചു. മലയാള സിനിമാമാദ്ധ്യമത്തിന്റെ ജനകീയ വൽക്കരണത്തിനായി സമഗ്ര മൂവീസ്പോലുള്ള ചെറിയശ്രമങ്ങൾ ഉണ്ടായെങ്കിലും ഫലവത്തായില്ല.

ദുരന്തത്തിന്റെ സിനിമാ കണ്ണുകൾ ഇനിയും നമുക്കുണ്ടായേക്കാം. പക്ഷെ ജനങ്ങളോട് എല്ലാ തരത്തിലും അടുത്തിരിക്കുന്ന കൃതികളാണാവശ്യം. നിർമ്മാണത്തിലും, പ്രദർശനത്തിലും, അവന്റെ പങ്കാളിത്തമാണ് ആവശ്യം. നുണപറയാത്ത ക്ലോസപ്പുകൾ വികസിക്കേണ്ടത് അവന്റെ നേർക്കായിരിക്കണം. അവന്റെ യാതനകളുടെ ദൃശ്യരേഖകൾക്കുവേണ്ടിയായിരിക്കണം. നീണ്ട താടിയും മുടിയുമായി വന്ന ആ പ്രവാചകനു മാത്രമെ അതിനു് സാധിച്ചിരുന്നുള്ളൂ

അവനായിത്തീരാൻ ആർക്കും സാധിച്ചില്ല. അവന്റെ പ്രതീതി ഉളവാക്കാനെ സാധിച്ചുള്ളൂ. കാരണം

ജോൺ, തെരുവിലെ യഥാർത്ഥ മനുഷ്യനായിരുന്നു.

ജോൺ,

രാഹുകാലം നോക്കാതെ പടിയിറങ്ങി
പകുതി വഴി താണ്ടിയവൻ
അവനുശേഷം ഇരുട്ടാണ്.
ഞങ്ങളുടെ ശൂന്യപാത്രങ്ങളിൽ
ആഴങ്ങളിൽ............ആഴങ്ങളിൽ............

**MURUKESH G.**
I DC Psychology.



# അത്താണിയുടെ ദുഃഖം

നിമിഷങ്ങളകലുമ്പോഴാദ്യമായ് കേഴുന്നൊ-
രാശ്വാസദായക രുദ്ധകണ്ഠം.
മടിയിൽക്കിടന്നൊരാ മോഹത്തിൻ ചുമടുകളും,
തലയിലിരുന്നൊരാ വ്യർഥമീഭാണ്ഡങ്ങളും,
ഒക്കെയും പെയ്തുപോയ്......ഓർക്കാത്തനിനവിൽ.

മുകളിലെയമ്പിളി താഴോട്ടൊഴുക്കിയ
ധവളനീർവർണ്ണനൊരു ചുംബനം നൽകവേ
കരളിലെ മുറുകിയ തന്ത്രിതൻ രോദന-
മുയരുകയായിന്നീരാവിലനാഥമായ്.
ഉയരത്തിൽ കൺചിമ്മും താരാഗണങ്ങളേ.
ഒരുമാത്ര നിൽക്കുക! കാതോർത്തുകേൾക്കുക!

''കാലങ്ങളേറെയായ് തളരാതെ നിന്നുഞാൻ
കഴിയുമോ ചന്ദ്രികേ, ഇനിയും തുടരുവാൻ?
ഒരുനൂറുപാന്ഥർ തളരുന്ന കാലുമായ്
അറിയാതെ വന്നതീയാശ്വാസതീരത്തിൽ.
അവരോർത്തു നൽകിയ വ്യഥകളും ദൈന്യവും
താങ്ങിപ്പിടിച്ചുഞാൻ നിലകൊണ്ടു മൂകമായ്.
ഒഴിയുന്ന ഭാരത്താൽ നവമാം സുഖംനേടി
പതറാതെ, തളരാതെ, പാദങ്ങളകലവേ,

സഫലമായ്ത്തീരുന്ന മാമക ജന്മത്തി-
ലഭിമാനം കൊണ്ടുഞാൻ പുഞ്ചിരിച്ചു.
ഒരു ഞൊടിയിടകൊണ്ടെൻ വദനമിരുണ്ടുപോയി
മിഴികളിൽ കണ്ണുനീർ തിങ്ങിവന്നു. അതിൽ-
യാത്രികർ നൽകിയ സ്മൃതിതുളുമ്പി......
ഇരുളുകൾ പിന്നെയും തെളിമയായി
തെളിമകളൊക്കെക്കറുത്തുപോയി.
ഏതോപഥികൻറെ 'കരുണ'യാലിന്നെൻറെ
മാനസം വീണ്ടും തപിച്ചുണരേ,
വീഴ്ത്തിയതാരതിൽ തൂനറും പുഞ്ചിരി?
പുൽകിയതാരെന്നെ, ധവളമാം മെയ്യുമായ്?
ഓർമ്മകൾ മറക്കുന്നു തലയിലെ ഭാരങ്ങൾ,
ഹൃദയം പിടയുന്നു ആത്മദുഃഖത്താൽ.
കരിയുന്ന കലികയും, പാടാൻ മറക്കുന്ന
കുയിലുമുണർത്തിയൊരീവ്യവസ്ഥയെ
എവിടെയിറക്കു; മീയത്താണിക്കല്ലി-
ന്നൊരത്താണിയാകുവാനാർ വരുമോ?''

മൗനമായ് കൺചിമ്മും മിന്നാമിനുങ്ങുകളേ
പൂശിയോ പുത്തനാമീശോക സൗരഭം?
അതിനാൽ തളർന്നാവാം വീണതീവാനിൻറെ-
യരുമക്കിടാങ്ങളിലൊന്നു മണ്ണിൽ!


INDHULEKHA M. A.
I DC. Malayalam.



# UNION MEMBERS




**RANI VARGHESE**
Vice-Chairman



**YACOB P. V.**
Gen-Secretary



**NOUSHAD K. A.**
Editor



**RAJENDRAN K. M.**
Arts Secretary




**VENU K. B.**
Chairman






**SEENA P. RAVI** **SAIRA M.**
Lady Representatives




**JOSON MANAVALAN**
Uni. Uni Councillor

# CLASS REPRESENTATIVES




BIJI POULOSE
I PDC.




RAJESH R. NAIR
II PDC.




SHAJI POULOSE
I DC.




UNNIKRISHNAN
II DC.



JOSE MATHEW
III DC.




VENU S.
I PG.




SHAJAN P. THOMAS
II PG.

# NOMINEES




DAVIS M. J.
Planning Forum




BABU T. N.
SC / ST



VINU C. THOMAS
Quiz Club




PRAKASH VARGHESE
Sports



NAZAR N. A.
Cini Club



MARTIN M. P.
Debating Club



ALIKUNJU V. K.
Canteen

# UNION INAUGURATION




യൂണിയൻ ഉദ്ഘാടനം – പ്രൊ: ആൻറണി ഐസക്ക്

ഉദ്ഘാടന പ്രസംഗം - പ്രൊ: ആൻറണി ഐസക്ക്, അദ്ധ്യക്ഷ പ്രസംഗം - വേണു കെ. ബി.
ആശംസകൾ - പ്രൊ: ഓമനക്കുട്ടൻ, പ്രൊ: സി. ജെ. തോമസ്



# ARTS CLUB






ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം — ശ്രീ. വി. ടി. അരവിന്ദാക്ഷമേനോൻ

ആർട്ട്സ് ഫെസ്റ്റിവൽ ഉദ്ഘാടനം — ഡോ: എ. ഗോപിനാഥൻ









ബെസ്റ്റ് ആക്ടർ — അനിൽകുമാർ എ. പി.

ബെസ്റ്റ് ഡിബേറ്റർ — രാജീവ് ഡി. നായർ

ആശംസ: ഡോ: എ. ഗോപിനാഥൻ, അദ്ധ്യക്ഷൻ : വേണു കെ. ബി., ആശംസ: പ്രൊ: സണ്ണി കുര്യാക്കോസ്, കൃതജ്ഞത : രാജേന്ദ്രൻ കെ. എം.





## COLLEGE DAY



അദ്ധ്യക്ഷൻ
വേണു കെ. ബി.



ഉദ്ഘാടനം
മിസ്. ഗീതാവിജയൻ



കൃതജ്ഞത
റാണി വർഗീസ്

ആശംസകൾ : ശ്രീ. വി. കെ. ശങ്കരപ്പിള്ള, പ്രൊ: ഗീതാസുരാജ്, പ്രൊ: സി. ജെ. തോമസ്, യൂണിയൻ റിപ്പോർട്ട് : യാക്കോബ് പി. വി.









With Best Compliments From

The Federal Bank Ltd.
Regd. Office: Alwaye

Banking efficiency at its best.

---

*Best Wishes*

# SCIENCE CENTRE

Alwaye.

---

For Exclusive Readymades.

COSTUMES

CARAVAN, PRASAD BUILDINGS
BANK JUNCTION ALWAYE 683101

Phone : 5985

UNION CHRISTIAN COLLEGE, ALUVA - 2

I am happy to present the report of the academic year 1990-'91.

Results of the University Examinations of April/May 1990:

| Group | No. of candidates presented | No. of candidates appeared | No. of candidates passed Ist Class | IInd Class | IIIrd Class | Total | Percentage |
|---|---|---|---|---|---|---|---|
| **II PDC** | | | | | | | |
| Group I | 169 | 162 | 117 | 14 | 15 | 146 | 90.12 |
| Group II | 169 | 161 | 80 | 29 | 27 | 136 | 84.40 |
| Group III | 168 | 158 | 9 | 29 | 74 | 112 | 70.89 |
| Total | 506 | 482 | 206 | 72 | 116 | 394 | 81.74 |
| **BA DEGREE** | | | | | | | |
| History | 28 | 28 | 2 | 7 | 12 | 21 | 75.00 |
| Economics | 60 | 56 | 7 | 20 | 20 | 47 | 83.93 |
| Psychology | 23 | 21 | 5 | 6 | 6 | 17 | 80.95 |
| English | 41 | 40 | 4 | 10 | 13 | 27 | 77.50 |
| Malayalam | 39 | 39 | 1 | 26 | 15 | 36 | 92.31 |
| Total | 191 | 184 | 19 | 63 | 66 | 148 | 80.43 |
| **B. Sc. DEGREE** | | | | | | | |
| Mathematics | 40 | 32 | 26 | 3 | 2 | 31 | 96.88 |
| Physics | 43 | 36 | 28 | 2 | – | 30 | 83.33 |
| Chemistry | 41 | 38 | 28 | 6 | 2 | 36 | 94.74 |
| Botany | 24 | 23 | 9 | 6 | 6 | 21 | 91.30 |
| Zoology | 21 | 21 | 13 | 2 | 3 | 18 | 85.71 |
| Total | 169 | 150 | 103 | 19 | 13 | 135 | 90.00 |
| **M. A. Final** | | | | | | | |
| English | 16 | 15 | 3 | 6 | 3 | 12 | 80.00 |
| History | 14 | 11 | - | 2 | 4 | 6 | 54.55 |
| Economics | 11 | 10 | - | 4 | 5 | 9 | 90.00 |
| **M. Sc. Final** | | | | | | | |
| Mathematics | 15 | 12 | 9 | 2 | – | 11 | 91.67 |
| | | | (Distinction 4) | | | | |
| Physics | 14 | 14 | 8 | 4 | – | 12 | 85.71 |
| Chemistry | 12 | 12 | 6 | 3 | – | 9 | 75.00 |
| Botany | 10 | 10 | 7 | 1 | – | 8 | 80.00 |
| Total | 92 | 84 | 33 | 22 | 12 | 67 | 79.76 |

# PRINCIPALS REPORT

Rank Holders : MA English : IInd Rank Reg. No. 6922 Nirmala P. G.
IIIrd Rank Reg. No. 6921 Nedumplakaran Jeni Rappai

MSc Physics : IIIrd Rank Reg. No. 7768 Sheeba P. X.
BA Psychology : I Rank : Sobha Antony.

## Strength of the Hostels:

| | | |
|---|---|---|
| East Hostel | 63 | Nos. |
| West Hostel | 64 | ,, |
| Skinner Hostel | 58 | ,, |
| Chacko Hostel | 34 | ,, |
| Total | 219 | |

## Bereavement:

Mr. A. Abdul who served the college as peon for more than four decades passed away on September 24 1990. The college is greatly indebted to him for his dedicated service.

## Retirement:

Dr. C. Joyce Mathew, who was the Principal during 1986-90, retired on March 31, 1990, after 2? years of service. Prof: T. M. Mathew, Dept. of History retired on the same day, after 22 years of service. Sri. N. V. Johny, Herbarium Keeper, retired on November 30, 1989 after serving the college for thirty eight years. Mri. K. Kunjatherman, Attender retired on March 31, 1990 after a span of 41 years of service. Sri. K. O. Idicula, Attender retired on November 30, 1990 after a span of 37 years of service. The College is immensely grateful to them for their loyal and meritorious service in their different capacities.

## College Staff:

Dr. T. Thomas Philip, Dept. of Zoology, continues his postdoctoral research in the University of Guelph. Canada. Prof. K. V. Kunjikrishnan (History), prof. P. D. Johny (History) continue their research work for Ph.D.

Prof. L. Sushama (Physics), joined the Madras University for the M. phil. course. Prof. John Abraham (Physics), joined the London University for Ph. D. Programme.

Smt. Anu Cherian (Physics), Smt. Annie Jose (History) and Sri. Varghese Paul (Psychology) were appointed on Teaching staff.

Sri. Bright Jain Lal, Smt. Rita and Smt. P. J. Martin were appointed on Last Grade Staff.

Prof. Joy Job Kulavelil and Prof. B. T. Joy of our college continue to be the members of the Mahtma Gandhi University syndicate and senate respectively.

Rev. Thomas John, Dept. of Psychology, took charge as the General Secretary of the S C M I for a period of 5 years.

Dr. Rajan Gurukkal (History) was relieved from service at his request to join the Jawaharalal Nehru University, Delhi.

**Research Guides:**

The following teachers are approved research guides in the respective disciplines. Dr. A. M. Chacko (Chemistry), Dr. G. Velayudhan Thampi (Botany), Dr. K. I. Mani Varghese (Botany), Dr. C. J. Varghese (History), Dr. K. Narayanan Nair (Malayalam), Dr. A. Gopinathan (Malayalam), Dr. K. K. Joseph (English) and Dr. P. M. Chacko (English).

**Reunion Day:**

The Annual Reunion of the alumni and friends of the college was held on Saturday, November 10 1990. Prof. G. Kumara Pillai gave the keynote address on 'The relevance of Gandhism today'. The Rev. N. M. Thomas led the thanks giving service held in the college Chapel.

Prof. Savithri Lakshmanan M. P. inaugurated the sharing of reminiscences of life in the college.

Prof. M. P. Manmadhan presided over the Public Meeting. held in the afternoon. Prof. R. V. Menon, Dr. K. K. George and Sri. P. R. Reghu Spoke on the occasion.

An excecutive committee including the following was elected during the business session: Vice Presidents: Adv. Asok Mammen Cherian and Adv. C. V. Joseph, Secretary: N. M. Stephen, Join. Secretary: Prof. L. I. Paul Sundar.

**College Union:**

College Union elections were held on Oct. 12, 1990. Mr. Venu K. B. and Mr. P. V. Yacob were elected as Chairman and Secretary respectively.

Sri. A. Sunny Kuriakose and Dr. A. Gopinathan were nominated as Staff Advisor and Arts Club advisor respectively.

The College Union actitivis were inaugurated on 30th Nov. 1990. The valedictory function of the Union was held on Feb. 28, 1991.

## Snorts and Games:

The Union Christian College Basket Ball Tournaments were held from 27th to 31st August 1990. S. H. College, Thevara and Providence College, Calicut were the winners. Our Woman Hockey team won the M. G. University Championship. 12 of our women hokey players were selected to the M. G. 'University team. Cigy Xavier and Bindu K. were selected to the Combined University Hokey Team. Women Tennis team had to be satisfied with the Runner-up position in the University Tournament. Women Handball team was placed number three at the University Inter Collegiate Tournament.

Shri. Tenny Varghese got first place in Javaline throw at the University competition.

College anaual sports were held on 19th and 20th February 1991. Shri. Tenny Varghese and Miss Raji Kurian were the Champions.

## Religious Activities:

Morning worship on working days and evening worship on Sundays are held regularly. Gospel meetings were held from Oct. 19-21. The Rev. N. M. Thomas, The Re. George Ninan and The Rev. John John were the leaders. Christmas Carol was held on 2nd December 1990 in the College Chapel. The Rev. Fr. Sebastian Sankoorickal gave the Christmas message.

## S. C. F.

There were regular meetings on all Fridays between 1p. m. and 1.45p. m. A retreat was held on 18th September 1990 and 80 students attended it. The Rev. Dr. M.C. George gave rhe keynot address on Christian Response to Social Problems. The annual camp was held from Nov. 2-4 in the Ashram High School, Perumbavoor. The Very. Rev. M. Thomas Mathew were the leaders of the camp. Prof. K. K. Abraham and Prof. Mathew Koshy were the advisors of S. C. F.

## N. C. C.

Capt. Rajan Varghese (Boys' Division) and 2/Lt. M. P. Marykutty (Girls' Division) continue as N. C. C. Officers. U/o Thomas Roy Kadicheeny attended advanced leadership course at N. C. C. Cfficers Training School, Kamptee.

Senior Cadet Sreedevi attended the Republic Day Parade at New Delhi and was selected as the best turned out cadet in drill competition.

## N. S. S.

Sri. E. Mukundan, Sri. P. V. Sreenivasan, Sri. Jacob George and Elsamma Paulose were the Programme Officers.

Our college has been selected as the first college under the Mahatma Gandhi University to have a fourth unit of the National Service Scheme.

## Special Programmes:

The special programmes in the College include the activities of the planning forum, Nature Action Group, Guidance Bureau and the State-level Centre for Training Services which prepares candidates for competitive examination.

## Parent-Teacher Association:

Prof. A. P. Mathew was elected as the Secretary of the newly formed PTA according to the directive of the Director of Collegiate Education.

C. J. THOMAS,
Principal.

# PRINCIPALS REPORT

*With best Compliments from*

City-men
TAILORS

PALACE ROAD, ALWAYE
Phone 5869

# REPORT OF N. C. C. . 1990 . 91

Annual Report of the No. 1 Coy. U. C. College - Sub Unit of 22 (K) Bn N. C. C. Alwaye 1990 - 91.

A total of 84 Students were enrolled as fresh Cadets in this year while 75 Second year Cadets were already there in the Sub unit.

**Cadet Appointments:**

After various tests and interviews the following Cadets were appointed to various posts in the Sub unit.

1. ANILKUMAR C. K. Company Senior Under Officer.
2. ALIKUNJU V. K. Company Under Officer.
3. SUBRAMANIAN T. C. Company Under Officer.
4. THOMAS ROY KADICHINI Company Under Officer.
5. ANILKUMAR V. G. Company Sergent Mayor.

**Independence Day Celebration:**

The Independence Day was celebrated by the company jointly with the Participation of the girls wing N. C. C. Principal C. J. Thomas gave the independence day message.

**Camps and Courses:**

Our company sent 20 cadets to attend the Annual Training camp held at Ramavarma puram in Aug 1990. Again 15 cadets were gone to attend the combined allwing annual training camp at Kodungalloor during July 90 Immediately after this camp another camp was conducted at the same place and 10 of our cadets have participated in it. 6 Cadets attended the Special camp on wildlife and nature study at Thattekkadu during Dec-Jan.

ALIKUNJU V. K.



C. U. O.

ANILKUMAR C. K.



C. S. U. O.

THOMAS ROY KADICHINI



C U. O.

SUBRAMANIAN T. C



C. U. O.

## An India Camps:

U. O. Thomas Roy Kadichini has attended the advanced leadership course at officers training school Kamptee-Nagpur. Again we proudly sent sgt. Sunilkumar C. K. to attend Goa Trekking Expedition.

## Firing:

98 cadets enjoyed the 7.62 firing this year. The firing was conducted on 26th Jan. 91 at the college firing range.

## Trekking Expedition:

Under the leadership of capt. Rajan Varghese and 2nd Lt. M. P. Marykutty, the N.C.C. cadets of the Girls and Boys made an adventurous trekking expedition to Thumboor muzhi near Athirapilly water falls, on 17th Nov. 1990. As a part of the trip we covered about 20 kms. through thick forest, which was the most thrilling part of the expedition.

## Obstacle Course:

The obstacle course established for Ernakulam group N. C. C. has been utilized for training prospective candidates for N D A / I M A selection.

## B & C Certificate Exam:

35 cadets appeared for 'B' certificate exam and 6 cadets for 'C' cert-exam.

## Republic Day Celebration:

The National flag was hoisted by the Principal and he gave the message. Lt. Col. E. Ravi was the Chief Guest. Group photo was taken on the occasion.

N. C. C. Officer
CAPT. RAJAN VARGHESE.

C. S. U. O.
ANILKUMAR C. K.

**ANILKUMAR V. G.**



C. S. M.

# PACHILA AGMARK ® പച്ചില മാർക്ക് മഗ്നീഷ്യം സൾഫേറ്റ്



## കൂടുതൽ നാളികേരം

## അധിക ലാഭം

## തുടർച്ചയായി നൽകുന്നു

പച്ചില മാർക്ക് മഗ്നീഷ്യം സൾഫേറ്റ് തെങ്ങിനെ ബാധിക്കുന്ന ഓലമഞ്ഞപ്പ്, ഓലചീയൽ കുമ്പുചീയൽ, വളർച്ച മുരടിപ്പ്, പൂക്കൾ-മച്ചിങ്ങ പൊഴിച്ചിൽ എന്നിവ പൂർണമായി നിയന്ത്രിച്ച് വിളവ് കൂട്ടുന്നു.
കാണ്ഡത്തിന് കൂടുതൽ പുഷ്ടിയും, ബലവും നൽകുന്നു. ഓലകളുടെ എണ്ണം വർധിപ്പിക്കുന്നു.
പൂക്കൾ ഉണ്ടാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നു. കൂടുതൽ പൂങ്കുലകൾ ഉണ്ടാകുന്നതിന് സഹായിക്കുന്നു. വലുപ്പവും, ഉൾകാമ്പുമുള്ള നാളികേരം ഉൽപാദിപ്പിച്ച് എണ്ണയുടെ അളവും ഗുണവും കൂട്ടുന്നു.
കീട-രോഗങ്ങൾക്കെതിരെ പ്രതിരോധശക്തി നൽകുന്നു. നൂറു ശതമാനവും വെള്ളത്തിൽ ലയിക്കുന്നതിനാൽ തെങ്ങിൻെറ വേരുകൾ പെട്ടെന്ന് വലിച്ചെടുക്കുന്നു. പ്രധാന മൂലകങ്ങളുടെ ഉപയോഗക്ഷമത കൂട്ടുന്നു.

## വിളവ് ഗണ്യമായി വർധിപ്പിക്കുന്നു.




*ഗുണമേന്മയുടെ മുദ്രയുള്ള*
*പച്ചിലമാർക്ക് മഗ്നീഷ്യം സൾഫേറ്റ്*
*എല്ലാ വളം വ്യാപാരികളിൽനിന്നും ലഭിക്കുന്നു.*

*വിളകൾക്കാവശ്യമായ 'മഗ്നീഷ്യം' സൾഫേറ്റ് രൂപത്തിൽതന്നെ ഉപയോഗിക്കുക*

Manufacturers

**AFIL Alwaye Fertiliser Industries Private Limited**

KEEZHMAD, ALWAYE - 683 105, PHONE: 6540

TELEX: 882 203 KADR IN   CABLE: YIELDEX

# പോയവർഷത്തിന്റെ ബാക്കിപത്രം

ഔപചാരികതകൾ മാറ്റി നിങ്ങളുടെ സ്നേഹത്തിന്റെയും സഹകരണത്തിന്റെയും ഉറപ്പിൽ മുന്നോട്ട് നീങ്ങിയ, ഈ വർഷത്തെ കോളേജ് യൂണിയന്റെ പ്രവർത്തന റിപ്പോർട്ട് ഇവിടെ അവതരിപ്പിക്കുന്നു.

ഇൻഡ്യൻ ജനാധിപത്യത്തിന്റെ നട്ടെല്ലായ പൊതുതെരഞ്ഞെടുപ്പിന്റെ മിനിയേച്ചർ എന്ന് വിളിക്കാവുന്ന കാമ്പസ് ഇലക്ഷനിലൂടെ താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു. ഒക്ടോബർ 12-നായിരുന്നു തെരഞ്ഞെടുപ്പു ദിനം.

ചെയർമാൻ: വേണു കെ. ബി. II M. A. Eng.
വൈസ് ചെയർമാൻ: റാണി വർഗ്ഗീസ് III B. A. Eng.
ജന: സെക്രട്ടറി: യാക്കോബ് പി. വി. I M. A. Eco.
യൂണി. യൂണിയൻ കൗൺസിലർ: ജോസൺ മണവാളൻ I B. A. Hist.
മാഗസിൻ എഡിറ്റർ: നൗഷാദ് കെ. എ. II B. A. Psy.
ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി: രാജേന്ദ്രൻ കെ. എം. III B. A. Eco.
വനിതാ പ്രതിനിധികൾ: സീന പി. രവി III BSc. Chem., സൈറ എം. II P. D. C. II.
ക്ലാസ്സ് പ്രതിനിധികൾ: ബിജി പൗലോസ് I P. D. C., രാജേഷ് ആർ. നായർ II P. D. C., ഷാജി പൗലോസ് I D. C. Chem., ഉണ്ണികൃഷ്ണൻ II D. C. Mala., ജോസ് മാത്യു III D. C. Mala., വേണു എസ്. I P. G. Eco., ഷാജൻ പി. തോമസ് II P. G. Eco.

തെരഞ്ഞെടുക്കപ്പെട്ട കോളേജ് യൂണിയൻ ഭാരവാഹികൾ നവംബർ 19ന് ബഹു. പ്രിൻസിപ്പാളിന്റെയും മുൻവർഷ സ്റ്റാഫ് അഡ്വൈസർ ശ്രീ. ടോമി വർഗ്ഗീസിന്റെയും സമക്ഷം, എല്ലാ വിദ്യാർത്ഥി, വിദ്യാർത്ഥിനികളെയും സാക്ഷി നിർത്തി സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റെടുത്തു.

അദ്ധ്യായന വർഷത്തിലെ സ്റ്റാഫ് അഡ്വൈസറായി മാത്തമാറ്റിക്സ് വിഭാഗം അദ്ധ്യാപകനായ ശ്രീ. A. Sunny Kuriakoseനെയും, ആർട്ട്സ് ക്ലബ്ബ് പ്രസിഡന്റായി മലയാളം വിഭാഗത്തിലെ ഡോ. A. ഗോപിനാഥനെയും പ്രിൻസിപ്പാൾ നിയമിച്ചു.

ഔപചാരിക ഉദ്ഘാടനത്തിനുമുമ്പ് തന്നെ യൂണിയൻ, പ്രിൻസിപ്പാളിന്റെ അദ്ധ്യക്ഷതയിൽ പ്രഥമയോഗം കൂടുകയും, ജനറൽ സ്പോർട്ട്സ് ക്യാപ്റ്റനായി മൂന്നാംവർഷ ചരിത്ര വിദ്യാർത്ഥി പ്രകാശ് വർഗ്ഗീസിനെയും SC/ST പ്രതിനിധിയായി ബാബു പി. എൻ., പ്ലാനിംഗ് ഫോറം സെക്രട്ടറിയായി ഡേവിസ് എം. ജെ., സിനി ക്ലബ്ബ് സെക്രട്ടറിയായി നാസർ എൻ. എ., ഡിബേറ്റിംഗ് ക്ലബ്ബ് സെക്രട്ടറിയായി മാർട്ടിൻ എം. പി., ക്വിസ് ക്ലബ്ബ് സെക്രട്ടറിയായി വിനു സി. തോമസ്, സോഷ്യൽ സർവ്വീസ് ലീഗ് സെക്രട്ടറിയായി മാത്യൂസ് ജേക്കബ് സി. എന്നിവരെയും മാഗസിൻ എഡിറ്റോറിയൽ ബോർഡംഗങ്ങളായി സുജാത എം. ആർ. അജയൻ പി., ശ്യാം പി. എന്നിവരെയും നാമനിർദ്ദേശം ചെയ്തു.

1990 നവംബർ മാസം 30ന് യൂണിയന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിക്കപ്പെട്ടു. സെന്റ്

ആന്റണി ഐസക്ക് വിളക്ക് കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു.

അന്നേദിവസം തന്നെ, നാടകങ്ങളിലൂടെയും, എത്രാനും സിനിമകളിലൂടെയും മലയാളികൾക്ക് സുപരിചിതനും, കഴിഞ്ഞവർഷത്തെ സംഗീത നാടക അക്കാദമി അവാർഡു ജേതാവുമായ പ്രശസ്ത നടൻ വി. ടി. അരവിന്ദാക്ഷമേനോൻ ആർട്ട്സ് ക്ലബിന്റെ ഉദ്ഘാടനം നിർവഹിച്ചു.

പ്രസിദ്ധ ഹാസ്യ സാഹിത്യകാരൻ പ്രൊഫ. സി. ആർ. ഓമനക്കുട്ടൻ, കോളേജ് യൂണിയനും, ആർട്ട്സ് ക്ലബിനും ആശംസകൾ നേർന്നു. യൂണിയൻ ജനറൽ സെക്രട്ടറി യാക്കോബ് പി. വി. സ്വാഗതവും വൈസ് ചെയർമാൻ റാണി വർഗ്ഗീസ് നന്ദിയും പറഞ്ഞ ചടങ്ങിൽ ബഹു: പ്രിൻസിപ്പാൾ, ആർട്ട്സ് ക്ലബ് പ്രസിഡന്റ് ഡോ: എ. ഗോപിനാഥൻ തുടങ്ങിയവർ സംസാരിച്ചു.

W. H. Andersan-ന്റെ "Where words fail, music speaks" എന്ന വരികളെ സനാർത്ഥമാക്കുന്നതായിരുന്നു നമ്മുടെ കലാലയത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്നൊരുക്കിയ ഗാനമേള അദ്ധ്യാപകരായ Prof: James Jayaraju, Prof: Jacob George, P. R. D. Alexader V. K. എന്നിവരെ അഭിനന്ദിക്കുന്നതിനോടൊപ്പം തന്നെ കോളേജ് യൂണിയന്റെ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

പുതുവൽസരത്തെ, കോളേജ് യൂണിയൻ സംഘടിപ്പിച്ച പൂക്കള മൽസരത്തോടെ എതിരേറ്റു. രണ്ടാംവർഷ കെമിസ്ട്രി വിദ്യാർത്ഥികൾ ഒന്നാം സ്ഥാനവും, രണ്ടാം വർഷ ഫിസിക്സ് വിദ്യാർത്ഥികൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

സാമ്പത്തികമായി ബുദ്ധിമുട്ടിലായിരുന്ന കോളേജ് യൂണിയൻ, ഫണ്ട് റെയിസിംഗിന്റെ ഭാഗമായി 1991- ജനുവരി മാസം 18-ാം തീയതി ആലുവാ ടൗൺ ഹാളിൽവച്ച് കൊച്ചിൻ ഹരിശ്രീയുടെ മിമിക്സ് പരേഡ് നടത്തി. വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ചിരിയുടെ ലോകത്തേയ്ക്ക് ഒരുപോലെ കൂട്ടിക്കൊണ്ടുപോകുവാൻ മിമിക്സ് പരേഡിന് സാധിച്ചു. മിമിക്സിന്റെ ടിക്കറ്റെടുത്ത് കോളേജ് യൂണിയനെ സഹായിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കോളേജ് യൂണിയന്റെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു.

ഈ അദ്ധ്യായന വർഷത്തിലെ ആർട്ട്സ് ഫെസ്റ്റിവൽ ജനുവരി 24, 25, 26 എന്നീ തീയതികളിൽ നടത്തപ്പെട്ടു. ആർട്ട്സ് ക്ലബ് പ്രസിഡന്റ് ഡോ. എ. ഗോപിനാഥൻ ഫെസ്റ്റിവൽ ഉത്ഘാടനം ചെയ്തു. കലയെ കാലം കാർന്നു തിന്നുന്ന ഇക്കാലത്തുപോലും, ചില മുത്തുകൾ ഈ കലോൽസവത്തിൽ തിളങ്ങി എന്നുള്ളത് ശ്രദ്ധേയമാണ്.

'ഗൾഫിലെ യു. എൻ. നടപടി ശരിയോ തെറ്റോ'? എന്ന കാലിക പ്രസക്തമായ വിഷയത്തെ ആസ്പദമാക്കി കോളേജ് യൂണിയൻ ഒരു ഡിബേററ് സംഘടിപ്പിച്ചു. Capt. Rajan Varghese (Maths) മോഡറേറ്ററായിരുന്നു. Pror: Raju K. John (Phy.) Mr. Rajan Varghese (Eco.), എന്നീ അദ്ധ്യാപകരും Ganash G. Pillai, George M. O., Joson P. D., Rajeev D. Nair എന്നീ വിദ്യാർത്ഥികളും പങ്കെടുത്തു.

യുവാക്കളിലും വിദ്യാർത്ഥികളിലും ഒരുപോലെ കണ്ടുവരുന്ന ദുഷിച്ച ശീലങ്ങളായ മദ്യവും മയക്കുമരുന്നും, ഉപേക്ഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ലഹരി വിരുദ്ധയൂണിററ് നമ്മുടെ കലാലയത്തിൽ രൂപീകരിച്ചു. യൂണിററിന്റെ ഉദ്ഘാടനം മദ്യനിരോധന സമിതി സംസ്ഥാന ചെയർമാൻ പ്രൊഫ: എം. പി. മൻമഥൻ നിർവ്വഹിച്ചു. വെരി. റവ. ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്കോപ്പ, ബഹു: പ്രിൻസിപ്പാൾ, പ്രൊഫ: ഇ. നാരായണൻ നമ്പ്യാർ, ജനറൽ സെക്രട്ടറി യാക്കോബ് പി. വി. തുടങ്ങിയവർ സംസാരിച്ചു.

ഈ അദ്ധ്യായന വർഷത്തിലെ സ്പോർട്ട്സ് മീററ് ഫെബ്രുവരി 19-20 തീയതികളിൽ നടത്തപ്പെട്ടു. ബഹു. പ്രിൻസിപ്പാൾ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും, അത്‌ലറ്റുകളുടെ സല്യൂട്ട് സ്വീകരിക്കുകയും ചെയ്തു. നിരവധി കായികതാരങ്ങൾ ഇതിൽ പങ്കെടുത്തു.

ഈ അദ്ധ്യയന വർഷത്തിലെ പ്ലാനിംഗ് ഫോറത്തിന്റെ ഉത്ഘാടനം കാർബോറാണ്ടം യൂണിവേഴ്സലിന്റെ മാർക്കറ്റിംഗ് മാനേജർ ശ്രീ M. A. S. Menon നിർവ്വഹിച്ചു. പ്രിൻസിപ്പാൾ

Staff advisor Tomy Varghese, തുടങ്ങിയവർ പ്രസംഗിച്ചു. സെക്രട്ടറി ഡേവിഡ് എം. ജെ. സ്വാഗതം പറഞ്ഞു. പ്ലാനിംഗ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ താഴെപറയുന്നവയാണ്. തെരഞ്ഞെടുക്കപ്പെട്ട500-ഓളം വിദ്യാർത്ഥികളുമായി, വിദ്യാർത്ഥി രാഷ്ട്രീയം, കലാലയാന്തരീക്ഷം, തുടങ്ങി നിരവധി കാലിക പ്രാധാന്യമുള്ള വിഷയങ്ങളെ ബന്ധപ്പെടുത്തിയിട്ടുള്ള ഒരു സർവേ നടത്തുകയുണ്ടായി. വിദ്യാർത്ഥികൾക്ക് വേണ്ടി ഒരു ഉപന്യാസ മത്സരവും സംഘടിപ്പിച്ചു. ഈ അദ്ധ്യയനവർഷം പ്ലാനിംഗ് ഫോറം കലാലയത്തിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഓരോ പോക്കറ്റ് ബുക്ക് നൽകുകയുണ്ടായി. ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച ശ്രീ ടോമി വർഗ്ഗീസ് സാറിനെയും സെക്രട്ടറി എം ജെ ഡേവിസിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ഡിബേറ്റിംഗ് ക്ലബ്ബിന്റെ ഉദ്ഘാടനം ഡോ. തോന്നയ്ക്കൽ നാരായണന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു: പ്രിൻസിപ്പാൾ നിർവഹിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ചും അതേ തുടർന്നും വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംവാദങ്ങൾ നടത്തപ്പെട്ടു.

കോളേജ് യൂണിയന്റെ കീഴിലുള്ള സിനിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജനുവരി 30, 31 ഫെബ്രുവരി 1 എന്നീ തീയതികളിലായി സിനിമാ പ്രദർശനം നടത്തപ്പെട്ടു.

നിശ്ചല ചിത്രങ്ങൾക്ക് പോലും മനുഷ്യനെ ചിരിപ്പിക്കുവാനും, ചിന്തിപ്പിക്കുവാനും കഴിഞ്ഞ കാലത്തെക്കുറിച്ച് പഠിക്കുവാനും സാധിക്കും എന്ന് അനുസ്മരിക്കുന്നതായിരുന്നു, ആലുവ ആർട്ട്സ് കോളേജിലെ സജീവിന്റെ നേതൃത്വത്തിൽ നടത്തിയ ചിത്രകലാപ്രദർശനം.

ഫെബ്രുവരി 28 കോളേജ് ഡേയായി ആഘോഷിച്ചു. വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, അനദ്ധ്യാപകർക്കും സന്തോഷത്തിന്റെയും, സാഫല്യത്തിന്റെയും ദിനമായിരുന്നു അന്ന്. സമ്മേളനം ഉദ്ഘാടനം ചെയ്തത് പ്രശസ്ത സിനിമാതാരം ഗീതാ വിജയനായിരുന്നു. പ്രസിദ്ധ സംഗീതജ്ഞൻ ശ്രീ. വി. കെ. ശങ്കരപിള്ള മുഖ്യാതിഥിയായിരുന്നു. സാഹിത്യസാമൂഹിക രംഗങ്ങളിൽ ശോഭ പരത്തുന്ന ശ്രീമതി ഗീതാസുരാജ് ആശംസകൾ നേർന്നു. ഈ സമ്മേളനത്തിൽ വച്ചു ആർട്ട്സ് ഫെസ്റ്റിവലിൽ സമ്മാനാർഹരായവർക്കു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. അന്നേ ദിവസം നടന്ന വിശ്വജ്യോതി ഗ്രൂപ്പിന്റെ ഗാനമേള ഉത്സവ ലഹരിക്ക് മാറ്റ് കൂട്ടി ചെയർമാൻ വേണു. K. B. യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജന: സെക്രട്ടറി പി. വി യാക്കോബ് കോളേജ് യൂണിയന്റെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാല നടത്തിയ പ്രീഡിഗ്രി പരീക്ഷയിൽ ഫസ്റ്റ് ഗ്രൂപ്പിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ നമ്മുടെ കലാലയത്തിലെ രാജേഷ് സി എസ് എന്ന വിദ്യാർത്ഥിക്ക് സ്റ്റാഫ് അസോസിയേഷന്റെയും കോളേജ് യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ സ്വീകരണം നല്കി. പ്രിൻസിപ്പാൾ പ്രൊഫ: ഇ. എൻ നമ്പ്യാർ, പ്രൊഫ: ഗീതാകുമാരി, ജനറൽ സെക്രട്ടറി പി വി യാക്കോബ് എന്നിവർ പ്രസംഗിച്ചു. അദ്ധ്യാപകരുടെ വക പാരിതോഷികം ഡോ. എ. എം ചാക്കോ അവർകളും കോളേജ് യൂണിയന്റെ വക ക്യാഷ് അവാർഡ് സ്റ്റാഫ് അഡ്വൈസർ ശ്രീ. സണ്ണി കുര്യാക്കോസ് അവർകളും വിതരണം ചെയ്തു.

കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം നല്കി കോളേജ് മാനേജ്മെന്റിനോടും അദ്ധ്യപിക- അദ്ധ്യാപകരോടും പ്രത്യേകിച്ച് പ്രിൻസിപ്പൽ പ്രൊഫ: സി. ജെ. തോമസ്, സ്റ്റാഫ് അഡ്വൈസർ ശ്രീ. സണ്ണി കുര്യാക്കോസ്, ആർട്ട്സ് ക്ലബ്ബ് പ്രസിഡണ്ട് ഡോ. എ. ഗോപിനാഥൻ തുടങ്ങിയവരോടു കലാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളോടും രാഷ്ട്രീയ ഭേദമന്യേ സഹകരിച്ച എല്ലാ കോളേജ് യൂണിയൻ ഭാരവാഹികളോടുമുള്ള കടപ്പാട് നിസ്സീമമാണ്. വരും വർഷങ്ങളിലും ഇതുപോലെതന്നെ മിഴിവുറ്റതും നിറമുള്ളതും, ആയ കോളേജ് യൂണിയൻ പിറക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ഉപസംഹരിക്കട്ടെ.

എന്ന്,

*With Best Compliments From*

SARGA BEAUTY CLINIC

(For Ladies & Kids)

TASS ROAD. ALWAYE.683101

COSMETICS & TAILORING WORKS

Florist Attached.

# VIDYANIKETHAN COLLEGE

(LAB – ATTACHED)

ANGAMALY. opp: Municipal office

| COURSES | |
|---|---|
| Parallal | Tutions |
| PDC III & IV groups<br>BA. BSc. Bcom, MA, MSc, Mcom. | English, Hindi, Physics, Chemistry, Zoology. Botony, Accountancy, Stadtstics etc. |
| Stepping stone to Success | |

*Best Compliments From*

Pretty Queen Beauty Parlour

Flower Sale & Decorations

Ernakulam and Aluva

P. R. Building. Tass Road. ALUVA - 683 101

# The Mountaineering Club Report 1990-91

The Mountaineering Club of the College made great strides in its activities during the academic year. The enrolled strength of the club stood at 36, with active members from both the Pre-degree and Degree classes. We are a registered club with World Wide Fund for Nature-India.

A trekking expedition to Kundurmedu triggered the activities of the club for the acadamic year. It was a two days programme on Ist and IInd December 90 under the leadership of Pro: P. J. Cheriyan. We trekked along the river bed which could lead us to our destination. It was a thrilling experience, it also served as a training for the new members for trekking in adverse conditions.

A good number of our members successfully participated in the wild life census conducted under the auspiscious of the forest Dept.

Mr. Mohammed Binu Hassim, A club member participated in the Bird Survey Project held at Thattekkadu during January 1991. It was a programme organised by the Kerala forest Dept

Mohammed Binu Hassim and Binod Joseph Mampilly won the third Prize at the Environment Quiz Competition held at S B College Chenganassery


The following members Participated in the various nature camps conducted by the Mahatma Gandhi University.

Nature Camp, Thekkady. P. J. Cheriyan, Prof K. V. Kunjikrishnan, Mr. Anilkumar, C. K, Raju K. George, Kumari Rashmi P. B., Sreerekha M. S., EcquiminiPaul, Nature Camp Parambikulam Prakash Varghese, Nazar M. A., Nazarudin M. A. Nature Camp Munnar-Ali K. S. Alikunju V. K., Jiji P. B.

As I write this report I expres my gratitude towards Prof: C. J. Thomas (Principal) Prof: P. J. Cheriyan and Prof: Rajan Varghese and to all those who co-operated with me and contributed to the success of our activities.

Director
**P. J. CHERIYAN**

Secretary
**ANILKUMAR C. K.**



# വിജയഗാഥയുമായ് ഒരു സേവനവർഷംകൂടി

## നാഷണൽ സർവ്വീസ് സ്കീം
## പ്രവർത്തന റിപ്പോർട്ട്
## 1990–'91

**പ്രോഗ്രാം ഓഫീസേഴ്സ്**

പ്രൊഫ: ഇ. മുകുന്ദൻ
ശ്രീ: പി. വി. ശ്രീനിവാസൻ
ശ്രീ: ജേക്കബ് ജോർജ്ജ്
ശ്രീമതി: എൽസമ്മ പൗലോസ്

**വൊളൻറിയർ സെക്രട്ടറിമാർ**

മഹേഷ് ജി.
മനോജ്കുമാർ കെ. വി.
രശ്മി സി. ബി.
ഡി. സന്തോഷ്

നാഷണൽ സർവ്വീസ് സ്കീം, യു. സി. കോളേജ് യൂണിററിൻെറ വളർച്ചയുടേയും വിജയത്തിൻെറയും ചരിത്രത്തിലേയ്ക്ക് ഗണ്യമായ സംഭാവനകളുമായ് ഒരു വർഷംകൂടി-'1990-91'. വൈവിധ്യമാർന്ന പല പ്രവർത്തനങ്ങളുടേയും ആവിഷ്ക്കരണത്തിനും നിർവ്വഹണത്തിനും 90-91 അദ്ധ്യയനവർഷം സാക്ഷ്യം വഹിച്ചു.

**നാല് യൂണിററുകൾ:** മഹാത്മാഗാന്ധി സർവ്വകലാശാലയിൽ, നാല് എൻ. എസ്. എസ്. യൂണിററുകളുള്ള ഏക കോളേജ് എന്ന ബഹുമതി യു. സി. കോളേജിന് കൈവന്നത് ഈ കാലയളവിലാണ്. നാല് യൂണിററുകളിലായി 450 അംഗങ്ങളും, നാലു പ്രോഗ്രാം ഓഫീസർമാരും, നാലു വൊളൻറിയർ സെക്രട്ടറിമാരും ഉള്ള ഈ യൂണിററ് വളർച്ചയുടെ പുതിയ അദ്ധ്യായങ്ങൾ എഴുതിച്ചേർത്തുകൊണ്ടിരിക്കുന്നു. അംഗങ്ങൾ മാസക്കാലത്തെ തീവ്രമായ പ്രവർത്തനവും, വിദ്യാർത്ഥികളുടെ പ്രബദ്ധതയുമാണ് ഈ വിജയത്തിനു പിന്നിൽ.

**പ്രവർത്തനോദ്ഘാടനം:** പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ജൂലൈ 23ന് ശ്രീ: പി. പി. ഉമ്മർകോയ നിർവ്വഹിച്ചു. തദവസരത്തിൽ ആലുവ ഗവ: ആശുപത്രിയിലെ കുഷ്ഠരോഗ വിഭാഗത്തിന് തയ്യൽമെഷീൻ നൽകുകയുണ്ടായി.

**എൻ. എസ്. എസ്. വാരം:** ഓഗസ്ററ് 15മുതൽ 21വരെയായിരുന്നു ഈ വർഷത്തെ എൻ. എസ്. എസ്. വാരം. ഗവ: ആശുപത്രി ശുചീകരണം, ലഹരി വിരുദ്ധ ബോധവൽക്കരണം, വ്യക്തിത്വവികസനത്തെക്കുറിച്ചുള്ള സെമിനാർ, ഏകദിനക്യാമ്പ്, അക്ഷരകലാമേള തുടങ്ങിയ പരിപാടികൾ വാരാചരണക്കാലത്ത് നടപ്പാക്കി. ഓഗസ്ററ് 21 എൻ. എസ്. എസ്. ദിനമായി ആചരിച്ചു.

**ദ്വിദിനക്യാമ്പ്:** ആലുവ നഗരസഭയുടെ സഹകരണത്തോടെ ഒരു ദ്വിദിനക്യാമ്പ്, നഗരസഭയുടെ പത്താം വാർഡിൽ വച്ചു നടത്തി. മലിനജലം നിറഞ്ഞ പാഴ്നിലം നികത്തി വൃത്തിയാക്കുകയായിരുന്നു മുഖ്യ ലക്ഷ്യം.

**ബാലകലോത്സവം:** നാഷണൽ സർവ്വീസ് സ്കീം നടത്തിവരുന്ന ബാലകലോത്സവം പത്താം വർഷത്തിലേക്ക് പ്രവേശിച്ചത് ഈ കാലയളവിലാണ്. ആലുവാ വിദ്യാഭ്യാസ ജില്ലയിലെ വിവിധ വിദ്യാലയങ്ങൾ മത്സരങ്ങളിൽ പങ്കെടുത്തു. ആലുവ വിദ്യാധിരാജ കിരീടം നിലനിർത്തി.

**ഇൻറർകൊളീജിയററ് ക്വിസ്:** കെ. സി. വി. കെ രാജാ ട്രോഫിക്കു വേണ്ടിയുള്ള ഇൻറർകൊളീജിയററ് ക്വിസ് മത്സരത്തിൽ സർവ്വകലാശാലയിലെ പത്തോളം കോളേജുകൾ പങ്കെടുത്തു. ഡിസംബർ ഒന്നാം തീയതിയായിരുന്നു മത്സരം.

**യൂണിവേഴ്സിററി ക്യാമ്പുകൾ:** യൂണിവേഴ്സിററി സംഘടിപ്പിച്ച പല ക്യാമ്പുകളും ഇവിടെ നിന്നുള്ള പ്രതിനിധികൾ ശ്രദ്ധേയമായ പങ്കാളിത്തം കാഴ്ചവച്ചു. നാല്പാത്തിമലയിൽ വച്ചുനടന്ന ദശദിനക്യാമ്പിൽ ഏഴോളം പേരെ പങ്കെടുപ്പിച്ചു. വി. എം. ചന്ദ്രൻ, മനോജ്കുമാർ. കെ. വി എന്നിവർ ഈ ക്യാമ്പിലെ മികച്ച ക്യാമ്പംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. ദേശീയോദ്ഗ്രഥനക്യാമ്പിൽ എം. പി. ശ്രീകുമാർ, യു. സി. കോളേജിനെ പ്രതിനിധീകരിച്ചു.

**വാർഷിക ദശദിനക്യാമ്പ്:** ഈ വർഷത്തെ, വാർഷികദശദിനക്യാമ്പ് 90 ഡിസംബർ 22 മുതൽ 91 ജനുവരി 1വരെ വേങ്ങൂരിൽ വച്ചു നടന്നു. മൈതാന നിർമ്മാണമായിരുന്നു മുഖ്യ ലക്ഷ്യം. മെഡിക്കൽ ക്യാമ്പുകൾ, സാക്ഷരതാ പ്രവർത്തനങ്ങൾ ബോധവൽക്കരണ പരിപാടികൾഎന്നിവ ക്യാമ്പിന്റെ ഭാഗമായി നടത്തി.


**മറ്റുപരിപാടികൾ:** ക്യാമ്പസിനകത്തും പുറത്തും ആഴ്ചതോറും സംഘടിപ്പിച്ച ശുചീകരണ പരിപാടികൾ, വിനോദയാത്ര, രക്തദാനക്യാമ്പുകൾ എന്നിവയും ഈ വർഷത്തെ പരിപാടികളിൽ ഉൾക്കൊള്ളുന്നു.

വാർഷിക മത്തുചേരലോടെ ഫെബ്രുവരി 22-ാം തീയതി ഈ വർഷത്തെ പ്രവർത്തനങ്ങൾക്കു തിരശ്ശീലവീണു.

| | |
|---|---|
| മഹേഷ്. ജി. | രശ്മി. പി. ബി. |
| മനോജ്കുമാർ. കെ. വി. | ഡി. സന്തോഷ്. |


**Volandiyar Secretaries:-**

**MAHESH G., SANTHOSH D., RESMI P. B, MANOJKUMAR. K. .V** (Uni· Best Camper)











**CHANDRAN V. M.**
Uni· Best Camper

ഇംഗ്ലീഷ് മരുന്നുകൾക്ക്

## KOORANS MEDICALS

**L. F. JUNCTION**
**ANGAMALY.**

*Best Compliments From:-*

## KANTI FLOOR FURNISHERS

**P. B. No. 54**
**ALLEPPEY, KERALA.**

തികഞ്ഞ ഉത്തരവാദിത്വത്തിൽ എല്ലാവിധ വാഹനങ്ങളിലും
(BUS, LORRY, JEEP, AUTORIKSHAW, MOTOR CYCLE)
ഡ്രൈവിങ്ങ് പഠിച്ച് ലൈസൻസ് എടുക്കുന്നതിന്

**PROP : T. R MADHU.**

## THATTAMPARAMBIL LIGHT AND HEAVY MOTOR DRIVING SCHOOL

**PERUMBAVOOR.**

ഹെയർ കട്ടിംഗ്, ഫേഷ്യൽ, ബ്ലീച്ചിങ്ങ്,
ത്രെഡിങ്ങ്, കാർ ഡെക്കറേഷൻ, ബൊക്ക,
ബ്രയിഡൽമേക്കപ്പ് എന്നിവയ്ക്കും

## മേ ഫ്ളവർ

## ബ്യൂട്ടി പാർലർ

**M. M. ബസാർ,**
**അങ്കമാലി.**

# സ്ത്രീപർവ്വം



'സ്ത്രീപർവ്വം

''ഞങ്ങൾ:
ആ ദുശ്ശാസനന്മാരെക്കൊല്ലാം വെട്ടാനായി
ഞങ്ങളിനി ആരോടും കെഞ്ചുകയില്ല.
ഇപ്പോൾ ഞങ്ങൾക്ക്
ചിന്നമ്മയുടെ മകൾ സാലി
സ്ത്രീ ശക്തിയുടെ
പ്രതീകമായി മാറിയിരിക്കുന്നു......''

വി. വരവരറാവു (തെലുങ്കുകവി)
തങ്കമണി സംഭവത്തെക്കുറിച്ചെഴുതിയ
കവിതയിൽ നിന്ന്.

'സുപ്രീം' നല്ലെണ്ണയുടെയും, 'ഹോമലിൻസ്' പ്രഷർ കുക്കറിന്റെയും, 'മിനു' മിക്സിന്റെയും സാങ്കേതിക മികവിൽ, ഭർത്താവിന്റെയും, മക്കളുടെയും അമ്മായിഅമ്മയുടെയും സ്നേഹ ബഹുമതികൾ പിടിച്ചുപറ്റാനൊരുങ്ങിവരുന്ന ''പബ്ലിസിറ്റി വീട്ടമ്മ''യിൽ നിന്നാണ് സ്ത്രീ വിമോചനത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ള ആദ്യചിന്തനം തുടങ്ങേണ്ടത്.

സ്ത്രീധന പീഡനങ്ങളുടെയും, ഗ്യാസ് സ്റ്റൗ സ്ഫോടനങ്ങളുടെയും, അടിമപ്പണിയുടെയും, ബലാത്സംഗങ്ങളുടെയും വാർത്തകൾ ഒരു പുതുമയല്ലാതെയായിരിക്കുന്നു. ഉപരിപ്ലവമായ, നിർവ്വികാരത നിറഞ്ഞുമുറ്റിയ വാക്യങ്ങളിലൂടെ ചിലപ്പോൾ പർവ്വതീകരിക്കപ്പെട്ട അഡ്ജക്റ്റീവുകളുടെ നിറച്ചാർത്തിലൂടെ മാദ്ധ്യമങ്ങൾ ആ വാർത്തകളെ വിൽക്കുമ്പോൾ നമ്മളൊക്കെ നോക്കിനിൽക്കുകയാണ്. വെറും കാഴ്ചക്കാരെപ്പോലെ.

കർമ്മസർവ്വാധികാരിയായ സമൂഹങ്ങൾ സ്ത്രീകൾക്ക് കല്പിച്ചിരുന്ന നിയന്ത്രണങ്ങൾക്കും വിലക്കുകൾക്കും പുറമെ, അവളെ ഒരു ഭോഗവസ്തുവായി ഇകഴ്ത്തിക്കാണിച്ചിരുന്ന ആചാര രീതികൾ ഇന്ത്യയിൽ നിലവിലുണ്ടായിരുന്നു എന്നതിനുള്ള തെളിവാണ് ഭാരതീയർ ഉയർത്തിക്കാട്ടുന്ന സ്മൃതികളിലെ ചില ഭാഗങ്ങൾ.

കുടുംബത്തിലെ അംഗങ്ങൾക്കുവേണ്ടി അപ്പം സമ്പാദിക്കുകയും, ഭർത്താവിന്റെ പീഡനങ്ങൾക്ക് മൂകമായി വഴങ്ങുകയും ചെയ്യുന്ന സ്ത്രീകളുടെ കഥകൾ ഒരിക്കൽ ''ഇല്ലസ്ട്രേറ്റഡ് വീക്ക്‌ലി'' പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരേന്ത്യയിലെ കോസമോ പൊളിറ്റൻ നഗരങ്ങളിൽ അരങ്ങേറുന്ന സംഭവങ്ങളാണ് അവയൊക്കെ. 'ശീലാവതി' എന്ന പുരാണ കഥാപാത്രത്തെ പാതിവ്രത്യത്തിന്റെയും, കറകളഞ്ഞ നിഷ്കളങ്കതയുടെയും ഉദാഹരണമായി എടുത്തുകാട്ടുന്നതുതന്നെ ശുദ്ധ അസംബന്ധമാണ്. കുഷ്ഠരോഗിയാണെങ്കിലും വിഷയാസക്തനായ ഭർത്താവിനെ കുട്ടയിലാക്കി തലയിൽ ചുമന്ന് അഭിസാരികാഗൃഹത്തിൽ എത്തിക്കുകയും, [illegible] സംതൃപ്തനായ അയാളെ തിരിച്ചുചുമന്ന് വീട്ടിലെത്തിച്ചശേഷം, ഉണ്ടുകൊണ്ടിരുന്ന ചോറിൽ അറ്റുവീണ അയാളുടെ രോഗബാധിതമായ വിരൽ എടുത്തുമാറ്റി ആ ഉച്ഛിഷ്ടം തന്നെ ഭക്ഷിക്കുകയും ചെയ്ത ശീലാവതിയെയാണ് നമ്മൾ ഭാരതസ്ത്രീയുടെ ആദർശരൂപമായി പ്രതിഷ്ഠിക്കുന്നത് എന്നവസ്തുതതന്നെ അപമാനകരമാണ്. ഇന്നത്തെ അവസ്ഥ ഈ പൗരാണികമായ ബോധശൂന്യതയുടെ തുടർക്കഥ മാത്രമാണ്.

സമൂഹത്തിന്റെ ആകെയുള്ള സുഖദുഃഖങ്ങളിൽ പങ്കുചേരുന്നതിൽ സ്ത്രീ വിമുഖയാണ്. സ്വന്തം ഭർത്താവ്, കുടുംബം ഇങ്ങനെ ഒരു പരിമിത വൃത്തത്തിന്റെ ഇഷ്ടാനിഷ്ടങ്ങളിൽ അവളുടെ ഐഡന്റിറ്റി തളച്ചിടപ്പെടുകയാണ്. ദൗർബല്യവും മൃദുലവുമായ ചില ഇമേജുകളാൽ സൃഷ്ടിച്ചെടുത്ത ഒരു പളുങ്കുപാത്രത്തിന്റെ ക്ഷണ



# സ്ത്രീപർവ്വം

ഭംഗുരത. നമ്മുടെ വ്യവസ്ഥാപിത കലാരൂപങ്ങളിലൊക്കെ പ്രത്യക്ഷപ്പെടുന്ന സ്ത്രീകളെ ചുററിയുണ്ട്. പ്രതികൂലതകളിൽനിന്ന് ഉയിർത്തെഴുന്നേൽക്കുന്ന സ്ത്രീയുടെ കഥകളാകട്ടെ പൂർണ്ണമായും സെൻസേഷണലായ, ആനുപാതികമല്ലാത്ത പരിവൃത്തവൽക്കരണങ്ങളുമാണ്.

നിറമുള്ള വസ്ത്രങ്ങളിൽ പൊതിഞ്ഞുവച്ച ഒരു വസ്തു എന്നനിലയിൽ സ്വയം താണുതാഴ്ന്നു പോകുവാനുള്ള പ്രവണത ഉണ്ടാകുംവിധമാണ് വ്യവസായ വൽകൃതമായ ആധുനിക സമൂഹം സ്ത്രീകളെ കൈകാര്യം ചെയ്യുന്നത്. തുണിക്കടകൾ, ആഭരണങ്ങൾ, ഭക്ഷണപദാർത്ഥങ്ങൾ, കോസ്മെറ്റിക്കുകൾ, സോഫ്റ്റ് ഡ്രിങ്കുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ, സോപ്പുകൾ, ഗൃഹോപകരണങ്ങളുടെ ഇൻസ്റ്റാൾമെൻറ് വ്യവസ്ഥയിലുള്ള വിൽപന ഇങ്ങനെ എണ്ണിയാൽ തീരാതെ നീളുന്ന വസ്തുക്കളുടെയൊക്കെ പരസ്യങ്ങൾ കേട്ടുകേട്ട് ചെവിതഴമ്പിച്ചിരിക്കുന്നു. എല്ലാററിലും സ്ത്രീകൾ സംസാരിക്കുന്നു. മാർക്കററിൽ പുതിയതായി വിൽപനക്കിറങ്ങുന്ന ഒരു സാധനത്തിൻെറ കമ്പോളനിലവാരം കുത്തനെ ഉയരുന്നുണ്ടെങ്കിൽ അതിൻെറ കാരണം കൗശലപൂർവ്വം നിർമ്മിക്കപ്പെട്ട ഒരു പരസ്യവാചകത്തിൽ വീണുപോകുന്ന വീട്ടമ്മമാരുടെ ഡിമാൻഡുതന്നെയാണ്. തുണിക്കടയുടെ മേൻമയെക്കുറിച്ച് വാചാലയാകുന്ന സ്ത്രീ ടി. വി. യിലും റേഡിയോയിലും മാത്രമല്ല, ജീവിതത്തിലുമുണ്ട് എന്നുള്ളത് ഞെട്ടലുളവാക്കുന്ന ഒരു തിരിച്ചറിവുതന്നെയാണ്. എല്ലാ മേഖലകളുടെയും ആകെത്തുകയായി വരച്ചുകാട്ടപ്പെടുകവഴി സ്ത്രീകൾ കൂടുതൽ ക്രൂരമായി അപമാനിതരാകുകയാണ്.

സമൂഹത്തിലെ ഉന്നതമായ സ്ഥാനങ്ങൾ കൈയ്യടക്കിയിരിക്കുന്ന വ്യക്തികളുടെ ധർമ്മദാരങ്ങൾക്ക് നക്ഷത്രകാന്തിയുള്ള രാത്രികളിലെ ഇലൂമിനേഷൻ നിറഞ്ഞ മനുഷ്യസ്നേഹമാണുള്ളത്. സ്ത്രീകളുടെ പ്രശ്നങ്ങൾ സെമിനാറുകളിൽ തെരുക്കുകയാണവർ. സെമിനാറുകളുടെ തിരക്കേറിയ ഇടവേളകളിൽ ഏററവും പുതിയ ഫാഷനുകളെ കുറിച്ചുള്ള ഉപചർച്ചകൾ. മക്കൾ പഠിക്കുന്ന വിദ്യാലയങ്ങളിലെ വർദ്ധിച്ച ഫീസിനെക്കുറിച്ചുള്ള അഭിമാനം-വലിപ്പ ചെറുപ്പങ്ങളുടെ ഗ്രാഫ് വരച്ചുവരച്ച് സമയം കൊല്ലുക എന്നതാണ് ഉപരിവർഗ്ഗത്തിൻെറ അടിസ്ഥാനപരമായ സ്വഭാവം. പൂക്കളമത്സരം, കലം തല്ലിയുടയ്ക്കൽ മത്സരം, കൊല്ലത്തിലൊരിക്കൽ ഏതെങ്കിലും ധർമ്മാശുപത്രിയുടെയോ, ബസ്സ്റ്റാൻഡിൻെറയോ മുന്നിൽ ഒരു നിമിഷാർദ്ധം ചൂലും പിടിച്ചുനിന്ന് ക്യാമറയെ അഭിമുഖീകരിക്കുന്ന സാമൂഹ്യപ്രവർത്തനം - ഇങ്ങനെ അത് തുടർന്നുകൊണ്ടിരിക്കുന്നു. ഇവരൊക്കെ ദുരിതത്തിൻെറ ഇരുണ്ട തെരുവുകളിൽ സ്വന്തം മക്കളെപ്പോലും വിൽക്കേണ്ടിവരുന്ന ലക്ഷക്കണക്കിനു സ്ത്രീകളെക്കുറിച്ച് ഒന്നുമറിയാത്തവരാണ്. അഥവാ ഇതൊക്കെ കണ്ടില്ലെന്ന് നടിക്കുന്നവരാണ്. പുരുഷമേധാവിത്വം നിലനിൽക്കുന്ന പാട്രിയാർക്കൽ സമൂഹത്തിൻെറ ബോധനരീതിയും, മതസംവിധാനങ്ങളും, നിയമ നിർമ്മാണവും പരോക്ഷമായി സ്ത്രീകളെ ബൗദ്ധികമായി ചൂഷണം ചെയ്യുന്നതിന് സഹായകമായി ഭവിക്കുന്നു.

സ്ത്രീകൾക്കു വേണ്ടി പ്രസിദ്ധീകരിക്കപ്പെടുന്ന ചില ജേർണലുകളിൽ ഉപരിപ്ലവമായ ചില ചർച്ചകൾ നടക്കാറുണ്ട്. കാമ്പസുകളിൽ നിന്നോ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ നിന്നോ തെരഞ്ഞെടുത്ത ഏതാനും പെൺകുട്ടികളെയും, മുതിർന്ന സ്ത്രീകളെയും ഉൾപ്പെടുത്തി, മുഖ്യമായി ബന്ധമില്ലാത്ത വിഷയങ്ങളെപ്പററി മുടിനാരിഴകീറിയുള്ള ചർച്ചകളാണ് നടത്തപ്പെടുക. സ്ഥിരം പംക്തികളിൽ ഏറിയകൂറും സ്ത്രീകളുടെ സൗന്ദര്യപ്രശ്നങ്ങളായിരിക്കും. കുടുംബജീവിതവുമായി ബന്ധപ്പെട്ടവിഷയങ്ങളിൽ വരുന്നത് ആധുനിക വസ്ത്രങ്ങൾ സ്വന്തമായി തുന്നിത്തയ്യാറാക്കുന്ന വിധങ്ങൾ, കുട്ടിയെ പൊട്ടുകുത്തിക്കുന്നതിൻെറ വിശദാംശങ്ങൾ, ഭർത്താവിനെ മെരുക്കുവാനുള്ള ഒററമൂലികൾ, കേശാലങ്കാരത്തിൻെറ സങ്കീർണ്ണതകൾ എന്നിവയാണ്. ഉദാഹരണത്തിന് 'വനിത' എന്ന മനോരമ പ്രസിദ്ധീകരണത്തെ കണക്കാക്കുക അതിലെഏക്കാലത്തെയും ഗംഭീരമായ പംക്തി ഏററവും അവസാനത്തെപേജിൽ പ്രത്യക്ഷപ്പെടാറുള്ള 'മിസിസ് നായർ' എന്ന കാർട്ടൂൺ പരമ്പരയാണ്. സർക്കാസ്ററിൽ ആയ ശൈലിയിൽ വളരെ പോളിഷ്ഡ് ആയി ജീവിക്കുന്ന ഒരു സൊസൈററിലേഡിയെ വരച്ചുകാട്ടുകയാണ് അതിൽ. ബാക്കിയുള്ള പംക്തികൾ വായിക്കുവാൻ തുനിയുന്ന ഒരു പന്ത്രണ്ടു വയസ്സുകാരൻ കുട്ടിയെ അമ്മയും മൂത്ത സഹോദരിയും ഉൾപ്പെടുന്ന കുടുംബത്തിലെ സ്ത്രീവിഭാഗം വിലക്കുന്നതെന്തുകൊണ്ട്, എന്ന ചോദ്യത്തിൻെറ ഉത്തരം നമുക്ക് പലകാര്യങ്ങളും വ്യക്തമാക്കിത്തരുന്നുണ്ട്.

കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാനുള്ള വെറുമൊരു യന്ത്രം എന്നനിലയിൽ നിന്ന് സ്ത്രീ ഉയർന്നുവരേണ്ടതുണ്ട്. ഈ ഉയർച്ചയെ സംബന്ധിച്ച് 75% സ്ത്രീകളും, സ്ത്രീ വിമോചനക്കാരും വച്ചുപുലർത്തുന്ന ധാരണകൾ അബദ്ധജടിലങ്ങളാണെന്നാണ് ചരിത്രം തെളിയിക്കുന്നത്. സ്ത്രീ പുരുഷ സമത്വവും സ്ത്രീവിമോചനവും രണ്ടാണെന്ന് മനസ്സിലാക്കുവാനുള്ള ക്ഷമത അവർക്കില്ല. ബയോളജിക്കൽ ആയി ഗർഭധാരണത്തിനുവേണ്ടി സജ്ജമാക്കപ്പെട്ട ശാരീരികഘടന സ്ത്രീയിൽ മാത്രമാണുള്ളതെന്നും, സന്മനസ്സുള്ള ഒരു പുരുഷൻ എത്രതന്നെ കിണഞ്ഞു പരിശ്രമിച്ചാലും ഗർഭം ധരിക്കാൻ കഴിയുകയോ, പ്രസവവേദന അവളിൽനിന്ന് ഏറെറടുക്കാൻ കഴിയുകയോ ഇല്ലെന്നും ഉള്ളത് ഒരു നഗ്നസത്യം മാത്രമാണ്. ജീവ



# സ്ത്രീപർവ്വം

ശാസ്ത്രപരമായ ഈ ഭാഗം ശരിയാക്കാൻ വേണ്ടി നമുക്ക് ആധുനികശാസ്ത്രജ്ഞരെ വേണമെങ്കിൽ സമീപിച്ചുനോക്കാമെന്നേയുള്ളൂ. സ്ഥിതി സമത്വത്തിനുവേണ്ടി ബാഹ്യമായിട്ടെങ്കിലും പുരുഷനെപ്പോലെയാകുക എന്ന ആഗ്രഹമാണ് സ്ത്രീ ആദ്യം പ്രകടിപ്പിച്ചത്. മുടിമുറിച്ചു, കാലുറ ധരിച്ചു, സിഗററ്റുവലിച്ചു, മദ്യപിച്ചു, മീശവയ്ക്കാൻ കഴിയാത്തതുകൊണ്ട് അതു ചെയ്തില്ലെന്നുമാത്രം. വളരെ ലളിതമായിപ്പറഞ്ഞാൽ, യൂറോപ്പിലെ അസ്വസ്ഥരായ യുവമനസ്സുകളുടെ ആധുനിക ലഹരിയിൽ നിന്നുത്ഭവിച്ച ഈ പ്രവണത, നമ്മുടെ രാജ്യത്തെയും, മറ്റ് മൂന്നാം ലോക രാഷ്ട്രങ്ങളിലെയും സ്ത്രീകളുടെ കൊളോണിയൽ സ്വഭാവം മൂലം ഒരു പകർച്ചവ്യാധിപോലെ പകർന്നതാണ്. നീണ്ടമുടി അസൗകര്യമാണെങ്കിൽ അത് മുറിച്ചുമാറ്റുകതന്നെ വേണം. ചലനങ്ങളുടെ സുഗമതയ്ക്ക് വിഘാതം സൃഷ്ടിക്കുന്നുണ്ടെങ്കിൽ ഒരുപാട് നീളമുള്ള ചാരിത്ര്യാവരണം എന്ന നിലയിൽ പേറിക്കൊണ്ടുനടക്കുന്ന സാരിക്കുപകരം, കാലുറകളോ, സൗകര്യപ്രദമായ മറ്റുവസ്ത്രങ്ങളോ തന്നെ ധരിക്കണം. അതൊക്കെ ആധുനിക യുഗം സ്ത്രീയോട് ആവശ്യപ്പെടുന്ന ചില നെസസ്സിറ്റികൾ മാത്രമാണ്. പക്ഷേ, ഈ പ്രവണതകൾ ഒരു ന്യൂറോസിസിന്റെ സ്വഭാവം പ്രാപിക്കുന്നതാണ് അപകടം.

കുടുംബത്തിൽ സ്ത്രീ പുരുഷ സമത്വത്തിന് പ്രാധാന്യമുണ്ട്. ദൈനംദിന പ്രക്രിയകളിൽ ഭാര്യാ ഭർത്താക്കന്മാർക്ക് തുല്യമായ ഉത്തരവാദിത്വമാണ് ഉണ്ടാകേണ്ടത്. ഒരാളുടെ ഈഗോ മറ്റൊരാളുടെ ഈഗോയെ അടക്കി ഭരിക്കാൻ ശ്രമിക്കുമ്പോഴാണ് ഈ തുല്യതയിൽ നിന്ന് കുടുംബത്തിന്റെ ബാലൻസ് തെറ്റുന്നത്.

ഒരു വ്യക്തി എന്ന നിലയിൽ ഓരോ മനുഷ്യനിലും, സ്ത്രീയായാലും, പുരുഷനായാലും നിർലീനമായിരിക്കുന്ന പൊട്ടൻഷ്യലിന്റെ, അളവ് ഏറിയും കുറഞ്ഞുമിരിക്കാം. ഇത് സമൂഹത്തിന്റെ പൊതുവായ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിൽ സ്ത്രീക്കും പുരുഷനും തുല്യമായ സാദ്ധ്യതകളുണ്ട്. സ്വന്തം കുടുംബത്തിന്റെ വൈകാരികമായ കെട്ടുറപ്പ്, കാത്തുസൂക്ഷിക്കുന്നതിൽ റൊമാന്റിക് ആയ ഒരു റോൾ സ്ത്രീക്കുമുണ്ട്. ഇതിൽ മാത്രം അവരെ ഒതുങ്ങിപ്പോകാതിരിക്കണം എന്നുമാത്രം.

ചുരുക്കത്തിൽ, സ്ത്രീകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച ചർച്ച സ്ത്രീകളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ടതല്ല. അത് പുരുഷന്മാരുടെകൂടി സാന്നിദ്ധ്യത്തിലാണ് നടക്കേണ്ടത്. ഒരു "വിമൻസ് സെൽ" "വിമൻസ് ഗ്രൂപ്പ്" "വിമൻസ് ക്ലബ്ബ്" തുടങ്ങിയ നാമധേയങ്ങൾ ഉയർത്തിവിടുന്ന മനഃശാസ്ത്രപരമായ കുഴപ്പങ്ങളാണ് ഇവയൊക്കെ. "സ്ത്രീകളുടെ സീറ്റിൽ പുരുഷന്മാർ ഇരുന്നാൽ" എന്ന ഭീഷണി അവരെ സാമൂഹ്യമായി വേർതിരിക്കുന്നുണ്ട്. സ്ത്രീ അടിമയാണ് എന്ന പോസ്റ്റുലേറ്റിൽ നിന്ന് ആരംഭിക്കുന്ന സൈദ്ധാന്തിക ചർച്ചതന്നെ വിപരീതമാണ്. ഇത്തരമൊരു അടിസ്ഥാനത്തിൽ നിന്ന് ആരംഭിക്കുന്ന ചർച്ചയുടെ അർത്ഥംതന്നെ സ്ത്രീ അടിമയാണെന്ന് അംഗീകരിക്കലാണ്.

സെക്സ് മനുഷ്യന്റെ എക്കാലത്തെയും ശക്തമായ പ്രേരണാശക്തിയാണ്. അതിന്റെ പ്രാധാന്യത്തെ കുറച്ചുകാണുക സാദ്ധ്യമല്ല. പക്ഷേ, ഇന്നത്തെ സമൂഹം ലൈംഗിക വൈകൃതങ്ങൾക്ക് അമിതമായ കച്ചവടപ്രാധാന്യം കൊടുക്കുന്നു. സ്നേഹമില്ലാതെ രതിയില്ല എന്ന സത്യം മനസ്സിലാക്കുവാൻ തയ്യാറാകാത്തതിൽ നിന്നാണ് സ്ത്രീകളോടുള്ള ലൈംഗിക കടന്നാക്രമണങ്ങളുടെ പൊരുൾ ആരംഭിക്കുന്നത്. സ്ത്രീയെ ഒരു സഹജീവി എന്ന നിലയിലും, തന്നോടൊപ്പംതന്നെ അപ്പവും വീഞ്ഞും പങ്കുവച്ച്, തന്നോടൊത്തുറങ്ങേണ്ട, തന്നോടുകൂടി ചിന്തിക്കേണ്ട, തനിക്കു താങ്ങാകേണ്ട ഒരു കൂട്ടുകാരി എന്ന നിലയിലും കാണുവാൻ പുരുഷൻ പഠിക്കേണ്ടിയിരിക്കുന്നു. അഥവാ സമൂഹത്തിന്റെ ബോധനശാസ്ത്രം അവനെ അത് പഠിപ്പിക്കേണ്ടിയിരിക്കുന്നു. തെരുവോരത്തെയും ബസ് സ്റ്റാന്റുകളിലെയും ചുമരുകളിൽ വിവസ്ത്രകളായി കാണപ്പെടുന്ന രൂപങ്ങൾ മാംസത്തിന്റെ വെറും ക്ഷണികതയാണെന്നും, അതിലുമപ്പുറം ജീവിതത്തിന്റെ ലയതാളങ്ങൾക്ക് മാറ്റുകൂട്ടുന്ന പല ഘടകങ്ങളും സ്ത്രീ പുരുഷ ബന്ധത്തിൽ നിർലീനമായിട്ടുണ്ടെന്നും ഉള്ള തിരിച്ചറിവോടുകൂടിയാകണം ഒരു പുതിയ തലമുറ വളരേണ്ടത്.

ഇങ്ങനെയൊക്കെ പറയുമ്പോൾ തന്നെ സ്നേഹരഹിതവും പൈശാചികവുമായ ഒരു നൂറ്റാണ്ടിന്റെ ഭീകരമുഖം നമുക്കുമുന്നിലുണ്ട്. 'സ്ത്രീധന സ്റ്റൗ'കൾ കശക്കിയെറിഞ്ഞ സ്ത്രീകൾ പലരാജ്യങ്ങളിലും ഉണ്ട്. ഉയർത്തെഴുന്നേൽപ്പിന്റെ, ചെറുത്തുനിൽപ്പിന്റെ സംഘടിതസമരങ്ങളുടെ പ്രാധാന്യം കുറച്ചുകാണാൻ മൂന്നാംലോക രാജ്യങ്ങളിലെ സ്ത്രീകൾക്കു കഴിയില്ല. യുഗപുരാതനമായ ഡോഗ്മകൾകൊണ്ട് കെട്ടിപ്പടുത്ത പാരമ്പര്യ ദുർഗ്ഗങ്ങളുടെയും, മാമൂലുകളുടെയും തടവറകളിൽ നിന്ന് പുറത്തുവരുന്നതിനും സ്ത്രീകൾക്കു കഴിയണം.

രൂപ്കൻവാർ ചരിത്രത്തിന്റെ ഉണങ്ങാത്ത കണ്ണുനീർപ്പാടായി നിങ്ങളുടെ മുന്നിലുണ്ടായിരിക്കാം. ചുട്ടുകരിക്കപ്പെട്ട നിരവധി സഹോദരിമാരുടെ വികൃതമൃതദേഹങ്ങൾ നിങ്ങളെ കരയിക്കുന്നുണ്ടാകാം. എങ്കിലും ഡൽഹിയിലെ മോനിഷാവർമ്മയും, ചിന്നമ്മയുടെ മകൾ സാലിയും നിങ്ങളുടെ മനസ്സിൽ ഒരു തിരിവെട്ടം കൊളുത്തിവെക്കുന്നില്ലേ?......

# Palestine Palliation

"Give to every other human being every light that you claim for yourself".

But these words of Thomas Paine do not apply to the fate of the Arabs of the HolyLand. Palestine. The story of pathos that began in the early years of present century goes on just because of America's and its allies' refusal to give up their hunger for control over-oil drenched west Asia. Perhaps this may be the story for tomorrow in a unipolar world after the downfall of Eastern Europe. Balance of this world is lost.

Tensions grew up, series of wars between zionist power and their Arab neighbours resulted Money and power made gain over the reality. Jewish state backed by monetary and military help from wrong sided western powers. America with her loyals gave assistance to Israel while truth was hidden by yankees and friends whose hands are drenched in the blood of the Palestine patriots.


Once in a while we get the glimpses of Palestinian people on the T. V. screens or in newspapers battling on the streets of Jerusalem with stones against Israel army. But bullets and shells can't stop them. Hundreds died but in a haughty way for their own mother land. Israel Secret agents - Mossad continue to hunt for youing and old, men and women.

America and her allies halangue about democray. freedom and human right and they pinpoint latter's violations in Russia, China and India, but not in the occupied Gaza strip and West Bank. America uses her power to hide the atrocities of the Israel armed forces on the Palestinian people. Over Two hundred resolution have been introduced on the issue of Palestine in the U. N. Security council; almost every time the U.S.have misused her veto power to save the zionist power - Israel. Isn't it the hypocracy of a democracy?. This same U. N. Sacurity council needed only 12 resolutions to declare war against Kuwait occupied Iraq. Here we can see the power of the capitalist countries over the world body and the rest of the world. Perhaps no one dare to question it for their own survival.

How long can the truth about the Palestinians be hidden?. How can any power on earth ignore their sobs, or refuse to aid their struggle for independance while the 'Intifada' of Arabs in the occupied area passes yet another year, the question remains about the western world's ability to rewrite international laws and truth. Facts do not cease to exist just because they are ignored. We hope some day the world will be able to recognise these hypocrites who seem to be following the words of Alreed Adler.

"It is easier to fight for priciples than live up to them".

**RAJESH R.**
I BSc. Botany



# ദീർഘദൃഷ്ടി


തീക്ഷ്ണമാം വൈഡൂര്യമുരയ്ക്കുന്ന സൂര്യാ
ഞാൻ നിന്നെ സ്നേഹിച്ചിരുന്നു !
നിന്റെ കണ്ണിലെ പൂത്തിരിയ്ക്ക്
ഏഴു നിറമാം.
അണ്ണാൻ നാരുകളിൽ മഴവില്ലുതിർച്ച്
കൂർപ്പിക്കുന്ന കണ്ണുകൾ.
കാററാടിയുടെ കൂളടിയിൽ അമ്മിഞ്ഞ മണക്കുന്നു.

നിന്നെ ഞാൻ സ്നേഹിക്കാനൊന്ന സത്യമുണ്ട്.
ദീർഘദൃഷ്ടിയുടെ സ്ഫടികമുള്ള കണ്ണുകൾ,
എന്റെ രക്തത്തിന്റെ പൂക്കൾ മണക്കുന്ന ചാമ്പകൾ,
മരവാഴ മന്ത്രകോടി കൊടുത്ത മരങ്ങൾ.

നിന്നെ ഞാൻ സ്നേഹിക്കാനൊന്ന സത്യമുണ്ട്.
ദീർഘദൃഷ്ടിയുടെ സ്ഫടികമുള്ള കണ്ണുകൾ.
നിന്റെ നിറത്തിന്റെ സർപ്പമെവിടെ?
ചാണകം കലക്കിയ വെള്ളത്തിൽ
നിന്റെ മുഖം വിഴുങ്ങുന്നു.

P. J. SHANTY
II. BA Psychology

# ഭീകരന്മാർ രാഷ്ട്രീയപ്രയോഗമാണ്




**MANOJ RAVI**
**I BSc. Physics**

**യുദ്ധത്തിൽ ജയിക്കുന്നവരില്ല ; തോൽക്കുന്നവരേയുള്ളൂ**
**യുദ്ധത്തിൽ നേടുന്നവരില്ല ; നഷ്ടപ്പെടുന്നവരേയുള്ളൂ**

പശ്ചിമേഷ്യയിലെ ഗ്യാസ് ചാസ്ക് ധരിച്ച ഓരോ പ്രേതരൂപങ്ങളും, ചതഞ്ഞരഞ്ഞ ഓരോ പിഞ്ചുകുഞ്ഞും , ഇപ്പോഴും നീണ്ടുപോകുന്ന അബോർഷൻ ലിസ്റ്റിലെ ഓരോ അംഗവും മറ്റൊരു പരിഗണനയ്ക്കുമുപരി മനുഷ്യനായിരുന്നു. യുദ്ധം താത്കാലികമായെങ്കിലും അവസാനിച്ച ഈ അവസരത്തിൽ , " യുദ്ധത്തിനെന്നും കാരണമായി വർത്തിച്ചിട്ടുള്ളതു" സ്വന്തം ഹിംസാവാസനയെപ്പറ്റിയും മതിക പ്രസക്തിയെപ്പറ്റിയും അഹങ്കരിക്കുന്ന മനുഷ്യന്റെ മലിനമായ മനസ്സാണു" എന്നൊക്കെ നീണ്ടുപോകുന്ന തികച്ചും അരാഷ്ട്രീയമായ ബുദ്ധിജീവി പ്രസ്താവനകൾക്കു നടുവിലാണ് നാം നിൽക്കുന്നതു്.

പശ്ചിമേഷ്യയിൽ നടന്ന മനുഷ്യക്കുരുതിയുടെ തുടക്കം 1990 ആഗസ്റ്റ് 2ന് സദ്ദാം ഹുസയിനെന്ന നീചൻ തന്റെ അയൽപക്കത്തു് കാരനായ കുവൈത്തിനെ ആക്രമിച്ചതോടെയാണെന്നാണ് ഈ സ്വതന്ത്ര ബുദ്ധിജീവികളുടെ പക്ഷം. ഇതിൽ സദ്ദാംഹുസയിന്റെ ഏകാധിപത്യമോഹം മുതൽ







## യുദ്ധമെന്നാൽ രാഷ്ട്രീയപ്രയോഗമാണ്

രാസായുധ ഭീഷണിയുടെ ഇവർക്കുമുന്നിൽ പ്രതികളുമാണ്. രണ്ടാംലോക യുദ്ധത്തിനുശേഷം ഐക്യരാഷ്ട്ര സഭയിൽ അംഗത്വമുള്ള ഒരു പരമാധികാര രാഷ്ട്രത്തെ മറ്റൊരുസുഹൃദ്‌രാഷ്ട്രം പ്രത്യക്ഷമായിസൈനികശക്തി ഉപയോഗിച്ച് അടിച്ചമർത്തുന്നത് ആദ്യമായിട്ടായിരിക്കാം. ഇവിടെ ലോകത്തിന്റെ പോലീസുകുപ്പായമണിഞ്ഞ് കുവൈത്തിനെ മോചിപ്പിക്കാനായി അമേരിക്കൻ പട രംഗത്തെത്തുന്നു. 1991 ജനുവരി 17ന് അമേരിക്കയുടെ നേതൃത്വത്തിലുള്ള ഇരുപത്തെട്ടു സഖ്യരാജ്യങ്ങളിൽ നിന്നുമായി പത്ത്ലക്ഷത്തോളം കരസേന നാവിക-വ്യോമ വിഭാഗങ്ങളും, ആയിരക്കണക്കിന് ബോംബർവിമാനങ്ങളും, നൂറുകണക്കിനു പടക്കപ്പലുകളും, മിസൈലുകളും, മാറാവ്യാധി സംഹാരകണായുധങ്ങളുമായി ഇറാഖ് എന്ന ഒരു കൊച്ചുഅറബിരാജ്യത്തെ നേരിടാനായി കടന്നു വന്നു. പക്ഷെ ഈ സഖ്യരാജ്യങ്ങളുടെ ജനാധിപത്യസംരക്ഷണ ചരിത്രം പരിശോധിക്കുക.

ഒരു സാമ്രാജ്യത്വശക്തിയാവുന്നതിനു് മുമ്പും പിൻപുമുള്ള അമേരിക്കൻ ഐക്യനാടുകളുടെ ചരിത്രം നിഷ്ഠൂരമായ ഹിംസകളുടെയും, അധമമായ അധിനിവേശങ്ങളുടെയും ചരിത്രമാണ്. റെഡ് ഇന്ത്യക്കാരന്റെ മഹാസംസ്കാരത്തെ ചാട്ടവാറുകൊണ്ട് രക്തപങ്കിലമാക്കിയ ക്രൂരതീർത്ഥാടകരായ പിതാമഹന്മാരുടെ രക്തമാണ് ബുഷിന്റെയും മറ്റു അമേരിക്കൻ ഭരണാധികാരികളുടെയും സിരകളിലൂടൊഴുകുന്നത്. മഹത്തായ യൂഫ്രട്ടീസ് - ടൈഗ്രീസ് നദീതടസംസ്കാരത്തിന്റെ അവസാന അവശിഷ്ടങ്ങളെക്കൂടി B-52 വിമാനങ്ങൾ കൊണ്ട് തകർത്തെറിഞ്ഞു എന്നഭിമാനിക്കുന്നവരാണവർ. വിമോചകനായ ജോർജ്ജ് വാഷിംഗ്ടണും, ജനാധിപത്യത്തിന്റെ ആചാര്യപദത്തിൽ അവരോധിക്കപ്പെട്ട എബ്രഹാം ലിങ്കണും, ഈ ഗോത്രവംശജരുടെ രക്തം കയ്യിൽ പുരണ്ടവരാണ്. ആധുനികകാലത്തെ അമേരിക്കയുടെ ഹിരോഷിമയിലെ ആണവ ആക്രമണത്തിലൂടെ, വിയറ്റ്നാം യുദ്ധത്തിലൂടെ, ഇന്തോ-ചൈനയിലെ ഇടപെടലുകളിലൂടെ, നിക്കരാഗ്വയിലെ അട്ടിമറിശ്രമങ്ങളിലൂടെ, ക്യൂബക്കെതിരായ ഗൂഢാലോചനയിലൂടെ, ദക്ഷിണാഫ്രിക്കയിലെ വർണ്ണവെറിയന്മാർക്കു നൽകിപ്പോന്ന കലവറയില്ലാത്ത പിന്തുണയിലൂടെ, കോംഗോയിലെ പാട്രിക് ലുമുംബയെ ഉന്മൂലനം ചെയ്തതിലൂടെ, ചിലിയിലെ അലൻഡെ സർക്കാരിനെ ചോരയിൽ മുക്കിക്കൊന്നതിലൂടെ, ഗ്രനേഡയെ സൈനികമായി കീഴ്പ്പെടുത്തിയതിലൂടെ, പനാമയിലെ നൊറിഗയെ സ്ഥാനഭ്രഷ്ടനാക്കിയതിലൂടെ, ചെഗുവേരയെപ്പോലെയുള്ള ധീരവിപ്ലവകാരികളെ വേട്ടയാടിയതിലൂടെ, ഇനിയും എണ്ണിയെണ്ണിപ്പറയാവുന്ന ആയിരം പാതകങ്ങളിലൂടെ ജനാധിപത്യത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ ശിലാരൂപമായ ജഡം മാത്രമാണെന്ന് തെളിയിച്ചിരിക്കുന്നു.

''ഇനാംപേച്ചിക്കു് മരപ്പട്ടി കൂട്ട്'' എന്ന് പറഞ്ഞതുപോലെയായി.

ഫോക്ക്ലാൻഡ് ദ്വീപുകളിലേക്ക് സൈന്യത്തെയയച്ച് ആധിപത്യം സ്ഥാപിച്ച ബ്രിട്ടനും, ചാഡിലേക്ക് പടയോട്ടം നടത്തിയ ഫ്രാൻസും, സൈപ്രസിന്റെ ഒരു ഭാഗത്തെ സൈനിക ശക്തിയിലൂടെ കൈവശപ്പെടുത്തിയ തുർക്കിയും അമേരിക്കയോട് ചേർന്ന് പശ്ചിമേഷ്യയിൽ സമാധാനത്തിനായി ശ്രമിച്ചു എന്നതിലുള്ള പൊള്ളത്തരം സ്വതന്ത്ര ബുദ്ധിജീവികൾക്കുപാടായി നമ്മളെങ്കിലും മനസ്സിലാക്കണം. ഭോപ്പാലിൽ ആയിരക്കണക്കിനാളുകളെ വിഷവാതകമേൽപ്പിച്ച് കൊന്നൊടുക്കിയ യൂണിയൻ കാർബൈഡിന്റെ പിതൃസ്ഥാനീയനായ അമേരിക്കൻ സാമ്രാജ്യത്വം സദ്ദാമിന്റെ രാസായുധ ഭീഷണിയെ ഓർത്ത് രോഷംകൊള്ളുന്നു.

ഇത് തിരിച്ചറിഞ്ഞേ മതിയാവൂ. ഈ യുദ്ധം മനുഷ്യ മനസ്സിന്റെ ഹിംസാവശേഷിയെക്കുറിച്ചുള്ള അരാഷ്ട്രീയമായ അന്വേഷണങ്ങളേക്കാൾ ഒരു രാഷ്ട്രീയമായ കാരണത്തിലേക്കുള്ള അന്വേഷണം ആവശ്യപ്പെടുന്നു. കാരണം, ''ക്ലോസ് വിറ്റ്സിന്റെ'' വിഖ്യാതമായ വാക്കുകൾ ഓർക്കുക ''യുദ്ധം ഇതര ഉപാധികളിലൂടെ രാഷ്ട്രീയ പ്രവർത്തനം തന്നെയാകുന്നു''

പുരാതന നഗരമായ ബാഗ്ദാദിന്റെ തെരുവുകളിൽ അമേരിക്കൻ കഴുകന്മാർ നടത്തിയ കൂട്ടക്കൊലകളുടെ അടിസ്ഥാനം ലോകസമാധാനമോ ജനാധിപത്യസംരക്ഷണമോ ആയിരുന്നില്ല. മറിച്ച്, പശ്ചിമേഷ്യയിലെ അമേരിക്കൻ നയത്തെ എന്നും നിയന്ത്രിച്ചുപോന്നിട്ടുള്ള എണ്ണ തന്നെയായിരുന്നു. അമേരിക്കൻ സെനറ്റിന്റെ ന്യൂനപക്ഷ നേതാവായ ''ബോബ്ഡോൾ'' 1990 ഒക്ടോബർ 16 ന് അമേരിക്കൻ സെനറ്റിൽ ഒരു കാര്യം വ്യക്തമാക്കി ''നാം മദ്ധ്യപൂർവ്വ ദേശത്തേക്ക് സൈന്യത്തെ അയക്കുന്നത് എണ്ണക്കുവേണ്ടിയാണ്- 'എണ്ണ'. നാം ഗൾഫിൽ പ്രവേശിക്കുന്നത് അതിനുവേണ്ടിയാണ്. അവിടെ ചെല്ലുന്നത് ജനാധിപത്യം രക്ഷിക്കാനൊന്നുമല്ല. സൗദി അറേബ്യയോ കുവൈത്തോ ജനാധിപത്യ രാഷ്ട്രങ്ങളല്ലല്ലോ''. അമേരിക്കൻ ഭരണവർഗ്ഗത്തിന്റെ ധാർഷ്ട്യം നിറഞ്ഞതെങ്കിലും തികച്ചും സത്യസന്ധമായ ആ പ്രസ്താവന മറ്റൊരർത്ഥത്തിൽ അമേരിക്കയുടെ രാഷ്ട്രീയ താൽപര്യം പ്രകടമാക്കുന്ന ഗൾഫ് യുദ്ധത്തിന് കാരണമായിത്തീർന്നു.

ഐക്യരാഷ്ട്ര സഭയിലെ പൊതുസഭയിലേയും രക്ഷാസമിതിയിലേയും ഒട്ടേറെ അംഗരാഷ്ട്രങ്ങൾക്ക് പണം നൽകിക്കൊണ്ട് യുദ്ധാനുമതി നേടിയെടുത്തത് അമേരിക്കയുടെ രാഷ്ട്രീയതാൽപര്യം സംരക്ഷിക്കാനായിരുന്നു. അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിലെ സുപ്രധാന പങ്കായ എണ്ണയുടെമേൽ ആധിപത്യം സ്ഥാപിക്കാനായിരുന്നു ഗൾഫുയുദ്ധം നടത്തിയത്. ലോക വിഭവങ്ങളെ സ്വന്തം വരുതിയിലാക്കുന്നതിന് വേണ്ടി സാമ്രാജ്യത്വശക്തികൾ തുടർന്നു പോന്നിട്ടുള്ള കൂട്ടക്കൊലയിലെ അവസാനത്തെ കണ്ണി മാത്രമാണ് ഇറാഖ്.



## അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിൽ എണ്ണയുടെ പങ്ക്....

മുതലാളിത്തം മുന്നോട്ടു പോകുന്തോറും പ്രകൃതിവിഭവങ്ങൾക്കും അസംസ്കൃത വസ്തുക്കൾക്കും വേണ്ടിയുള്ള ആഗോള കൊള്ള തീവ്രതയാർജ്ജിക്കുമെന്ന് ലെനിൻ സൂചിപ്പിക്കുകയുണ്ടായി. ഈ പ്രസ്താവന സാധൂകരിക്കുമാറ് 19-ാം നൂറ്റാണ്ട് മുതൽ നാളിതുവരെ ലോകത്തുണ്ടായിട്ടുള്ള ഒന്നാംകിട അന്താരാഷ്ട്ര കുത്തകകളെല്ലാം തന്നെ പ്രകൃതി വിഭവങ്ങളെ കൊള്ള ചെയ്യുന്നതിൽ ശ്രദ്ധാലുക്കളായിരുന്നതായി കാണാം. അമേരിക്കൻ സാമ്രാജ്യത്വത്തെ സംബന്ധിച്ചിടത്തോളം "കറുത്ത സ്വർണ്ണമായ" പെട്രോളിയം ഇതിലേറെവും പ്രധാനപ്പെട്ടതായി കാണാം. എണ്ണയുടെ ഉൽപാദനവും വിപണനവും സ്വന്തം വരുതിയിലാക്കുകയെന്നതായിരുന്നു ലക്ഷ്യം. അമേരിക്കയുടെ വിദേശനയത്തിൽ മറ്റേതൊരു ഘടകത്തേക്കാളും ചരിത്രപരമായി വലിയ പങ്ക് വഹിച്ചിട്ടുള്ളത് പെട്രോളിയമാണെന്ന് 1945ൽ തന്നെ അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ഒരു വക്താവ് (റെയ്മണ്ട് ലോട്ട) ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ വസ്തുതയെ സാധൂകരിക്കുമാറാണ് ലോകജനതയുടെ വെറും 5 ശതമാനം വരുന്ന അമേരിക്കയാണ് ലോകഎണ്ണ ഉപഭോഗത്തിന്റെ 30 ശതമാനവും കയ്യടക്കിയിരിക്കുന്നത് എന്ന അറിവ് നിലനിൽക്കുന്നത്. അറിയപ്പെട്ടിട്ടുള്ള എണ്ണശേഖരങ്ങളിൽ 70 ശതമാനവും കേന്ദ്രീകരിച്ചിരിക്കുന്നത് പശ്ചിമേഷ്യയിലായതിനാൽ ഈ പ്രദേശം ഇന്ന് ലോക സമ്പദ്‌വ്യവസ്ഥയിലും രാഷ്ട്രീയവ്യവസ്ഥയിലും സുപ്രധാനമായ പങ്കു വഹിക്കുന്നു. കാരണം ഇന്ന് ലോക ഊർജ്ജാവശ്യത്തിന്റെ 50 ശതമാനവും നിറവേറ്റുന്നത് എണ്ണ ഉപയോഗിച്ചാണ്. അന്താരാഷ്ട്ര വിപണിയിലെത്തുന്ന 50ശതമാനം എണ്ണയുടേയും ഉൽപാദനം നിർവ്വഹിക്കുന്നത് പശ്ചിമേഷ്യയാണ്. യൂറോപ്പിന്റെ 70 ശതമാനവും ജപ്പാന്റെ 85 ശതമാനവും അമേരിക്കയുടെ 30 ശതമാനവും എണ്ണയാവശ്യങ്ങൾ പൂർണ്ണമായും നിറവേറ്റുന്നത് പശ്ചിമേഷ്യയിലെ എണ്ണക്കിണറുകളാണ്. സാമ്രാജ്യത്വ രാജ്യങ്ങളുടെ സമ്പൽസമൃദ്ധിയുടെയും ആപേക്ഷികമായ സാമ്പത്തിക കൊഴുപ്പിന്റെയും മുഖ്യകാരണം പശ്ചിമേഷ്യൻ എണ്ണപ്പാടങ്ങളിൽനിന്നും ഇവിടേയ്ക്കുള്ള വില കുറഞ്ഞ എണ്ണയുടെ നിർബാധമായ ഒഴുക്കാണ്. 1972-73 ലെ അറബ്-ഇസ്രയേൽയുദ്ധത്തെത്തുടർന്ന് ഒപ്പെക് രാജ്യങ്ങൾ എണ്ണ ഉപരോധത്തിനു ശ്രമിച്ചപ്പോൾ ഹെൻറി കിസിംഗറുടെ, പശ്ചിമേഷ്യൻ എണ്ണക്കിണറുകൾ സൈനിക ശക്തിയുപയോഗിച്ച് പിടിച്ചെടുക്കും എന്ന പ്രസ്താവന ഈ അവസരത്തിൽ പ്രസക്തമാണ്.



19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലും അമേരിക്കയുടെ മുതലാളിത്തത്തിന്റെ വളക്കൂറുള്ള മണ്ണിൽ മുളച്ചു വളർന്ന എണ്ണക്കുത്തകകളുടെ എണ്ണയുടെ ഉറവിടങ്ങൾ തേടിയുള്ള യാത്രകൾ അമേരിക്ക എന്ന രാജ്യത്തിന്റെ സാമ്രാജ്യത്വവികസനത്തിൽ പ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ലോകത്തിലെ ഏറ്റവും വലിയ ബഹുരാഷ്ട്ര കുത്തകകളിലൊന്നായ "സ്റ്റാന്റേർഡ് ഓയിൽ" അമേരിക്കയുടെ എണ്ണവിപണിയുടെ 90 ശതമാനവും കൈയ്ക്കലാക്കുകയും പിന്നീട് ലോക എണ്ണവിപണി കൈയ്ക്കലാക്കുന്നതിനായി 1908 ൽ പശ്ചിമേഷ്യയിൽ പ്രവേശിക്കുകയും ചെയ്തതോടെ അമേരിക്കൻ സമ്പദ് വ്യവസ്ഥയിൽ എണ്ണ ഒരു സുപ്രധാന ഘടകമായി മാറുകയായിരുന്നു. (1990 ആഗസ്റ്റ് 2ന് തുടങ്ങി എന്നു തെറ്റായി ധരിച്ച ഗൾഫ് യുദ്ധത്തിന്റെ വേരുകൾ ഇവിടെ വേണം അന്വേഷിക്കാൻ). പിന്നീട് എണ്ണവിപണന രംഗത്തെ പ്രബലരായ മൂന്ന് അമേരിക്കൻ കുത്തകകൾ കൂടി പശ്ചിമേഷ്യയുടെ എണ്ണക്കിണറുകളുടെ അവകാശത്തിനായി യുദ്ധ ഭൂമിയിലേക്ക് വരികയുണ്ടായി. മോബിൽ ഓയിൽ, ടെക്സാക്കോ, ഗൾഫ് ഓയിൽ എന്നിവയായിരുന്നു അവ.

യുദ്ധമെന്നാൽ
രാഷ്ട്രീയ പ്രയോഗമാണ്

രണ്ടാം ലോകയുദ്ധം അവസാനിക്കുന്നതുവരെ യൂറോപ്യൻ എണ്ണ കാർട്ടലുകളുമായി മത്സരിച്ചാണ് ഇവർ അവിടെ നിലയുറപ്പിച്ചിരുന്നത്. കാരണം, പശ്ചിമേഷ്യയും ഏഷ്യനാഫ്രിക്കൻ കോളനികളെപ്പോലെ ബ്രിട്ട







## യുദ്ധമെന്നാൽ രാഷ്ട്രീയപ്രയോഗമാണ്

ന്റെയും മററു യൂറോപ്യൻ ശക്തികളുടെയും അധീനതയിലായിരുന്നുവല്ലോ. എന്നാൽ രണ്ടാം ലോകയുദ്ധത്തിനുശേഷം ഉളവായ പുത്തൻ കോളോണിയൽ അവസ്ഥയിൽ ലോകത്താകമാനം ഉണ്ടായ മാററങ്ങൾക്കനുസൃതമായി പശ്ചിമേഷ്യയ്ക്കു മേലുള്ള ബ്രിട്ടന്റെ അധികാരം അമേരിക്കയ്ക്കു മേൽ വന്നു ചേർന്നു. യൂറോപ്യൻ എണ്ണക്കുത്തകകളും അമേരിക്കൻ എണ്ണക്കുത്തകകളും ചേർന്ന് ഒരു പുതിയ ലോക എണ്ണക്കാർട്ടലിനു രൂപം കൊടുത്തു. അമേരിക്കയിലെ നാല് എണ്ണക്കുത്തകകൾക്കുപുറമേ റോയൽഡച്ച് ഷെൽ, ബ്രിട്ടീഷ് പെട്രോളിയം കമ്പനി, ഫ്രഞ്ച് പെട്രോളിയം കമ്പനി എന്നിവയും ഇതിൽ അംഗങ്ങളായിരുന്നു. ഈ ലോക എണ്ണക്കാർട്ടൽ പിന്നീട് പശ്ചിമേഷ്യയിലെ എന്നല്ല ലോകത്തിലെ തന്നെ എണ്ണവിപണി കൈവശമാക്കാൻ പ്രാപ്തമായിരുന്നു.

ലോകത്തിലെ മററ് എണ്ണ ഉൽപാദിപ്പിക്കുന്ന രാജ്യങ്ങളെ ശ്രദ്ധിക്കാതെ എണ്ണക്കുത്തകകൾ പശ്ചിമേഷ്യയിൽ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചെടുത്തതെന്തിനായിരുന്നു? പശ്ചിമേഷ്യയിലെ എണ്ണയുടെ പ്രത്യേകത എന്തായിരുന്നു? പശ്ചിമേഷ്യയിലെ എണ്ണക്കിണറുകളെല്ലാം തന്നെ വളരെ കുറഞ്ഞ ചിലവിൽ ലളിതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിപ്പിച്ചെടുക്കാൻ കഴിയുന്നവയായിരുന്നു. ഇവയുമായി താരതമ്യപ്പെടുത്തുമ്പോൾ അമേരിക്കയിലെയും, [illegible] റഷ്യയിലെയും എണ്ണക്കിണറുകൾ വളരെ ചിലവേറിയതായിരുന്നു. പ്രതിവർഷം 1800 എണ്ണക്കിണറുകൾ അമിതച്ചിലവിനാൽ അമേരിക്കയിൽ ഉപേക്ഷിക്കുന്നതായി കണക്കുകൾ പറയുന്നു. പ്രവർത്തന യോഗ്യമായതിൽ തന്നെ ഉൽപാദനശേഷി പശ്ചിമേഷ്യയിലെ എണ്ണക്കിണറുകളുമായി താരതമ്യപ്പെടുത്താവുന്നവയുമല്ല. ശരാശരി ഒരു എണ്ണക്കിണറിൽ നിന്നും 13 ബാരൽ എണ്ണ അമേരിക്കയിൽ ഉത്പാദിപ്പിക്കുമ്പോൾ പശ്ചിമേഷ്യയിലേത് ശരാശരി 600 ബാരലായി കണക്കാക്കപ്പെടുന്നു. പശ്ചിമേഷ്യയിൽ പണിയെടുക്കുന്ന ഒരു ഇന്ത്യൻ തൊഴിലാളിക്ക്, ലഭിക്കുന്ന 75 ഡോളർ ഒരു അമേരിക്കൻ തൊഴിലാളിയുടെ ഒരു ദിവസത്തെ വേതനത്തിനുപോലും തികയില്ല എന്നതും ശ്രദ്ധേയമാണ്. ആകെ പറയുമ്പോൾ, എണ്ണ ഖനനത്തിന് അമേരിക്കയിൽ ചിലവിടുന്നതിന്റെ 1/700 മാത്രമേ ബാരലൊന്നിന് പശ്ചിമേഷ്യയിൽ ആവശ്യമാവുന്നുള്ളൂ. പശ്ചിമേഷ്യയിലെ എണ്ണയുടെ ഈ ഗുണങ്ങളാണ് അമേരിക്കൻ സാമ്രാജ്യത്വം എന്ന ലോകത്തിലെ ഏററവും വലിയ എണ്ണ ഉപഭോക്താവിന് തനിക്കാവശ്യമായ എണ്ണ ഏററവും കുറഞ്ഞ ചിലവിൽ ചൂഷണം ചെയ്യുന്നതിന് പ്രേരകമായ ഘടകങ്ങൾ. പ്രതിദിനം 1 ലക്ഷം ബാരൽ എണ്ണവീതം അമേരിക്ക വാങ്ങി സ്റ്റോക്ക് ചെയ്തു പോരുകയും ചെയ്തു. ഇതിനുപുറമെയായി തുച്ഛമായ ചിലവിൽ തട്ടിയെടുത്ത ഈ എണ്ണ, എണ്ണഖനനം ഇല്ലാത്തവയോ ആ ദിശയിൽ അന്വേഷണം നടത്താത്തവയോ ആയ ഇന്ത്യയെ പോലുള്ള മൂന്നാം ലോക രാജ്യങ്ങൾക്ക് അമിത വിലയിൽ വിററ് ആയിനത്തിലും സമ്പാദ്യം കൂട്ടിവന്നു.

എണ്ണയുടെ ഉത്പാദകരും എണ്ണയുടെ ഉത്പാദനം ഇല്ലാത്ത രാജ്യങ്ങളും ഒരുപോലെ കടക്കെണിയിൽ പെട്ടുപോവുന്ന ഒരു ദ്വിമുഖതന്ത്രമാണ് ഈ എണ്ണക്കാർട്ടൽ പ്രയോഗിച്ചത്. എണ്ണവിലകുറച്ചുകൊണ്ട് അതുത്പാദിപ്പിക്കുന്ന രാജ്യങ്ങളെയും എണ്ണ വില കൂട്ടിക്കൊണ്ട് അതിനെയാശ്രയിക്കുന്ന രാജ്യങ്ങളെയും ഒരുപോലെ ഈ യാങ്കിക്കഴുകൻമാർ കൊള്ളയടിച്ചുകൊണ്ടിരുന്നു.

പശ്ചിമേഷ്യയിലെ ഈ സാമ്രാജ്യത്വ ശക്തികളുടെ ആധിപത്യത്തിന് മറെറാരുവശം കൂടിയുണ്ട്. 1950 കളോടെ എണ്ണ എന്ന ഘടകം ലോക സമ്പദ് വ്യവസ്ഥയെ നിയന്ത്രിക്കുന്നുവെന്നും ആയതിനാൽ ഈ നൂററാണ്ടിലെ ഏററവും വലിയ രാഷ്ട്രീയ ആയുധമായി ഈ ഘടകം ഉപയോഗിക്കാമെന്നും അമേരിക്കയുടെയും മററു സാമ്രാജ്യത്വ ശക്തികളുടെയും പുത്തൻ കോളനികളായി മാറിയിരുന്ന പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ജനങ്ങളിൽ തിരിച്ചറിവ് പ്രകടമായി തുടങ്ങി.

1950ൽ സാമ്രാജ്യത്വ ദാസനായിരുന്ന ഷായെ മറികടന്ന് ഹ്രസ്വകാലത്തേക്കെങ്കിലും അധികാരത്തിൽ വന്ന ഭരണകൂടം ബ്രിട്ടനടക്കമുള്ള സാമ്രാജ്യത്വ ശക്തികളുടെ നാവിക ഉപരോധത്തിൻ കീഴിൽ ഇറാനിലെ ബ്രിട്ടീഷ് എണ്ണക്കമ്പനികൾ ദേശസാൽക്കരിച്ചു. എന്നാൽ അമേരിക്കയുടെ പിൻതുണയോടു കൂടി 1953ൽ ഷാ പുന: സ്ഥാപിക്കപ്പെടുകയും തുടർന്ന് എണ്ണയുടെ ഉത്പാദനം വീണ്ടും സ്വകാര്യ വൽക്കരിക്കുകയും ഇറാനിയൻ ഓയൽ കമ്പനിയുടെ 40 ശതമാനം ഉടമസ്ഥത അമേരിക്കൻ എണ്ണ കുത്തകകൾ കൈവശപ്പെടുത്തുകയും ചെയ്തു. പുതിയ എണ്ണ നിക്ഷേപങ്ങൾ കണ്ടെത്തിയതിന്റെ മുറയ്ക്ക് ഇറാക്കിലെ പെട്രോളിയം കമ്പനികളുടെ 23.75 ശതമാനവും കുവൈത്ത് ഓയൽ കമ്പനിയുടെ 50 ശതമാനവും സൗദിഅറേബ്യയുടെ എണ്ണ ഉത്പാദനത്തിന്റെ സിംഹഭാഗവും അമേരിക്കൻ കുത്തകകളുടെ കൈക



ളിലേക്ക് വരികയുണ്ടായി. ബ്രിട്ടനും ഫ്രാൻസും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങളിലേക്ക് തള്ളപ്പെടുകയും ചെയ്തു.

ഇതിനിടയിലാണ് 1962 ൽ ബാഗ്ദാദിൽ വച്ച് "ഒപ്പെക്" (Organization of Petrolium Exporting Countries) രൂപം കൊള്ളുന്നത്. എണ്ണകയറ്റുമതി ചെയ്യുന്ന രാജ്യങ്ങൾ ഒത്തുകൂടി ഇത്തരമൊരു സംഘടനയ്ക്ക് രൂപംകൊടുക്കാനുണ്ടായ പെട്ടെന്നുള്ള കാരണം ക്രൂഡോയിൽ വില കുറച്ചു കൊണ്ടുള്ള പാശ്ചാത്യ എണ്ണക്കുത്തകകളുടെ ഏകപക്ഷീയമായ പ്രഖ്യാപനമായിരുന്നു. എണ്ണ ഉത്പാദകരായ 13 രാജ്യങ്ങളും ഒപ്പെക്കിൽ അംഗങ്ങളായിരുന്നു. ഒപ്പെക് നിലവിൽ വന്നതോടെ അതിനെ തകർക്കാനുള്ള ശ്രമങ്ങളും അമേരിക്കൻ സാമ്രാജ്യത്വം മുൻകൈയെടുത്ത് ആരംഭിക്കുകയുണ്ടായി. പശ്ചിമേഷ്യയിൽ തങ്ങളാൽ നിയന്ത്രിതമായ പാവഭരണകൂടങ്ങളിലൂടെ അവർ ആ ശ്രമം ഫലവത്താക്കുകയും ചെയ്തു. ഒപ്പെക്കിന്റെ പൊതുധാരണകൾക്ക് വിപരീതമായി കൂടുതൽ എണ്ണ ഉത്പാദിപ്പിക്കുന്നതിനും കുറഞ്ഞ വിലയ്ക്ക് അത് കടത്തിക്കൊണ്ടുപോകുന്നതിനും അമേരിക്കയുടെ ആജ്ഞാനുവർത്തികൾ മാത്രമായ കുവൈത്തിലെ അമീറും സൗദിയിലെ രാജാവും എണ്ണക്കുത്തകകൾക്ക് അവസരമൊരുക്കിക്കൊടുത്തു. 1973ലെ അറബ്-ഇസ്രായേൽ യുദ്ധകാലത്ത് ഒപ്പെക് രാജ്യങ്ങൾ പലതും എണ്ണ ഉപരോധത്തിന് തയ്യാറായപ്പോഴും സാമ്രാജ്യത്വ രാജ്യങ്ങളിലേക്കൊഴുകുന്ന എണ്ണയുടെ ചുരുങ്ങിയ വില പിടിച്ചുനിർത്താനും അവയ്ക്കാവശ്യമായ എണ്ണ ലഭ്യമാക്കുന്നതിനും സൗദി അറേബ്യ എണ്ണ ഉത്പാദനം അത്ഭുതകരമാംവിധം വർദ്ധിപ്പിക്കുകയുണ്ടായി. (ദരിദ്ര രാജ്യങ്ങൾ ഇക്കാലത്ത് 4 ഇരട്ടി വിലയിലാണ് പാശ്ചാത്യകുത്തകകളിൽ നിന്ന് എണ്ണ വാങ്ങിയിരുന്നത്.)

സാമ്രാജ്യത്വം ലോകത്തിൽ നില നിൽക്കുന്നിടത്തോളം കാലം മൂന്നാം ലോക രാജ്യങ്ങൾ തങ്ങളുടെ ഉത്പന്നങ്ങളുടെമേൽ സ്വാധീനം നേടാനുള്ള ഒരു ശ്രമംപോലും വിജയിക്കില്ല എന്നതിന് ഉദാഹരണമാണ് ഒപ്പെക്. സ്വന്തം ഉത്പന്നങ്ങളിന്മേൽ നിയന്ത്രണം ഏർപ്പെടുത്തി സ്വന്തം കാലിൽ നിൽക്കാനുള്ള ഏതൊരു ദരിദ്ര രാജ്യത്തിന്റെ നീക്കത്തെയും ഗൂഢാലോചനകളിലും, ചോരയിലും മുക്കിക്കൊന്ന ചരിത്രമാണ് ഈ യാങ്കിക്കഴുകന്മാർക്കുള്ളത്. ലോകത്തിൽ ഏറ്റവും കൂടുതൽ എണ്ണ ഉത്പാദിപ്പിക്കുന്ന സൗദിഅറേബ്യപോലും സാമ്പത്തികമായും അമേരിക്കയുടെ കോളനിമാത്രമാണ്.

അമേരിക്കൻ സാമ്രാജ്യത്വവും അതിന്റെ കൂട്ടാളികളും ചേർന്ന് പശ്ചിമേഷ്യയ്ക്കകത്ത് അതിന്റെ സ്വാധീനം നിലനിർത്തുന്നതിനായി പ്രധാനമായും രണ്ടു മാർഗ്ഗങ്ങളായിരുന്നു സ്വീകരിച്ചത്. ഒന്നാമതായി സിയോണിസ്റ്റ് ഇസ്രായേലിനെ എന്തുവിട്ടുവീഴ്ച ചെയ്തുകൊണ്ടും പശ്ചിമേഷ്യയിലെ തങ്ങളുടെ ആധിപത്യം നിലനിർത്തുവാനായി ഒരു താവളമാക്കി മാറ്റുക. രണ്ടാമതായി പശ്ചിമേഷ്യക്കകത്ത് അറബി രാജ്യങ്ങളുടെ ഐക്യത്തെ തകർത്തുകൊണ്ട് പാവഭരണകൂടങ്ങളെ പടച്ചുണ്ടാക്കുക. സിയോണിസ്റ്റ് ഇസ്രായേലുമായി അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ചങ്ങാത്തം ആരംഭിക്കുന്നത് മേൽ സൂചിപ്പിച്ച സ്ഥാപിത താത്പര്യവുമായി ബന്ധപ്പെട്ടുകൊണ്ടായിരുന്നു.



## സിയോണിസവും ഇസ്രായേൽ രൂപീകരണവും

തിയോഡോർ ഹെർസ്സൽ എന്ന ഒരു ചെറുകിട ഇംഗ്ലീഷ് പത്രത്തിലെ മൂന്നാംകിട പത്രപ്രവർത്തകൻ 1896ൽ യഹൂദരുടെ വാഗ്ദത്തഭൂമിയെക്കുറിച്ച് ഒരു ലഘുലേഖയിലൂടെ യൂദരാഷ്ട്രവാദത്തിന്റെ ആദ്യപാഠങ്ങൾ അവതരിപ്പിക്കുകയും, പിന്നീട് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മുൻകൈ പ്രവർത്തനത്തോടെ വളർന്നുകൊണ്ടുവരികയും ചെയ്തു. 1896ൽ ആംഗ്ലോ ജൂയിഷ് സൊസൈറ്റിയുടെ പ്രസിഡന്റായിരുന്ന റോത്സ്ചൈൽഡ് പ്രഭുവാണ് ഇദ്ദേഹത്തെ ലോകസമക്ഷം അവതരിപ്പിച്ചത്. സിയോണിസ്റ്റ് പ്രസ്ഥാനത്തെ വളർത്താനുള്ള അമേരിക്കയിലെ കുത്തകകളുടെ ബോധപൂർവ്വമുള്ള പ്രവർത്തനത്തിന്റെ ഭാഗമായി 1897 ആഗസ്റ്റ് 27ന് ലോകത്തിൽ ഒന്നാമതായി സിയോണിസ്റ്റ് കോൺഗ്രസ്സ് സ്വിറ്റ്സർലണ്ടിലെ ബാസ്ലെ നഗരത്തിൽ അരങ്ങേറുന്നു. യഹൂദരുടെ വാഗ്ദത്തഭൂമിയെക്കുറിച്ച് അന്ന് ആർക്കും ഒന്നും അറിയില്ലായിരുന്നു. കാരണം സാമ്രാജ്യത്വം യഹൂദരുടെ വാഗ്ദത്തഭൂമി എവിടെ എന്ന് നിശ്ചയിച്ചിരുന്നില്ല.


ഉദ്ധരണമെന്നാൽ - രാഷ്ട്രീയപ്രയോഗമാണ്

ഒന്നാം ലോകമഹായുദ്ധത്തിനുമുമ്പുതന്നെ പാലസ്തീനെ യഹൂദരുടെ വാഗ്ദത്ത ഭൂമിയാക്കി അതിലേയ്ക്ക് അധിനിവേശം നടത്താനായി

ഈ യഹൂദമത മൗലികവാദികളെ ലോകസാമ്രാജ്യത്വം എല്ലാത്തരത്തിലും സഹായിച്ചുപോന്നു. അമേരിക്കൻ പ്രസിഡന്റായ ട്രൂമാൻജൂത വ്യവസായ ലോബികൾക്ക് പാലസ്തീനുമേൽ അധികാരം സ്ഥാപിക്കാൻ സഹായം വാഗ്ദാനം ചെയ്തുകൊണ്ട് എനിക്ക് വോട്ടുചെയ്യാൻ അറബ് സമ്മതിദായകർ ഇല്ലാത്തതിനാൽ അവരെയോർത്ത് ഞാൻ എന്തിനു വേവലാതിപ്പെടണം? എന്നുപറഞ്ഞതായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ദരിദ്ര കർഷകൻമാരായ അറബ്-മുസ്ലീം ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട പാലസ്തീൻ ജനതയെ ആട്ടിപ്പായിച്ചും തങ്ങളുടെ വാഗ്ദത്തഭൂമി എന്ന വീമ്പുമുഴക്കിയും സഹസ്രാബ്ദങ്ങളായി പാലസ്തീന്റെ മണ്ണിൽ തങ്ങളുടെ അപ്പം കണ്ടെത്തിയവരെ മതമൗലികവാദികൾ ആട്ടിപ്പായിച്ചത് ഈ സാമ്രാജ്യത്വ കഴുകൻമാരുടെ അകമ്പടിയോടെയായിരുന്നു. ജൂയിഷ് നാഷണൽഫ്രണ്ട്, പാലസ്തീൻ ഫൗണ്ടേഷൻഫണ്ട് എന്നീ സംഘടനകൾവഴി, പാലസ്തീനിലെ ക്രൂരമായ അധിനിവേശത്തിനായി, കോടിക്കണക്കിന് ഡോളർ യഹൂദൻമാർക്ക് വിതരണം ചെയ്തു. പശ്ചിമേഷ്യയിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കാനായി ലോകസാമ്രാജ്യത്വം ബ്രിട്ടനിലൂടെ പാലസ്തീനിൽ രണ്ടുതരം നിയമങ്ങൾ നടപ്പിലാക്കുകതന്നെ ചെയ്തു. ഒരുവശത്ത് ജൂതൻമാരുടെ ആയുധശേഖരണത്തെ പിൻതുണയ്ക്കുന്ന നിയമവും മറുവശത്ത് പാലസ്തീനികളുടെ ചെറുത്തുനിൽപ്പ് തടയാനായി അവരെ നിരായുധരാക്കാൻ ഉതകുന്ന തരത്തിലുള്ള അതിക്രൂരമായ നിയമങ്ങളും. നിരായുധരാക്കപ്പെട്ട പാലസ്തീനികളും സാമ്രാജ്യത്വത്തിന്റെ ആയുധമണിഞ്ഞ യഹൂദൻമാരും. പിന്നീടുള്ള ചരിത്രം ക്രൂരമായ കൂട്ടക്കൊലകളിലൂടെ പാലസ്തീനികളെ സ്വന്തം മണ്ണിൽ നിന്ന് പലായനം ചെയ്യിപ്പിച്ചതിന്റേതാണ്. സിയോണിസ്റ്റുകളുടെ നേതൃത്വത്തിൽ 'ഇർഗുർ' എന്ന കുപ്രസിദ്ധമായ സായുധസംഘം മെനാച്ചം ബെഗിന്റെ നേതൃത്വത്തിൽ പാലസ്തീനിലാകെ കൂട്ടക്കൊലകൾ നടത്തി. ഡെയിർയാസിൻ എന്ന സ്ഥലത്തുവച്ച് 1948 ഏപ്രിൽ 12ന് ഇർഗുർ കമാൻഡോഗ്രൂപ്പ് ഉറങ്ങിക്കിടന്ന പിഞ്ചുകുട്ടികളടക്കം ആയിരത്തോളം പാലസ്തീനികളെ അതിക്രൂരമായി വെടിവെച്ചും വെട്ടിനുറുക്കിയും കൊലചെയ്തു. നിരന്തരമായ കൂട്ടക്കൊലകളെ തുടർന്ന് പ്രതിരോധ ശേഷി തീർത്തും നഷ്ടപ്പെട്ട പാലസ്തീൻ ജനതയ്ക്ക് സ്വന്തം ഭൂമിവിട്ട് ഓടിപ്പോകേണ്ടി വന്നു. 1949 നവംബർ 27ന് പാലസ്തീൻ വിഭജിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭ അതിന്റെ പ്രമേയം പാസാക്കുകയും ഔപചാരികമായ സിയോണിസ്റ്റ് ഇസ്രായേൽ രൂപം കൊള്ളുകയും ചെയ്തു.



പശ്ചിമേഷ്യയിൽ ആധിപത്യം ഉറപ്പിക്കാനായി അമേരിക്കൻ സാമ്രാജ്യത്വം കണ്ടെത്തിയ മറ്റൊരു വഴി ഗൾഫ് രാജ്യങ്ങളുടെ ഐക്യത്തെ തകർത്തുകൊണ്ടും, അവിടെ ഉയരുന്ന സാമ്രാജ്യത്വ വിരുദ്ധ മുന്നേറ്റങ്ങളെ ചോരയിൽ മുക്കിക്കൊന്നുകൊണ്ടും അവിടങ്ങളിൽ പാവസർക്കാരുകളെ പടച്ചുണ്ടാക്കുക എന്നതായിരുന്നു. ഇതിന്റെ ഒന്നാമത്തെ ഇര ഇറാനാണ്. പഴയ സാമ്രാജ്യത്വദാസനായ ഷായെ പുന:സ്ഥാപിക്കുന്നതിനു വേണ്ടിയും മറ്റൊരു തലത്തിൽ കുറെയൊക്കെ ഒരു സാമ്രാജ്യത്വ വിരുദ്ധ നിലപാടുണ്ടായിരുന്ന മൊസാദിക് ഭരണകൂടത്തെ അട്ടിമറിക്കുന്നതിനുവേണ്ടിയും അമേരിക്കൻ സാമ്രാജ്യത്വം തങ്ങളുടെ ചാരസംഘടനയായ C I A യെ നേരിട്ട് തന്നെ ഉപയോഗിക്കുകയുണ്ടായി. 1958ൽ ലെബനോണിലും, പിന്നീട് ഈജിപ്തിലും യാങ്കിപ്പട പാവഭരണകൂടങ്ങളെ പടച്ചുണ്ടാക്കിയതും മറന്നു കൂടാ.



ക്യാമ്പ് ഡേവിഡ് കരാറിലൂടെ ലോകമെങ്ങും കുപ്രസിദ്ധി നേടിയ "ദ്രുതവിന്യാസ സേന"യുടെ ഒരു വിഭാഗത്തെ പശ്ചിമേഷ്യയിൽ നിലനിർത്താനായി അമേരിക്കൻ സാമ്രാജ്യത്വത്തിന് സാധിച്ചു. പ്രാകൃതമായ കുററകൃത്യസ്വഭാവമുള്ള ഈ അറുംകൊല സേനയുടെ ലക്ഷ്യം അമേരിക്കയുടെ താത്പര്യങ്ങൾക്ക് എവിടെയെല്ലാം തകരാറുണ്ടാകുന്നുവോ അവിടെയെല്ലാം ഇടപെടുക എന്നതായിരുന്നു. ഇതേ ദ്രുതവിന്യാസ സേനയെയാണ് ഈ യുദ്ധത്തിലും അവർ ഏറെ കൂട്ടക്കൊലകൾക്കായി ഉപയോഗിച്ചത്.

സദ്ദാംഹുസൈൻ ഇസ്രായേലിനു നേരെ പ്രയോഗിച്ച ഓരോ സ്കഡ്മിസൈലും അറബികളുടെ വൈകാരികതയെ പ്രയോജനപ്പെടുത്താൻ എന്നതിലുപരി ഗൾഫ് ജനതയുടെ മനസ്സിൽ എന്നും അടക്കിവയ്ക്കപ്പെട്ട സിയോണിസ്റ്റ് വിരുദ്ധതയുടെ പ്രതീകവും തൻമൂലം സാമ്രാജ്യത്വ വിരുദ്ധ പോരാട്ടവുമാണ് എന്ന ഒരു രണ്ടാം തലവും ഇതിനുണ്ട്. കാരണം മഹാ ഇസ്രായേൽ എന്ന സിയോണിസ്റ്റുകളുടെ മോഹം എന്നും ഗൾഫ് ജനതയ്ക്ക് തലയ്ക്കു മുകളിലെ തീയായിരുന്നു. ഒപ്പം തന്റെ മാതൃരാജ്യത്തുനിന്ന് ആട്ടിപ്പായിക്കപ്പെട്ട പാലസ്തീൻ സഹോദരൻമാരുടെ രോദനവും അവർക്ക് പ്രാധാന്യമുള്ളതായിരുന്നു. ലോക ജനതയ്ക്കുമേൽ സാമ്രാജ്യത്വ ശക്തികൾ നടത്തിപ്പോന്നിട്ടുള്ള തുടർച്ചയായ അധിനിവേശങ്ങളുടെ അവസാനത്തെ കണ്ണിമാത്രമാണ് ഈ ഗൾഫ് യുദ്ധം. ഒപ്പം ഇതിനെതിരെ എന്നും ഉയർന്നിട്ടുള്ള മൂന്നാം ലോക രാജ്യങ്ങളുടെ ചെറുത്തുനിൽപ്പും കൂടിയാണ് അത്. ജനാധിപത്യത്തിന്റെ മൂർത്തിമദ് ഭാവമാണ് സദ്ദാംഹുസൈൻ എന്നതല്ല ഈ നിലപാടിനടിസ്ഥാനം എന്നു വ്യക്തമാക്കട്ടെ.

യുദ്ധമെന്നാൽ -
രാഷ്ട്രീയപ്രയോഗമാണ്




ഗൾഫ് യുദ്ധത്തിന് ചരിത്രപരമായും, വർഗ്ഗപരമായും അതിന്റേതായ പ്രത്യേകതകൾ ഉണ്ട്. അമേരിക്കൻ സാമ്രാജ്യത്വം അതിന്റെ വാർദ്ധക്യാവസ്ഥയിലാണ് ഈ യുദ്ധത്തെ അഭിമുഖീകരിക്കുന്നത്. ജർമ്മനി ജപ്പാൻ എന്നീ സാമ്രാജ്യത്വങ്ങൾക്കൊപ്പമുള്ള മത്സരത്തിൽ പിൻതള്ളപ്പെട്ടു കൊണ്ടിരിക്കുന്ന അമേരിക്കൻ സമ്പദ് വ്യവസ്ഥയെ കരകയറ്റാനുള്ള ഒരു നീക്കം എന്നുവേണമെങ്കിലും ഗൾഫ് യുദ്ധത്തെ വ്യാഖ്യാനിക്കാവുന്നതാണ്. കാരണം ഈ യുദ്ധം മൂലം അമേരിക്കൻ എണ്ണക്കുത്തകകളും ആയുധ കുത്തകകളും നേടിയലാഭം അത്രയ്ക്ക് വലുതാണ്. ലോകത്തിലെ എല്ലാ മൂലകളിൽ നിന്നും എനിക്ക് ലാഭം വേണമെന്ന് വാശിപിടിക്കുവരാണിവർ. പശ്ചിമേഷ്യയിലെ യാങ്കി ഇടപെടലുമായി ബന്ധപ്പെട്ട് എണ്ണക്കുത്തകകൾ വാരുന്ന ലാഭത്തിന്റെ കൃത്യമായ വിവരങ്ങളൊന്നും ലഭ്യമല്ലെങ്കിലും 1990 ആഗസ്റ്റ് 2ന് മുമ്പും പിൻപുമുള്ള എണ്ണ ഉത്പാദനത്തിന്റെയും എണ്ണ വിലയുടെയും കണക്ക് പരിശോധിച്ചാൽ ഇത് ഏറെക്കുറെ മനസ്സിലാവുന്നതാണ്. പശ്ചിമേഷ്യയിലെ എല്ലാ പ്രധാന എണ്ണ ഉത്പാദകരുടെയും എണ്ണ ഉത്പാദനം യുദ്ധകാലഘട്ടങ്ങളിൽ കൂടിയിട്ടുള്ളതായാണ് കണക്കുകൾ പറയുന്നത്. എന്നാൽ ആഗസ്റ്റ് 2-ാം തീയതി ബാരലിന് 350 രൂപയായിരുന്ന എണ്ണയുടെ വില ഒറ്റയടിക്ക് 800 രൂപയിലേയ്ക്ക് വർദ്ധിപ്പിച്ചുകൊണ്ട് അമേരിക്കൻ കുത്തകകൾ തങ്ങളുടെ ചൂഷണം ആരംഭിച്ചു. ശതകോടിക്കണക്കിന് രൂപയാണ് ഏതാനും മാസങ്ങൾക്കുള്ളിൽ ഈ എണ്ണക്കുത്തകകൾ അധിക വരുമാനമുണ്ടാക്കിയത്. ഇതിന്റെ ഇരയായത് ഇന്ത്യയെപ്പോലുള്ള എണ്ണ ഉത്പാദനമില്ലാത്ത മൂന്നാം ലോക രാജ്യങ്ങളാണ്. ഈ ശതകോടിക്കണക്കിന് രൂപ പോയത് നമ്മുടെ കീശയിൽ നിന്നാണ്. ഗൾഫ് സംഭവത്തിന്റെ മറവിൽ സൗദിഅറേബ്യയെ പോലുള്ള ദല്ലാൾ ഭരണാധികാരികളെ ഉപയോഗിച്ച് എണ്ണയുത്പാദനം വർദ്ധിപ്പിച്ചുകൊണ്ടും, എണ്ണ വില കൂട്ടിക്കൊണ്ടും, അമേരിക്കൻ എണ്ണക്കുത്തകകൾ അഭൂതപൂർവ്വമായ ലാഭമാണ് കൊയ്തത്. കുവൈത്തിന്റെ എണ്ണ നിക്ഷേപങ്ങൾ ഇറാക്കിന്റെ കൈവശമാകുന്നപക്ഷം മൊത്തം എണ്ണയുത്പാദനത്തിന്റെ 20 ശതമാനം ഇറാക്കിന്റെ പിടിയിലാവും. ഒരുപക്ഷെ എണ്ണവില നിയന്ത്രിക്കാൻ ഇതു വഴി ഇറാക്കിന് കഴിയുമായിരുന്നു. ഇക്കാര്യത്തിലുള്ള ഉത്കണ്ഠകൊണ്ടും ഇതു തടയാനുമായിക്കൂടിയാണ് ഇറാക്കി ജനതയുടെ മേൽ യാങ്കികഴുകൻമാർ കൂട്ടക്കൊലകൾ അഴിച്ചുവിട്ടത്.

ഗൾഫ് യുദ്ധത്തെ തുടർന്ന് ലോക ഓഹരി വിപണി പൊതുവെ നിർജ്ജീവമായപ്പോൾ ആയുധവ്യാപാര കമ്പനികളായ ബോയിംങ്ങ് യുണൈറ്റഡ് ടെക്നോളജീസ്, മാക്ഡോണൽ ഡഗ്ലസ്, റോക്ക്‌വെൽ ഇന്റർനാഷണൽ, ജനറൽഡൈനാമിക്സ്, ലോക്ക്ഹീഡ്, ഗ്രുമ്മൻ തുടങ്ങിയ അമേരിക്കൻ രാജ്യാന്തരകുത്തകകളുടെ ഓഹരിവില കുതിച്ചു കയറുകയാണുണ്ടായത്. യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും ഉണ്ടാക്കുന്ന മാക്ഡോണൽ ഡഗ്ലസ്സിന്റെ ഓഹരിവില 27 ശതമാനം വർദ്ധിച്ചു. ടോമഹോക് മിസൈലുകൾ, എഫ് 16 വിമാനങ്ങൾ, അപ്പാച്ചെ ടാങ്കുകൾ എന്നിവ ഉത്പാദിപ്പിക്കുന്ന ജനറൽ ഡൈനാമിക്സിന്റെ ഓഹരിവില 1991 ജനുവരി 3ന് 476 രൂപയായിരുന്നത് 91 ജനുവരി 25ന് 580 രൂപയായി വർദ്ധിച്ചു. ബോംബർ വിമാനങ്ങൾക്കുള്ള സ്മാർട്ട്ഗൈഡ് ബോംബുകൾ നിർമ്മിക്കുന്ന മാർട്ടിൻ മരിറ്റ എന്ന കുത്തകയുടെ ഓഹരിവില ജനുവരി 3ന് 776 ആയിരുന്നത് ജനുവരി 25ന് 1016 രൂപയായി വർദ്ധിച്ചു. പേട്രിയറ്റ് മിസൈലുകൾ ഉത്പാദിപ്പിക്കുന്ന കമ്പനി അതു വികസിപ്പിച്ചെടുക്കാൻ 10000 കോടി രൂപയാണ് കൂടുതലായി നിക്ഷേപിച്ചത്. ഇങ്ങനെ ഇറാക്കിന്റെ മണ്ണിൽ ഓരോ ബോംബുവീഴുമ്പോഴും മിസൈലുകൾ പതിക്കുമ്പോഴും അതിൽനിന്ന് തങ്ങളുടെ കീശവീർപ്പിക്കുന്നതിലായിരുന്നു അമേരിക്കൻ കുത്തകകൾ വ്യാപൃതരായിരുന്നത്. അമേരിക്കയുടെ ഏറ്റവും വലിയ 18 ആയുധക്കുത്തകകൾ 1990ൽ പ്രതീക്ഷിച്ചിരുന്ന വിറ്റുവരവ് ഏകദേശം 3 ലക്ഷം കോടി രൂപയായിരുന്നു. എന്നാൽ പശ്ചിമേഷ്യൻ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ അത് എല്ലാ റിക്കാർഡുകളെയും ഭേദിക്കുമെന്നു കരുതാം. എന്നാൽ ഇതിനെല്ലാം പുറമേ അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിലേക്ക് നേരിട്ടൊഴുകുന്നപണത്തിന്റെ കണക്ക് വളരെ വ്യക്തമാണ്. 1991 ജനുവരി 1-ാം തീയതി, അതായത് യുദ്ധമാരംഭിക്കുന്നതിന് രണ്ടാഴ്ച മുമ്പ് വിവിധ രാജ്യങ്ങൾ അമേരിക്കയ്ക്ക് വാഗ്ദാനം ചെയ്തിരുന്ന തുക താഴെ ചേർക്കുന്നു.



യുദ്ധമെന്നാൽ രാഷ്ട്രീയപ്രയോഗമാണ്

| രാജ്യം | വാഗ്ദാനംചെയ്ത തുക. (കോടി) |
|---|---|
| കുവൈത്ത് | 5600 |
| സൗദിഅറേബ്യ | പരിധിയില്ല. |
| ജപ്പാൻ | 4000 |
| ജർമ്മനി | 2140 |
| യു. എ. ഇ | 2000 |
| ദക്ഷിണകൊറിയ | 4000 |



യുദ്ധമെന്നാൽ രാഷ്ട്രീയപ്രയോഗമാണ്.

അമേരിക്കയുടെ യുദ്ധവ്യവസായത്തിലേക്ക് നിർബാധമൊഴുകുന്ന ഈ തുക ഗൾഫ് യുദ്ധം മൂലം അമേരിക്കൻ സാമ്രാജ്യത്വത്തിനുണ്ടായ ലാഭത്തിലൊരംശം മാത്രമാണ്. ഈ തുകയുടെ 88 ശതമാനവും മേൽപ്പറഞ്ഞ രാജ്യങ്ങളിൽ നിന്നും സമ്മർദ്ദം ചെലുത്തി ബുഷ് വാങ്ങിക്കഴിഞ്ഞു എന്നാണ് പത്രലോകം പറയുന്നത്. ഇങ്ങനെയെല്ലാം അമേരിക്കൻ സാമ്രാജ്യത്വത്തെ സംബന്ധിച്ചിടത്തോളം ഗൾഫ് യുദ്ധം ലാഭകരമായ ഒരു വ്യവസായമാണ്. ആയതിനാൽ തന്നെ ലോകത്തിന്റെ ഒന്നാം നമ്പർ ശത്രു ചോരക്കൊതിയൻമാരായ ബുഷും കൂട്ടരുമാണ്.

ഈ യുദ്ധം മുഖംമൂടിക്കടിയിലെ ഒരു ചെകുത്താനെക്കൂടി നമുക്കുമുന്നിൽ വ്യക്തമാക്കിയിരിക്കുന്നു. ഇറാക്കിലെ എല്ലാ കൂട്ടക്കൊലകൾക്കും മൗനാനുവാദം നൽകിയ സോഷ്യൽ സാമ്രാജ്യത്വ ശക്തിയായ സോവിയറ്റ് യൂണിയനും കമ്മ്യൂണിസത്തിന്റെ തലതൊട്ടപ്പൻ എന്നു വാഴ്ത്തപ്പെടുന്ന ഗോർബച്ചേവും. 1960ന്റെ അവസാനത്തോടെ, വർഗ്ഗ സഹകരണ പാതയിലൂടെ മുതലാളിത്ത പുനഃസ്ഥാപനം പൂർണ്ണമായ സോവിയറ്റ് യൂണിയന്റെ പിന്നീടുള്ള ചരിത്രം സാമ്രാജ്യത്വങ്ങളുടേതുപോലെ എല്ലാ വർഗ്ഗ മുന്നേറ്റങ്ങളെയും ഒറ്റുകൊടുത്തതിന്റേതാണ്. ഏറെ നിഷ്പക്ഷമെന്ന പദം മുൻനിറുത്തിയാണെങ്കിലും ഇന്ത്യയും ഈ സാമ്രാജ്യത്വങ്ങളെ സഹായിക്കുന്ന നിലപാടുകളാണ് കൈക്കൊണ്ടിട്ടുള്ളത്.

സ്വന്തം ഉത്പന്നമായ എണ്ണയ്ക്കുമേൽ അവകാശം സ്ഥാപിക്കുവാനുള്ള ഏതൊരു അറബി രാഷ്ട്രത്തിന്റെയും നീക്കത്തെ ഈ യാങ്കിപ്പട ഇനിയും ചോരയിൽ മുക്കിത്തന്നെ കൊല്ലും. ആയതിനാൽ തന്നെ പശ്ചിമേഷ്യയിൽ നിലച്ച വെടിയൊച്ച ശാശ്വതമല്ല. കാരണം "സാമ്രാജ്യത്വമെന്നാൽ യുദ്ധമെന്നാണർത്ഥം." ലോക സമ്പദ് വ്യവസ്ഥയെ സ്വന്തം ഇച്ഛാശക്തിക്കനുസരിച്ച് നിയന്ത്രിക്കുന്ന ഈ സാമ്രാജ്യത്വ ശക്തികൾക്കെതിരെയുള്ള യുദ്ധത്തിൽ കൂടിമാത്രമേ പശ്ചിമേഷ്യയിൽ എന്നുമാത്രമല്ല, ലോകത്തിൽത്തന്നെ സമാധാനം ഉണ്ടാകൂ. ഇതിന് ഇന്ത്യയെപ്പോലുള്ള മൂന്നാം ലോക രാജ്യങ്ങളിൽ നിന്നാണ് ആദ്യരവം ഉയരേണ്ടത്.

എല്ലാവിധ റെഡിമെയ്ഡ്
വസ്ത്രങ്ങൾക്കും

# ROSE FABRICS

JOSE BROTHERS

JOSE JUCTION

Ernakulam.

# ഗണിത വിഭ്രാന്തി

സംഖ്യകളുടെ കുരുക്കുകൾക്കിടയിൽപ്പെട്ട വിശ്വനാഥൻ ചിന്തിച്ചു ഈ സംഖ്യകൾ തനിക്കന്യമാവുമോ? ഇല്ല ഒരിക്കലുമില്ല. സംഖ്യ വിശ്വനാഥന്റെ അസ്തിത്വത്തിന്റെ പര്യായമാണ്. തിരഞ്ഞെടുത്ത പാത നൂൽപാലമാണോ? സംഖ്യകൾ കരതലാമലകമാക്കാൻ അനുവദിക്കില്ല. നെടുനാളത്തെ സപര്യ ജലരേഖകളോ? കടൽ തീരത്തെ സന്ധ്യാപ്രഭയിൽ ഏകാത്മാവായ രണ്ടു മിഥുനങ്ങൾ. പെട്ടെന്നു രുഗ്മിണിയുടെ ഓർമ്മ വിശ്വനാഥനെ ഗ്രസിച്ചു. അവളെപ്പോഴാണ് വിശ്വനാഥനെ പിരിഞ്ഞത്? ഗണിത ശാസ്ത്ര പ്രൊഫസർ വിശ്വനാഥന് ബീജഗണിതത്തോടു തോന്നിയ താത്കാലികാഭിനിവേശം സംഖ്യാശാസ്ത്രത്തെ മുഴുനീള കാമുകിയാക്കിയപ്പോൾ 'രണ്ടിലൊന്ന്' എന്നല്ലാതെ മറ്റൊന്നു ചിന്തിക്കാൻ രുഗ്മിണിക്കായില്ല. സ്ത്രീയുടെ സഹജാവബോധം അവളെ അതിനനുവദിച്ചില്ല. എന്താപ്പോ അങ്ങനെയൊക്കെ തോന്നാൻ വിശ്വനാഥൻ ചിന്തിക്കുകയായിരുന്നു.



എല്ലാം നിരർത്ഥകങ്ങളായ ചിന്തകൾ. അദ്ധ്യാപകവൃത്തിയിൽ നിന്ന് രാജിവച്ചപ്പോൾ കരുതിയിരുന്നത് മുഴുവൻ സമയവും ഗണിതശാസ്ത്രത്തിനായി മാറ്റിവയ്ക്കുമെന്നാണ്. ഒന്നിനും ആവുന്നില്ല. പെറ്റമ്മ പോലും ഭർത്സിച്ചു തുടങ്ങിയപ്പോൾ വീടുവിട്ടിറങ്ങി. അപ്പോൾ മുതൽ ഈ വൃദ്ധയുടെ ചാവടിയിൽ താമസമാക്കിയതാണ്. ഇതുവരെ തുച്ഛമായ വാടകകൊടുത്തിട്ടില്ല. ഉടൻ തന്നെ ഗണിത ലോകത്തിനു കേട്ടറിവില്ലാത്ത ഒരാശയത്തെ സംഭാവന ചെയ്യുമെന്നും പണവും പ്രശസ്തിയും തന്നെ തേടി വരുമെന്നും അന്ന് തരേണ്ടതിൽ ഇരട്ടി മടക്കി തരാമെന്നും മററും ആണ് വൃദ്ധയെ ധരിപ്പിച്ചിരിക്കുന്നത്. വർഷം ഒന്നു കഴിഞ്ഞിട്ടും തന്നിലെ കോടീശ്വരനുണർന്നു കഴിയാത്തതിൽ വൃദ്ധയ്ക്കു മുറുമുറുപ്പായി.

നേരം ഒരുപാടിരുട്ടി എല്ലാ നക്ഷത്രങ്ങളും വിശ്വനാഥന് പ്രചോദനം നല്കിയിരുന്നു. എങ്കിലും രാത്രി വിശ്വനുറങ്ങുന്നതുവരെ, പുലർച്ചയിൽ ഉണരുന്നതുവരെ അയാളെ കാത്ത് കിഴക്കേ മാനത്ത് ഒറ്റപ്പെട്ടുനില്ക്കാറുള്ള മങ്ങിയ നക്ഷത്രത്തെ വിശ്വനാഥൻ സ്നേഹിക്കുക മാത്രമല്ല

**K. GAYATHRI DEVI**
II BSc. Mathematics.

ആരാധിക്കുക കൂടി ചെയ്തിരുന്നു. വാതിൽ തുറന്നപ്പോഴുള്ള കതകിന്റെ കരച്ചിൽ വല്ലാത്തൊരസ്വാസ്ഥ്യം സൃഷ്ടിക്കുന്നു. ഇനി കുറെനേരം സഖ്യകളുമായി മല്ലിടാം എന്നു കരുതിയിരിക്കുമ്പോഴാണ് പരസ്പര ബന്ധമില്ലാത്ത മറ്റൊരു ചിന്ത. തറവാട്ടുകാവിന്റെ പുറകിലെ ഏഴിലം പാലയെ കുറിച്ചാലോചന വന്നത്. അദ്ധ്യാപക വൃത്തി അനുഷ്ഠിച്ചിരുന്ന കലാലയത്തിന്റെ കാമ്പസ്സിൽ ഒരഞ്ചിലം പാലയാണ് ഉണ്ടായിരുന്നതെന്ന് അയാളോർമ്മിച്ചു. എന്തുകൊണ്ടാണ് അഞ്ചും ഏഴും രണ്ട് അഭാജ്യസംഖ്യകൾ ആയതുകൊണ്ടാണോ ? -

തറവാടെന്ന സങ്കല്പം അയാൾക്കു സമ്മാനിച്ചത് ഗൃഹാതുരത്വമായിരുന്നു. നാലുകെട്ടിന്റെ ചിത്രത്തൂണുകളിൽ ആലേഖനം ചെയ്യപ്പെട്ടിരുന്ന നഗ്നരായ സാലഭഞ്ജികകളെ തറ്റുടുപ്പിക്കാൻ അമ്മൂമ്മയുടെ കഞ്ഞിമുക്കി വടിപാകത്തിൽ അലക്കിവച്ചിരുന്ന മുണ്ട് ഉപയോഗിച്ചതിനു ലഭിച്ച പ്രഹരം അന്നും ഇന്നും തുടയിൽ തിണർത്തു കിടക്കുന്നു. കലയുടെ തനിമയെന്തെന്നറിയാത്ത പ്രായത്തിൽ കേവലം വൃത്തികേടുകൾ മാത്രമായിരുന്നാ സാലഭഞ്ജികകൾ. എന്തുചെയ്തിട്ടും ചിന്തകൾ വഴിപെടുന്നില്ല. സ്വയം നിയന്ത്രിക്കാൻ കഴിയാതെ വന്നപ്പോൾ മേശപ്പുറത്തിരുന്ന കാൽകുലേറ്റർ തച്ചുടയ്ക്കപ്പെട്ടു. വിലകുറഞ്ഞതെങ്കിലും ആകെയുണ്ടായിരുന്ന യന്ത്രസാമഗ്രികൂടെ നശിപ്പിയ്ക്കപ്പെട്ടപ്പോൾ നിദ്രാദേവിയ്ക്കു വിശ്വനെ കടാക്ഷിക്കാമെന്നായി. ഉറക്കം ദുഃസ്വപ്നങ്ങളുടെ മേളവും പേറിയല്ലാതെ വന്നിട്ടില്ല. സമവാക്യങ്ങൾ അസമവാക്യങ്ങളാവുന്നു. ബീജഗണിതവാചകങ്ങൾക്കു പൈശാചികത. ഭ്രംഷ്ടകളുമായി അവ വിശ്വനാഥനുനേരേ വരുന്നു. അയാൾ അറിയാതെ അലറിവിളിച്ചുപോയി. അബോധമനസ്സിന്റെ വിഭ്രാന്തി ഒരുനടുക്കമായി വിശ്വന്റെ മണിക്കൂറുകളെ അപഹരിച്ചു.

അയാൾക്കെന്താണ് കണ്ടെത്തേണ്ടത്? അയാളെത്തന്നെയോ അതോ പുതിയ ഗണിത നിയമത്തേയോ? സ്വയമറിവ്, ലക്ഷ്യത്തിലേയ്ക്കുള്ള ഉചിതമാർഗ്ഗം ഈ അറിയപ്പെടാത്ത രണ്ടു ഘടകങ്ങളെ ഗണിത ശാസ്ത്രമെന്ന ഏകസമവാക്യം കൊണ്ട് കണ്ടുപിടിക്കാനാവുമോ? അറിയപ്പെടാത്ത ഘടകങ്ങൾക്കനുസൃതമായി സമവാക്യങ്ങളെ തേടൽ, അതിനു അയാൾക്കു കഴിയുമോ? എന്തുകൊണ്ടോ ചുറ്റുപാടുകളെ കാണിച്ചുകൊടുക്കാൻ മാത്രം തെളിമയുള്ള കണ്ണുകൾ അയാൾക്കുണ്ടായിരുന്നില്ല. ജോലിയിൽ നിന്നു പിരിഞ്ഞുപോരുന്നതിനു മുമ്പുതന്നെ അയാളുടെ ഇഷ്ടാനിഷ്ടങ്ങളിൽ മാറ്റം വന്നിരുന്നു. വിശ്വനെന്നും പ്രിയപ്പെട്ട, ക്ഷേത്രഗണിതം കോളേജുവിടുന്നതിന് രണ്ടുവർഷം മുമ്പുമുതൽ മറ്റൊരളിയകിലും ഏൽപ്പിക്കുകയായിരുന്നു പതിവ്.

''സാറെന്താ പോർഷൻ മാറ്റിയത്.''

എന്ന ഒരു വിദ്യാർത്ഥിയുടെ ചോദ്യത്തെ

''എല്ലാ മാറ്റത്തിനും ഉത്തരം കണ്ടെത്തുക വളരെ വിഷമമല്ലേ കുട്ടി''

എന്ന മറുപടിയാണ് നൽകിയത്.

വിശ്വനാഥന്റെ മാറ്റം ഡിപ്പാർട്ടുമെന്റിലും ചർച്ചാവിഷയമായി. അദ്ധ്യാപകരുടെ ചോദ്യത്തിനയാൾ മറുപടി കൊടുത്തില്ല. അവർ അതൊട്ടു പ്രതീക്ഷിച്ചിരുന്നതുമില്ല. ക്ഷേത്രഗണിതത്തിൽ നിന്നുള്ള വ്യതിയാനം കേവലം ആരംഭം മാത്രമാണെന്നവർക്ക് മനസ്സിലായി.

''സാധാരണ വ്യക്തികളുടെ മാറ്റം തൊലിപ്പുറത്തേ ഉണ്ടാകാറുള്ളൂ. വിശ്വനാഥൻ സാറിന്റേത് സാരമായിട്ടുള്ളത് തന്നെയാണല്ലോ ടീച്ചറേ?''

''നമ്മളെന്തിനാ ജോസഫ്സാറെ വല്ലവരുടേയും കാര്യം അന്വേഷിക്കുന്നത്? എനിക്കെന്റെ കാര്യംതന്നെ അന്വേഷിക്കാൻ നേരമില്ല. പിന്നെയല്ലേ വല്ലവരുടേയും കാര്യം?''

ഡിപ്പാർട്ടുമെന്റിലെ ചർച്ചയ്ക്കും വിരാമം വീണു.

രുഗ്മിണി വിശ്വനെ തേടിവരും എന്നയാൾ സ്വപ്നത്തിൽ പോലും കരുതിയിരുന്നതല്ല. അയാൾ അവളെ സ്നേഹിച്ചിരുന്നു. ആത്മാർത്ഥമായിട്ടുതന്നെ. പക്ഷെ വികാരങ്ങളുടെ പ്രകടനം അയാൾക്കജ്ഞാതമായ മേഖലയായിരുന്നു. സ്വജീവിതത്തിൽ പിറന്ന മകനെ കാണുകയെന്നത് രണ്ടുവർഷമായി അയാൾ വച്ചുപുലർത്തിയിരുന്ന സാഫല്യമടയാത്ത മോഹമായിരുന്നു. രുഗ്മിണി കയറിവന്നപ്പോൾ അയാൾ സംഖ്യകളോട് മല്ലടിക്കുകയായിരുന്നു. അവൾ വന്നത് പുനർവിവാഹം നിയമവിധേയമാക്കാൻ സഹായം അഭ്യർത്ഥിക്കാനായിരുന്നു വിശ്വനാഥനുരിയാട്ടമില്ല.

''നിങ്ങളെന്താ ഊമയായിപോയോ? നിങ്ങൾക്കൊരു തുലഞ്ഞ കണക്കുണ്ട്. എന്റെ ജീവിതത്തിനും അർത്ഥം വേണ്ടേ? എന്റെ കൊച്ചിനും അച്ഛൻ വേണ്ടേ?''

അയാളുടെ മൗനത്തിനു അനന്തതയുടെ ദൈർഘ്യം. തുടർന്നവൾ പൊട്ടിക്കരഞ്ഞു എന്തൊക്കെയോ ശാപവചസ്സുകൾ ഉരുവിട്ടുകൊണ്ടവൾ ഇറങ്ങിപ്പോയി. വിശ്വനാഥനും യഥാർത്ഥലോകവും തമ്മിലുള്ള മുടിനാരിഴ ബന്ധം, അതും വിച്ഛേദിക്കപ്പെട്ടു. താളം തെറ്റലുകളുടെ നീണ്ട നിരയ്ക്കു വിശ്വനാഥൻ പിന്നീടു പ്രതികരിച്ചു തുടങ്ങി. ഗണിത ശാസ്ത്രപണ്ഡിതന്മാരുടെ ഗവേഷണഫലങ്ങൾ പേറിയ ബൃഹത്ഗ്രന്ഥങ്ങളും അവരിൽ നിന്നും ഒട്ടും കുറയാത്ത രീതിയിൽ അദ്ധ്വാനിച്ച അയാളുടെ തന്നെ വർഷങ്ങളുടെ ഗവേഷണ ഫലങ്ങളും തുണ്ടം തുണ്ടമായി അഗ്നിക്കർപ്പിച്ചുകൊണ്ടായിരുന്നു പ്രതികരണം ആരംഭിച്ചത്. പിന്നെയൊരു പൊട്ടിച്ചിരി. ആ ചിരിയുടെ അലകൾ നിമിഷാംശങ്ങളുടെ ആയുസ്സുള്ള വലയങ്ങൾ വായുവിൽ സൃഷ്ടിച്ചു. ആയിരം കാതുകളിലേയ്ക്ക് കാറ്റത് പകർന്നുകൊടുത്തു. തുടർന്ന് കരച്ചിൽ. ചിരിയും കരച്ചിലും ക്ലിപ്തമായ അനുപാതത്തിൽ തന്നെ തുടർന്നു, ഒരു പ്രോഗ്രഷനിൽ.................



എന്റെ രക്തം
ഈ ഭൂമിയിൽ
പെരും മഴയായി
പെയ്തു കൊണ്ടിരിക്കും

Bindu krishnan
II DC Physics



# not much


The clasp of a friendly hand in need
A shoulder to cry on when I'm blue
I ask only these, my dear
My dreams -they have no golden wings

Not long letters and songs of love
Not huge bunches of red roses
But a caring look that speaks volumes
A loving word that can do magic

When the world around me is rushing
Forward with an alarming speed
I look around only to see
Maddening crowd with no faces
When the words with sharpened edges
Strike me unawares, wound me terribly

I begin to loose my grip in these chaos
I begin to forget the meaning of 'love'
I begin to forget the dawn and dewdrops
Only to remember the dusk and teardrops

Then the clasp of your strong hand, dear
A shoulder to lean on and sigh
I ask only these not much
My dreams - they have no golden wings



# നഗരത്തിലെ വർഷമാപിനികൾ

"മഴപെയ്തൊഴിഞ്ഞ കൊച്ചുവെളുപ്പാൻകാലം......"
തുറന്നിട്ട ജാലകത്തിനരികിൽ കണ്ണും തിരുമ്മി ഉണരാൻ ശ്രമിച്ചിരിക്കുകയായിരുന്നു അവൻ. കൂടെക്കൂടെ ഉറക്കത്തിൽ സ്വപ്നം കണ്ടുണരുന്ന സ്വഭാവമുള്ളതുകൊണ്ട് ഇന്നലെക്കണ്ട സ്വപ്നങ്ങളൊക്കെ രാത്രിമഴയിൽ കുതിർന്ന് കുളിർത്തവയായിരുന്നുവല്ലോ എന്ന് പെട്ടെന്നവനോർമ്മവന്നു.

അങ്ങനെ മഴനനഞ്ഞ് തലതുവർത്താതെ കിടന്നുറങ്ങുന്ന കുസൃതിക്കിനാവുകളെക്കുറിച്ചോർത്ത് പുഞ്ചിരിച്ചിരിയ്ക്കെ......പുറത്തെ വഴിയിലൂടെ, പൂക്കളിലെ മഴത്തുള്ളികളെ മെല്ലെ ചുംബിച്ചുകൊണ്ട് സ്ലോമോഷനിൽ പറക്കുന്ന ചില മൃദുശലഭങ്ങളെ ഓർമ്മിപ്പിക്കും വിധം ഒന്നും മിണ്ടാതെ, ഒന്നു തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ, ഭൂമിയെ നോവിയ്ക്കാതെ, പതുക്കെപ്പതുക്കെ അവൾ നടന്നുപോയി......

സിംഫണികളിലെ ചില സാന്ദ്രഘോഷസന്ധികളിൽ അനേകമനേകം വയലിനുകൾ ഒരുമിച്ചു കരയുമ്പോലെ പെട്ടെന്നൊരു മഴപെയ്തു. ആരുടേയും പ്രതികരണത്തിനു കാത്തുനിൽക്കാതെ, ഏകപക്ഷീയ സ്വഭാവമുള്ള ഒരു ദീർഘ സംഭാഷണം പോലെ ഭൂമിയോടു കുറേനേരം കയർത്തതിനുശേഷം ശാന്തഭാവം പൂണ്ട് ആ മഴ പിൻവാങ്ങിപ്പോയത് അവനെന്തോ അത്രക്കിഷ്ടപ്പെട്ടില്ല. എന്നാലും, പണ്ടൊക്കെ ചളിവെള്ളത്തിൽ കാലുകൊണ്ട് പടക്കം പൊട്ടിച്ച് സ്കൂളിലേക്കു നടക്കുമ്പോൾ, ഇത്തരം മുന്നറിയിപ്പില്ലാത്ത മഴകളെ വല്ലാതെ വെറുത്തിരുന്നല്ലോ എന്നോർമ്മ വന്നതിനാലാകാം, ആ ജനാലപ്പടിയിൽ കാലാട്ടിയിരുന്ന്, ഏതൊരു എൽ.കെ.ജി. കുട്ടിയേയും പോലെ ഇരുവശത്തേക്കും തലയാട്ടിക്കൊണ്ട് അവൻ ഇപ്രകാരം ഉറക്കെപാടി..

''റെയിൻ റെയിൻ ഗോഎവേ,
കം എഗേൻ അനദർ ഡേ...''

അങ്ങനെ പാടിപ്പാടി, വീണ്ടും മറ്റൊരു പ്രഭാതസ്വപ്നത്തിന്റെ ഇളം ചുവപ്പുനിറമുള്ള പുതപ്പിനടിയിൽ കിടന്ന് അവൻ കൂർക്കംവലിച്ചുറങ്ങിപ്പോയി... ഇന്നലെപെയ്ത മഴയിൽ അറിയാതെ നനഞ്ഞുകുതിർന്നുപോയ ഒരു കുഞ്ഞു ചിത്രശലഭം പോലെ അവൾ പനിച്ചുകിടക്കുകയായിരുന്നു...... ഒപ്പം, വളരെ ദൂരെ ഒരു നഗരത്തിലെ അവളുടെ മുറിയ്ക്കുള്ളിൽ, ഒളിഞ്ഞും തെളിഞ്ഞും കളിച്ചു നടന്നിരുന്ന നിഴലുകൾക്കും മുറ്റത്തെ മരച്ചില്ലയിൽ കൂടുവെച്ചിരുന്ന കിളിയൊച്ചകൾക്കും വല്ലാതെ പനിച്ചു. പുറത്ത്, മഴ ഏറിയും കുറഞ്ഞും അങ്ങനെ തുടർന്നു കൊണ്ടിരുന്ന, വല്ലാത്തൊരു സന്ധ്യതന്നെയായിരുന്നു അത്. എങ്കിലും മഴയോടു പിൻവാങ്ങിപ്പോകാൻ അവൾ പറയാതിരുന്നതിന് ഒരു കാരണമുണ്ട്. അങ്ങു ദൂരെ മലമുകളിൽ ഒരുപാടു മയിലുകൾ പീലിനിവർത്തിയാടിത്തിമിർക്കുന്നുണ്ടാകും എന്നവൾക്കറിയാമായിരുന്നു. കണ്ണടച്ചുകിടന്ന് മയിലാട്ടം കാണുന്നതായിരുന്നു അവൾക്കിഷ്ടം. കഴിഞ്ഞ ജൻമത്തിൽ ശരിക്കും അവളൊരു മയിൽ തന്നെയായിരുന്നു......

ഇതൊന്നും അവനറിയില്ലായിരുന്നു. മുഷിഞ്ഞവസ്ത്രങ്ങളുടെയും, വിയർപ്പിന്റെയും ഗന്ധവും, അടുക്കും ചിട്ടയുമില്ലാത്ത പുസ്തകങ്ങളും നിറഞ്ഞ വിദൂരമായ ഒരു ഗ്രാമത്തിലെ മുറിയിൽ സുഖമായി കമിഴ്ന്നു കിടക്കുമ്പോൾ, തവളകളും, ചീവീടുകളും, അരൂപികളായ നക്ഷത്രബാലൻമാരും ഒച്ചയുണ്ടാക്കുന്ന താളമില്ലാത്ത സംഗീതമർമ്മരങ്ങളിൽ ലയിച്ചുകൊണ്ട്, മൂന്നു തവണ അവൻ തലയിണയിൽ ഉമ്മവച്ചു.....

പനിച്ച കിനാവുകൾ കണ്ട് സങ്കടപ്പെട്ടിരുന്ന രണ്ടുമിഴികൾക്കും, വിറപൂണ്ട ചുണ്ടുകൾക്കും വേണ്ടിയായിരുന്നു ആ ചുംബനങ്ങൾ...
പെട്ടെന്ന്, ഏതൊരു പ്രേമകഥകളിലും സംഭവിയ്ക്കാവുന്നതുപോലെ തന്നെ, തികച്ചും പാരമ്പരാഗതമായ രീതിയിൽ, കാതങ്ങൾക്കകലെ അവളുടെ നഗരത്തിൽ ഭയങ്കരമായ മഴയുണ്ടായി. നൃത്തം തുടരാനാകാതെ, തെല്ലൊരു ഖിന്നതയോടെ, പീലിയെല്ലാമൊതുക്കി മയിലുകളൊക്കെ മടങ്ങുകയും ചെയ്തു...

പക്ഷേ, ഇപ്പോൾ നമുക്കു കാണാൻ കഴിയുന്നത്
സ്വപ്നം കണ്ടുറങ്ങുന്ന ഒരു പെൺകുട്ടിയെയാണ്...
മനസ്സിന്റെ മാനച്ചെരുവുകളിലേക്ക്, ഏഴുനിറങ്ങളും കലർന്ന
മഴവിൽ വെളിച്ചങ്ങൾ നേർത്തിറങ്ങിത്തുടങ്ങുന്നതേയുള്ളൂ...

കർക്കിടക രാത്രിയുടെ ഇരുൾപ്പാടങ്ങളിലെ ശീതസംഗീതധാരയിൽ മുറിയിലേക്ക് പറന്നുവന്ന മിന്നാമിനുങ്ങു വെളിച്ചങ്ങൾ കണ്ടുകണ്ടിരുന്ന് അവനും പെട്ടെന്നുറങ്ങിപ്പോയി......

ഇപ്പോൾ,

അവർ രണ്ടുപേരും, ഋതുഭേദങ്ങൾക്കും, മനഃശാസ്ത്രത്തിനും, സാഹിത്യത്തിനും, ഊർജ്ജതന്ത്രത്തിനും മറ്റെല്ലാ ശാസ്ത്രീയ ബന്ധനങ്ങൾക്കും അപ്രാപ്യരായി, ലാറിബേക്കർ മാതൃകയിൽ നിർമ്മിയ്ക്കപ്പെട്ട ഒരു കൊച്ചുവീട്ടിൽ താമസിക്കുകയാണ്. പുറത്ത്, മുറ്റത്തും തൊടിയിലുമൊക്കെ ഉച്ചവെയിലിന്റെ വിശ്രമരശ്മികളും നിഴലുകളും പടർന്നു കിടക്കുന്നു. തരം തിരിവില്ലാതെ പുസ്തകങ്ങൾ നിറച്ച ഷെൽഫുകൾക്കിടയിൽ വെറും നിലത്ത്, അവളുടെ അതേ ഊഷ്മാവിൽ, അവൾക്കൊപ്പം അവൻ പനിച്ചു കിടക്കുന്നു... ഈ സമയങ്ങളിൽ, എല്ലാ പുസ്തകങ്ങൾക്കുള്ളിൽ നിന്നും, എല്ലാ കഥാപാത്രങ്ങളും വരികളിൽനിന്നും വാക്കുകളിൽ നിന്നും ഏടുകളിൽ നിന്നും ഓടിയിറങ്ങിവന്ന് ചുറ്റും കൂടിനിന്ന് വികൃതികളായ നഴ്സറിക്കുഞ്ഞുങ്ങളെപ്പോലെ അവരെ ശല്യപ്പെടുത്തുക പതിവാണ്. അപ്പോൾ, അധികം

വെയിലുകൊള്ളരുതെന്ന് താക്കീതു കൊടുത്ത് അവരെയെല്ലാം പുറത്ത് മുററത്തും തൊടിയിലും കളിക്കാൻ വിട്ടശേഷം, സോളമന്റെ മുന്തിരിവയലുകളേക്കാൾ വ്യാപ്തിയുള്ള സ്വപ്നകേദാരങ്ങളിൽ അവരിരുവരും മേഞ്ഞു നടക്കും... പ്രണയത്തിന്റെ നീലനിറമുള്ള അംതാരയിൽ, തൊട്ടുതൊട്ടിരുന്ന് ഒരുമിച്ചുരുകിയുരുകിയൊന്നാകുന്ന രണ്ടു മെഴുതിരികളെപ്പോലെ അവർ വിയർത്തുകിടക്കും... അങ്ങനെ മിഴികളിൽ ഖനനം നടത്തി വിയർത്തു കിടക്കുമ്പോൾ, അവരുടെ മാത്രമായ ഒരു സൗരയൂഥത്തിൽ ഭയങ്കര കുസൃതിക്കുരുന്നുകളായ കുറേ നക്ഷത്രക്കുഞ്ഞുങ്ങൾ പിച്ചവച്ചുനടക്കുന്നതിന്റെ മൃദുസ്വനങ്ങൾ, ശാന്തമാകുന്ന ഹൃദയതാളങ്ങൾക്കൊപ്പം അവർ കേട്ടുകൊണ്ടിരിക്കും... ഉച്ചയുടെ സുതാര്യമായ ക്രിസ്റ്റൽ വെളിച്ചം ഉതിർന്നുവീഴും... കളിക്കാൻ പോയ ചപലൻമാരായ കഥാപാത്രങ്ങൾ തിരികെ വന്ന് വരികളിൽ, വാക്കുകളിൽ, ഏടുകളിൽ ഒക്കെ പ്രവേശിക്കും മുമ്പ് അവർക്കെല്ലാം ഓരോ ചെറിയ സമ്മാനം കൊടുത്ത് ലാളിക്കുന്ന സ്വഭാവമുണ്ടായിരുന്നു അവൾക്ക്... അങ്ങനെയൊരുദിവസം, വൃത്തികെട്ട പാററച്ചിറകുകൾ ഉള്ള 'മെററമോർഫോസിസി'ലെ ഗ്രിഗർസാംസാക്ക്, തികഞ്ഞ സൗന്ദര്യബോധത്തോടെ തന്നെ സുന്ദരങ്ങളായ രണ്ടു ചിത്രശലഭച്ചിറകുകൾ അവൾ തുന്നിക്കൊടുത്തു...

പകൽ സ്വപ്നത്തിന്റെ
ചിത്രശലഭച്ചിറകുകൾ
അവൾക്കു മുകളിൽ
ഉതിർന്നുവീണുകൊണ്ടിരിക്കുകയാണ്

ഇരമ്പിയാർത്തുകൊണ്ടിരുന്ന നഗരസന്ധ്യ... ആരവങ്ങൾക്കൊന്നും ചെവി കൊടുക്കാതെ, നഗരമുഖത്തേക്ക് കൈനീട്ടിനിൽക്കുന്ന മദ്യശാലയുടെ ബാൽക്കണിയിൽ, മങ്ങിയ നുറുങ്ങുവെട്ടത്തിന് ഇല്ലാത്ത അർത്ഥഭേദങ്ങൾ കൽപ്പിച്ചുകൊണ്ടിരുന്ന കൂട്ടുകാർക്കിടയിൽ, മറെറാന്നും ചെയ്യാനില്ലാതെ പഴയ പാട്ടുകൾ മൂളിയിരുന്നു അവൻ... ഒരേസമയം കണ്ണീരിലും, സംഗീതത്തിലും മുങ്ങിക്കയറിയ ഒരു വൈകുന്നേരമായിരുന്നു അന്നത്തേത്... അങ്ങനെയങ്ങനെ, നാട്ടിൽപുറത്തെ മകരനിലാവിലേക്കും, ചെമ്പരത്തിപ്പൂവുകൾ അതിരിട്ട നാട്ടിടവഴികളുടെ രഹസ്യസാന്ദ്രതകളിലേക്കും, പുഴകടന്ന് അക്കരെയ്ക്കുപോയ ഓരോ വൈകുന്നേരങ്ങളിലേക്കും എത്തിപ്പെട്ട ഒരു നിമിഷത്തിൽ, കൂട്ടത്തിലാരോ ഒന്നു വിതുമ്പി... അപ്പോൾ, തികച്ചും അപ്രതീക്ഷിതമായി, അവർ നോക്കിയിരിക്കെത്തന്നെ, നഗരത്തിലെ ആ തെരുവിൽ എല്ലാ നിയോൺ വിളക്കുകളും ഒന്നിച്ചു തെളിഞ്ഞു... എല്ലാ കൊച്ചുകൊച്ചു തേങ്ങലുകളും, ശേഷിച്ച മദ്യത്തിലെ നനഞ്ഞ സംഗീതത്തിലും, തെരുവിന്റെ നിയോൺ വെളിച്ചത്തിലും, വിജനമായ ശിവരാത്രി മണപ്പുറത്തെ കാണാത്ത ജനക്കൂട്ടത്തിന്റെ ആരവങ്ങളിലും ലയിച്ചുതീർന്നു ..

ആയിരത്തൊന്നു രാവുകളുടെ മരുഭൂമിയിലൂടെ പോകുവാൻ
ഒട്ടകപ്പുറത്തേറിയ അവനെ അവൾ യാത്രയാക്കി.
എന്നിട്ട്, ഒരു മരുപ്പച്ചയുടെ കരയിലിരുന്ന്
അവൾ വിതുമ്പിക്കരഞ്ഞു...

മഴപെയ്തൊഴിഞ്ഞ മറെറാരു കൊച്ചുവെളുപ്പാൻകാലം. സ്വപ്നങ്ങളുടെ ''ഹാങ്ങോവറി''ലാണ് അവൻ. പ്രഭാതസ്വപ്നങ്ങളൊക്കെ, ഫലിക്കുമെന്ന് അമ്മ പറഞ്ഞറിയാവുന്നതിനാൽ, നല്ല നല്ല സ്വപ്നങ്ങളൊക്കെ, വെളുപ്പാൻകാലങ്ങളിൽ തന്നെ കണ്ടുതീർക്കാനുള്ള ഒരു സമയബന്ധിത തീവ്രയത്നത്തിലാണവൻ .. ഈ സമയത്ത്, പുറത്തെ വഴിയിലൂടെ ഒച്ചയുണ്ടാക്കാതെ അവൾ നടന്നുവന്നു... ജനാലയ്ക്കപ്പുറം നിന്നുകൊണ്ട്, നേർത്ത പുഞ്ചിരിയോടെ ദ്രുതഗതിയിൽ അങ്ങോട്ടുമിങ്ങോട്ടും ചലിക്കുന്ന അവന്റെ കൺപോളകളിൽ നോക്കിനിന്നു... അവൾ പിന്തിരിഞ്ഞപ്പോൾ പാതയോരത്തെ എല്ലാ ഈറൻ പൂക്കളും അവളെ സ്നേഹപൂർവ്വം ചുംബിച്ചു... ഭൂമിയിൽ അമർത്തിച്ചവിട്ടിക്കൊണ്ട്, വാചാലയായ ഒരു വർണ്ണശലഭമായി അവൾ നടന്നുപോയി...

അന്ന്,
മലമുകളിലെ കാട്ടിൽ,
എല്ലാ മയിലുകളും മതിവരുവോളം നൃത്തമാടിത്തളർന്നശേഷമാണ്,
അവളുടെ നഗരത്തിൽ
മഴപെയ്തത്.........



K. R. SATHEESHKUMAR
II B A History




കേരളീയരെ സംബന്ധിച്ചിടത്തോളം ദാഹത്തിനുള്ള പോംവഴി കരിക്കിൻ വെള്ളത്തിൽ നിന്ന് ഡബിൾ കോളയിലേക്കോ പെപ്സി കോളയിലേക്കോ മാറിയെങ്കിൽ അതിൽ മാനസിക പരിവർത്തനത്തിന്റെ ഒന്നാംഭാഗം കൃത്യമായി ചെയ്തത് പരസ്യങ്ങളാണ്. നമ്മുടെ സമൂഹം പരസ്യ പ്രധാനമായ എന്തും കൃത്യമായി വിറ്റ് ലാഭമാക്കാൻ കഴിയുന്ന ഒരു ഉയർന്ന മാർക്കറ്റാണ്. ഈ മാർക്കറ്റ് സൃഷ്ടി പരസ്യങ്ങളുടെ സൗന്ദര്യമാത്ര പ്രധാനവും മനഃശാസ്ത്രപരവുമായ പ്രയോഗത്തിലൂടെയാണ് നടന്നിട്ടുള്ളത്. ഇതിലൂടെ അവർ നമ്മുടെ സമ്പദ് വ്യവസ്ഥയെ ചൂഷണം ചെയ്തു, നമ്മുടെ ഇഛാശക്തിയെ വിലയ്ക്കുവാങ്ങി ശവപ്പെട്ടിയിലടച്ചു. ഇനിയും തന്റെ പുതിയ ഉൽപ്പന്നങ്ങളും എളുപ്പം വിൽക്കുവാനുതകുന്ന പരസ്യപ്രധാനമായ ഒരു സമൂഹവ്യവസ്ഥ സൃഷ്ടിച്ചെടുത്തു.

തലച്ചോറു പണയം കൊടുത്ത് ഒരുപാട് ഉപഭോഗ വസ്തുക്കൾക്കുനടുവിൽ നമ്മൾ നട്ടം തിരിയുകയാണ്. പരസ്യങ്ങളുടെ കടും വർണ്ണങ്ങൾക്കുനടുവിൽ കൃത്യമായി പ്രവർത്തിക്കുന്ന ഒരു യന്ത്രം കണക്കെ നമ്മൾ വിവേക ശൂന്യരാണ്. ഉടഞ്ഞുപോകാതിരിക്കാൻ ചില്ലുഗ്ലാസ്സ് പിടിച്ചെടുത്തവന്റെ ചോയ്സ് ഇല്ലായ്മയാണ് നമ്മൾ.

# हकीक़त

मैं कहूँ तो क्या कहूँ
अपनों ने भुला दिया
जिन्दगी नहीं, पता भी न चला
चाह कर भी, कुछ न कह सका
आज भी है कोशिश, कुछ कहूँ
पर खामोश है ज़ुबां
लब हैं सिले हुए
अब खामोशी है ज़ुबां
हँसता हूँ, हँसाने के लिए
रोता हूँ, ग़म भुलाने को
है दोस्त मेरी तनहाई

अब तनहा कटेगी ज़िन्दगी
जान मेरी जाती रहेगी
आखिरी साँस भी होगी हमें
नहीं हो सकती तू बेवफ़ा
सदियों से मेरी, मेरी रहेगी
जनाज़ा देख दूँ, आँसू न बहाना
जान है सस्ती, आँसू कीमती
ज़माने ने दिवाना कह दिया
तूने पागल करार दे दिया
नहीं है शिकवा, नहीं गिला
हकीकत है दोस्त,
मैंने ... अपना माना ।

REGI. T. VARGHESE, II BA ECO.



## നമ്മുടെ പകലുകളോട്-

ഒന്നുമുതൽ ഒടുക്കം വരെ
അവ്യക്തതയിൽ മൂടിയ
ഒരു പകലിനുശേഷം......
ഒരുപകലിൽ......
ഒന്നുമുതൽ ഒടുക്കം വരെ പറഞ്ഞുതീർത്ത
സ്നേഹ വാക്കുകളിലൂടെ,
ഒരു ത്രിസന്ധ്യയ്ക്കും ശേഷം......
പിന്നെയും നമുക്ക്,
പറയുവാനൊരുപാട്......
പരസ്പരം കാത്തിരുന്ന്
കേൾക്കുവാനൊരു പാട്......
ഈ പാലപ്പൂനിറയും വഴിയിലൂടെ,
വീണ്ടും......
പാതിദൂരം പിന്നിട്ട്,
കോർത്തിണക്കപ്പെടുന്ന കണ്ണുകൾക്കുശേഷം,
ആ പകലിനും ശേഷം,

എവിടെ വച്ചാണ്,
നാം പതറാതെ ഒരുപാട് പറയുക......?
കഴിഞ്ഞ ദിനങ്ങളെ കോർത്തിണക്കി,
വഴിയരികിലൊരു ചുമരുകളില്ലാത്ത വീടുതീർത്ത്,
കാൽ നീട്ടി, ചാരിക്കിടന്ന് നീ പാടവേ......
ദൂരെ മറയുന്ന സൂര്യനും,
വീണ്ടും തിരിയുന്ന ഭൂമിയും,
നമ്മുടെ നിശബ്ദതകൾക്കിടയിലൂടെ......
കുറേനിമിഷങ്ങൾക്കുശേഷം......
ഈ പകലിനും ശേഷം,
എന്തിനോവേണ്ടി കാത്തിരിക്കുന്നു......
നമുക്കോർക്കുവാൻ,
ഒന്നുമധികമാവാത്തപോലെ,
ഇനിയുമൊരുപാട് പകലുകൾ
ബാക്കി നിൽക്കുന്നു......

**SREEREKHA M. S.**
I B. A. History.



# ഹന്നാ... തലയുയർത്തി നോക്കൂ...

അഡോൾഫ് ഹിററ്ലറെ വിറപ്പിച്ച
ചാർളി ചാപ്ലിന്റെ 'ദി ഗ്രേററ് ഡിക്‌ടേറർ' എന്ന ചിത്രത്തിന്റെ
അന്ത്യഭാഗത്ത് ഏകാധിപതികളെ നിശിതമായി വിമർശിച്ച്
ചാർളി എന്ന ക്ഷുരകൻ നടത്തുന്ന
വിഖ്യാതമായ പ്രസംഗം.

ക്ഷമിക്കണം. എനിക്ക് ചക്രവർത്തിയാകേണ്ട. എന്റെ പണിപാടി അതല്ല. ഭരിക്കാനോ കീഴടക്കാനോ എനിക്കാഗ്രഹമില്ല. എനിക്കെല്ലാവരെയും സഹായിച്ചാൽ കൊള്ളാമെന്നുണ്ട്. യഹൂദനോ, അല്ലാത്തവനോ, കറുത്തവനോ, വെളുത്തവനോ ആരായാലും.

നമുക്കെല്ലാവർക്കും അന്യോന്യം സഹായിക്കണമെന്നുണ്ട്. മനുഷ്യരങ്ങിനെയാണ്. മറ്റുള്ളവരുടെ സന്തോഷം കണ്ട് ജീവിക്കാനാണ് നമ്മുടെയൊക്കെ ആഗ്രഹം. അല്ലാതെ മറ്റുള്ളവരുടെ കഷ്ടപ്പാടുകണ്ട് ജീവിക്കാനല്ല. അന്യോന്യം വെറുക്കാനും നിന്ദിക്കാനും നാം ആഗ്രഹിക്കുന്നില്ല. ഈ നല്ല ഭൂമി വേണ്ടത്ര സമ്പന്നമാണ്. എല്ലാവർക്കും എന്തെങ്കിലും കൊടുക്കുവാൻ തക്കവണ്ണം സമ്പന്നയാണ്.

ജീവിതത്തിന്റെ വഴി സ്വതന്ത്രവും സുന്ദരവുമാക്കാനുള്ള സാദ്ധ്യതകളുണ്ട്. എന്നാൽ നമുക്ക് വഴിതെറ്റിയിരിക്കുന്നു. മനുഷ്യന്റെ ആത്മാവുകളെ അത്യാഗ്രഹം വിഷലിപ്തമാക്കിയിരിക്കുന്നു. ലോകം മുഴുവൻ അത് വിദ്വേഷത്തിന്റെ മതിലുകൾ ഉയർത്തിയിരിക്കുന്നു. കഷ്ടപ്പാടിലേക്കും ചോരചിന്തലിലേക്കും നമ്മെ വഴിതെറ്റിച്ചിരിക്കുന്നു. വേഗത വളർത്തിയെന്നത് മനുഷ്യന്റെ നേട്ടം തന്നെ. എന്നാൽ അതുകൊണ്ട് നാം നമ്മെത്തന്നെ അടിമകളാക്കിയിരിക്കുന്നു. കൈയ്യയച്ച് എല്ലാം തരുന്ന യന്ത്രങ്ങൾ നമ്മെ നാശത്തിലേക്കാണ് നയിച്ചിരിക്കുന്നത്. നമ്മുടെ അറിവ് നമ്മെ സിനിക്കുകളാക്കി മാറ്റിയിരിക്കുന്നു; നമ്മുടെ സാമർത്ഥ്യം നമ്മെ കഠിനഹൃദയരും ക്രൂരന്മാരുമാക്കുകയാണ് ചെയ്തത്. നാം വളരെയേറെ ചിന്തിക്കുന്നു; വളരെക്കുറച്ച് വികാരം കൊള്ളുന്നു. യന്ത്രങ്ങളേക്കാൾ നമുക്കാവശ്യം മനുഷ്യത്വമാണ്; മനുഷ്യരാണ്. സാമർത്ഥ്യത്തെക്കാൾ നമുക്ക് വേണ്ടത് കരുണയും സ്നേഹവുമാണ്. ഈ ഗുണങ്ങളൊന്നുമില്ലെങ്കിൽ ജീവിതം അക്രമാസക്തവും അപ്രസക്തവുമായിത്തീരും. അങ്ങനെയാവും അതിന്റെ അന്ത്യം.

റേഡിയോവും വിമാനയാത്രകളും നമ്മെ തമ്മിൽ കൂടുതൽ കൂടുതൽ അടുപ്പിച്ചിട്ടുണ്ടെന്ന് സമ്മതിക്കണം. ഇവയുടെ യഥാർത്ഥപ്രകൃതം മനുഷ്യനന്മക്കു വേണ്ടി മുറവിളിയിടുന്നു. നാമെല്ലാവരും ഒന്നിച്ചുനിൽക്കാനായി സാർവ്വലോക സാഹോദര്യത്തിനായി വിളിച്ചുകൂവുന്നു. ഇപ്പോഴും പോലും എന്റെ സ്വരം കോടിക്കണക്കിനാളുകൾ വായിച്ചുകൊണ്ടിരിക്കയാണ്. ആശനഷ്ടപ്പെട്ട കോടിക്കണക്കിന് സ്ത്രീപുരുഷന്മാരും കുട്ടികളും നിരപരാധരായ മനുഷ്യരെ പീഡിപ്പിക്കുകയും തടവിലാക്കുകയും ചെയ്യുന്ന വ്യവസ്ഥിതിയുടെ ഇരകളായ മനുഷ്യർ. അവരെന്റെസ്വരം കേൾക്കുന്നവരോട് ഞാൻപറയുന്നു:

പ്രതികാരമനോഭാവത്തിലിരിക്കുക. മനുഷ്യ വർഗ്ഗത്തിന്റെ പുരോഗതി ഭയപ്പെടുന്നവരുടെ അസൂയയും ആർത്തിയുമാണ് നമുക്കുമേൽ ഈ ഭാരം കയറ്റിവെച്ചിരിക്കുന്നത്. മനുഷ്യന്റെ സ്നേഹരാഹിത്യവും വിദ്വേഷവും ഒരുനാൾ ഇല്ലാതാകും. ഏകാധിപതികൾ മരിക്കും. അവർ ജനങ്ങളിൽനിന്ന് തട്ടിയെടുത്ത അധികാരം ജനങ്ങളിലേക്ക് തിരിച്ചെത്തും.

പടയാളികളേ, നിങ്ങളെ വെറുക്കുകയും അടിമയാക്കുകയും ചെയ്യുന്ന, നിങ്ങളുടെ ജീവിതത്തെ അറുത്തുമുറിച്ചു തിരിച്ചുനിർത്തുന്ന, നിങ്ങൾ എന്തുചെയ്യണമെന്നും, എന്തുചിന്തിക്കണമെന്നും, എന്തിനെ വികാരം കൊള്ളണമെന്നും നിങ്ങളോട് ആജ്ഞാപിക്കുന്ന; പട്ടാളച്ചിട്ടയിൽ നിങ്ങളെ പാടിക്കുന്ന, നിങ്ങളെ തീറ്റുന്ന, നിങ്ങളോട് കന്നുകാലികളെപ്പോലെ പെരുമാറുകയും നിങ്ങളെ കാലിത്തീറ്റപോലെ ഉപയോഗിക്കുകയും ചെയ്യുന്ന ഈ മൃഗങ്ങളുടെ മുമ്പിൽ മുട്ടുമടക്കരുത്. കീഴടങ്ങരുത്. പ്രകൃതി വിരുദ്ധരായ, മനോവിരുദ്ധരായ ഈ മനുഷ്യമൃഗങ്ങൾക്കുമുമ്പിൽ നിങ്ങളൊരിക്കലും കീഴടങ്ങരുത്. കാരണം നിങ്ങൾ മൃഗങ്ങളോ യന്ത്രങ്ങളോ അല്ല, മനുഷ്യരാണ്. പച്ചമനുഷ്യർ. മനുഷ്യരാശിയോട് മുഴുവനുമു



ള്ള സ്നേഹം ഹൃദയങ്ങളിൽ നിറഞ്ഞു കവിയുന്ന മനുഷ്യൻ. നിങ്ങൾ വെറുക്കുന്നത്, സ്നേഹിക്കപ്പെടാത്തവർ, അവർ മാത്രമേ വെറുക്കുകയുള്ളൂ. സ്നേഹിക്കപ്പെടാത്തവരും പ്രകൃതിവിരുദ്ധരും. പടപൊരുതുന്നവരേ, അടിമത്തത്തിനുവേണ്ടിയാവാതിരിക്കട്ടെ നിങ്ങളുടെ സമരം, സ്വാതന്ത്ര്യത്തിന്റെ മഹാവകാശം വെട്ടിപ്പിടിക്കാനായി പൊരുതുക. സ്വാതന്ത്ര്യം സ്വാതന്ത്ര്യം സ്വാതന്ത്ര്യം.

വിശുദ്ധ ലൂക്കായുടെ പതിനേഴാമദ്ധ്യായത്തിൽ ദൈവരാജ്യം മനുഷ്യനിലാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഒരുമനുഷ്യനിലൊരു സംഘംമനുഷ്യരിലോ അല്ല; മുഴുവൻ മനുഷ്യരാശിയിലും. നിങ്ങളിൽ ജനങ്ങളിൽതന്നെയാണ് അധികാരം. യന്ത്രങ്ങൾ നിർമ്മിക്കാനും ഈഭൂമിയെ സ്വതന്ത്രവും സുന്ദരവുമാക്കാനുമുള്ള അധികാരം. ജീവിതം സാഹസികവും മനോഹരവുമാക്കിത്തീർക്കാനുള്ള അധികാരം. അതുകൊണ്ട് ജനാധിപത്യത്തിന്റെ പേരിൽ നാമത് ഉപയോഗിക്കുക. എല്ലാവരും ഒരുമിച്ച് നിൽക്കുക. പുതിയൊരു ലോകത്തിനു വേണ്ടി, യുവജനത്തിന് ജോലിയും വാർദ്ധക്യത്തിന് പ്രത്യാശയും സുരക്ഷിതത്വവും ഉറപ്പുനൽകുന്ന. അതിനുവേണ്ടി അദ്ധ്വാനിക്കാൻ മുഴുവൻ മനുഷ്യർക്കും അവസരം നൽകുന്ന മാന്യമായ ഒരു ലോകത്തിനുവേണ്ടി.

ഇതേ വാഗ്ദാനങ്ങൾ ജനവിരുദ്ധരും ആവർത്തിച്ചിട്ടുണ്ട്. ആട്ടിൻതോലിട്ട ചെന്നായ്ക്കളാണവർ. അവർ നുണയന്മാരാണ്. ആവാഗ്ദാനങ്ങൾ നിറവേറ്റുക? അവരതു ചെയ്യുകയില്ല. ഏകാധിപതികൾ തങ്ങളെ സ്വതന്ത്രരാക്കുകയും ജനങ്ങളെ അടിമകളാക്കുകയും ചെയ്യുന്നു. അതുകൊണ്ട് നാം ലോകത്തെ സ്വതന്ത്രമാക്കാനായി പൊരുതുക. ദേശീയമായ അതിർത്തികൾ ഇല്ലാതാക്കുവാൻ, അത്യാഗ്രഹത്തെക്കുഴിച്ചുമൂടുവാൻ, വെറുപ്പും അസഹിഷ്ണുതയും ഇല്ലാതാക്കുവാൻ മനുഷ്യരോടും പ്രകൃതിയോടുമുള്ള സ്നേഹപ്രപഞ്ചം സ്വീകരിക്കുവാൻ, യുക്തിയുക്തവും മുക്തിയുക്തമായ ഒരു പുതുലോകത്തിനു വേണ്ടി നമ്മൾ പൊരുതുക. എല്ലാവരുടെയും സന്തോഷത്തിലേക്ക് ശാസ്ത്രവും പുരോഗതിയും നമ്മെ നയിക്കുന്ന ഒരു ലോകത്തിനുവേണ്ടി, പടയാളികളേ, ജനാധിപത്യത്തിന്റെ പേരിൽ നമുക്കൊന്നിച്ചു നിൽക്കുക.

ഹന്നാ ഞാൻ പറയുന്നത് നിനക്ക് കേൾക്കാൻ കഴിയുന്നില്ലേ? നീയെവിടെയായാലും തലയുയർത്തിനോക്കൂ. ഹന്നാ, മേഘങ്ങൾ ഉയരത്തിലേക്ക് മായുന്നു.! സൂര്യനുദിച്ചുപൊങ്ങുന്നു. ഇരുളിൽ നിന്ന് നാം വെളിച്ചത്തിലേക്ക് കടന്നുവരികയാണ്, പുതിയൊരു ലോകത്തിലേക്ക്. അത്യാഗ്രഹത്തിനും ക്രൂരതയ്ക്കും മീതെ മനുഷ്യനുയർന്നു നിൽക്കുന്ന സ്നേഹത്തിന്റെ ലോകത്തിലേക്ക്.

ചിറകുകൾ നഷ്ടപ്പെട്ട മനുഷ്യന്റെ ആത്മാവ് മഴവില്ലിന്റെ നേർക്ക് പറന്നുയരുന്നു. പ്രതീക്ഷയുടെ വെളിച്ചത്തിലേക്ക് ചിറകടിക്കുന്നു. തലയുയർത്തി നോക്കൂ ഹന്നാ, തലയുയർത്തൂ.



# സഹയാത്രികൾ



ആ യുദ്ധത്തിൽ ആരു ജയിയ്ക്കുമെന്നതായിരുന്നു പ്രശ്നം. രണ്ടുപേർക്കും വിട്ടുകൊടുക്കാൻ ഭാവമില്ല.

ഞാൻ വേട്ടാളന്റെ ഭാഗത്തായിരുന്നു. അല്ലെങ്കിൽത്തന്നെ എങ്ങിനെയാണവനെ തുണയ്ക്കാതിരിയ്ക്കുക? അവനുണ്ടാക്കിക്കൊണ്ടിരിയ്ക്കുന്ന കൂട് എന്റെ ഷെൽഫിന്റെ മൂലയിലാണല്ലോ. ഇടയ്ക്കൊക്കെ അവന്റെ കൂട്ടിൽ ചെറിയ കടലാസു കഷണവും മറ്റുമിട്ട് അവനെ ശുണ്ഠിപിടിപ്പിയ്ക്കുമായിരുന്നുവെങ്കിലും, ഞങ്ങൾക്കവനെ ഇഷ്ടമായിരുന്നു. അതു തുടങ്ങിയത്, ആദ്യമായി കൊണ്ടുവന്ന ഒരു പുഴു അവന്റെ പിടിവിട്ട് നിലത്ത് വീണതു കണ്ടപ്പോഴാണ്. ഞങ്ങളതിനെയെടുത്ത് മെല്ലെ അവന്റെ കൂട്ടിൽ തിരുകി വച്ചുവെങ്കിലും വേട്ടാളനത് ഇഷ്ടപ്പെട്ടില്ലെന്നു തോന്നുന്നു. അതിനെ അവൻ പുറത്തേയ്ക്ക് വലിച്ചിട്ടിട്ട് പകരം മറ്റൊന്നിനെ കൊണ്ടുവരികയാണു ചെയ്തത്. അതിനുശേഷം അവനെ കൗതുകത്തോടെ നിരീക്ഷിയ്ക്കുക ഞങ്ങളുടെ പതിവായിക്കഴിഞ്ഞിരുന്നു.

അങ്ങിനെയിരിയ്ക്കെയാണ്, വൈകുന്നേരം വേട്ടാളന്റെ കിരുകിരേയെന്നുള്ള നിർത്താതെയുള്ള മൂളൽ കേൾക്കുന്നതും, ഞങ്ങൾ ശ്രദ്ധിയ്ക്കുന്നതും. ഷെൽഫിന്റെ പിറകിലെ മാറാലയിൽ അവൻ കുടുങ്ങിക്കിടക്കുന്നു. അടുത്തായി നൃത്തം ചെയ്തു കൊണ്ടിരിയ്ക്കുന്ന ഒരു വലിയ എട്ടുകാലിയും. വേട്ടാളൻ തന്റെ കൂർത്ത വാലുയർത്തി എട്ടുകാലിയെ കുത്താനായുന്നുണ്ടായിരുന്നു. പക്ഷെ എട്ടുകാലി വളരെ വിദഗ്ദ്ധനായിരുന്നു. അവനെത്താത്ത ദൂരത്തൊഴിഞ്ഞു നിന്നുകൊണ്ടായിരുന്നു, കാലുകൾ നീട്ടി വേട്ടാളനു ചുറ്റും വലനെയ്തുകൊണ്ടിരുന്നത്.

ഞാൻ അമീന്റെ മുഖത്തുനോക്കി

അവൻ ചിലന്തിവലയിൽ നിന്നും ജീവികളെ മോചിപ്പിയ്ക്കാൻ സമ്മതിയ്ക്കാറില്ല. ആ ജീവിയെ രക്ഷിയ്ക്കാനുള്ളതു പോലെത്തന്നെ ബാദ്ധ്യത എട്ടുകാലിയോടുമുണ്ടെന്നാണ് അവന്റെ മതം.

പക്ഷെ ഇവിടെ പ്രശ്നത്തിന് ചെറിയ വ്യത്യാസമുണ്ട്. വേട്ടാളൻ ഞങ്ങളുടെ പ്രിയപ്പെട്ട അന്തേവാസിയാണ്. എട്ടുകാലിയാകട്ടെ അനഭിമതനായ നുഴഞ്ഞുകയറ്റക്കാരനും.

"ഞാൻ വേട്ടാളനെ രക്ഷിയ്ക്കാൻ പോവുകയാണ്". ഞാനുറക്കെ പ്രഖ്യാപിച്ചു.

"അരുത്" അമീൻ ചാടിയെഴുന്നേററു.

"നോ കോംപ്രമൈസ് എട്ടുകാലിയെ എന്തായാലും കൊല്ലേണ്ടിവരും. പിന്നെന്തിനു വേട്ടാളനെക്കൂടികൊല്ലണം.?"

ആമീനതു ന്യായമാണെന്നു തോന്നിയിരിയ്ക്കണം. അവൻ തല്ക്കാലമടങ്ങി.

ഞാനും മനോജും യുദ്ധരംഗത്തേയ്ക്ക് കടന്നു. എട്ടുകാലി മുന്നേറുകയാണ്. വേട്ടാളന്റെ കൂർത്തവാലും ഒരു ചിറകുമൊഴിച്ച് എല്ലാം വലയ്ക്കുള്ളിലായിരുന്നു.

പിന്നെ താമസിച്ചില്ല. എട്ടുകാലിയെ കഥാവശേഷനാക്കാനും, വേട്ടാളനെ വലയിൽ നിന്നും പുറത്തെടുത്തിടാനും. അവൻ നിലത്തുകിടന്ന് കറങ്ങിക്കൊണ്ടിരുന്നു. മുരളച്ചയോടെ.

ഞങ്ങൾ മൂവരും അവന്റെ ചുററുമിരുന്നു. ഇനിയവനെ വലയിൽനിന്നും മോചിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ദൗത്യം. പക്ഷെ എങ്ങിനെ വലമാററും? അവന്റെ കൂർത്ത വാലാകട്ടെ എപ്പോഴും ഉപയോഗിക്കാൻ തയ്യാറായി നാലു പാടും ചുഴററിക്കൊണ്ടിരിക്കുകയാണ്. ആർക്കും അവനെ തൊടാൻ വയ്യ! ഞങ്ങൾ അവന്റെ മിത്രങ്ങളാണെന്ന ബോധം അവനുമില്ല!

അവസാനം നീണ്ടൊരു വടികൊണ്ട് അവന്റെ ചിറകമർത്തിപ്പിടിച്ചു. പിന്നെ ഈർക്കിലി മാറാലവലയത്തിൽ കടത്തിവലിച്ചു.

"സൂക്ഷിയ്ക്കണേ"
"പിന്നെ സൂക്ഷിയ്ക്കാതെയാ?"

അത്ര എളുപ്പമല്ലെന്നു മനസ്സിലായി. ശ്രമത്തിനിടയിലെപ്പോഴോ മാറാലയോടൊപ്പം വേട്ടാളനും പോന്നു. അമർത്തിപ്പിടിച്ച വടിയ്ക്കു താഴെ ചിറക് പാറിയിരിയ്ക്കുന്നത് കണ്ടു.

"അയ്യോ, ചിറകു പോയല്ലോ!"
"ഇനിയിപ്പോ എന്താ ചെയ്യാ?"
"എന്താ ചെയ്യാ...?"
"എന്താ ചെയ്യാ, കൊല്ലുക തന്നെ"

**KANAKARAGHAVAN**
III DC. English.

## സ്വപ്നം

സന്ധ്യയിൽ
മഴ
സുന്ദരിയെപ്പോലെ
സ്വപ്നം പോലെ പെയ്തു.
കർക്കിടകത്തിന്റെ
നനുത്ത കാററിൽ
ദീപം കൊളുത്തി
പ്രതീക്ഷയോടെ
രാമായണംപകുക്കുന്ന
സുന്ദരീ......
നിന്റെ മുക്കൂത്തി
സുന്ദരകാണ്ഡത്തിൽ
ഒരു നക്ഷത്രം പോലെ...
മൃദുലമായ നിന്റെ കൈത്തലത്തിൽ
മുഖമമർത്തി പറയട്ടെ.
കുട്ടി - നിനക്കായി
ഞാൻ കൊണ്ടുവന്ന പ്രേമം
ഈ കിളിപ്പാട്ടിന്റെ
കറുത്ത നക്ഷത്ര ശീലുകളിൽ
ഉടഞ്ഞുപോയല്ലോ.
സത്യം മയിൽപ്പീലിക്കണ്ണിൽ
ഉടക്കിപ്പോയല്ലോ.

**GIGI**
III DC History.

## തൂവാല

തുന്നിപ്പഴകിയ
കണ്ണീർനിലാവിന്റെ
തൂവാലയിൽ നിന്നുയിർക്കുന്നു
ജീവിതം...
ജൂണിന്റെ
തോരാമഴച്ചാററലിൽ കുളിർന്നോരോ
മയിൽ നൃത്തവും
വിയർപ്പിററു വീഴുന്നൊരെ-
ന്നിഷ്ടരാഗങ്ങളും
നെഞ്ചോററിഞാൻ വളർത്തും
ഭ്രാന്തസ്വപ്നവും
നിന്നിലൂടെന്നെപ്പാറിക്കും
വിഷാദവും.
തുന്നിപ്പഴകിയ
കണ്ണീർനിലാവിന്റെ
തൂവാലയിൽ നിന്നുയിർക്കുന്നു
ജീവിതം...

**HAREKRISHNA KUMAR**
III DC Economics.

# സ്നേഹപ്പതിപ്പുകൾ

വാർഷികപ്പതിപ്പുകൾ
വർഷിക്കുന്നോരനവധി
നിറങ്ങളോടെ, മഷിയുണങ്ങാതെ
ഇടതടവില്ലാതെ അച്ചുകൂടങ്ങളുടെ
നെഞ്ചുകളമരുന്നു, തുടരുന്നു
വിടരുന്നു, വാർഷികപ്പതിപ്പുകൾ
കുറയാതെ മുന്നൂറ് പേജെങ്കിലും
വേണമൊത്തിരി കഥയും കവിതയും
കൂടെ കനം കുറയാത്ത ലേഖനങ്ങളും
സംവാദങ്ങൾ, ആത്മസംവേദനങ്ങളുണർത്താതെ
ഉരുകിവീണവ,
വരികളും, വരകളും, പരസ്യതലങ്ങളും
അച്ചുകൂടമെനിക്കില്ലാ, സ്വന്തമായൊരു
ദരിദ്രപത്രം പതിക്കുന്നില്ല ഞാൻ
വേണം നമുക്കൊരു വർണ്ണങ്ങളില്ലാത്ത
നാട്യങ്ങളില്ലാത്ത, മനത്തിൻ
താളുകൾ മാത്രം കുറിച്ചിട്ട
സ്നേഹത്തിൻ പതിപ്പുകൾ, പകർപ്പുകൾ മാത്രം.

**CHANDRAN V. M.**
III DC Economics.

*Best Compliments from:*

JOSE JEWELLERY
Angamaly Phone- 2714
N. Paravur Phone- 2626

*With Best Compliments from:*


CEETAY STATIONARY
CEETAY AGENCIES
Chettungal Tourist Home

*Best Compliments from:*

P. P. TRADERS
Kodavath Shopping Complex
Subjail Road, Aluva
Dealers in Duroflex mattresses,
Steel furniture, Sofa-cum-Bed etc.

*Best Compliments from:*

DENNY BROS
SANITARY WARE
Catholic Centre
Aluva



# ചിരഞ്ജീവി

അന്നൊരു സന്ധ്യാവേള പതിവുവിട്ടതായി-
ട്ടില്ലൊന്നും, ഇല്ലെന്നില്ല ചെറുതാം ചാററൽ മഴ
എരുതിൻ ചാണം ചേർന്നു കുഴഞ്ഞ ചെമ്മൺപാത-
യരികിൽക്കണംചോർന്ന പാദപാതങ്ങാം കേട്ടേൻ
എഴുന്നേറ്റു ഞാൻ, വേലിത്താഴിയെൻ നോട്ടം പാഞ്ഞു
പഴുതേ വഴിക്കണ്ണിതെന്നിയ്ക്കുള്ളതാം പഥമേ

ചെമ്പിച്ചു മയംകെട്ടു ചകിരിപ്പരുവമായ്
ശുഷ്കിച്ച ജടക്കെട്ടു തെല്ലകലത്തായ്ക്കണ്ടു
ചുളിവീണതിൽ വെണ്ണീർ തേച്ചൊരു ലലാടവും
ഒടിഞ്ഞ പുരികവുമിടയ്ക്കു കാണാകുന്നു.

വെറുതേയിറങ്ങി ഞാൻ നടന്നു പടിവരെ
ദൂരമന്നേരം തെല്ലു കുറഞ്ഞു ഞങ്ങടം തമ്മിൽ
മുഷിഞ്ഞ മുണ്ടൊന്നിഷ്ടന്നരയിൽ മുറുകാതെ-
യുണ്ടു പിന്നൊട്ടു ദൂക്കാലൊഴിഞ്ഞ ഭാണ്ഡക്കെട്ടും
അടുത്താവുന്നു വൃദ്ധൻ കുഷ്ഠരോഗിയോ? പലം
നിറഞ്ഞളിഞ്ഞുചീർത്ത വ്രണങ്ങളാസകലം.

കടമ്പപ്പടിമേൽ ക്കാലൊന്നുറപ്പിച്ചോരന്നേ—
ക്കടന്നു നീങ്ങി വൃദ്ധൻ ..... തിരിഞ്ഞു നോക്കി പിന്നെ
''എമ്പതിൽക്കുറയില്ല പ്രായമെന്നാലും കണ്ണിൻ
കൂർമ്മയ്ക്കു കുറവേതുമില്ലെന്നു'' ചൊന്നെന്നുള്ളിൽ
മുണ്ടുമടക്കിക്കുത്തി, ച്ചാടി ഞാൻ വഴിയിൽ, നാ-
ലഞ്ചുചുവടൊത്തൊത്തി വൃദ്ധന്റെയരികിലായ്

വാങ്ങ കിറിയൊന്നു ചലിച്ചൂ ചിരിയല്ല
പുറമേ കേൾക്കായിമേ കനത്തൊരിടർ നാദം
''അറിയോ എന്നെക്കന്നെ? '' ഇല്ലെനിയ്ക്കോർമ്മയേതും
വരുന്നീലല്ലോ'' . ''പിന്നെയെന്തിനായ് നോക്കിടുന്നു ? ''

[…]ന്നുറയ്ക്കുവാനില്ല. ഞാൻ ചിന്തിയ്ക്കയായ്
[…]ാണിങ്ങോരോ ഞാൻ ശ്രദ്ധിച്ചതിത്രമാത്രം
[…]തെന്തെന്നെ നോക്കി ഹസിയ്ക്കയാണോ വൃദ്ധൻ
[…]ുണ്ടോ നീയെന്നെ . ദ്രോണപുത്രനെ യറിയില്ലേ ? "
"[…]

"അശ്വത്ഥാമാവ് ! ചിരഞ്ജീവി ? ! "
"ഞാൻ തന്നെ കുഞ്ഞേ"

വിസ്മയത്താലേ കണ്ണുമൂടിയ പോൽ ഞാൻ നിന്നു.
"അകലെ ശ്രീലങ്കയിൽ നിന്നു ഞാൻ വരുന്നിനി
വടക്കു കാശ്മീരത്തിൽ പ്പോകണം തിടുക്കത്തിൽ
മല്ലലോചനൻ തന്റെ കല്പന നിറവേറാ-
നായി ഞാനിഴയണമിനിയു മെങ്ങെല്ലാമോ "

"കൃഷ്ണനെ മനം കൊണ്ടു വെറുക്കുന്നില്ലേ താങ്കൾ ? "
വീണ്ടുമാച്ചിരി, മെല്ലെത്തലയാട്ടിനാൻ "ഇല്ല"
"എന്തുമേ വിധിയായിക്കാണുവാൻ പഠിച്ചു ഞാൻ
അച്യുതൻ പോലും , ഞാനും, സർവ്വരും വിധിവശർ."
"ഭാരതസമരത്തിൽ ശരകോടി വർഷിച്ചോൻ
വിക്രമൻ ദ്രൗണിതാനോ ഇന്നീവാക്കുകൾ ചൊല്ലൂ ? "

"ശരമാലെണ്ണുതല്ല സമരം ജയിയ്ക്കുവാ-
നതിനാൽ വിജയനും കൃഷ്ണനെ യന്താവാക്കി
ധർമ്മത്തിൻ ഗതി നേരേ മാത്രമാം വളഞ്ഞൊരു
കൃഷ്ണന്റെ വഴിയല്ലോ യുദ്ധത്തിൽ നേടിയതും
അഭിമന്യുവെക്കൊന്ന പഴിചൊല്ലിയോർ പാവം
സിന്ധുരാജവെ കൊന്നിട്ടാത്മ നിർവൃതി നേടി
സമർത്ഥം ചതിക്കുഴി കുത്തിയതന്നച്യുതനാം
കളങ്കം ചെയ്തെന്നാരുമുരച്ചു കേട്ടീല ഞാൻ.

ശുകപുത്രൻ തൻ ശാപം പിന്നീടു ധർമ്മാത്മജൻ
ചൊന്നൊരു പൊളിയായി ഗ്രസിച്ചെൻ ജനകനെ
അനലകുണ്ഡം പെറ്റകുരുപ്പിൻ കരവാളാൽ
തെറിച്ച ചെഞ്ചോരയ്ക്കു പകരം ഞാനും ചെയ്തേൻ "

"ഇന്നിതു ചിന്തിയ്ക്കുമ്പോളർത്ഥമില്ലാത്ത ചിരി
വരുന്നെൻ ചുണ്ടത്തിനി കരയാനെന്തിരിപ്പൂ ?

എന്തിനോ വേണ്ടിത്തമ്മിൽ മല്ലടിയ്ക്കുന്നു വീണ്ടും
തല്ലുമ്പോഴെന്നെ തള്ളയാരെന്നു തർക്കിയ്ക്കുന്നു.
തള്ളതൻ വലത്തു കണ്ണുറുത്തുകുന്നേ, കാലി-
ന്നാവാണിന്ന്, നാളെത്തലയുമറുത്തേക്കും. "

"ഇനിയു മെത്രനാളിങ്ങലയും ഭവാൻ? " "എന്നി-
യ്ക്കറിവില്ലെത്ര നാളോ" ചൊല്ലുന്ന ഗുരുപുത്രൻ.

"പ്രളയമടുക്കുവാൻ പ്രാർത്ഥിച്ചിരുന്നു ഞാനെൻ
മുറിവുകളെല്ലാം പേറി മുഴുകി മോക്ഷം പൂകാൻ
അന്തരംഗേ പതാവു മെന്നെവിട്ടെന്നോ പോയി
ഇന്നു കാണുന്ന ഞാനായ്ത്തീർന്നു ഞാനന്നാദ്യം മുതൽ "

പിന്നെ പറയാതെ വീണ്ടും തോളത്തു തൊട്ടു വൃദ്ധൻ
തിരിഞ്ഞു നടക്കയാണിത്രയും കൂടിക്കേൾക്കായ്
"ഏറെ നാളില്ലെന്നുതാൻ തോന്നുന്നു കേൾക്കുന്നില്ലേ
ബ്രഹ്മാസ്ത്ര നിർമ്മാണത്തിൽ ഭീഷണമാകും കഥ ? "

**KRISHNAKUMAR. M. A.**
II MSc. . Chemistry

# SPORTS REPORT

It gives me great pleasure to put before you a smiling face to relate the y
college activities in the field of sports and games. ester year of the

The year 1990—91 came into swing with the conduction of the University
for Hockey and Basketball on our grounds. The Manorama Trophy B' Ball t summer camps
held from 27th to 31st August. SB college changanassery and St. Teresa's cc ournament was
winners in Mens and womens section respectively. This was followed by the ollege were the
hockey tournaments which was held in the last week of October. St. Alberts c commemoration
and St. Thomas, Trichur came winners' and runners up respectively. ollege, E. K. M.

The students of our college who had the honour of representing the various inter-university tournaments are Joemon Chummar, Laju Cherian and Raja Tomy (Basket ball), M. T. Sebastian (Foot ball), Prasanth kumar - K. V. (Cricket), Rasheed V. A., Prakash Varghese and Biju. R. N. (Hockey) and Jabbar. P. A. (Athletics). Joemon Chummar was the captain of the junior state B' Ball team and he could represent the junior Indian camp also. Laju Cherian represented the senior state team for the south zone national championship.



RAJI N. KURIAN
Ind Champ
Best Athlet

Among girls. Seema. S, Bindu.K, Cijy Xavier and Urmila P. (Cricket) and Meenu Anie Varghese (Tennis) represented the university. Ciji Xavier and Bindu K. found themselves well in the Indian Universities team for the senior Nationals. 11 of our players represented the University and 9 represented the junior state team in Hockey. Women hockey team won the University championships and women's tennis team stood third in the intercollegiate tournaments. Interhouse tournaments held from December onwards came to a finale with the college annual sports which was held on 19th and 20th February. Green house captained by jose K. V. and Bindu K. won the overall championship. Tenny Varghese and Raji N. kurian were judged individual champions in the mens and women's sections respectively. Laju cherian (I. M. A. English) and Raji M. Kurian (II PDC) were declared Best athlets based on the performance in the academic year 1990—91. Joemon Chummar was awarded the T. B. Thomas prize for the best Basketballer.

We remember with special thanks the services rendered by our hockey coach Mr: M. P. Jawahar for the past 7 years. We bid him adieu and wish him the best for the years to come.

I would liKe to solicit everyone's co-operation, inspiration and dedication to boost us to achieve more, more and much more hroughout the years to come.



TENY VARGHESE
Ind Champ
Uni. 1st Jav. Throw

PRAKASH VARGHESE,
Sports Secretary.

# COLLEGE TEAMS



TENNIS
*(WOMEN)*



TENNIS
*(MEN)*



BALL BADMINTON

# COLLEGE TEAMS



**HOCKEY** *(WOMEN)*


All India Third




**BIJU R. N.**
Represented the
University Hockey team




**PRASANTH KUMAR K. V.**
University Player
Cricket



**LAJU CHERIAN**
Represented State &
M. G. University B'Ball team



**SEBASTIAN M. T.**
University Player
Football



**RAJA TOMY**
Represented State
Basket ball



**SEEMA S**
University Player
Cricket



**URMILA P.**
Represented University
Cricket



**RESHEED V. A.**
University Player
Hockey

# COLLEGE TEAMS



**CRICKET**
*(WOMEN)*



**CRICKET**
*(MEN)*




**ATHLETICS**

## COLLEGE TEAMS



FOOT BALL



BASKET BALL



CHESS



# ഗ്രീഷ്മപ്രണയം

രാത്രിമഴയുടെ നേർത്ത ചിറകടികൾ
നിലാവിന്റെ വിഷാദമുണർത്തുന്ന സൗന്ദര്യം.
നീയും അകലുകയാണോ?
വിജനമായ ഇടവഴികളിലെവിടെയോ,
നഷ്ടപ്പെട്ട നിറം മങ്ങിയ പുഞ്ചിരികൾ;
ഉച്ചവെയിലിന്റെ തീക്ഷ്ണമായ ചൂടിൽ,
എന്നോ ഉരുകിത്തീർന്ന പൊള്ളയായ വാക്കുകൾ.
നാം അപരിചിതരോ?!

വികലമായ മുഖം മൂടിയിൽ
ആരോ രൂപപ്പെടുത്തിയ ഉപചാരഭാവം!
തൊണ്ടയിൽ കുരുങ്ങിക്കിടക്കുന്ന
അവ്യക്തങ്ങളായ വാക്കുകൾ!
നീ ഒന്നും ഓർക്കുന്നില്ലേ...?

മാവിയുടെ വിങ്ങുന്ന മാറിടത്തിലേയ്ക്ക്
ഒരു നേർത്ത പോറൽകൂടി?
മനസ്സിന്റെ പൊടിപിടിച്ച കോണുകളിലെ
മാറാലകൾ കൂടുതൽ സങ്കീർണ്ണമാവുന്നു.
എവിടെ നിന്റെ ഹൃദയം?
ചുവന്ന വാകമരച്ചില്ലകളിലെങ്ങോ
നീയത് മറന്നു വച്ചോ?
കടന്നു പോന്ന വഴികളിലെവിടെയോ
അതെന്നേ നഷ്ടപ്പെട്ടു കഴിഞ്ഞോ?
അകലെയെങ്ങോ ഒരു രാപ്പാടിയുടെ
പതിഞ്ഞ ഈണങ്ങൾ
നിശ്ശബ്ദതയിലലിഞ്ഞു ചേരുന്നു.

MEENA. S.
III Bsc. Pyhsics.

ഈ നല്ലരാത്രിതൻ, പാതിയിൽ, നിദ്രയിൽ
ലീനമായ് ലോകം മയങ്ങികിടക്കവേ,
ഞാനെന്ന ദുർഗ്രഹമാകും സമസ്യതൻ
ദീനതയോർത്ത് ഞാനസ്വസ്ഥനാകവേ
നിന്നഭിജാതോപദേശങ്ങളെന്നിലെ
ഖിന്നമാം കുററബോധത്തെ, കനലിനെ
തെന്നൽ പോലാളിപ്പടർത്തിയതിങ്കലെൻ
സ്വീകാരങ്ങളും സതിയാചരിക്കവെ,
എന്റെ മിഴികളിലശ്രുനിറച്ചു ഞാ-
നന്ധനെപ്പോലെയീ ദുർഘടവീഥിയിൽ
ഒന്നിനുമല്ലാതെ തപ്പിത്തടയുമീ-
യെന്നിലെ മൂഢതയോർത്ത് ലജ്ജിക്കവേ,
ഞാനെൻ വിളക്ക് കൊളുത്തി വെറുതെയീ-
ഗാനം രചിക്കാനൊരുങ്ങുന്ന വേളയിൽ
ഏതോ കിനാവിന്റെ വേദിയിലെന്നപോൽ
ചേതോഹരാത്മാനുഭൂതികളൊക്കെയും
വാത്സല്യപൂർവ്വം ശുഭദർശനത്തിന്റെ
വാടാമലരുകൾ കൊണ്ടു പൊതിഞ്ഞു നീ

പിന്നിൽ നിന്നെന്നെക്കരങ്ങളാൽ ബന്ധിച്ച്
നിന്നിരിക്കുന്നുവെൻ പ്രാണനാം പ്രേയസി
മഞ്ഞിൽ കാളിസു നിൽക്കുന്നൊരു പൂവ് പോൽ
മഞ്ജിമയോലും പുലർകാല ദീപ്തി പോൽ
നിരഘാനു രാഗാത്മ നിർമ്മല വീചിപോൽ
നിരുപമാശ്വാസ നിറപറയെന്നപോൽ
എന്നിലെ മോഹമായ്, രാഗമായ്, ദാഹമായ്
ഗാനമായ്, താളമായ്, ഹർഷാനുഭൂതിയായ്
ഇന്നോളമെൻ സൗഖ്യസാരഥിയായ് വന്നു
നിന്നൊരെൻ സൗഭാഗ്യ സർവ്വസ്വമാണവൾ
ഞാനവളോട് പറയേണ്ട വാക്കുകൾ
ഗാനമായ് മാററി നിനക്കയക്കുന്നു ഞാൻ!
ദുഃഖങ്ങളേ, കുററബോധങ്ങളേ, യാത്മ-
ഗീതങ്ങളേ, തീവ്രമോഹങ്ങളേ, മിഥ്യാ-
ഭാവങ്ങളേ, യാത്മനിന്ദകളേ പൂർവ്വ-
തിക്താനുഭൂതി സ്മരണകളേ യോ-
ശങ്കകളേ പോയകാലത്തിലെപ്പൊഴു-
മെന്നെപ്പിരിയാതെ യുണ്ടായിരുന്നോരെ-

# കുറ്റപത്രിക

ന്നോമൽ സഖാക്കളേ, നിങ്ങൾക്കെല്ലാം വിട.
നിങ്ങൾതൻ സഖ്യമുപേക്ഷിച്ചു ഞാനിന്നു
മംഗളമോഹന ധീരശൃംഗോദർക്ക
വേദിയിലേക്ക് നടന്നകലുമ്പോഴെൻ
വേദനയെല്ലാ മകലുന്നു ജീവിതം
കേവല ചൈതന്യ നിർവൃതിയായ്, നിത്യ
പാവനമായൊരു യജ്ഞമായ്, സ്വർഗ്ഗീയ
രോമാഞ്ചമായാത്മ ഹർഷമായ്, ശാശ്വത
പ്രേമസാഫല്യമായ് മാറട്ടെ തെല്ലിട
ക്ഷീണമകന്നുപോയ് ഭാവനയിജ്ജഗത്.
പ്രാണതീർത്ഥങ്ങൾ നുകർന്നുണർന്നീടവെ,
അന്തരംഗം മഴ തോർന്നുവെട്ടം വീണൊ-
രന്തരീക്ഷം പോൽ കുളിർത്തു പ്രസന്നമായ്
പാദങ്ങൾ താനേയമർന്നു പോമച്ചെളി-
പ്പാടത്തിൽ നിന്നുമകന്ന് ഞാനായിരം
താമരപ്പൂക്കൾ വിടർന്നു നില്ക്കുന്നൊരീ
യോമൽ കുളിരൊളിപ്പൊയ്കതൻതീരത്ത്

ശാന്തനായ്, സ്വസ്ഥനായ്, സുസ്മിതം നിന്നിതാ
കാന്തിനെയ്തിടും നിയതിക്കു കൂപ്പുകൈ
ത്താമരപ്പൂമൊട്ടു നീട്ടിനില്ക്കാം സ്വയം.
ഞാനിനിക്കേഴില്ല കേഴില്ലയെന്നിലെ
ഗാനം പകർത്തിയെഴുതാതിരിക്കില്ല
ചിതയിൽ ദഹിച്ചൊരിഞ്ഞീടിലും, പിന്നെയും
ചിറകടിച്ചുയരുന്നൊരിതിഹാസ വിഹഗമായ്
തനിമയും, പൊലിമയും നഷ്ടപ്പെടുത്താതെ
ഇനിയും ഞാനെന്നെപ്പുനർജ്ജനിപ്പിച്ചിടും.
ഇന്നലെക്കണ്ടോരിരുളിൻ കോട്ടക-
ളൊന്നൊഴിയാതെ യിടിച്ചു നിരത്തുവാ-
നെന്നിലധൃശ്യമാം ബോധമുദിക്കുമെ-
ന്നിന്നുകാണുന്നു ഞാനോമൽക്കിനാവുകൾ


**NISHAD. A. K**
III B AEconomics



പടച്ചട്ടയണിഞ്ഞ് പടയാളി സമരാങ്കണത്തിലിറങ്ങുമ്പോൾ
അവന്റെ മുഖം ഇടിമുഴക്കം നിറഞ്ഞ മേഘം പോലാകുന്നു.
ശരീരത്തിന് തെല്ലും മുറിവുപറ്റാത്ത നീ വിജയിയാവട്ടെ!
പടച്ചട്ടയുടെ കരുത്ത് നിന്നെ രക്ഷിക്കട്ടെ!
വില്ലുകൊണ്ട് നാം കന്നുകാലികളെ നേടും!
വില്ലുകൊണ്ട് നാം യുദ്ധത്തിൽ വിജയം നേടും!
വില്ലുകൊണ്ടുതന്നെ നാം വമ്പിച്ച സമരങ്ങളിലെല്ലാം വിജയം നേടും.
വില്ല് ശത്രുവിനെ നശിപ്പിക്കും, വില്ലുകൊണ്ട് നാം നാടുകൾ പിടിച്ചടക്കും.
പ്രിയസുഹൃത്തായ വില്ലിനെ പുണർന്നു പിടിച്ചുകൊണ്ട്
എന്തോ മന്ത്രിക്കാനെന്നപോലെ,
ഞാൻ ചെവികളോടടുപ്പിക്കുന്നു.

**ഋഗ്വേദത്തിൽ നിന്ന്**

**Best Compliments From:-**

Tel : 2032

**സൂര്യ റെഡിമെയ്ഡ്സ്**

**അങ്കമാലി.**

---

**Faraday Electronics Engineering Institute**

*(Recognized By The Govt Of Kerala)*

No· 418 11/J2/79/H, EDN

**ALWAYE - 683 101.**

TELEPHONE : 6067

*Best Compliments from:-*

**ZAINA BAKERY**

**KALADI JUNCTION**

**PERUMBAVOOR.**

---

# Climax

---

**മലയാളത്തിലെ അന്വേഷക – ആസ്വാദക സമൂഹത്തിന്**

**സാഹിത്യം, കല, ദർശനം, ശാസ്ത്രം, ചരിത്രം, സംസ്ക്കാരം**

എന്നിവയിലൂടെ ഈ നൂററാണ്ടിന്റെ അന്ത്യത്തിലെത്തിനിൽക്കുന്ന

മനുഷ്യജീവിതത്തെ ചുംബിക്കുന്ന പുസ്തകങ്ങളുടെ ഖനി.

**എല്ലാ സമാന്തര പ്രസാധകരുടേയും**

**ഏററവും മികച്ച പുസ്തകങ്ങൾ.**

**ഏററവും അധികം വിലക്കിഴിവോടെ!**

അതിർത്തികളെ ഇല്ലാതാക്കുന്ന – കാലാന്തരങ്ങളെ അതിജീവിക്കുന്ന പുസ്തകങ്ങളുടെ ഖനി.

**നല്ല** പുസ്തകങ്ങൾക്കായൊരു / സിനിമയ്ക്കായൊരു **സൗഹൃദം – ഖനി** ബുക്സ് / മൂവീസ്

ഇരുപതാം നൂററാണ്ടിലെ അവസാന തലമുറയുടെ മനസ്സുകളിലേയ്ക്ക്

ബഹുജന പങ്കാളിത്തത്തോടെ ഖനി ഒരുക്കുന്ന **ചലച്ചിത്രം,**

**സ്വാതന്ത്ര്യത്തിന്റെ സാക്ഷാത്ക്കാരം.**

മനുഷ്യാവകാശ പ്രചോദിതമായ കാലത്തേയ്ക്കുള്ള പ്രയാണത്തിന്റെ കല.

---

**KHANI P. R. BUILDINGS,** TASS ROAD ALUVA - 683 101

റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക്

# പ്രിയങ്കരി

**മാളിയേക്കൽ കോംപ്ലക്സ്**

**മെയിൻ റോഡ്**

**എൻ. പറവൂർ.**

---

*Best compliments from:-*

**G. P. COIR MART**

**P. B. No. 69**

**ALLEPPEY – I**

**KERALA.**

---

*with best compliments*

**ROHINI BEEDI**

*With Best Compliments*

**Grams: CHETAK** **Phone : 344778**

*Authorised Dealers:-*

BAJAJ SCOOTERS.
MOTORCYCLES.
AUTORIKSHAS
&
PRIYA SCOOTER.

**JAINA AUTOMOBILES**
**JANATHA JUNCTION**
PALARIVATTOM, COCHIN – 682 025.

---

## SECURE MEN AND PROPERTY ON CONTRACT BASIS

**(we provide and other trades of employees)**

CONTACT:-

PSE

**Polite Securities
And
Employees Agency**
**R. S. ROAD, ALUVA.**

---

Titan, Hmt, Allwyn watches
And Ajanta, Hilson Clocks

THACHIL WATCH HOUSE
L. F. JUNCTION. KALADY ROAD
ANGAMALY.

---

*best compliments from:-*

**KIZHAKKAMBALAM TOURIST HOME**
**KIZHAKKAMBALAM**
**AC/Non A/C Rooms**
Phone No: 319

Join Immediately for Short term and Long term Job oriented Computer Courses.

**COMPUTER VISION**

Opp. Palace, Aluva.

(A Govt: Registered firm for Software Consultancy and Data Processing)

*Director.*

---

*Best compliments from:*

# JOSONS TEXTILES

A. M. ROAD, PERUMBAVOOR.

---

Courses: S. S. L. C (F), P D C, BA, B.Com,
MA, M.Com, Tuitions for all classes.
Entrance for Engineering & M. B. B. S.

**SARGA ARTS COLLEGE**

(LAB ATTACHED)

OPP: CASINO THEATRE, ALUVA.

---

പട്ടുസാരികൾക്കും – റെഡിമെയ്ഡ്
വസ്ത്രങ്ങൾക്കും –

# മംഗല്ല്യ സിൽക്സ് & സാരീസ്

വടക്കനേത്തിൽ ടവർ
പ്രൈവറ്റ് ബസ്സ്റ്റാന്റിന് സമീപം
പെരുമ്പാവൂർ.

*With Compliments:-*

# KERALA PHARMACY

Post Box No. 2

ALUVA – 683 101

Phone : 3894, 3578, 4176.

**Manufacturing Division:**

## PENSEM DRUGS & PHARMACEUTICALS Pvt. Ltd.

ATHANI P. O.

ALUVA - 683 585

Phone : 4061 (Chengamanad)

**HOSPITAL DIVISION**

## AMRUTHAM AYURVEDA HOSPITAL

BANK ROAD

ALUVA - 683 101

Phone : 6119

**Approved by Goverment Of India, Ministry of Health and Family Welfare under Re. imbursement Scheme.**

*With best compliments from:-*

N. PARUR.

*With best compliments from:-*

**CHAMPION STUDIO**

BANK JUNCTION

ALWAYE.

*With best compliments:-*

**CITY LEATHER WORKS**

**ANGAMALY.**

PHONE : 2403

*With best complimenis from:-*

PREMAS

**BOMBAY DYEING SHOW ROOM.**

RAJAJI BUILDINGS

**R. S. ROAD, ALUVA.**

കല്യാണവസ്ത്രങ്ങൾക്ക്

ഫീലിപ്സ്

സാരികേന്ദ്ര

അങ്കമാലി

*Best Compliments From:*

പ്രിയങ്കരി

അങ്കമാലി

*Best Compliments From:-*

H. O.

C. K. KURIAN & Co.

OPTICIANS

BROADWAY, ERNAKULAM.

Manufacturing Opticians

CATHOLIC CENTER, ALUVA-1.

സംഗീതത്തിന്റെ സ്വർഗ്ഗാനുഭൂതിയിലേക്ക്
സ്വാഗതം

# ചിത്രം കാസററ് സെൻറർ

ആർ. എസ്. റോഡ്

ആലുവ.

# COMPUTER SPOT

**IInd FLOOR, REX BUILDINGS. R. S. ROAD, ALWAYE-1.**

**Various Courses Offered**

1. COMPUTER AWARENESSCOURSE (LEVEL 1)
   Duration – 1 Month [Applicable for Businessmen / Employees]
2. **Computer Awareness Course (LEVEL II)**
   Duration - 3 Months [Covers the fundamental aspects of computer application]
3. **Diploma in computer Applications [DCA]**
   Duration – 6 Months [Makes you a computer Programmer]
4. **Post Graduate diploma in computer applications (PGDCA)**
   Duration – 1 Year [Makes you a computer Professional]

**For details please contact our office during office hours.**

*COMPUTER SPOT* - YOUR LOGIC

**For Computer Spot**
**Director**

---

**"WELCOME TO THE RIVER SIDE PARADISE"**

SEVEN STARS.

**HOTEL PERIYAR COMPLEX**

ALUVA 683 101

---

*Best Compliments from:-*

GANESH STUDIO A/C

Computerised Colour Lab

**Catholic Centre**
**Alwaye-1**

With best compliments from:

# G. T. N. TEXTILES LIMITED

(A Government Recognised Trading House)

Winners of

## HIGHEST TEXPROCIL AWARDS

for

Five Successive Years

for

outstanding export achievements

*Manufacturers of best quality fine and superfine Cotton Yarns, Autoconed Spliced yarns & Gassed yarns; counts ranging from Ne 30s to 140s in Single & Multifold, Combed & Carded for both knitting and weaving.*

---

With Best Compliments From

# "APOLLO TYRES LTD"



അക്ഷരങ്ങളും
പാപപുണ്യങ്ങളും
കുഴിതോണ്ടിയുണർത്തണം
പുണ്യരാശിക്കുനേരെ
വിരൽ ചൂണ്ടിനിൽക്കണം
അരക്കില്ലമരക്കില്ലമെന്നുറക്കെ
പാഠിക്കണം
ആയിരം കടലാസുപക്ഷികൾ
നെയ്തുണർത്തിടണം.

യന്ത്രത്തിന്റെ യാന്ത്രികതയ്ക്ക്
കൈവരിക്കാനാകാത്ത സൗന്ദര്യത്തിന്റെ
മേഖലകൾ.

ഈ കാലഘട്ടത്തിന്റെ വർത്തമാന
ത്തിനായി ഞങ്ങളെ സഹായിച്ചവർ
ഒത്തിരിയാണ്. അക്ഷര പ്രസ്സിലെ
രമേശ്, മനോജ്, ചന്ദ്രൻ, സീതിക്ക, അലി
വിനു, ഷീല, ഹേമ, സുഹറ...
പേരെടുത്തുപറയാത്ത ഒരുപാട് സഹൃദയർ
ഇവരോടുള്ള നന്ദി
ഒരു തുണ്ടു കടലാസിൽ ഒതുക്കുന്നില്ല...
നന്ദി, സഹായിച്ചവർക്ക്, സഹായിക്കാൻ
മറന്നവർക്ക്.

| | |
|---|---|
| കവർ | : 'ദുരന്തം' വുഡ് കാർപിംഗ്, ഉണ്ണികൃഷ്ണൻ. |
| ഫോട്ടോ | : പ്രതാപൻ. |
| ടൈറ്റിൽസ് | : നൗഷാദ്, വേണു, ശ്യാം, രമേശ്. |
| ലേ ഔട്ട് | : നൗഷാദ്, ശ്യാം, വേണു, അനിൽ. |
| മുദ്രണം | : അക്ഷര പ്രിന്റേഴ്സ്, മാളികംപീടിക. |
| കവർ മുദ്രണം | : അൽഫോൺസ പ്രിന്റേഴ്സ്, വരാപ്പുഴ. |

തുടക്കമിട്ട ഉണ്ണി വഴിക്കിടയ്ക്ക്
തരിച്ചിരുന്നുപോയി.....
കിനാക്കാഴ്ചകളുടെ വേലിയേററം,
അനുയായികളെ നിരായുധരാക്കി
ശത്രുപാളയത്തിലെത്തിച്ച അമരക്കാരനും
ഊററംകെട്ട കാററും
നിലാവെളിച്ചം കണ്ട് കൂവുന്നോരും
പ്രേതകഥയിലെ രക്തമൂററുന്ന നരിച്ചീറും
എല്ലാം
ഉണ്ണിയെ അസ്വാസ്ഥനാക്കുന്നു.
കുളിരിന് മഹാഗണിയിലേയ്ക്ക് നോക്കി
ഉയിരുകെട്ട പൂമുഖത്തുനിന്നും നെടുവീർപ്പ്
ഉശിരിന് ഉണ്ണി പിന്നാമ്പുറത്തേയ്ക്ക് നോക്കി
ഉയിരുകാത്ത് ചെറുകിതപ്പോടെ അവൻ
നിൽക്കുന്നു.
ആരാ അത്.....?
ഞാനാ
ഉണ്ണി.....

പരിശുദ്ധമായ
വെളിച്ചെണ്ണയിൽ
41ൽ പരം പച്ചമരുന്നുകൾ
സംയോജിപ്പിച്ച്
ആയുർവ്വേദ വിധിപ്രകാരം
തയ്യാറാക്കിയ

# ബ്രിക്സാ ആയുർവ്വേദിക്
# ടോയ്‌ലററ് സോപ്പ്

() താരൻ മുടികൊഴിച്ചിൽ.
() വ്രണം.
() മുടിയിലെ കായ്.
() ചുണങ്ങ്.
() മൊരി.

എന്നിവയ്ക്ക് അത്യുത്തമം.

തചക്കിന് സ്നിഗ്ധത വരുത്തി
മൃദുവാക്കുന്നു.

Makes one, Look Young,
Feel Young,
Think Young-and Be Young

**BSAASS PRODUCTS**
**KODUNGALLUR–680 664**

AKSHARA PRINTERS. MALIKAMPEEDIKA.

PHONE 5791
Res : 5756, 3770

The Queen
Always Reigns and Rules Supreme
We Distinguish Ourselves
With our Midasian
Touch on Everything
In Education

# QUEEN MOTHER'S COLLEGE, ALWAYE.

(Near Private Bus Stand)

## OFFERS COURSES

in

*Parallel Classes:*

| | | |
|---|---|---|
| PRE - DEGREE (3rd & 4th Group) | | - MAHATMA GANDHI |
| B. Com, B. A. | MALAYALAM, ECONOMICS | - MAHATMA GANDHI |
| M. A . . . . . | ECONOMICS, HISTORY, ENGLISH | - KERALA |
| | MALAYALAM | - " |
| | HISTORY | - " |
| | ENGLISH | - " |
| M. Com., M.A. HINDI | | - " |
| M. Sc. . . . . | MATHS | - CALICUT |
| B. Sc. . . . . . | MATHS | - " |
| B.Com Co-operation | | |

*Failed Batches:*

PRE - DEGREE
B. Sc. MATHS & ENGLISH
AND TUITION IN ALL SUBJECTS

**N. B.**

1. **Library Facilities Available for P. G. Students**
2. **Hostel Facilities Available for Girls and Boys**